കീരംപാറ ഗ്രാമപഞ്ചായത്ത്

വികസന രേഖ

അധികാരം ജനങ്ങളിലേക്ക്



ഒൻപതാം പദ്ധതി ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്



കീരംപാറ ഗ്രാമ പഞ്ചായത്ത്

വികസന രേഖ

1996

ജനകീയാസൂത്രണം വിജയിപ്പിക്കുക !

സ്വയം വികസനത്തിൽ പങ്കാളിയാവുക !

എഡിറ്റോറിയൽ

ചീഫ് എഡിറ്റർ:

യോയാക്കി പൗലോസ്

എഡിറ്റേർസ്:

ദേവസ്യാകുട്ടി വറുഗീസ് - D.R.P

കെ.ഓ. അവറാച്ചൻ - D.R.P

എഡിറ്റോറിൽ ബോർഡ് അംഗങ്ങൾ:

റസ്സാക്ക് മുസ്സ

സാബുവറുഗീസ്

C.P. മുഹമ്മത്

കെ.കെ. ശശി

പളളിയാൻ. N.T

കുഞ്ഞപ്പൻ V.V.

ഗോപിനാഥ്. എം.കെ.

K.V. കുര്യൻ

മേഴ്സി വർക്കി

റോസിലി തോമസ്

ജൂബി രഞ്ചിത്ത്


ബേബി ജോർജ്

V.K. ഔസേപ്പ്


N.C. കുര്യാക്കോസ്

സാങ്കേതികോപദേഷ്ടാവ്

കെ. ഓ. കുര്യാക്കോസ്.


N
W
E
S
പെരിയാർനദി
കീരംപാറ ഗ്രാമപഞ്ചായത്ത്
കോതമംഗലം
ബ്ലോക്ക്
എറണാകുളം ജില്ല
അറബിക്കടൽ

കീരംപാറ ഗ്രാമപഞ്ചായത്ത്







"അധികാര ദുർവിനിയോഗം തടയാനുള്ള ജനങ്ങളുടെ
ശേഷി വർദ്ധിച്ചിക്കലാണ് ഗ്രാമസ്വരാജ് "

കീരംപാറപഞ്ചായത്ത്


ഭരണസമിതി.



യോയാക്കി പൗലോസ്
പ്രസിഡന്റ്



റസാക്ക് മൂസ
വൈസ് പ്രസിഡന്റ്



സാബു വറുഗീസ്
ചെയർമാൻ, സ്റ്റാന്റിംഗ് കമ്മിറ്റി

അംഗങ്ങൾ

ജൂബി രഞ്ചിത്ത്
മേഴ്സി വർക്കി
ശശി.കെ.കെ.
റോസലി തോമസ്
കുര്യൻ വർക്കി.

ഉള്ളടക്കം

1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. ചരിത്രപശ്ചാത്തലം
4. ഭൂപ്രകൃതിയും വിഭവങ്ങളും
5. വികസന മേഖലകൾ
   - 5.1 കൃഷിയും ജലസേചനവും
   - 5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
   - 5.3 വ്യവസായം
   - 5.4 ഗതാഗതം, ഊർജ്ജം
   - 5.5 വിദ്യാഭ്യാസം
   - 5.6 കുടിവെള്ളവും, പൊതുജനാരോഗ്യവും
   - 5.7 പാർപ്പിടം, സാമൂഹ്യക്ഷേമം
   - 5.8 സംസ്ക്കാരം
   - 5.9 വനിത
   - 5.10 സഹകരണമേഖല
   - 5.11 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
   - 5.12 വിഭവസമാഹരണം
   - 5.13 വനം, ടൂറിസം
6. ഉപസംഹാരം

ആമുഖം

വിദേശ മേൽക്കോയ്മയിൽനിന്നും ഇൻഡ്യ സ്വാതന്ത്ര്യം നേടി അരനൂറ്റാണ്ട് പിന്നിടുകയാണ്. എട്ടുപഞ്ചവത്സരപദ്ധതികൾ നടപ്പിലാക്കികഴിഞ്ഞു. ഗ്രാമസ്വരാജ് സ്വപ്നം കണ്ട നമ്മുടെ രാഷ്ട്രപിതാവിന്റെ ജീവിതദർശ്ശനം തന്നെ ഗ്രാമങ്ങളുടെ സ്വയം പര്യാപ്തതയും അതുവഴി ഭാരതത്തിനാകെ രാഷ്ട്രീയ സാമ്പത്തിക സ്വാതന്ത്രവുമായിരുന്നല്ലോ.

73-ാം ഭരണഘടന ഭേദഗതിയിലൂടെ നിലവിൽവന്ന പഞ്ചായത്ത്രാജ് സംവിധാനം, ഭാരതത്തിന്റെ ഭരണ-വികസന മേഖലകളിൽ പുതിയമാനങ്ങൾ സൃഷ്ടിക്കുവാൻ ഉതകുന്നതാണ്.

കരുത്തുറ്റ പഞ്ചായത്ത്രാജ് സംവിധാനം രൂപപെടുത്തുവാൻ ഭരണരംഗത്തും, വികസന, സാമൂഹ്യ രംഗത്തും വർദ്ധിച്ചതോതിൽ ജനകീയപങ്കാളിത്തം സഠാഹരിക്കേണ്ടതുണ്ട്. ഈ ദിശയിലൂടെ വിലയിരുത്തുമ്പോൾ സംസ്ഥാനത്തിന്റെ ഒൻപതാം പദ്ധതി ജനകീയ പദ്ധതിയാക്കിമാറ്റുവാനുള്ള കേരളസർക്കാരിന്റെ തീരുമാനം നമ്മുടെ നാടിന്റെ സമഗ്രമായ വികസ്സനത്തിനും ജനമനസുകളിൽ പുത്തൻ പ്രതീക്ഷകളും താല്പര്യങ്ങളും വളർത്തിയെടുക്കുവാനും കഴിയുന്നതാണ്.

സംസ്ഥാന പ്ലാനിഗ് ബോർഡിന്റെ അറിയിപ്പു ലഭിച്ചപ്പോൾ മുതൽ ജനകീയാസൂത്രണ പ്രക്രിയയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നമ്മുടെ പഞ്ചായത്തിനു കഴിഞ്ഞു. 1996 ആഗസ്റ്റ് മാസത്തിൽ തന്നെ ജനകീയാസൂത്രണം സംബന്ധിച്ച് ചർച്ചചെയ്യുവാൻ പഞ്ചായത്തു കമ്മിറ്റികൂടി ഈ പഞ്ചായത്തിൽ നിന്നും ജില്ലാതല പരിശീലനത്തിനായി 5 പേരെ തിരഞ്ഞെടുക്കുകയും അവരെ ഈ പഞ്ചായത്തിലെ ജില്ലാതല റിസ്സോഴ്സ് പേഴ്സൺസായി പ്ലാനിംഗ് ബോർഡ് അംഗീകരിക്കുകയും ചെയ്തു. നമ്മുടെ പഞ്ചായത്ത് നിവാസിയായ ശ്രീ. കെ.ഒ. കുര്യാക്കോസിനെ സംസ്ഥാന റിസ്സോഴ്സ് പേഴ്സൺണായി നിയോഗിക്കുകയും, ടിയാന് കോതമംഗലം ബ്ലോക്കിന്റെ ആകെ ചുമതല നൽകുകയും ചെയ്തു.

രണ്ടാംഘട്ട ജില്ലാതല പരിശീലന ക്ലാസുകളിൽ ജില്ലാ റിസ്സോഴ്സ് പേഴ്സൺസും പ്രസിഡന്റും കമ്മറ്റിയംഗങ്ങളും പങ്കെടുത്തു. പഞ്ചായത്തുതല ഒന്നാംഘട്ട പരിശീലനം 18- 9-96 ൽ നടന്നു. 53 പേർക്ക് പരിശീലനം നൽകി. 96 ഒക്ടോബറിൽ എല്ലാ വാർഡുകളിലും ഗ്രാമസഭകൾ ചേർന്ന് വികസനനിർദ്ദേങ്ങളും സാദ്ധ്യതകളും വിലയിരുത്തി. 19-11-96-ൽ രണ്ടാംഘട്ട പരിശീലനം നടന്നു. ഭൂപ്രകൃതി പഠനപര്യടനം, ദ്വതീയ വിവരശേഖരണം, ചരിത്രപഠനാവലോകനം, എന്നിവയിൽ നല്ലതോതിൽ പങ്കാളിത്തമുണ്ടായി. ആവേശകരമായ പ്രതികരണമാണ് ജനങ്ങളിൽ നിന്നും ഇത്യാദി പ്രവർത്തനങ്ങൾക്കുണ്ടായിട്ടുള്ളത് പഞ്ചായത്തുതല വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുടെ ആത്മാർത്ഥമായ സഹകരണം നമ്മുടെ പ്രവർത്തനങ്ങളിലൂടനീളം ലഭിച്ചിച്ചുള്ളത് സ്വാഗതാർഹമാണ്.

ജില്ലാതല പരിശീലകർ, L.R.P.മാർ, പഞ്ചായത്തു സമിതി അംഗങ്ങൾ എന്നിവരുടെ ദിവസങ്ങളോളം നീണ്ടുനിന്ന പരിശീലനത്തിലൂടെയാണ്, ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. പൂർണ്ണമായും തൃപ്തികരമായ റിപ്പോർട്ടാണിതെന്ന അവകാശവാദം ഞങ്ങൾക്കില്ല, എന്നിരുന്നാലും ലഭ്യമായ അറിവിന്റെയും, ദ്വിദീയവിവര ശേഖരണത്തിന്റെ, അടിസ്ഥാനത്തിലും ഗ്രാമസഭയിൽ നിന്നുള്ള തീരുമാനങ്ങളുടെയും നിർദേശങ്ങളുടെയും അടിസ്ഥാനത്തിലും തയ്യാറാക്കപ്പെട്ട ഈ റിപ്പോർട്ട് നമ്മുടെ പഞ്ചായത്തിന്റെ നാനവിധമായ പ്രശ്നങ്ങളേയും, ആയതിന്റെ സാദ്ധ്യതകളെയും തൊട്ടറിഞ്ഞിട്ടുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

നിങ്ങളുടെ വിശദമായ ചർച്ചക്കും, തദ്വാര ഭാവിപ്രവർത്തനങ്ങൾക്കും വൻതോതിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും, അതുവഴി നമ്മുടെ നാടിന്റെ വികസന പ്രവർത്തനങ്ങളിലും സാമൂഹ്യ സാംസ്ക്കാരിക - രംഗങ്ങളിലും, ശ്രീഘ്രഗതിയിലും, അടിസ്ഥാന പ്രശനങ്ങൾക്ക് മുൻതൂക്കവുമുള്ള അഴിമതി രഹിതമായ ഒരു പുത്തൻ വികസന സംസ്ക്കാരം സംജാതമാക്കുവാൻ നമ്മുക്ക് കഴിയും എന്നുള്ള വിശ്വാസത്തോടെ ഈറിപ്പോർട്ട് സെമിനാർ മുൻപാകെ സമർപ്പിക്കുന്നു.

പൊതുവിവരണം

പഞ്ചായത്തിന്റെ പേര്		: കീരംപാറ ഗ്രാമപഞ്ചായത്ത്
രൂപീകരിച്ചവർഷം		: 1.8.1953
പ്രഥമയോഗം		: 9.8.1953
റവന്യൂ വില്ലേജ് അതിരുകൾ	1 വടക്ക് കുട്ടമ്പുഴ വില്ലേജ്	
	2 തെക്ക് കോതമംഗലം വില്ലേജ്	
	3. കിഴക്ക് കുട്ടമംഗലം വില്ലേജ്	
	4. മേക്ക് പിണ്ടിമന വില്ലേജ്	

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ		- കീരംപാറ
ബ്ലോക്ക് പഞ്ചായത്ത്		- കോതമംഗലം
താലൂക്ക്		- കോതമംഗലം
ജില്ല		- എറണാകുളം
അസംബ്ലി മണ്ഡലം		- കോതമംഗലം
വിസ്തീർണ്ണം		- 28.745 കി.മീറ്റർ
ജനസംഖ്യ	പുരുഷന്മാർ	- 6472
	സ്ത്രീകൾ	- 6433
	ആകെ	- 12905
ജനസാന്ദ്രത		- 449
വാർഡുകളുടെ എണ്ണം		- 8
പ്രസിഡണ്ടിന്റെ പേര്		- ശ്രീ. യോയാക്കി പൗലോസ് പുതുക്കുന്നത്ത്
വൈസ് പ്രസിഡണ്ടിന്റെ പേര്		- ശ്രീ. റസ്സാക്ക് മൂസ്സ ഒറയിൽ

ചരിത്രപശ്ചാത്തലം

തിരു-കൊച്ചി സംസ്ഥാനത്ത് ആദ്യമായി പഞ്ചായത്ത് സംവിധാനം ഏർപ്പെടുത്തിയ 1953 ൽ തന്നെ രൂപീകൃതമായ പഞ്ചായത്തുകളിലൊന്നാണ് കീരംപാറ പഞ്ചായത്ത്.1962ൽ പുതിയപഞ്ചായത്തുകളുടെ രൂപീകരണവേളയിൽ ഈ പഞ്ചായത്തിന്റെ ഭാഗമായിരുന്ന പിണ്ടിമന, കുട്ടമ്പുഴ, പെരുമണ്ണൂർ എന്നീ പ്രദേശങ്ങൾ ഒഴിവാക്കി പുതിയപഞ്ചായത്തുകൾ രൂപീകൃതമായിട്ടുള്ളതാണ്.

കീരംപാറക്ക് കീരം (തത്ത, കിളി) നിറഞ്ഞത് അല്ലെങ്കിൽ കരിംപാറകൾ ഉള്ളത് എന്ന അർത്ഥത്തിലാവണം ഈ പേര വന്നത്. അല്ലെങ്കിൽ കീറാപാറയായ കരിംപാറകളുള്ള ഈ പ്രദേശം കീരംപാറയായതുമാവാം

AD 900-ാമാണ്ടിൽ തിരു - കൊച്ചിമേഖലയെ വിവിധപ്രവശ്യകളായി കുലശേഖര ഭരണാധികാരി വിഭജിക്കുകയും, ഇപ്രകാരം രൂപീകൃതമായ തൊടുപുഴ, മൂവാറ്റുപുഴ പ്രവശ്യകളിലുൾപ്പെട്ട "കീഴ്മലൈ" നാടിന്റെ ഭാഗമായിരുന്നു ഈപഞ്ചായത്ത് പ്രദേശങ്ങൾ.

ചേരമാൻ പെരുമാളിന്റെ ഭരണാധിപത്യത്തിൽ " ആഴ്വർ" തമ്പ്രാക്കളുടെ കോട്ടയായിരുന്നു ചേലമലപ്രദേശം ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. വനപ്രദേശമായി മാറിക്കഴിഞ്ഞിഞ്ഞിട്ടുള്ള ടി പ്രദേശത്ത് ഇപ്പോഴും കോട്ടയുടെ അവശിഷ്ടങ്ങളും മറ്റും കാണാൻ കഴിയുന്നതാണ്. ചേലമലക്ക് സമീപം സ്ഥിതിചെയ്യുന്ന കളപ്പാറ, പുറപ്പാറ എന്നിവ മെതിക്കളങ്ങളായി ഉപയോഗിച്ചിരുന്നതായികാണാം. രാജഭരണകാലത്ത് രാജാക്കൻമാരും ഭരണാധികാരികളും വേനൽക്കാല സുഖവാസത്തിന് മൂന്നാർ, ദേവികുളം എന്നിവിടങ്ങളിലേക്ക് യാത്ര ചെയ്തിരുന്ന രാജവീഥിയായ പഴയ ആലുവാ - മൂന്നാർ റോഡ് ഈ പഞ്ചായത്തിന്റെ മദ്ധ്യത്തിലൂടെ കടന്ന് പോകുന്നു. പഞ്ചായത്തിന്റെ അതിർത്തിയിലൂടെ ഒഴുകുന്ന പെരിയാറിന് കുറുകെ കുതിരവണ്ടികൾ കടക്കാൻ ചങ്ങാടം ഉപയോഗിച്ചിരുന്നു. ഇന്നും ടി കടവിലെ കടത്തിന് കുതിരചങ്ങാടം എന്നാണ് പറയുന്നത്.

ലോകപ്രസിദ്ധമായ തട്ടേക്കാട് പക്ഷിസങ്കേതം വഴി കടന്ന് പോകുന്ന പഴയ ആലുവ മൂന്നാർ റോഡിന്റെ പ്രതാപങ്ങളെല്ലാം നഷ്ടപെട്ടിരിക്കയാണ്.

സേതുലക്ഷ്മിഭായിതമ്പുരാട്ടിയുടെ ഭരണകാലത്ത് ചില തൽപരകക്ഷികളുടെ സ്വാധീനാത്താൽ നേര്യമംഗലം - അടിമാലി വഴി ആലുവ മൂന്നാർ റോഡ് നിർമ്മിച്ചതാണിതിന് കാരണം. അപ്രകാരം സംഭവിച്ചില്ലായിരുന്നുവെങ്കിൽ പഞ്ചായത്തിന്റെ ഇന്നത്തെ സ്ഥിതി തികച്ചും വ്യത്യസ്ഥമായേക്കാമായിരുന്നു.

കുടിയേറ്റമേഖലയായ ഈ പഞ്ചായത്തിൽ ജനവാസം ആരംഭിച്ചിട്ട് 150 വർഷത്തോളമായിട്ടുണ്ട്. ഇവിടത്തെ പ്രധാനകൃഷികൾ നെല്ല്, ചാമ, കരിമ്പ് , പഞ്ഞപുല്ല്, ഇഞ്ചിപ്പുല്ല് തുടങ്ങിയവയായിരുന്നു. ഒരാണ്ടടക്കം വേണ്ടിയിരുന്ന സാധനങ്ങൾ - അന്ന് തൃക്കാരിയൂർ അമ്പലപരിസരത്ത് വച്ചാണ് കച്ചവടം നടത്തിയിരുന്നത് കാളവണ്ടി, പോത്ത് വണ്ടി എന്നിവയായിരുന്നു അന്നത്തെവാഹനങ്ങൾ. വിളവെടുപ്പ് കാലത്ത് പോത്ത് നോട്ടക്കാരന് പോത്തുകണ്ടം എന്നപേരിൽ ഒരു കണ്ടം കൊടുത്തിരുന്നു. ഇത് മറ്റതൊഴിലാളികൾ കൃഷിചെയ്ത് കൊയ്ത് മെതിച്ച് കൊടുക്കണമായിരുന്നു. ഈ കാലഘട്ടത്തിൽ പ്രധാനരോഗം മലമ്പനിയായിരുന്നു. ധാരാളം ജനങ്ങൾ ഇതുമൂലം മരിച്ചിരുന്നു. അര നൂറ്റാണ്ട് മുൻമ്പ് മലമ്പനി രൂക്ഷമായ സന്ദർഭത്തിൽ ഇ.കെ. വൈദ്യൻ (തട്ടാൻ വൈദ്യൻ) അലോപ്പതി വിധിപ്രകാരം നടത്തിയചികിൽസ ഗ്രാമീണർ ഇന്നും നന്ദിയോടെ സ്മരിക്കുന്നു. ഈ കാലഘട്ടത്തിൽ റോസാരിയോ എന്ന യോഗ്യതയുള്ള ഡോക്ടറും ചികിത്സ നടത്തിയിരുന്നു.

നമ്മുടെ പൊതുവിതരണ സംവിധാനത്തിന്റെ പഴയ രൂപം ഒരു സബ് ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ ഒരു വിജിലൻസ് കമ്മിറ്റിയുണ്ടാക്കിയാണ് നടപ്പാക്കിയിരുന്നത്. ഈ കമ്മറ്റിയിൽ ശ്രീ. ജോസഫ്. ജി. ചേലാടും ശ്രീ. എം.കെ. പൈലി മഞ്ഞുമേകുടിയും അംഗങ്ങളായിരുന്നു.

ബ്രിട്ടീഷ് ഭരണകാലത്ത് നടപ്പാക്കിയിരുന്ന നീതിന്യായപരിപാലനത്തിന് പറവൂർ സെഷൻസ് കോടതിയിൽ അസ്സസ്സർ (ജൂറി) അയി ഈ ഗ്രാമത്തിലെ ശ്രീ. എം.കെ. പൈലി നിയമിതനായിരുന്നു.

1953 ആഗസ്റ്റ്മാസം 9-ാം തിയതി കീരംപാറ പഞ്ചായത്തിന്റെ പ്രഥമപ്രസിഡന്റായ ശ്രീ. ജോസഫ്.ജി. ചേലാടിന്റെ അദ്ധ്യക്ഷതയിൽ പഞ്ചായത്തിന്റെ പ്രഥമയോഗം കീരംപാറ ഇംഗ്ലീഷ് ഹൈസ്കൂളിൽ വച്ച് ചേരുകയുണ്ടായി തുടർന്ന് സമീപത്തുള്ള കുട്ടമംഗലം ബാങ്ക് കെട്ടിടത്തിൽ (ഇപ്പോൾ S.S.B.H.S. ന്റെ മുമ്പിലുള്ളകെട്ടിടം) 10 രൂപ വാടകയ്ക്ക് പഞ്ചായത്താഫീസ് പ്രവർത്തനം ആരംഭിച്ചു.

കമ്മിറ്റിയിലെ മറ്റംഗങ്ങൾ ഇവരായിരുന്നു.

1. ശ്രീ. M.I. കുര്യാക്കോസ് (വൈസ് പ്രസിഡന്റ്)
2. ശ്രീ. എം.കെ. പൈലി (മെമ്പർ)

3. ശ്രീ. K.T. മാണി. (മെമ്പർ)
4. ശ്രീ. V.K. കുഞ്ഞൻ (മെമ്പർ)
5. ശ്രീ.അബ്ദുൾറസ്സാക്ക് സാഹിബ് (മെമ്പർ)
6. ശ്രീ. K.I. മത്തായി
7. ശ്രീ. A.P. വർഗ്ഗീസ്

കമ്മറ്റിയുടെ ആദ്യതീരുമാനം ആ വർഷത്തെ സ്വാതന്ത്ര്യദിനം ഭംഗിയായി ആഘോഷിക്കുക എന്നതായിരുന്നു.

ഈ ഗ്രാമത്തിന്റെ സാമൂഹ്യസാംസ്കാരിക മണ്ഡലങ്ങളിൽ പ്രവർത്തിച്ച ഇവർ വിധിയാംവണ്ണം പഞ്ചായത്തിന്റെ പുരോഗതികാണുവാൻ ഇപ്പോഴും നമ്മോടൊപ്പമുണ്ട്.

1953 ന് ശേഷം ശ്രീ.അബ്ദുൾറസ്സാക്ക് സാഹിബ്, ശ്രീ. M.M. വറുഗീസ് , ശ്രീ. T.U. കുരുവിള, ശ്രീ. K.M. കുര്യാക്കോസ് , ശ്രീ. യോയാക്കി പൗലോസ് (ഇപ്പോഴത്തെ പ്രസിഡന്റ്) എന്നിവരുടെ നേതൃത്വത്തിൽ നാല് ഭരണസമിതികൾ നിലവിൽ വന്നിട്ടുണ്ട്. ഇപ്പോൾ ഭരണം നടത്തികൊണ്ടിരിക്കുന്നത് അഞ്ചാമത്തെ ഭരണസമിതിയാണ്. കൂടാതെ മൂന്ന് പ്രാവശ്യം സ്പെഷ്യൽ ആഫീസറുടെ ഭരണത്തിൻ കീഴിലും ഈ പഞ്ചായത്ത് പ്രവർത്തിച്ചിട്ടുണ്ട്.

1953 മുതൽ ഈ പഞ്ചായത്തിലെ ഭരണകർത്താക്കളിൽ മൺമറഞ്ഞുപോയ ശ്രീ. കുഞ്ഞുവിര മാത്യു മഞ്ഞുമ്മേക്കുടി, ശ്രീ. K.M. കുര്യാക്കോസ് കൊളമ്പേൽ ശ്രീ. P.S. കുര്യാക്കോസ് പുതുക്കയിൽ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.

ഈ കുടിയേറ്റഗ്രാമത്തിലെ ഏറ്റവും പുരാതനമായക്ഷേത്രം നൂറ് വർഷം മുമ്പ് ശ്രീ. പ്രൈറ്റർ സായിപ്പും , ശ്രീ. M.R. കിട്ടു മേസ്തിരിയും കൂടികണ്ടെത്തിയ പാലമറ്റം ശിവക്ഷേത്രമാണ്. ഏറ്റവും പഴക്കമുള്ള ക്രിസ്ത്യൻ ദേവാലയം വെളിയേൽചീലിലുള്ള സെന്റ് ജോസഫ് സ് ചർച്ചാണ് . പഞ്ചായത്തിലെ ആദ്യസ്കൂളായി ഊഞ്ഞാപ്പാറയിലുള്ള M.T.L.P.S. മിഷനറി പ്രവർത്തനത്തിന്റെ ഭാഗമായി 1920 ൽസ്ഥാപിക്കപ്പെട്ടു . താമസിയാതെ മുന്നും, നാലും ക്ലാസുകളുള്ള M.S.L.P.S ഉം ഊഞ്ഞാപ്പാറയിൽ ആരംഭിച്ചു. തുടർന്ന് ആദ്യഇംഗ്ലീഷ് ഹൈസ്കൂളായി കീരംപാറ സെൻ സ്റ്റീഫൻസും നിലവിൽ വന്നു

ഇതേകാലഘട്ടത്തിൽതന്നെ ഒരു കമ്പൗണ്ടർ മാത്രമുള്ള പുന്നേക്കാട് ഗവ. ഡിസ്പൻസറി സ്ഥാപിതമായി. 1960 ൽ ഈ ഡിസ്പൻസറി പ്രാഥമികാരോഗ്യകേന്ദ്രമായി ഉയർത്തുകയുണ്ടായി.

1950 മുതൽ തന്നെ തൊഴിലാളിപ്രസ്ഥാനത്തിന്റെ സാന്നിദ്ധ്യം ഇവിടെ ദൃശ്യമായിരുന്നു. പ്രധാനപ്പെട്ടഎല്ലാരാഷ്ട്രീയ പാർട്ടികളുടെയും പ്രവർത്തനം ഈ ഗ്രാമത്തിൽ മുൻ കാലം മുതലെ ആരംഭിച്ചിരുന്നു.

1984 ൽ കീരംപാറ പഞ്ചായത്തിനെ ഒരു ഗ്രാമോത്സപഞ്ചായത്തായി പ്രഖ്യാപിച്ചുവെങ്കിലും അന്ന് കാര്യമായനേട്ടം കൈവരിക്കാൻ സാധിച്ചില്ല. ഗാമോത്സവത്തോടനുബന്ധിച്ച് ഇൻഡ്യൻ പ്രസിഡന്റ് സർവ്വ ശ്രീ. ഗ്യാനി സെയിൽ സിംഗിന്റെ സാന്നിദ്ധ്യത്തിൽ 175 ജോഡി വധൂവരൻമാർ വിവാഹിതരായി എന്നത് എടുത്ത് പറയത്തക്കഒന്നാണ് ഏഷ്യയിലെ തന്നെ ആദ്യത്തെ സംഭവമായിരുന്നു ഇത്. 19 88 ന് ശേഷം ഈ ഗ്രാമത്തിന് നല്ല പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

1990 ലെ സാക്ഷരത പ്രവർത്തനം സാംസ്ക്കാരിക മണ്ഡലത്തിൽ എടുത്ത് പറയത്തക്ക ഒന്നാണ്. 132 ഇൻസ്ട്രക്ടർ മാരുടെ നിസ്തുല സേവനം ഈ പ്രവർത്തനത്തിന് കരുത്തേകി.

ഈ ഗ്രാമത്തിലെ പ്രധാനപ്പെപ്രശനമായിരുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് 1993 ൽ കീരംപാറ വാട്ടർ സപ്ലൈ സ്കീം നിലവിൽ വന്നതോടെ ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ കഴിഞ്ഞത് എടുത്ത് പറയത്തക്കഒന്നാണ്.

കാർഷിക മേഖലയിലും, ജലസേചനരംഗത്തും, ഗതാഗതം, പാർപ്പിടം, വൈദ്യുതി തുടങ്ങിയ മേഖലകളിലും പുരോഗതി കൈവരിക്കാൻ ഇനിയും അനേകദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു.

ഇന്നലെയുടെ നേട്ടങ്ങൾ നിലനിർത്തി കോട്ടങ്ങൾ പരിഹരിച്ച് പുതിയ വെല്ലു വിളികളെ നേരിടാൻ അടുത്ത് വരുന്ന ഒൻപതാം പഞ്ചവത്സരപദ്ധതിക്കാലത്ത് ഒരു വമ്പിച്ച ജനകീയ മുന്നേറ്റത്തോടെ നമ്മുക്ക് സഞ്ചരിക്കാം.

4. ഭൂപ്രകൃതിയും വിഭവങ്ങളും

ഭൂപ്രകൃതിയനുസരിച്ച് നമ്മുടെ ഗ്രാമത്തെ നാലായി തിരിക്കാം. അവ:-

1. സമനിലം : 800 ഹെക്ടർ. ചെരിവ് പ്രദേശങ്ങൾക്കും പുഴയോരപ്രദേശത്തിനും ഇടയിലായി സ്ഥിതിചെയ്യുന്നു. സമ്മിശ്രിത കൃഷിയാണ് ഈ മേഖലയിലുളളത്.

2. ചരിവ് പ്രദേശം : 600 ഹെക്ടർ. കുന്നിൻ പാർശ്വങ്ങളിൽനിന്ന് സമതലത്തിലേക്ക് ഈ പ്രദേശം ചാഞ്ഞു കിടക്കുന്നു. പൊതുവെ തെക്ക് നിന്ന് വടക്കോട്ടും തെക്ക്പടിഞ്ഞാറോട്ടുമാണ് ചായ്വ്. പ്രധാനമായും വൃക്ഷവിളകളാണ് ഇവിടെയുളളത്. കാട്ടുമരങ്ങളും സുലഭമാണ്.

3. മലകൾ : 473.21 ഹെക്ടർ: നാടുകാണിമുടി, പൊട്ടൻമുടി, വട്ടമുടി, പാറാട്മുടി, മുട്ടത്തുകണ്ടംമുടി, 611മുടി,എന്നി ആറ് മലകളുടെ വ്യൂഹങ്ങളും പ്രാന്തപ്രദേശങ്ങളും അടങ്ങുന്ന, മിക്കവാറും നഗ്നമായിക്കെണ്ടിരിക്കുന്ന ഭൂഭാഗമാണിത്.

4. പുഴയോരപ്രദേശം (തടപ്രദേശം) 150 ഹെക്ടർ വളരെ ഫലപുഷ്ടിയുളള ജല സമൃദ്ധമായ കൃഷിയിടങ്ങളാണ് ഇവിടം.

കാലാവസ്ഥ

പ്രകടമായ രണ്ട് കാലാവസ്ഥകളാണ് നമുക്ക് അനുഭവപ്പെടുന്നത്.

1. വേനൽക്കാലം. അഖിലേന്ത്യാ തലത്തിൽ നവംബർ മുതലാരംഭിക്കുന്ന തണുപ്പ് കാലം അടക്കം നമുക്കിവിടെ വേനലായി അനുഭവപ്പെടുന്നു: ഇത് മെയ് അവസാനത്തോടെയൊ, ജൂൺ ആരംഭത്തോടെയൊ അവസാനിക്കുന്നു. 24 ° സെൽഷ്യസ് വരെ ചൂട് അനുഭവപ്പെടുന്നുണ്ട്. പാറകളിലും മറ്റും അനുഭവപ്പെടുന്ന ചൂട് പ്രതിഫലിച്ച് തെങ്ങ്,റബ്ബർ,തുടങ്ങിയ വൃക്ഷ. വിളകൾ ഉണങ്ങാറുണ്ട്.

2. മഴക്കാലം: ജൂൺ ആരംഭത്തോടെ ആരംഭിക്കുന്ന മഴക്കാലം നവംബർ ആദ്യത്തോടെ മിക്കവാറും പിൻവാങ്ങുന്നു. പ്രതിവർഷം 3500 മില്ലി ലിറ്റർ മുതൽ 4000 മി: ലിറ്റർ വരെ മഴലഭിക്കുന്നു.ഡിസംബർ,ജനുവരി മാസങ്ങളിൽ സഹിക്കാവുന്ന തരത്തിലുളള തണുപ്പ് രാത്രികാലങ്ങളിൽ അനുഭവപ്പെടാറുണ്ട്. ചെറിയ തോതിൽ പുകമഞ്ഞ് ഇക്കാലത്തുണ്ടാകാറുണ്ട്.മദ്ധ്യവേനൽ ക്കാലത്ത് അപൂർവ്വമായിലഭിക്കുന്ന ഇടമഴയിലാണ് ചേന,ചേമ്പ്,മരച്ചീനി,മുതലായകൃഷികൾ ഇറക്കുന്നത്.

ജൈവസമ്പത്ത്

1. സസ്യങ്ങൾ:

തേക്ക്, ഇരുൾ, മരുത്, വട്ട, ഇലവ്, പാല, നാശകം, പുന്ന തുടങ്ങിയ കാട്ടു മരങ്ങളും, മാവ്, പ്ലാവ്, ആഞ്ഞിലി, കശുമാവ് തുടങ്ങിയ നാടൻ വൃക്ഷങ്ങളും, മുക്കുറ്റി, തഴുതാമ,മുയൽ ചെവിയൻ, കീഴാർനെല്ലി,ചെത്തി,കുറുന്തോട്ടി, ഓരില, മൂവില,ഗുഡക്കൊടി, എരുക്ക്,തുളസി തുടങ്ങിയ ഔഷധ സസ്യങ്ങളും ഇഞ്ചിപുല്ല്,പോതപുല്ല് ചങ്ങാലിപ്പുല്ല്, ഈയപ്പുല്ല്,തുടങ്ങിയ തൃണവർഗ്ഗങ്ങളും, ഈറ,മുള തുടങ്ങിയ കണ്ടൽ ച്ചെടികളും വാഴ,പ്പൈനാപ്പിൾ തുടങ്ങിയ ഔഷധികും ധാരാളമായി ഇവിടെ കാണാം.

2- മൃഗസമ്പത്ത്

ആട്,മാട്,പട്ടി,പൂച്ച,പന്നി, എരുമ തുടങ്ങിയ വളർത്തു മൃഗങ്ങളും, എമു ,മുയൽ, വെരുക്, കുരൽ, അണ്ണാൻ, കുരങ്ങ്, മരപ്പട്ടി, പാക്കാൻ, കുറുക്കൻ, മുളളൻ പന്നി, തുടങ്ങിയ ചെറുകാട്ടു മൃഗങ്ങളും ഉടുമ്പ്, വെളളാമ, കരാമ, മൂർഖൻ, അണലി, ശംഖ്വരയൻ, നീർക്കോലി, പച്ചിലപാമ്പ്, ചേര, മലമ്പാമ്പ്, പനയീറ തുടങ്ങിയ ഉരഗവർഗ്ഗങ്ങളും ഇവിടെ സർവ്വസാധാരണമാണ്

3. പക്ഷി

കോഴി,താറാവ്, ടർക്കികോഴി, ഗിനികോഴി, തുടങ്ങിയ വളർത്തു പക്ഷികളും തത്ത,മൈന, ചെമ്പോത്ത്,മരംകൊത്തി,പൊൻമാൻ, കുയിൽ,പ്രാവ്,കാക്ക,കൊക്ക്,പരുന്ത്,കാർമാൻ, കുരുവി,കുരിയാറ്റ,കരിയിലപക്കി,തുത്തുകുണുക്കി,നാരായണ പക്ഷി തുടങ്ങിയ കാട്ട് പക്ഷികളും ഇവിടെ കാണപ്പെടുന്നു.

4. മനുഷ്യവിഭവം

ഉന്നത വിദ്യാഭ്യാസം നേടിയവരും, സാമാന്യ വിദ്യാഭ്യാസം നേടിയവരും, ഈ മേഖലയിലുണ്ട്. ജനങ്ങൾ പൊതുവെ അദ്ധ്വാനശീലരും,സാമാന്യം ആരോഗ്യമുളളവരുമാണ്. സാമൂഹ്യസന്നദ്ധ പ്രവർത്തനത്തിന് വമ്പിച്ച സഹായം സംഭാവന ചെയ്യാൻ കഴിവുളളരാണ്.

കീരംപാറ പഞ്ചായത്തിലെ മഴയുടെ അളവ് 5 വർഷത്തേത് താഴെ വിവരിക്കുന്നു


വർഷം	മഴയുടെ അളവ്
1992	482.33 cm
1993	382.25 cm
1994	449.75 cm
1995	446.75 cm
1996	392.75 cm

പഞ്ചായത്തിലെ 1996 ലെ ഓരോ മാസവും പെയ്ത മഴയുടെ അളവ് താഴെ വിവരിക്കുന്നു.

മാസം	ഓരോ മാസത്തെ മഴയുടെ അളവ്
ജനുവരി	12.50
ഫെബ്രുവരി	07.00
മാർച്ച്	05.75
ഏപ്രിൽ	30.00
മെയ്	05.50
ജൂൺ	57.75
ജൂലൈ	86.50
ഓഗസ്റ്റ്	64.00
സെപ്തംബർ	71.25
ഒക്ടോബർ	43.00
നവംബർ	8.65
ഡിസംബർ	6-12-96 വരെ മഴ ലഭിച്ചില്ല

അവലംബം പെരിയാർ എസ്റ്റേറ്റ് വർഷമാപിനി

പഞ്ചായത്തിലെ 5 വർഷത്തെ മഴയുടെ അനുപാതം




ഭൂപ്രകൃതിയനുസരിച്ചുള്ള മേഖല


പുഴയോരപ്രദേശം	150 ഹെക്ടർ
സമനിലം	800 ഹെക്ടർ
ചരിവ് പ്രദേശം	600 ഹെക്ടർ
മലകൾ	473.21 ഹെക്ടർ

കീരംപാറ ഗ്രാമപഞ്ചായത്ത്

ഭൂപ്രകൃതി



കീരംപാറ ഗ്രാമപഞ്ചായത്ത്
സംയോജിത മാപ്പ്



ഫോറസ്റ്റ്
അക്വഡേറ്റ്
പൊതുസ്ഥാപനങ്ങൾ
പ്രൈമറി സ്കൂൾ, ഹയർസെക്കന്ററി സ്കൂൾ
ചിറകൾ, വെള്ളക്കെട്ട്
റോഡുകൾ
നടപ്പാത, റോഡ്
വായനശാല
കുന്നിൻ മേഖല
C.H.C കമ്മ്യൂണിറ്റി ഹോസ്പിറ്റൽ

വിലയിരുത്തലുകൾ

5.1 കൃഷിയും ജലസേചനവും

കൃഷി

കീരംപാറ പഞ്ചായത്ത് ജലസമൃദ്ധമായ പെരിയാറിനോട് ചേർന്നുകിടക്കുന്ന 3278.85 ഹെക്ടർ വരുന്ന സാമാന്യം വിസ്തൃതമായ ഭൂപ്രദേശമാണ്. പഞ്ചായത്തിന്റെ തെക്കൻ മേഖല ഇടവിട്ടിടവിട്ട് മലകളും താഴ്വരകളും അടങ്ങുന്നതാണ്. ഭൂവിഭാഗങ്ങളെ അടിസ്ഥാനപ്പെടുത്തി സംസ്ഥാന സർക്കാർ കേരളത്തെ പതിമൂന്ന് മേഖലകളായി തിരിച്ചിട്ടുള്ളതിൽ ഏഴാം ഭാഗമായ ഹൈലാന്റ്സോൺ എന്ന വിഭാഗത്തിലാണ് ഈ പഞ്ചായത്ത് പെടുന്നത്.

സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് തന്നെ ഈ കുടിയേറ്റ ഗ്രാമത്തിന്റെ വടക്കുകിഴക്കൻ മേഖലയിൽ വെള്ളക്കാരെത്തിച്ചേരുകയും 1901 ൽ തന്നെ ഈ പ്രദേശത്തിന്റെ മുഖ്യവാണിജ്യവിളയായ റബർ കൃഷിയാരംഭിക്കുകയും ചെയ്തു. അവിടം മുതൽ ഇങ്ങോട് ഈ ഗ്രാമം ഒരു കാർഷിക മേഖലയായി വളരുകയാണ്. എന്നാൽ അടുത്ത കാലഘട്ടങ്ങളിൽ വിളകളെ സംബന്ധിച്ച് ചില പ്രതികൂല അവസ്ഥകൾ ഉണ്ടായിട്ടുണ്ട്.

1. കാർഷിക രോഗങ്ങൾ
2. ഭൂമിയുടെ ദുരുപയോഗം
3. പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട് പരിഷ്ക്കരിച്ച് ജലനിരപ്പ് കൂടുതൽ ഉയർത്തിയതുകൊണ്ട് ഫലഭൂയിഷ്ഠമായ 165 ഹെക്ടർ സ്ഥലം വെള്ളത്തിനടിയിലായത്.


ഒടുവിൽ പറഞ്ഞ നഷ്ടം മറ്റു മാർഗ്ഗങ്ങളിലൂടെ പരിഹരിക്കേണ്ടിയിരിക്കുന്നു. ജലസേചനത്തിനു നൽകി കൃഷിഭൂമിയുടെ ഉൽപ്പാദനക്ഷമത കൂട്ടിയെ കഴിയൂ.

കൃഷിഭൂമിയുടെ സ്വഭാവം കാണിക്കുന്ന ഒരു സെക്ടർ ഗ്രാഫ് താഴെക്കാണിക്കുന്നു.

സമനിലങ്ങളിൽ നെല്ല്, തെങ്ങ്, കമുക്, കൊക്കോ, കുരുമുളക്, വാഴ, മരച്ചീനി തുടങ്ങിയവ വ്യാപകമായി കൃഷി ചെയ്തു വരുന്നു. മാത്രമല്ല റബർ ഈ മേഖലയിലേയ്ക്ക് കൂടുതലായി വന്നു തുടങ്ങിയിരിക്കുന്നു.

പുഴയോര പ്രദേശം ചുരുങ്ങിയ ഒരു ഭാഗം വനമൊഴിച്ചേറിയ പങ്കും റബർകൃഷി കൈയ്യടക്കിയിരിക്കുന്നു. ഇന്ത്യയിലെ ആദ്യത്തെ റബർ എസ്റ്റേറ്റായ പെരിയാർ എസ്റ്റേറ്റ് ഈ മേഖലയിൽ സ്ഥിതി ചെയ്യുന്നു. ഏറ്റവുമാദ്യം പ്ലാന്റു ചെയ്ത റബർ മരങ്ങളിൽ ഒരെണ്ണം ഇന്നും ഈ എസ്റ്റേറ്റ് ബംഗ്ലാവിനു മുമ്പിൽ നിലനിർത്തിയിട്ടുണ്ട്. (വെള്ളക്കാർ വാസ്തുശില്പ മാതൃകയിൽ പണിത ബംഗ്ലാവും ഇവിടെ നിലനിൽക്കുന്നു.)

മലഞ്ചെരിവു പ്രദേശമാണ് സമതലം കഴിഞ്ഞാൽ വിസ്തൃതമായ ഭൂപ്രദേശം. പൊതുവിൽ വടക്കോട്ടും, തെക്കുപടിഞ്ഞാറോട്ടും ചാഞ്ഞാണ് ഇവയുടെ കിടപ്പ്. ഇവിടങ്ങളിൽ മണ്ണൊലിപ്പ് രൂക്ഷമാണ്. മലകൾ പലതും നഗ്നമായികൊണ്ടിരിക്കുന്നു. നീർച്ചാൽ, സംരക്ഷണവും, മണ്ണൊലിപ്പ് നിവാരണവും അവശ്യം സംയോജിപ്പിക്കേണ്ട മേഖലയാണിത്. അശാസ്ത്രീയമായ മണ്ണിന്റെ ഉപഭോഗം (കൃഷി രീതി) ഇത് കൂടുതൽ രൂക്ഷമാകുന്നു. ജൈവാവരണങ്ങളോ, ബണ്ട് നിർമ്മാണമോ, ഇടക്കയ്യാലകളോ ഇവിടെ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഈ മേഖലയിലെ കൃഷിഭൂമി സംരക്ഷണ



പ്രധാന കൃഷിയിടങ്ങളുടെ വിസ്തൃതി [ഹെക്ടറിൽ]

ത്തിനായി മണ്ണു സംരക്ഷണവകുപ്പിന്റെയും, കൃഷി വകുപ്പിന്റെയും ഗ്രാമീണ വികസന ബാങ്കിന്റെയും കൃത്യമായ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ഈ മേഖലയിലൂടെ പ്രവഹിക്കുന്ന നീർച്ചാലുകളുടെ കുത്തൊഴുക്ക് കരയെ നശിപ്പിക്കുന്നു. മലഞ്ചെരുവിലെ മണ്ണൊലിപ്പ് പെരിയാർ നദിയെയും ഇതര ജലപ്രവാഹങ്ങളെയും തൂർത്തു കളയുന്നുണ്ട്. അതത് പ്രദേശങ്ങളിൽ ഈ ജലത്തിന്റെ കുത്തൊഴുക്ക് തടയുന്നതായാൽ മണ്ണും ജലവും ഒരു പോലെ സംരക്ഷിക്കാം.

ഈ മേഖലയിൽ പ്രധാനമായും റബർ, തെങ്ങ്, കൊക്കോ മുതലായ വൃക്ഷവിളകളും കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കച്ചോലം എന്നി സുഗന്ധവിളകളും ആഞ്ഞിലി, മാവ്, പ്ലാവ് തുടങ്ങിയ വൃക്ഷങ്ങളും പേമ്പ്, പേന, മരച്ചിനി തുടങ്ങിയ പഞ്ചകളും കൃഷി ചെയ്തു വരുന്നു. നാമമാത്രമായ പച്ചക്കറി കൃഷിയും ഈ മേഖലയിലുണ്ട്

താമസ്സിക്കുന്നുണ്ട്. ഇവരിൽ ഭൂരിപക്ഷവും കുടിൽ വാസികളാണ്. ഇവരുടെ കൈവശം നാമമാത്രമായ ഒരു തുണ്ട് ഭൂമി ഉള്ളവരോ അഥവാ ഇല്ലാത്തവരോ ആണ്. ഇവരെല്ലാവരും തന്നെ കാർഷികവൃത്തിയിലും ഇതോടൊപ്പം തന്നെ കൂലിവേലയിലും എർപ്പെട്ടിട്ടുള്ളവരാണ്. ഇവിടെ ജലസേചന സൗകര്യം അടിയന്തിരമായും കൃഷിക്ക് ലഭ്യമാക്കേണ്ടതാണ്. പൊതുവേ മലമുകളിൽ കൃഷിയിടങ്ങളം ചുരുങ്ങി വരുന്നു. നേർത്തമൺപാളികളുള്ള മലമുകളിലെ മണ്ണ് വർഷകാലങ്ങളിലെ മഴയിൽ കുത്തിയൊലിച്ചു പോകുന്നതാണ് ഇതിനുകാരണം. ആയതിനാൽ മണ്ണൊലിപ്പ് തടയാനുള്ള പരിപാടിയുദ്ധകാലടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്. വ്യാപകമായ മണ്ണൊലിപ്പ് പ്രദേശമായ കീരമ്പാറ പഞ്ചായത്തിന് ഇതിന്റെ നിവാരണത്തിലേക്ക് മണ്ണ് സംരക്ഷണ വകുപ്പിൽ നിന്നും കാര്യമായി ഒന്നും നേടാൻ കഴിഞ്ഞിട്ടില്ല. ഇവരുടെ സേവനം പഞ്ചായത്തിൽ വ്യാപകമായി നടപ്പിലാക്കേണ്ടതാണ്.

കൃഷിഭൂമിയുടെ ഉടമസ്ഥത താഴെ പറയും വിധമാണ്.

No.		കൃഷിക്കാരുടെ എണ്ണം	ഇവരുടെ കൈവശ മുള്ള ഭൂമി
1.	ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവർ	1660	905 ഹെക്ടർ
2.	ഒന്നു മുതൽ രണ്ടു വരെ ഹെക്ടർ ഭൂമിയുള്ളവർ	338	557 ഹെക്ടർ
3.	രണ്ടു മുതൽ നാലു വരെ ഹെക്ടർ ഭൂമിയുള്ളവർ	109	289 ഹെക്ടർ
4.	നാലു ഹെക്ടറിനു മുകളിൽ ഭൂമിയുള്ളവർ	51	272 ഹെക്ടർ

കരിമ്പാറകൂം നിറഞ്ഞമലകളുടെ മുകളിൽ അങ്ങിങ്ങായി മരുപ്പച്ച പോലെ കാണപ്പെടുന്ന ഭാഗങ്ങളിൽ മണ്ണാഴം വളരെ കുറവാണ്. ഈ പ്രദേശത്ത് സ്ഥായിയായ വിളകൂം കുറവാണ്. ആഞ്ഞിലി, മാവ്, പ്ലാവ്, പേമ്പ്, പേന, മരച്ചിനി തുടങ്ങിയവയൊക്കെ ഇവിടെ കാണാം.മലമുകളിൽ നാനൂറോളം കുടുംബങ്ങൂം

മേൽക്കാണിച്ച പട്ടികപ്രകാരം 2158 കൃഷിക്കാരാണ് യഥാർത്ഥത്തിൽ കർഷകർ എന്ന നാമത്തിന് അർഹരായവർ. മൊത്തം പഞ്ചായത്തിലുള്ള കുടുംബങ്ങളുടെ 70% കർഷകരാണ്. (2158/3048)

ഇന്നാട്ടിലെ കൃഷിവ്യവസ്ഥപ്രധാനമായും മൂന്ന് തരത്തിലാണ്.

പതിക്കാച്ചുകൊടുക്കാവുന്ന ഭൂമി സംബന്ധിച്ച വിവരം					
വില്ലേജിന്റെ പേര്	പുരയിടം	നിലം	തരിശ്	മറ്റുള്ളവ	ആകെ
കീരംപാറ	-	-	5	15	20

1. സ്വന്തം ഭൂമിയിൽ ഉടമസ്ഥരും തൊഴിലാളികളും ചേർന്ന് കൃഷി ചെയ്യുന്ന രീതി.

2. തൊഴിലാളികളെക്കൊണ്ട് കൂലിക്ക് ഉടമസ്ഥർ ചെയ്യുന്ന രീതി.

3. ഭൂവുടമയിൽ നിന്നും പാട്ടവ്യവസ്ഥയിൽ ഭൂമി ഏറ്റ് കൃഷി ചെയ്യുന്ന രീതി.



വില്ലേജിലെ റിക്കാർഡനുസരിച്ച് തരിശും പുറമ്പോക്കും ഉൾപ്പെടെ 2446 ഏക്കർ സ്ഥലമുണ്ടെങ്കിലും പതിച്ചു കൊടുക്കാവുന്ന ഭൂമി 20 ഏക്കറാണ്.

കൃഷിക്കുപയുക്തമായ ഭൂമി പാഴായിക്കിടക്കുന്നത് പെരിയാർവാലി ഇറിഗേഷനിലെ കാച്ച് മെന്റ് ഏരിയയിലാണ്. ഈ കൃഷിയിടങ്ങൾ പഞ്ചായത്തിനു ലഭ്യമാക്കി കൂട്ടുകൃഷി വ്യവസ്ഥയിൽ കൃഷി ചെയ്യാൻ വേണ്ടുന്ന പദ്ധതി തയ്യാറാക്കാവുന്നതാണ്.

റായി വ്യാപിച്ച് കിടക്കുന്നു. കുന്നിൻചെരുവിൽ പാറപൂഴി അടങ്ങിയ കറുപ്പ് രാശിയുള്ള മണ്ണാണുള്ളത്. പാറ പൂഴി കലർന്ന മണ്ണാകയാൽ സമതലത്തെ അപേക്ഷിച്ച് വളക്കൂർ കുറവാണ്.

മലഞ്ചെരുവിന് മുകളിലായി മലകൾ സ്ഥിതി ചെയ്യുന്നു. പാറപൂഴി കലർന്ന മാണ്ണാണ് ഇവിടെയുള്ളത്. 473.21 ഹെക്ടർ സ്ഥലത്തായി മലകൾ വ്യാപിച്ചു കിടക്കുന്നു. മലകൾ കിഴക്കുനിന്നാരംഭിച്ച് തെക്കുവടക്കായി സ്ഥിതി ചെയ്യുന്നു. കൃഷിയിടങ്ങളേക്കാൾ പാറപ്രദേശമാണ് കൂടുതൽ വെള്ളം സംഭരിച്ച് നിർത്താൻ ഉപാധിയൊന്നുമില്ല. അതിനാൽ മഴക്കാലത്തുണ്ടാകുന്ന ജലം മണിക്കൂറുകൾക്കകം ഊർന്നിറങ്ങി മലഞ്ചെരുവിൽ കൂടി സമതലങ്ങളിൽ പ്രവേശിക്കുകയും ഇവിടെയുള്ള തോടുകളിൽകൂടി തീരപ്രദേശത്ത എത്തുകയുമാണ് ചെയ്യുന്നത്. അതുകൊണ്ട് ഈ പ്രദേശത്തെ ഊർ

വിവിധതരം മണ്ണ് താഴെ പറയുംപ്രകാരം വ്യാപിച്ചുകാണുന്നു.

മണൽ ചേർന്ന കളിമണ്ണ് 150 ഹെക്ടർ	ചെമ്മണ്ണ് 800 ഹെക്ടർ	പാറ പൂഴി കലർന്ന മണ്ണ് 1073.21 ഹെക്ടർ
		

മണ്ണിന്റെ സ്വഭാവം

ഭൂപ്രകൃതിയനുസരിച്ച് തീരപ്രദേശം, സമതലം, കുന്നിൻ ചെരുവുകൾ, മലകൾ, എന്നിങ്ങനെ നാലായിത്തിരിക്കാം. മണ്ണ് പൊതുവേ ഫലഭൂയിഷ്ഠമാണെങ്കിലും മലകളിലും, മലഞ്ചെരുവുകളിലുമുള്ള മേൽമണ്ണ് മഴക്കാലങ്ങളിൽ കുത്തിയൊലിച്ചു പോകുന്നതിനാൽ വളക്കൂറ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. പുഴയോരം അല്പം മണൽ ചേർന്ന കളിമൺ പ്രദേശമാണ്. ഇത് ഏകദേശം 150 ഹെക്ടർ വരും. തീരദേശ പെരിയാർ നദിയോട് തൊട്ടുചേർന്ന് സ്ഥിതിചെയ്യുന്നതിനാൽ മണ്ണിന് ജലദൗർലഭ്യം ഉണ്ടാകാറില്ല. മണ്ണ് ഫലഭൂയിഷ്ഠമാണ്.

തീരപ്രദേശത്തോട് തൊട്ടുചേർന്ന് ഏകദേശം 800 ഹെക്ടർ സമതലം സ്ഥിതിചെയ്യുന്നു. ചെമ്മണ്ണ് നിറഞ്ഞ ഈ സമതലപ്രദേശം ഫലഭൂയിഷ്ഠമാണ്. സമതലവും തീരദേശവും അല്പം താഴ്ന്നു കിടക്കുന്നതിനാൽ സമതലത്തിൽ നീർവാർച്ച കൂടുതലാണ്.

ഈ സമതലത്തോട് ചേർന്ന് കുന്നിൻ ചെരുവ് പ്രദേശം സ്ഥിതി ചെയ്യുന്നു. ഇത് ഏകദേശം 600 ഹെക്ടപ്പം ലവലേശം തങ്ങി നിൽക്കുന്നില്ല. മണ്ണൊലിപ്പു തടയുന്നതിനുള്ള മാർഗ്ഗം സ്വീകരിച്ചില്ലെങ്കിൽ മുപ്പതു വർഷങ്ങൾക്കകം മലകളിലെയും, മലഞ്ചെരുവിലെയും മണ്ണ് തീരെയില്ലാതാകാൻ സാദ്ധ്യതയുണ്ട്.

ഉല്പാദനക്ഷമത

നെല്ല്

വിരിപ്പ്, മുണ്ടകൻ, പുഞ്ച, എന്നീ മൂന്ന് ക്രമത്തിൽ യഥാക്രമം 200 ഹെക്ടർ, 150 ഹെക്ടർ, 7 ഹെക്ടർ എന്നിങ്ങനെ നെൽകൃഷി നടത്തിവരുന്നു. ഉൽപ്പാദനക്ഷമത വിരിപ്പ്, മുണ്ടകൻ കൃഷിക്ക് ഹെക്ടറിന് 2250, പുഞ്ചകൃഷിക്ക് 2500 കിലോയുമാണ്.

പഞ്ചായത്തിന്റെ മുഴുവൻ നിലങ്ങളിലും വിരിപ്പു കൃഷിയിറക്കുന്നുണ്ട്. ഇന്ത്യൻ കൃഷിയെ സംബന്ധിച്ച് പൊതുവെ പറയാറുള്ളതുപോലെ മൺസൂൺ കാലത്തിന്റെ ഒരു ചൂതുകളിയാണ് ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കൃഷി. കേരളത്തിലെ കൃഷിയി

ഭൂമിയുടെ 15% ജലസേചിതമാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ ഇത് 5% ത്തിൽ താഴെയാണ്. ഇത് ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കാലപ്പോക്കിലെ കൃഷി കളിയാണെന്നാണല്ലോ നാട്ടുചൊല്ല്. മഴക്കാലത്ത് കർഷകൻ വിത്തെറിയുന്നത് പലപ്പോഴും കാലപ്പോക്കിലാണ്.

ജലലഭ്യതയുടെ കുറവുകൊണ്ട് അധികം കൃഷിക്കാരും വിരിപ്പ് (കന്നി) കൃഷിക്ക് ശേഷം നിലം തരിശ്ശിടുകയാണ് പതിവ്. നിലവിൽ ജലസേചിതമല്ലാത്ത ഇത്തരം പ്രദേശങ്ങളിൽ ജലസേചന സൗകര്യമുണ്ടാക്കുകയാണ് ഉൽപ്പാദന വർദ്ധനവിന് അവലംബിക്കാവുന്ന പ്രഥമമാർഗ്ഗം. അതിനു കഴിയാത്തിടങ്ങളിൽ ഇടവിളകളായി പയർ, പാവൽ, പടവലം, വെള്ളരി, കുമ്പളം, വെണ്ട തുടങ്ങിയ പച്ചക്കറികളും കൃഷി ചെയ്യാവുന്നതാണ്. ഇതിനെക്കാളുപരി ഇരുമ്പ്, ജീവകം എ തുടങ്ങിയ പോഷകങ്ങളും സമൃദ്ധിയായുള്ള ചീര കൃഷിക്കും സാദ്ധ്യതയുണ്ട്.തക്കാളി, തണ്ണിമത്തൻ തുടങ്ങിയവ കൂടുതൽ സാങ്കേതികസഹായത്തോടെ കൃഷി ചെയ്യാവുന്നതാണ്.


പച്ചക്കറികൃഷി നല്ല സാമ്പത്തിക സാധ്യതയുള്ളതാണ്. ഫംഗസ്, കൃമികീടങ്ങളും, മുതലായവയാണ് വിളവിനെ പ്രതികൂലമായി ബാധിക്കുന്നത്. നല്ല സൂര്യപ്രകാശവും ജലസേചനസൗകര്യവുമുള്ള തടപ്രദേശത്തും ഇതിന് സാധ്യതയുണ്ട്.

ഇത്തരം ഇടവിളകൃഷി ചെയ്യുന്നതുമൂലം സാമ്പത്തിക ലാഭവും കൂടുതൽ തൊഴിലവസരങ്ങളും ഉണ്ടാകുന്നു. ഇതിനേക്കാളുപരിയായി ഏതാണ്ട് മൂന്നു മാസക്കാലത്തേക്ക് നാട്ടിലാവശ്യമുള്ള പച്ചക്കറി നമുക്കുത്പാദിപ്പിക്കാനും ന്യായമായ വിലക്ക് വേണമെങ്കിൽ,നാട്ടിൽത്തന്നെ വിതരണം ചെയ്യാനും കഴിയുന്നതിനുപുറമെ വൻതോതിൽ നിലങ്ങളും വിരിപ്പ്കൃഷി കഴിഞ്ഞ് തരിശിടുന്നത് ഒഴിവാക്കാനും കഴിയും. ഇടവിളകൃഷിമൂലം നിലത്തിന്റെ ഫലപുഷ്ടി വർദ്ധിക്കുന്നു. ഏതാണ്ട് 50 ഹെക്ടർ സ്ഥലത്തെങ്കിലും ഇപ്രകാരം പച്ചക്കറികൃഷി സാധ്യമാണ്.

വിരിപ്പ് കൃഷിയുടെ നിലവിലുള്ള ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി അടിസ്ഥാന വളപ്രയോഗമാവശ്യ ഘടകമാണ്. ഈ ഇനത്തിൽ കമ്പോസ്റ്റ്, കാലി വളം, പച്ചിലവളം, ചാരം ഇവ പ്രയോജനപ്പെടുത്താം ഇവയുടെ പ്രയോഗം മൂലം മണ്ണിൽ നഷ്ടപ്പെടുന്ന ജൈവസമ്പത്തും, ഹ്യൂമസും പുനഃസ്ഥാപിച്ച് മണ്ണിന്റെ ആരോഗ്യം നിലനിർത്താൻ ഇത് സഹായിക്കും പുതിയ ഭവനനിർമ്മാണത്തോടൊപ്പം ഒരു വീടിന് ഒരു കക്കൂസ് എന്നതുപോലെ ഒരു വീടിന് ഒരു കമ്പോസ്റ്റ് പിറ്റ് നിർബന്ധമായും ഉണ്ടാക്കുക ഇത് അടുക്കള തോട്ടത്തിനും കൃഷിയിടത്തിനും പരിസരശുചീകരണത്തിനും സാഹായിക്കും.

കമ്പോസ്റ്റ് പിറ്റ് നിർമ്മാണം ജനകീയ പദ്ധതിയാക്കി ഉയർത്തണം രാസവളകീടനാശിനികളുടെ ഉപഭോഗം താഴെ പട്ടികയിൽ കാണുന്നത് ശ്രദ്ധിക്കുക.


രാസവള ഉപഭോഗം ടണ്ണിൽ.



വർഷം:93-94 94-95 95-96

രാസവള പ്രയോഗം ഹെക്ടറിന് 187 കി.ഗ്രാം ആണ്.


കീടനാശിനിയുടെ ഉപഭോഗം ലിറ്ററിൽ(ദ്രാവകം)



വർഷം:93-94 94-95 95-96

ഹെക്ടറിന് ഉപയോഗം = 171 മില്ലി ലിറ്റർ (95-96)

കീടനാശിനിയുടെ ഉപഭോഗം കി.ഗ്രാമിൽ(ഖരം)



വർഷം:93-94 94-95 95-96

ഉപയോഗം = 1186 k.g/ ഹെക്ടർ (95-96)

മുണ്ടകൻകൃഷി

വിരിപ്പു കൃഷി 200 ഹെക്ടർ സ്ഥലത്ത് ചെയ്യുമ്പോഴും ജലസേചനത്തിന്റെ അപര്യാപ്തത മുണ്ടകൻ (മകര കൃഷി) 150 ഹെക്ടർ ആയി ചുരുങ്ങുന്നു. മാത്രമല്ല വെള്ളക്കെട്ട് ഉത്പാദനക്ഷമതയേയും പ്രതികൂലമാ

യി ബാധിക്കുന്നു. വേണ്ടത്ര വെള്ളം ഇല്ലാത്തതുകൊണ്ട് പച്ചിലവളങ്ങളും, രാസവളങ്ങളും അനുക്രമമായി ഉപയോഗിക്കാൻ പറ്റാതെയും വരുന്നു. ജലസേചനരംഗത്ത് അല്പം മുതൽ മുടക്കുന്നതായാൽ നിലവിലുള്ള കൃഷിയിടങ്ങളം തന്നെ 50 ഹെക്ടറിൽ കൂടി മുണ്ടകൻ കൃഷി വർദ്ധിപ്പിക്കാൻ കഴിയും. ഇതു വഴി 1,12,500 കി.ഗ്രാം നെല്ല് കൂടുതൽ ഉത്പ്പാദിപ്പിക്കാൻ കഴിയും. ഒരു ഹെക്ടർ സ്ഥലത്ത് നെൽകൃഷിയുടെ തൊഴിലാഗിരണ ശേഷി താഴെ പറയും പ്രകാരമാണ്.

1.	വരമ്പു കിള,	14 ആൺ
2.	വിത	6 ആൺ
3.	കിളപറി	25 പെൺ
4.	വളം ഇടീൽ	2 ആൺ +2പെൺ
5.	ആകെ	22 ആൺ +27പെൺ

മൊത്തം തൊഴിൽ ദിനങ്ങളം 49

വളവും കൃഷിച്ചെലവും മരുന്നടിയും കണക്കിലെടുക്കുമ്പോഴം പിഴയില്ലെങ്കിൽ കൃഷി ലാഭകരമാണ്. 50 ഹെക്ടറിൽ കൂടി മുണ്ടകൻ കൃഷി വ്യാപിപ്പിച്ചാൽ 2450 തൊഴിൽ ദിനങ്ങളം കൂടുതലായി സൃഷ്ടിക്കാൻ കഴിയും

പുഞ്ചകൃഷി

100 ശതമാനവും ജലസേചനത്തെ ആശ്രയിച്ച് മാത്രമാണ് പുഞ്ചകൃഷി നടക്കുന്നത്. ഇപ്പോഴം 7 ഹെക്ടറിൽ മാത്രമാണ് പുഞ്ചകൃഷി നടന്ന് വരുന്നത്. ഉത്പാദന ക്ഷമത വിരിപ്പ്, മുണ്ടകൻ കൃഷിയുമായി താരതമ്യം ചെയ്യുമ്പോഴം പുഞ്ച കൃഷി മേൽ വിവരിച്ച ജലസേചന സാധ്യതകളിലൂടെ ഏതാണ്ട് 8 മടങ്ങ് വർദ്ധിപ്പിക്കാവുന്നതാണ്. ഇതു മൂലം 2400 തൊഴിൽ ദിനങ്ങളം കൂടി കണ്ടെത്താൻ കഴിയും 1250 ക്വിന്റൽ നെല്ല് കൂടി അധികസമാഹരണം നടത്തുവാനും സാധിക്കും.

നിലവിലുള്ള പാടശേഖരങ്ങളിലേക്ക് ആധുനിക യന്ത്രങ്ങളം പ്രവേശിപ്പിക്കുന്നതിന് പത്ത് കിലോ മീറ്റർ റോഡും, ചെറിയ പാലങ്ങളും/കാലുകളും നിർമ്മിക്കേണ്ടതുണ്ട്. രാസവളങ്ങളുടെ അനാവശ്യ ഉപയോഗവും പാഴ്ചെലവും കുറക്കുന്നതിനും, മണ്ണിന്റെ ആരോഗ്യം നില നിർത്തുന്നതിന് മണ്ണ് പരിശോധനയും ബോധവത്ക്കരണവും ആവശ്യമാണ്. ഇപ്പോഴം മണ്ണ് പരിശോധനക്ക് വളരെ കാലതാമസം നേരിടുന്നുണ്ട്. പ്രകൃതി ജന്യ കീടനാശിനികളും ജൈവകീടനാശിനികളും പ്രയോഗത്തിൽ വരുത്തി മാരക വിഷം മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളം ഉണ്ടാകാതെ കഴിക്കാം.

പ്രാകൃത കൃഷിരീതികളും, തൊഴിലാളികളുടെ അഭാവവുംകൊണ്ട് കൃഷിയും, കൃഷിയിടങ്ങളും ചുരുങ്ങുന്നതിന് ഇടയാകുന്നു. നിലം മണ്ണിട്ട് നികത്താനുള്ള പ്രവണത, നിലങ്ങളിൽ നാണ്യവിളകളം വച്ചു പിടിപ്പിക്കുന്നത് ഇവയെല്ലാം കൃഷിയിടങ്ങളം ചുരുങ്ങാൻ കാരണമാകുന്നു. ഈ സാഹചര്യത്തിൽ യന്ത്രവത്ക്കരണം ഒരു പരിധിവരെ ആവശ്യമാണ് അതൊടൊപ്പം പുതിയ തലമുറകളെ അടിസ്ഥനവൃത്തികളുമായി ബന്ധപ്പെടുത്തേണ്ടതുമുണ്ട്. ട്രാക്ടർ, ടില്ലർ, നടീൽ, കൊയ്ത്ത്, മെതി യന്ത്രങ്ങളം തുടങ്ങിയവ സഹകരണ സംഘങ്ങളിലൂടെയോ, പഞ്ചായത്തിൽ നിന്നോ ലഭ്യമാക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കണം. ന്യൂമാറ്റിക് യന്ത്രങ്ങളായ കീടനാശിനി സ്പ്രെയറുകളും മറ്റും വേഗത്തിൽ ചുരുങ്ങിയ ചിലവിൽ നന്നാക്കി കിട്ടാനുള്ള ഒരു സംവിധാനമുണ്ടാക്കണം. ഇപ്പോഴം ഒമ്പതു പഞ്ചായത്തിനും ഒരു മുനിസിപ്പാലിറ്റിക്കും കൂടി കൃഷി അസി: ഡയറക്ടറുടെ ആഫീസിലുള്ള ഒരു മെക്കാനിക്കാണ് വല്ലപ്പോഴും കൃഷിവേൻ സന്ദർശിച്ച് ഇത് നടത്തുന്നത്. ഇത് തീരെ അപര്യാപ്തമാണ്. ട്രാക്ടർ, ടില്ലർ എന്നിവയെക്കാഴം ഈ പഞ്ചായത്തിന് ഇനി ആവശ്യം നടീൽ, വിത, കൊയ്ത്ത്, മെതി യന്ത്രങ്ങളാണ്.

യഥാകാലം കൃഷിക്കാവശ്യമായ വായ്പ ചുരുങ്ങിയ പലിശക്ക് കൃഷിക്കാർക്ക് ലഭ്യമാക്കുകയും ആയത് തനത് ആവശ്യത്തിന് ഉപയോഗിക്കുന്നു എന്നത് ഉറപ്പുവരുത്തുകയും ചെയ്യുക. കർഷകർക്ക് ഉത്പാദന വർദ്ധവിന് പ്രോത്സാഹനം എന്ന നിലയിൽ അർഹരായവർക്ക് ആനുകൂല്യങ്ങം നൽകുന്നതിനും, മാതൃകാ കൃഷിക്കാരെയും പുതിയതായി കൃഷിയിൽ പ്രവേശിക്കുന്ന യുവതി യുവാക്കളെ പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും വേണം. അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും കർഷകർക്ക് സൗജന്യ നിരക്കിൽ ലഭ്യമാക്കണം.

നടീൽ വസ്തുക്കളുടെ വിതരണം

ഇനം	എണ്ണം		
	93-94	94-95	95-96
തെങ്ങ്	-	100	350
കശുമാവ്	-	-	-
കുരുമുളക്	-	-	13250
കമുക്	-	-	100

മേൽപട്ടിക നടീൽവസ്തുക്കളുടെ അപര്യാപ്തത ഭംഗിയായി വെളിവാക്കുന്നുണ്ട്. ഇപ്പോഴം നടീൽ വസ്തുക്കം ലഭിക്കുന്നത് ഈ പഞ്ചായത്തിന്റെ 5 പ്രൈവറ്റ് നഴ്സറികളിൽ നിന്നും പുറത്തും നിന്നുമാണ്.

കൂടാതെ പരമ്പരാഗത വിത്തിനങ്ങളുടെയും നടീൽ വസ്തുക്കളുടെയും ശേഖരം ഒരു നിശ്ചിത ഭാഗം

[illegible]തെടുത്ത് കൃഷി ചെയ്യുകയും വേണം. സാധാരണനിലകൃഷിക്കുപയുക്തമല്ലാത്ത വെള്ളക്കെട്ടുപ്രദേശം ഇവിടെ ധാരാളമുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ പൊക്കോളി, കൃഷി ചെയ്യാവുന്നാതാണ്.

പ്രകൃതിക്ഷോഭങ്ങളും പലപ്പോഴും കൃഷിനാശം വിതയ്ക്കാറുണ്ട്. ഇത് കർഷകന്റെനിലനിൽപ്പിന് കാര്യമായി ബാധിക്കുന്നു. ഇതിന് ഒരു പ്രതിവിധി എന്നനിലയിൽ താഴെപറയുന്ന നിർദേശങ്ങളും പരിഗണിക്കാവുന്നതാണ്.

1. വിള ഇൻഷുറൻസ്

2. മലമടക്കുകളിൽ നിന്നും കുത്തിയൊലിക്കുന്ന ജലം അതാത്പ്രദേശങ്ങളിൽ തടഞ്ഞുനിർത്തി പിന്നീട് ഉപയോഗിക്കത്തക്കവിധത്തിൽ നിലനിർത്തുക

3. തോട്ടുനടകരം ബലപ്പെടുത്തുക.

4. തോടുകരം തൂർന്നുപോയിരിക്കുന്നത് അതത്പ്രദേശത്തെ ജനങ്ങളുടെ സഹകരണത്തോടെ ഒരുക്കി വൃത്തിയാക്കുകയും സുഗമമായ നീരൊഴുക്കിനുള്ളതടസ്സങ്ങളും നീക്കുകയും ചെയ്യുക.

ദുരിതാശ്വാസവിതരണം

കാണുന്നു. പ്രതിവർഷം 33,38,100 നാളികേരം ഉത്പാദിപ്പിക്കുന്നു. ഹെക്ടറിന് 6298 തേങ്ങകളും, തെങ്ങൊന്നിന് 31 തേങ്ങ എന്നതുമാണ് ഉത്പാദനക്ഷമത. താഴെ പറയുന്ന മാർഗ്ഗങ്ങളും സ്വീകരിച്ചാൽ ഉത്പാദനക്ഷമത ഇനിയും വർദ്ധിപ്പിക്കാവുന്നതാണ്.

1. ചികിത്സക്ക് വഴങ്ങാത്ത രോഗങ്ങളും ബാധിച്ച തെങ്ങ് വെട്ടിമാറ്റി പുതുതായി കൃഷി ചെയ്യുക.

2. ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

3. ശാസ്ത്രീയ പരിചരണം

4. അത്യുത്പാദന ശേഷിയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത വർദ്ധിപ്പിക്കുക.

5. കൃമി കീടങ്ങളുടെ ആക്രമണം ചെറുക്കുന്നതിന് യഥാകാലം നടപടി സ്വീകരിക്കുക.

ഭൂരിഭാഗം തെങ്ങുകളിലും മഞ്ഞളിപ്പും, വേരുചീയലും സർവ്വ സാധാരണമാണ്. ഈ രോഗത്തിന് ശരിയായ രീതിയിലുള്ള ഒരു പ്രതിവിധി ഇനിയും കാണേണ്ടിയിരിക്കുന്നു. പ്രതിവിധി കണ്ടു പിടിക്കുന്നതു വരെ നിലവിലുള്ള രോഗപ്രതിരോധമുറകരം തുടരേണ്ടതും,

വർഷം	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾ പൊട്ടൽ	ധനസഹായം ലഭിച്ചവർടെ എണ്ണം	വിതരണം ചെയ്ത തുക
1993-94	-	-	10 ഹെക്ടർ	-	21	16365.00
1994-95	-	-	17ഹെക്ടർ	-	63	13912.00
1995-96	10.12ഹെക്ടർ	-	-	-	10	20814.00

പട്ടിക പരിശോധിക്കുമ്പോരം വളർച്ചബാധ്യത പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട ഈ പഞ്ചായത്തിൽ കഴിഞ്ഞ മുന്ന് വർഷങ്ങളിൽ വരരംച്ച ഉണ്ടായിട്ടില്ലെന്നതും, ഇതേ കാലഘട്ടത്തിൽ 37 ഹെക്ടർ സ്ഥലത്ത് വെള്ളപ്പൊക്കവും കൊടുങ്കാറ്റും ഉണ്ടായിയെന്നും കാണുന്നു. ഇതു വിളയിൻഷുറൻസിലേക്ക് വിരൽ ചൂണ്ടുന്നു.

തെങ്ങ്

530 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിയുള്ളതായി

എല്ലാ തെങ്ങു കൃഷിക്കാരെയും രോഗപ്രതിരോധത്തിനുള്ള രീതികളെക്കുറിച്ച് ബോധവാന്മരാക്കേണ്ടതുമാണ്. ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രീയമായ പരിചരണം ആവശ്യമാണ്. രോഗങ്ങരം തിരിച്ചറിയുക,അനുയോജ്യമായ മരുന്ന് പ്രയോഗിക്കുക, ഇതിന്റെ മാത്രകരം ശരിയായിരിക്കുക, മണ്ണ് പരിശോധനക്ക് ശേഷം നിർദേശാനുസരണം മാത്രം വളപ്രയോഗം നടത്തുക, ഭൂമിയുടെ അമ്ലത്വം കുറക്കുന്നതിലേക്ക് കുമ്മായം ചേർക്കുക തുടങ്ങിയകാര്യങ്ങളിൽ വീഴ്ച വരുത്താതിരിക്കുക.ഇതിലേക്ക് കൃഷിഭവന്റെ കാലാകാലങ്ങളി

ലുള്ള നിർദേശവും സഹകരണവും ജനങ്ങൾക്ക് ബോധവൽക്കരണവും നൽകേണ്ടതാണ്.

കാലാവസ്ഥയിലുണ്ടാകുന്ന തീവ്രവ്യതിയാനങ്ങൾ കടുത്തമഴയും കടും വേനലും തെങ്ങ് കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. എറണാകുളംജില്ലയിൽ ഏറ്റവും കൂടുതൽ മഴ പെയ്യുന്ന പ്രദേശമാണ് കോതമംഗലം താലൂക്ക്. ഈ താലൂക്കിൽപ്പെട്ട കീരംപാറയിൽ വർഷപാത്രം കുറവല്ല. 4000 മീറ്റർ മഴ ഇവിടെ കിട്ടുന്നു. പാറകളുടെ സമുച്ചയമായ കീരംപാറയിൽ വേനൽക്കാലമേൽപ്പിക്കുന്ന കെടുതി ചെറുതല്ല. 24 ഡിഗ്രി സെൽഷ്യസ് മുതൽ 39 ഡിഗ്രി സെൽഷ്യസ് വരെ ചൂട് ഇവിടെ അനുഭവപ്പെടുന്നുണ്ട്. ജലസംരക്ഷണത്തിലൂടെയും, ജലസേചനത്തിലൂടെയും മാത്രമെ ഇത് പരിഹരിക്കാൻ കഴിയു.

ഈ പഞ്ചായത്തിലെ കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന രോഗങ്ങളെ നിയന്ത്രിക്കുന്നതിന് ഒരു അഗ്രിക്കൾച്ചറൽ സെപഷ്യൽ പ്രൊട്ടക്ഷൻ ഗ്രൂപ്പ്നെ പരിശീലിപ്പിക്കേണ്ടതാണ്. ഇതു വാർഡുതലത്തിലാകാം. തെങ്ങുകയറുന്നതിനും, മരുന്നു തളിക്കുന്നതിനും, ഉപകരണങ്ങൾ പ്രവർത്തിക്കുന്നതിനും ഈ പരിശീലനം സിദ്ധിച്ച യുവാക്കളെ പ്രയോജനപ്പെടുത്താം. ഇവരുടെ സേവന വേതനവ്യവസ്ഥകൾ പഞ്ചായത്തുതലത്തിൽ ക്രമീകരിക്കാവുന്നതാണ്. ഇതിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കണം. റിപ്പയറിംഗ് സംവിധാനാവും, കാലക്രമത്തിൽ വരുന്ന മാറ്റങ്ങളും ഇവർക്ക് യഥാസമയം എത്തിക്കണം.

പാരിസ്ഥിതി പ്രശ്നങ്ങളും വിഷ വ്യാപനങ്ങളും ഉണ്ടാവാതെ ഒരു കീടത്തെ മറ്റൊരു കീടം കൊണ്ട് നശിപ്പിക്കുന്ന സമ്പ്രദായം കീടനാശിനി ഉപയോഗിക്കുന്നതിനേക്കാൾ അഭികാമ്യമാണ്. ഇക്കാര്യത്തിലും അഗ്രിക്കൾച്ചർ ഗ്രൂപ്പിന്റെ (A.S.P.G) സേവനം പ്രയോജപ്പെടുത്താവുന്നതാണ്.

തെങ്ങിന്റെ ഇടവിളയായി കിഴങ്ങുവർഗ്ഗങ്ങളിൽപ്പെട്ട വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന കൊച്ചിക്കുവ, ചെറുകിഴങ്ങ്, കാച്ചിൽ, കൊന്തവാഴ, ചോരക്കാച്ചിൽ, ഇറച്ചിക്കാച്ചിൽ, ഇഞ്ചിക്കാച്ചിൽ എന്നിവയും കൂർക്ക, ചേമ്പ് വർഗ്ഗത്തിൽപ്പെട്ട കണ്ടചേമ്പ്, കറുത്ത ചേമ്പ്, വെളുത്ത ചേമ്പ് എന്നിവയും വ്യപകമായി കൃഷിചെയ്യാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്. 80ഹെക്ടർ സ്ഥലം ഇതുപോലെ ഇടവിളകൃഷിക്ക് ഉപയോഗപ്പെടുത്താം. തെഴിലവസരങ്ങളും, ഉത്പാദനങ്ങളും വർദ്ധിക്കുന്നതിന് പുറമെ മണ്ണിന്റെ ഗുണമേന്മ നിലനിർത്തുവാനും ഇതു കൊണ്ട് കഴിയുന്നു.

കമുക്

കാൽ നൂറ്റാണ്ട് മുമ്പ് വളരെ വ്യാപകമായി നല്ല ആദായം നൽകിയിരുന്ന ഒരു വൃക്ഷവിളയായിരുന്നു കമുക്. ഈ കൃഷിയെ ഉപജീവിച്ച് ഒരു നല്ല വ്യാപാരം തന്നെ പാലമറ്റം, പുന്നേക്കാട്, കീരംപാറ എന്നീ മേഖലകളിലുണ്ടായിരുന്നു. രോഗബാധമൂലം ഈ കൃഷി തീർത്തും നാമാവശേഷമായി. എങ്കിലും അടുത്ത നാളുകളായി ചെറിയ തൈകളും, കായ്ഫലം തന്ന് തന്നുതുടങ്ങിയതുമായ കമുകിൻ തോട്ടങ്ങൾ പ്രത്യക്ഷമായികൊണ്ടിരിക്കുകയാണ്. ഇതൊരു നാണ്യവിളയായതുകൊണ്ട് സംസ്കരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ വളരെ കൂടുതൽ തൊഴിൽ സാധ്യതകളുണ്ട്. ഫലം തീർന്നാലും ആവർത്തനകൃഷിക്കുള്ള പണം കമുകിൻ തടി തന്നെ പ്രദാനം ചെയ്യും. ഇന്നിയും ഇവിടെ ഉദ്ദേശം 40 ഹെക്ടറിൽ കമുക് കൃഷി വ്യാപിപ്പിക്കാവുന്നതാണ്. ഇങ്ങനെ വ്യാപിപ്പിക്കണമെങ്കിൽ അത്യുത്പാദനശേഷിയുള്ള, രോഗങ്ങളെ ചെറുത്തു നിൽക്കുന്ന ഏറ്റവും പുതിയ മോഹിത് നഗർ പോലുള്ള സങ്കരയിനം നാടൻ ഇനത്തിൽപ്പെട്ട കാസർകോടനും ലഭ്യക്കേണ്ടതാണ്. രോഗ കീടബാധകളെ അകറ്റാൻ A.S.P.Gയുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ഒരു ഹെക്ടർ സ്ഥലത്ത് 2200 കമുകിൻ തൈകൾ വയ്ക്കുകയും, പ്രതി വർഷം 100 അടക്ക ഉൾക്കൊള്ളുന്ന നാല് കുല കൾ ലഭിക്കുകയും ചെയ്യും എന്ന് കണക്കാക്കിയാൽ നാല് ലക്ഷത്തിനാൽപ്പതിനായിരം അടക്ക ലഭിക്കുന്നു. അതായത് 4000 വീതം വരുന്ന 110 ചാക്കുകൾ. ഈ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഒരു ഹെക്ടറിൽ നിന്നും ഒരു ലക്ഷം രൂപയുടെ വരുമാനമുണ്ടാക്കുവുന്നതാണ്. ഇതിന്റെ പരിമിതി തെങ്ങ് കൃഷിയുടേത് തന്നെ. എങ്കിലും തെങ്ങിനേക്കാൾ സാധ്യതയും സാമ്പത്തിക നേട്ടവും കൈവരിക്കാൻ കഴിയും.

കുരുമുളക്

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏതാണ്ട് അഞ്ച് ഇനത്തിൽപ്പെട്ട കുരുമുളക് 30 തോളം ഹെക്ടർസ്ഥലത്ത് കൃഷി ചെയ്തുവരുന്നു. വർഷങ്ങൾക്കുമുമ്പ് ഇവിടെ നിന്നും കൊച്ചിയിലേക്ക് ധാരാളം കുരുമുളക് വില്പനക്കായി പോയിരുന്നു. രോഗങ്ങളും കാലാവസ്ഥ വ്യതിയാനങ്ങളും തുടരെ തുടരെ അനുഭവപ്പെട്ടതുകൊണ്ട് വ്യാപകമായി ഇവിടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ആവർത്തന കൃഷിക്കും, പുതുകൃഷിക്കും ഇന്നിയും സാധ്യതകളുണ്ട്. ഇവിടെ ധാരാളം തെങ്ങുകളും, കമുകുകളും ഉള്ളതിനാൽ ഇവ താങ്ങായി ഉപയോഗിച്ച് കുരുമുളക് പെടി കൃഷിചെയ്യാവുന്നതാണ്. ദ്രുതവാട്ടം, സാവധാന വാട്ടം എന്നിവയാണ് സാധാരണ കണ്ട് വരുന്ന രോഗങ്ങൾ. പൊള്ള് വണ്ടിന്റെ ഉപദ്രവമാണ് പ്രധാന കീടബാധ.

ശാസ്ത്രീയപരിചരണം, നല്ലയിനം നടീൽ വസ്തുക്കളുടെ ലഭ്യത എന്നിവ ഉറപ്പാക്കണം.

കൊക്കോ

വിവിധ ഭാഗങ്ങളിലായി 80 ഹെക്ടർ സ്ഥലത്ത് കൊക്കോ ഇടവിളയായി കൃഷി ചെയ്തുവരുന്നു. ഒരിക്കൽ ഈ പഞ്ചായത്തിൽ വ്യാപകമായി കൊക്കോ കൃഷി സംരംഭം ഉണ്ടായിരുന്നു. എന്നാൽ വിപണനസൗധ്യതയും, വിലയും കുറഞ്ഞപ്പോഴം മിക്ക കർഷകരും അത് വെട്ടി നശിപ്പിക്കുകയുണ്ടായി. അടുത്ത കാലത്തായി വിലയും, വിപണനസൗകര്യങ്ങളും കൂടി വന്നതിനാൽ കൃഷി വൻതോതിൽ വ്യാപിച്ചു തുടങ്ങിയിട്ടുണ്ട്. മിക്ക കർഷക കുടുംബങ്ങളിലും ആഴ്ചതോറുമുള്ള കൊക്കോക്കായ് വില്പന ഒരു നിത്യ വരുമാനമായിരിക്കുകയാണ്. അത്യുത്പാദന ശേഷിയുള്ള ബഡ്ഡഡ് കൊക്കോ തൈകളം ഇപ്പോഴം ലഭ്യമാണ്. സംസ്കാര സൗകര്യം ലഭിമായൽ നല്ല വ്യവസായ സാധ്യതയുള്ള ഒരു കൃഷിയാണിത്. കുറഞ്ഞ മുലധനത്തിൽ കൃഷിചെയ്യാവുന്നതുകൊണ്ട് കൊക്കോ വൻ തോതിൽ പഞ്ചായത്തിൽ വ്യാപിപ്പിക്കാൻ കഴിയും.

വാഴ

വിവിധ തരം വാഴകളം വീട്ടുപരിസരത്ത് കൃഷി ചെയ്യുന്നത് മലയാളികളുടെ ഒരു ആചാരമാണ്. എന്നാൽ പഞ്ചായത്തിൽ വ്യാപകമായി കൃഷിചെയ്തുവരുന്നത് നേന്ത്ര വാഴക്കുലയാണ്. നമ്മുടെ നാട്ടിൽ പ്രതിവർഷം ശരാശരി 60 ഹെക്ടർ സ്ഥലത്ത് ഈ കൃഷി നടത്തി വരുന്നുണ്ട്. സീസൺ നോക്കതെ കൃഷി നടത്താവുന്ന ഒന്നാണിത്. ജലസേചന സൗകര്യം വിളവു വർദ്ധിപ്പിക്കാനുതകും. ഇടവിളയായി പയർ കൃഷി ചെയ്യാവുന്നതാണ്. വാഴയുടെ എല്ലാ ഭാഗങ്ങളും പ്രാധാന്യമർഹിക്കുന്നു. ഏത്തക്കായ് പച്ചക്കറിയായും പഴമായും ഉപയോഗിക്കുന്നതിനുപുറമെ ചിപ്സും നിർമ്മിക്കുന്നു. ചിപ്സ് നിർമ്മാണം കുടിൽ വ്യവസായമായി പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്. വ്യവസായ വകുപ്പിന്റെയും കരകൗശലവകുപ്പിന്റെയും സഹകരണത്തോടെ പാഴാക്കിക്കളയുന്ന വാഴനാരുകളം സംസ്കരിച്ച് നാരായും കരകൗശല വസ്തുക്കളായും, രൂപപ്പെടുത്താവുന്നതാണ്. കൃഷി അനുബന്ധവ്യവസായമായി ഇതിനെ വളർത്തിയെടുക്കാവുന്ന സാധ്യത ഈ പഞ്ചായത്തിലുണ്ട്. ഇത് പ്രയോജനപ്പെടുത്തേണ്ടതാണ്.

പച്ചക്കറി കൃഷി

വിവിധ മേഖലകളിലായി കാലാ കാലങ്ങളിൽ നേരിയ തോതിൽ പച്ചക്കറി കൃഷി ഇവിടെ നടത്തിവന്നിരുന്നു. 3048 ഓളം കുടുംബങ്ങളുള്ള ഇവിടെ ഓരോ വീടിന് ചുറ്റുവട്ടത്തിൽ ആ കുടുംബത്തിലേക്ക് ആവശ്യമായ പച്ചക്കറിയുടെ ഏറിയ പങ്കും ഉത്പാദിപ്പിക്കാനുള്ള സാധ്യതയുണ്ട്. ഇപ്പോഴം പ്രധാനമായും ഇവിടെ നടത്തിവരുന്നത് പാവൽ കൃഷിയാണ്. പയറും നേരിയ തോതിൽ കൃഷി ചെയ്തുവരുന്നുണ്ട്. വീടൊന്നുക്ക് മാസത്തിൽ ഒരു കിലോ പച്ചക്കറി എന്ന തോതിൽ ഉത്പാദിപ്പിക്കാൻ കഴിഞ്ഞാൽ ഒരു വർഷത്തിൽ 34200 കിലോ പച്ചക്കറി അടുക്കളത്തോട്ടത്തിൽ നിന്നും ഉത്പാദിപ്പിക്കാൻ കഴിയും പഞ്ചായത്തിൽ നടത്തിയ പഠനത്തിൽ ഉദ്ദേശം 22 ഹെക്ടർ സ്ഥലത്ത് പച്ചക്കറി നടന്നു വരുന്നതായി കാണുന്നു. വളരെ ശാസ്രീയമായിയൊന്നുമല്ല ഈ കൃഷി ഇപ്പോഴം നടന്നുവരുന്നത്. എന്നിട്ടും വളരെ മേശമല്ലാത്ത ഉത്പ്പാദനം ഇവിടെ ലഭിക്കുന്നുണ്ട്. ജലദൗർലഭ്യം കൊണ്ട് വിരിപ്പുകൃഷിക്ക് ശേഷം മുണ്ടകൻ കൃഷിയിറക്കാൻ സാധ്യമല്ലാത്ത നെൽപ്പാടങ്ങളിൽ പച്ചക്കറികൃഷി വ്യാപിപ്പിച്ചാൽ 50 ഹെക്ടർ സ്ഥലത്തുകൂടി കൂടുതലായി പച്ചക്കറി കൃഷി നടത്തുവാൻ കഴിയും കൂടാതെ പെരിയാർ വാലിയുടെ കാച്ച്മെന്റ് ഏരിയായിൽ വെള്ളം കയറാത്ത പ്രദേശങ്ങളം പഞ്ചായത്തിനു ലഭ്യമാക്കി പച്ചക്കറി കൃഷി ഊർജ്ജിതപ്പെടുത്താവുന്നതാണ്. മേൽപ്പറഞ്ഞ സ്ഥലത്തുകൂടി കൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞാൽ പച്ചക്കറിയിൽ നമുക്ക് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയും.

ഉത്പ്പന്നങ്ങളം ഇടനിലക്കാർ കൂടാതെ വിപണനം ചെയ്യുന്നതിന്, പച്ചക്കറിയുൽപ്പാദകരുടെ ഒരു സഹകരണവിപ്ണന യൂണിറ്റ് പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്നതാകയാൽ കർഷകന് ന്യായമായ വിലയും ഉപഭോക്താവിന് കുറഞ്ഞ വിലക്ക് സാധനങ്ങളും ലഭിക്കുവാനിടവരും. ഈ നിർദ്ദേശം ഗൗരവപൂർവ്വം പരിഗണിക്കേണ്ടതുണ്ട്.

ഉത്പാദന വർദ്ധനവിന് താഴെ പറയുന്ന നിർദ്ദേശങ്ങളം പരിഗണിക്കേണ്ടതാണ്.

1. അത്യുത്പാദനശേഷിയുള്ള നല്ലയിനം നടീൽ വസ്തുക്കളം സൗജന്യനിരക്കിൽ ലഭ്യമാക്കുക.
2. ജൈവവളം, കീടനാശിനി എന്നിവയുടെ ലഭ്യത ഉറപ്പു വരുത്തുക.
3. ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.
4. ഹാൻഡ് പമ്പുകളം പ്രചരിപ്പിക്കുക.
5. ഏതാനും ഇനം പച്ചക്കറിവിത്തടങ്ങിയ ഒരു കിറ്റ് പഞ്ചായത്തിലെ എല്ലാ വീടുകളിലും എത്തിക്കുകയും അത് വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന് ജനപ്രതിനിധികളും A.S.P.G യും അടങ്ങുന്ന സമിതി നിരിക്ഷണം നടത്തുക.
6. എല്ലാ വീടുകളിലും ഒരു അടുക്കള തോട്ടം എന്നത് നമ്മുടെ നാട്ടിൽ പ്രവാർത്തികമാക്കുക എറ്റവും നല്ല അടുക്കളത്തോട്ടം ഉണ്ടാക്കുന്നവർക്ക് പ്രോത്സാഹന സമ്മാനങ്ങളം നൽകുക

മരച്ചീനി

പഞ്ചായത്തിന്റെ വിവിധ മേഖലകളിലായി 25 ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷി ചെയ്തു വരുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും വില്പനക്കാണ് ഉപയോഗപ്പെടുത്തുന്നത്. അത്യുത്പാദനശേഷിയുള്ള M4, സഹ്യൻ, സുന്ദരി എന്നീ ഇനങ്ങളം കൃഷി ചെയ്താൽ ഉല്പാദനം ഇനിയും വർദ്ധിപ്പിക്കാൻ കഴിയും. ഗ്രാമത്തിന്റെ സ്വന്തം ഉപയോഗത്തിന് ആമ്പക്കാടൻ, സിലോൺ എന്നീ വിത്തിനങ്ങളം ഉപയോഗിക്കുന്നതാവും നന്ന്. ശരാശരി 8 കിലോ കപ്പ ഒരു മൂടിൽ നിന്നും ഉത്പാദിപ്പിക്കാൻ കഴിയുന്നുണ്ട്. ആധുനിക കൃഷി രീതിയിലൂടെ വിളവ് വർദ്ധിപ്പിക്കാവുന്നതാണ്.

സുഗന്ധവിളകം

നീർവാർച്ചയുള്ള പ്രദേശങ്ങളിൽ ലാഭകരമായി കൃഷി ചെയ്യാവുന്ന സുഗന്ധവിളകളാണ് ഇഞ്ചി, മഞ്ഞളം, കച്ചോലം, എന്നിവ എങ്കിലും ഇതിന്റെ കൃഷിക്ക് നഷ്ട സാധ്യത കൂടുതലാണ്. ഫംഗസ്, മഹാളി, കൃമി കീടങ്ങളുടെ ഉപദ്രവം എന്നിവ വളരെ രൂക്ഷമാണ്. പലരോഗങ്ങളും കീടനാശിനി മൂലമോ, കുമിളം നാശിനി മൂലമോ നശിപ്പിക്കാൻ കഴിയാത്തവയാണ്. ഉത്പാദന ചിലവും വളരെ കൂടുകലാണ്.സ്പൈസ്സ് ബോർഡിന്റേയും, കൃഷിഭവന്റേയും, സഹകരണവും, സഹായങ്ങളും ഇക്കാര്യത്തിൽ കൂടിയെ കഴിയു. വിള ഇൻഷുറൻസ് കൃഷിക്കാർക്ക് വളരെ വേഗത്തിൽ ഏർപ്പെടുത്തേണ്ടതാണ്. മിക്കവാറും ഇത്തരം കൃഷികം അന്യരുടെ ഭൂമിയിൽ പാട്ടവ്യവസ്ഥയിൽ എടുത്ത് ചെയ്യുകയാണ് പതിവ്. സുഗന്ധവിളകൃഷി സ്ഥിരമാക്കിയിരിക്കുന്ന 100 ഓളം കുടുംബങ്ങളം ഇവിടെയുണ്ട്. ഇവർ അന്യനാടുകളിൽ പോയി കൃഷി ചെയ്തു വരുന്നു. എന്നാൽ ഇത്തരം ആളുകളെ ലാനേഷ്ടങ്ങം നിലം പരിശാക്കാറില്ല. എന്നാൽ കടം വാങ്ങി കൃഷി ചെയ്യുന്ന ഇടത്തരം കർഷകരെയാണ് കൃഷിനാശം പലപ്പോഴും പ്രതികൂലമായി ബാധിക്കാറുള്ളത്.

നിർദ്ദേശങ്ങം

1. കൃഷി സ്ഥലവും, വിത്തും, വിശദപരിശോധനയിലൂടെ തെരഞ്ഞെടുക്കാൻ കർഷകരെ പ്രാപ്തരാക്കുക.
2. വിള ഇൻഷുറൻസ് ഏർപ്പെടുത്തുക.
3. കീടനാശിനി, കുമിളം നാശിനി എന്നിവയുടെ പ്രയോഗം കൃഷി വിദഗ്ദരുടെ നിർദ്ദേശാനുസരണം ആക്കാൻ പ്രോത്സാഹനം കൊടുക്കുക.
4. പഞ്ചായത്ത് തലത്തിൽ കൃഷിഭവനുമായി ബന്ധിച്ച് ഒരു ജനകീയ സമതി രൂപികരിക്കുക
5. റെഗുലേറ്റഡ് മാർക്കറ്റിംഗ് സംവിധാനം ഉണ്ടാക്കണം.

പൈനാപ്പിളം കൃഷി

അടുത്ത കാലത്തായി പഞ്ചായത്തിൽ വളരെ വ്യാപകമായിത്തീർന്ന ആദായകരമായ ഒരു കൃഷിയായി പൈനാപ്പിളം കൃഷി വളർന്നിരിക്കുന്നു. ഈ കൃഷിയിലേക്ക് ധാരാളം കൃഷിക്കാർ പങ്കു ചേർന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോളം വിപണന സാധ്യതയും നമ്മുടെ നാട്ടിൽ വർദ്ധിച്ചിരിക്കുന്നു. നെൽകൃഷിയെക്കാളം പൈനാപ്പിളം കൃഷി ലാഭകരമായതിനാൽ നമ്മുടെ പടശേഖരങ്ങളം പലതും പൈനാപ്പിളിന് വഴി മാറികൊടുത്തിരിക്കുന്നു. ഇത് നെല്ലുൽപ്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ഒരു ഹെക്ടറിൽ 15000 ത്തോളം മൂട് കാനി കൃഷി ചെയ്യപ്പെടുന്നു. ശരാശരി ഒന്നര കിലോ നിരക്കിൽ മൂടൊന്നിന് ഉത്പ്പാദന ക്ഷമത കണക്കാക്കാവുന്നതാണ്. പാടശേഖരങ്ങളിൽ കുറവു വരുത്താതെ റബർ, തെങ്ങ് എന്നിവയിൽ ഇടവിളകൃഷിയായി ഇത് വർദ്ധിപ്പിക്കാവുന്നതാണ്.

റബർ

പെരിയാറിന്റെ തീരപ്രദേശം 1901 മുതൽ റബർ കൈയ്യടക്കിയിരിക്കുകയാണ്. മലമ്പ്രദേശങ്ങളിലും, ചരിവു പ്രദേശങ്ങളിലും സമതലങ്ങളിലും റബർ കൃഷി വ്യാപിച്ചിരിക്കുന്നു. ഒരു നൂറ്റാണ്ടു മുമ്പ് റബർ കൃഷി രംഗത്ത് പ്രവേശിച്ച പെരിയാർ എസ്റ്റേറ്റ് പഞ്ചായത്തിൽ നേരത്തെ മുതൽ റബർ കൃഷി ആരംഭിക്കാൻ ഉത്തേജനം നൽകി. ഇവിടങ്ങളിൽ മിക്കവാറും അത്യുത്പാദനശേഷിയുള്ള ഇനങ്ങളാണ് കൃഷി ചെയ്തു വരുന്നത്. 15 മരത്തിന് ഒരു കിലോ റബ്ബർ എന്ന നിരക്കിൽ ഉത്പാദനം ലഭിക്കുന്നുണ്ട്. ലാറ്റക്സ് വ്യവസായത്തിന് പഞ്ചായത്തിൽ സാധ്യത ഏറെയുണ്ട്.

പട്ടമരപ്പ്, കുമിളം രോഗം, എന്നിവയാണ് പ്രധാന രോഗങ്ങളം, കാറ്റ് എല്ലാ വർഷവും ധാരാളം റബർമരങ്ങളെ പിഴുതെറിയുന്നുണ്ട്. റെയിൻ ഗാഡിംഗ് സംമ്പ്രദായം പരക്കെയുണ്ടെങ്കിലും ആയതിനുള്ള പശ തുടങ്ങിയ സാധനങ്ങളം യഥാസമയങ്ങളിൽ ലഭ്യമല്ല.

കാപ്പി

കാപ്പിനേരത്തെ മുതൽ ഇവിടെ പ്രചാരത്തിലുള്ള കൃഷിയാണ്. നാടൻ കാപ്പികളാണ് പ്രചാരത്തിലുള്ളത്. എന്നതിനാൽ വിളവും മോശമാണ്. ഉത്പാദനക്ഷമത കുറഞ്ഞവ വെട്ടി മാറ്റി അത്യുത്പാദനശേഷിയുള്ളവ കൃഷി ചെയ്താൽ കാപ്പിയുടെ ഉത്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയും.

മുകളിൽ പറഞ്ഞവ കൂടാതെ കശുമാവ് കൃഷിക്ക് ഈ പഞ്ചായത്തിന്റെ വിവിധ കുന്നിൻ മേഖലകളിൽ പ്രാധാന്യം നൽകാവുന്നതാണ്. മലമ്പ്രദേശങ്ങളിൽ കശുമാവ് കൃഷിക്ക് ഉപയുക്തമായ ധാരാളം സ്ഥല ങ്ങളം കണ്ടെത്താവുന്നതാണ്. നല്ലയിനം പതിവച്ച തൈകളം കൃഷി ഭവൻ മുഖേന വിതരണം ചെയ്യേണ്ടതാണ്.

പോഷകസമ്പുഷ്ടമായ ചക്ക ഇന്നാട്ടിൽ വളരെ ഉത്പ്പാദിപ്പിക്കപ്പെടുന്നുണ്ടെങ്കിലും വേണ്ടത്ര സംസ്കരിക്കപ്പെടുന്നില്ല. ചക്ക ഒരളവുവരെ ഓരോ സീസണിലും വൃഥാ നഷ്ടപ്പെട്ടു പോകുന്നുണ്ട്. ഇങ്ങനെയുള്ള നഷ്ടം ഒഴുവാക്കുന്നതിലേക്കായി ചക്കപ്പഴത്തിൽ നിന്നും ജൂസ്, അലുവ, ചിപ്സ് തുടങ്ങിയ ആഹാരപദാർത്ഥ ങ്ങളം ഉണ്ടാക്കാവുന്നതാണ്. ഇതിലേക്കായി ഒരു സീസണൽ കുടിൽ വ്യവസായം ആരംഭിക്കുവാൻ യുവതി യുവാക്കൾക്ക് പഞ്ചായത്തു തലത്തിൽ പ്രോത്സാഹനം നൽകേണ്ടതാണ്.

കാർഷീക ബന്ധങ്ങളം

ഇന്നലെകളിൽ പഞ്ചായത്തിന്റെ ചുരുക്കം ചില ഭാഗങ്ങളിൽ ഭൂ ഉടമ-കുടിയാൻ ബന്ധങ്ങളിൽ ഉണ്ടായിരുന്ന ചില അസ്വാരസ്യങ്ങളം കാലപ്പകർച്ചയിൽ പൂർണ്ണമായും തീർന്നിട്ടില്ലെങ്കിലും കാർഷീക ബന്ധങ്ങളം വർഗ്ഗപരമായ കാഴ്ചപ്പാടിൽ സാമാന്യം മെച്ചമാണ്. തൊഴിലാളിയെ സർവ്വപ്രകാരേണ മാന്യനെന്ന് കരുതുന്നില്ലെങ്കിലും അവന്റ അസ്ഥിത്വം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ആശാസ്യമായ മാറ്റം പ്രകടമാണ്.

സേവന വേതന വ്യവസ്ഥയിൽ ഒരു ഉഭയ പങ്കാളിത്തം വന്നിട്ടുണ്ട്. സേവനത്തെ സംബന്ധിച്ചിടത്തോളം ഒരു അർപ്പണ മനോഭാവം തൊഴിലാളി മുഴുവനായി കൈവരിക്കാത്തത് സാമ്പത്തിക സാമൂഹ്യബന്ധത്തിന്റെ പോരായ്മകളം കാരണമാകണം. സർക്കാർ പട്ടികയിൽപ്പെടുത്തിയിട്ടുള്ള മിക്ക തൊഴിലുകൾക്കും കുറഞ്ഞ കൂലിയിൽ കൂടുതൽ തൊഴിലാളികളെ ഇപ്പോൾ ലഭിക്കുന്നുണ്ട്. പഞ്ചായത്ത് പ്രധാനമായും കാർഷീക മേഖലയാണെങ്കിലും പൊതു ഉടമയിലൊ, അർദ്ധസർക്കാർ ഉടമയിലൊ, കൂട്ടുകൃഷി സംവിധാനത്തിലൊ ഉള്ള സംരഭങ്ങളൊന്നും തന്നെ ഇവിടെയില്ല. എന്നാൽ കൃഷിയുടെ എല്ലാവശങ്ങളും അവഗാഹപൂർവ്വം മനസ്സിലാക്കുകയും, പ്രാവർത്തികമാക്കുകയും ചെയ്യുന്ന ഒട്ടധികം കർഷകർ ഇവിടെയുണ്ട്. പ്രശ്ന പരിഹാരം ഈ റിപ്പോർട്ടിൽ അതാത് ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിന്റെ വികസന സംരഭങ്ങം അതിന്റെ പ്രകൃതി വിഭവങ്ങളെ ആസ്പദമാക്കിയിട്ടുള്ള കൃഷിയും വ്യവസായവും ആയിരിക്കേണ്ടതാണ്. ആയതിലേക്ക് താഴെ പറയുന്ന നിർദ്ദേശങ്ങം പരിഗണിക്കാവുന്നതാണ്.

നിർദ്ദേശങ്ങം

മണ്ണ് പരിശോധന കൃഷിഭവൻ മുഖേന നടത്തുക. രാസവള സബ്സിഡി വർദ്ധിപ്പിക്കാൻ ശുപാർശ ചെയ്യുക.

കീടനാശിനി സബ്സിഡി വർദ്ധിപ്പിക്കുക.ജൈവകീടനാശിനി കൃഷിഭവൻ മുഖേന ലഭ്യമാക്കുക.

അത്യുത്പാദനശേഷിയുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും, നടീൽ യന്ത്രം, കൊയ്ത്ത്, മെതിയന്ത്രം, സ്പ്രെയറുകം, എന്നിവ കൃഷിഭവൻ മുഖേന സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.

മേൽ വിവരിച്ച സംവിധാനങ്ങം ഇപ്പോം നിലവിലുള്ളതാണ്. ഇതിന്റെ മോണിറ്ററിംഗ് പഞ്ചായത്തിലെ കർഷകപ്രതിനിധികളടങ്ങുന്ന സജീവ സമിതിയെ ഏൽപ്പിക്കുക.

കേടായ തെങ്ങ് വെട്ടി മാറ്റാനും, പകരം അത്യുത്പാദന ശേഷിയുള്ള തൈകം വയ്ക്കാനും സഹായം നൽകണം.

തെങ്ങ്, കമുക്, റബർ, പച്ചക്കറി എന്നിവയ്ക്ക് കീടനാശിനി കുമിം നാശിനി എന്നിവ തളിക്കുന്നതിനും മറ്റും അഗ്രികം‌ച്ചറൽ സ്പെഷ്യൽ പ്രൊട്ടക്ഷൻ ഗ്രൂപ്പിനെ കൃഷിയോടാഭിമുഖ്യമുള്ള യുവതീ യുവാക്കളിൽ നിന്നും തെരഞ്ഞെടുത്ത് കൃഷി ഭവന്റെ സഹായത്തോടെ പരിശീലിപ്പിച്ച് നിയോഗിക്കുക.

വെളിച്ചെണ്ണയുടെ ഇറക്കുമതി നിയന്ത്രിക്കുക. റബർ ഇറക്കുമതി നിയന്ത്രിക്കാൻ ശുപാർശ ചെയ്യുക. റബറിന് കീടനാശിനി, തുരിശ്, സേപ്രയർ എന്നിവ സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക. എല്ലാ കാർഷീക വിളകൾക്കും വിളഇൻഷുറൻസ് ഏർപ്പെടുത്തുക.

കൊക്കോ സംഭരണ യൂണിറ്റ് സ്ഥാപിക്കാൻ പ്രോത്സാഹനം നൽകുക.

ഊഞ്ഞാപ്പാറ കനാലിന്റെ ഇടതു വശത്തുറോഡ് അര കിലോ മീറ്ററും, പുളിക്കപ്പാറ മുതൽ പാച്ചിറ വരെയുള്ള കനാൽ റോഡും മെറ്റൽ ചെയ്ത് ടാർ ചെയ്യുക. ഇത് ഫാം റോഡുകളിൽ പെടുത്താവുന്നതാണ്.

വെളിയേൽചാൽ മുട്ടത്തുകണ്ടം പാടശേഖരത്തേക്ക് ട്രാക്ടർ ഇറക്കുന്നതിനു സൗകര്യമില്ലാത്ത മേഖലയിൽ സൗകര്യപ്രദമായ സ്ഥലത്ത് വഴിയുണ്ടാക്കുക.

മുട്ടത്തുകണ്ടം റോഡിൽ നിന്നും തെക്കോട്ടുള്ള റോ

ഡിൽ (മുട്ടത്തു കണ്ടം പാടശേഖരത്തിന്റെ വടക്ക് ഭാഗത്തുള്ള പാടശേഖരം)നിന്നും പാടത്തേക്ക് ഇറങ്ങുന്ന ഭാഗത്ത് നടകെട്ടി കലുങ്ക് നിർമ്മിക്കുക.

നാടുകാണി പെരുമണ്ണൂർ ഭാഗത്ത് അമ്പലത്തിനടുത്തുള്ള തോട്ടിൽ പാലം പണിത് ട്രാക്ടർ ഇറക്കുന്നതിനും, കാർഷിക ഉൽപ്പന്നങ്ങം കൊണ്ടുപോകുന്നതിനും സൗകര്യമുണ്ടാക്കുക.

vii-ാം വാർഡിൽ പുറമ്പോക്ക് തോടുകം കയ്യേറിയിട്ടുള്ളത് കൊണ്ട് തോടിന് വീതി കുറഞ്ഞിരിക്കുന്നു. ഇതുകൊണ്ട് തോട്ടിൽ വെള്ളം പൊട്ടന്ന് ഉയർന്നു കൃഷി നാശം സംഭവിക്കുന്നതിന് ഇടയാകുന്നു. ആയതിനാൽ കൈയ്യേറ്റം ഒഴുവാക്കി തോട് വീതികൂട്ടുകയും, അതിന്റെ പാർശ്വഭിത്തികം കെട്ടി സംരക്ഷിക്കുകയും ചെയ്യുക.

v-ാം വാർഡിലെ 611 മുടി, മുട്ടത്തുകണ്ടം മലഞ്ചെരുവ്, മുട്ടത്തുകണ്ടം മലമുകം, പുന്നേക്കാട് മലയുടെ ചരിവ്, പാറാട് മുടിയുടെ ചരിവ് പ്രദേശം,വട്ടമുടി പ്രദേശം, നാടുകാണി മലമുകളും, മലയുടെ ചരിവു പ്രദേശങ്ങളും, കളമ്പാടൻ കുന്ന്, പൊട്ടൻ മുടി പ്രദേശവും viii-ാം വാർഡിലെ മറ്റ് മലഞ്ചെരുവു പ്രദേശങ്ങളും, ചീക്കോട്, തെക്കേചാൽ പ്രദേശം എന്നിവിടങ്ങളിൽ ഗ്രാമീണ കാർഷീക വികസന ബാങ്കിന്റെയും മണ്ണ് ജല സംരക്ഷണ വകുപ്പിന്റെയും, കൃഷി ഭവന്റെയും സഹകരണത്തോടും, സാമ്പത്തിക സഹായത്തോടും കൂടി മണ്ണൊലിപ്പ് നിവാരണത്തിന് പദ്ധതികം ഉടനെ നടപ്പിലാക്കുക.

നീർചാൽ സംരക്ഷണം (തോടു നടയുംപ്പെടെ)

K.LD.C.(കേരള ലാന്റ് ഡവലപ്മെന്റ് കോർപറേഷൻ) മുഖേനയോ, സോയിൽ കൺസർവേഷൻ മുഖേനയോ, ലാന്റ് സ്റ്റൈഡ് പ്രോഗ്രാമിൽപ്പെടുത്തിയോ താഴെ പറയുന്ന പ്രവർത്തികം അടിയന്തിരമായി ചെയ്യുക.

1. പറാട് തോടു മുതൽ കാരിക്കാക്കുഴിതോട് വരെ തോട്ട് നട കെട്ടി സംരക്ഷിക്കുക

2. മുട്ടത്തു കണ്ടം, പുന്നേക്കാട് പാടശേഖരങ്ങളുടെ തോട്ട് നടകം കെട്ടി സംരക്ഷിച്ചു നിത്യേനയുള്ള ബണ്ട് പൊട്ടിയുള്ള കൃഷി നാശത്തിന് പരിഹാരം കാണുക.

3. നിർമ്മൽ ഗ്രാം പ്രാസ്ചരൈസേഷൻ പ്ലാന്റിന്റെ ഇരുവശത്തു കൂടി യൊഴുകുന്ന തോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുക

4. നാടുകാണി പാടശേഖര സമിതിയുടെ പരിധിയിൽ വരുന്ന തോട്ട് നടകളുടെ പാർശ്വഭിത്തികം കെട്ടുക.

5. viii-ാം വാർഡിലെ മുഴുവൻ പാടശേഖരങ്ങളുടെയും തോട്ടു നടകം കെട്ടുക.

6. വലിയ കണ്ടം ചാൽ പാടശേഖരത്തിന്റെ പാർശ്വഭിത്തികം കെട്ടുക.

iv-ാം വാർഡിൽ പച്ചക്കറി കൃഷിക്ക് പറ്റിയ ധാരാളം സ്ഥലങ്ങളുണ്ട്. ഇതു കൂടാതെ പെരിയാർ വാലിയുടെ കാച്ച്മെന്റ് ഏരിയായിൽ കുറച്ചു ഭാഗങ്ങളും പച്ചക്കറി കൃഷിക്കുപയുക്തമാക്കാവുന്നതാണ്. ടി. സ്ഥലങ്ങം പഞ്ചായത്തിൽ ലഭ്യമാക്കി താൽപര്യമുള്ളവർക്ക് പച്ചക്കറി കൃഷിക്ക് വിതരണം നടത്തുക. കൃഷി നടത്തുന്നതിനുള്ള പ്രോത്സാഹനവും, സൗകര്യങ്ങളും നൽകുക. കൃഷിക്കാവശ്യമായ സംഭരണവും, വിതരണവും, നടത്തുന്നതിന് വേണ്ട സൗകര്യം ചെയ്യുക. ഇതിലേക്കായി സഹകരണാടിസ്ഥാനത്തിൽ ഒരു സംഭരണ, വിതരണ യൂണിറ്റ് ആരംഭിക്കുക.

വെളിയേൽചാൽ, പാലമറ്റം തുടങ്ങിയുള്ള മേഖലകളിലെ പെരിയാർ വാലിയുടെ കാച്ച്മെന്റ് ഏരിയായിലെ വെള്ളം കയറാത്ത സ്ഥലങ്ങം പച്ചക്കറി കൃഷിക്കും, മറ്റു കൃഷിക്കും ലഭ്യമാക്കുക.

ചീക്കോട് മേഖലയിൽ പെരിയാർ വാലിയുടെ കാച്ച്മെന്റ് ഏരിയായിലെ വെള്ളം കയറാത്ത സ്ഥലങ്ങം vi-വാർഡിലെ കർഷകർക്കും കർഷകതൊഴിലാളികംക്കും ചെറിയ തുണ്ടുകളായി തിരിച്ച് താരിപ്പ് വില നിശ്ചയിച്ച് കൊടുത്ത് കൃഷിയിറക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

കൃഷിക്കാരുടെയിടയിൽ കമ്പോസ്റ്റ് വളം, ജൈവ വളം, ജൈവകീടനാശിനി എന്നിവയുടെ ഗുണമേന്മയെക്കുറിച്ച് ബോധവത്ക്കരണം നടത്താൻ പദ്ധതി തയ്യാറാക്കുക.

സൗകര്യമുള്ള എല്ലാ വീടുകളിലും കമ്പോസ്റ്റ് കുഴികം നിർമ്മിക്കുവാൻ ജനകീയാടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കുക.

എല്ലാ വീടുകളിലും അടുക്കള തോട്ടം എന്ന പദ്ധതി പഞ്ചായത്തിലെ മുഴുവൻ വീടുകളിലും നടപ്പിൽ വരുത്തുക. ആയതിലേക്കായി എല്ലാ വീടുകളിലും പച്ചക്കറിവിത്തുകം അടങ്ങിയ കിറ്റുകളും, സൗജന്യനിരക്കിൽ വളങ്ങളും എത്തിക്കാൻ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക. ഇതിനു വേണ്ട ബോധവത്കരണം നടത്തുകയും, വാർഡു തോറും സേവന സന്നദ്ധരായ ആളുകളെ ഉംപ്പെടുത്തി ജനകീയ സമിതികം രൂപവത്കരിക്കുകയും ചെയ്യുക. കൃഷിയുപകരണങ്ങം നന്നാക്കുന്നതിനുള്ള ഒരു മെക്കാനിക്കിനെ കൃഷിഭവനിൽ നിയമിക്കുക.

കർഷകർക്കായി പെൻഷൻ പദ്ധതി ഏർപ്പെടു

ക്കുക. ഇതിലേക്കായി ഒരു വിഹിതം കർഷകരിൽനിന്നും സ്വരൂപിക്കുക.

നമ്മുടെ പഞ്ചായത്തിൽ നാമാവശേഷമായി കൊണ്ടിരിക്കുന്ന ചെറുകിഴങ്ങ്, കൊന്തവാഴ, കൊച്ചി ക്കൂവാ, ചേമ്പ്, കാച്ചിൽ, ഇറച്ചി കാച്ചിൽ, ഇഞ്ചി കാച്ചിൽ,ചാമ, മുതിര, ചോന്നാട്ടു പുല്ല് എന്നിവയുടെ വിത്തുകാം കൃഷിഭവൻ മുഖേന സംഭരിച്ച് മേൽ വിവരി ച്ച ഇനം കൃഷികാം നിലനിർത്താൻ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക.

ഓരോ വിളകളിലും ഏറ്റവും മുന്തിയതരം വിളകാം ഉത്പാദിപ്പിക്കുന്ന ഓരോ കർഷകനെയും ആദരിക്കുക യും, അവർക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക. ഇതിലേക്കായി ഒരു വിളമത്സരം പഞ്ചായത്തിന്റെയും, കൃഷിഭവന്റേയും സഹകരണത്തോടെ എല്ലാ വർഷവും നടത്തുക.

അത്യുത്പാദനശേഷിയുള്ള വിത്തുൽപാദനത്തി ന് കൃഷിഭവനിൽ നിന്നോ ശാസ്ത്രീയമായി തയ്യാറാക്ക പ്പെട്ട പ്രൈവറ്റ് നേഴ്സറികളിൽ നിന്നോ സൗജന്യ നിര ക്കിൽ വിത്തുകാം ലഭ്യമാക്കുക. പഞ്ചായത്തടിസ്ഥാന ത്തിൽ കൃഷിയോടാഭിമുഖ്യമുള്ള യുവതി യുവാക്കളെ ഇതിനായി പരിശീലിപ്പിക്കുക.

വാഴകൃഷിയുടെ ഉന്നമനത്തിനായി അതോടനു ബന്ധിച്ചുള്ള കുടിൽ വ്യവസായങ്ങാം ആരംഭിക്കാൻ പ്രോത്സാഹനം നൽകുക.

വ്യവസായ വകുപ്പിന്റെയും, കരകൗശല വകുപ്പി ന്റെയും സഹകരണത്തോടെ വാഴനാരുകൊണ്ടുള്ള കര കൗശല വസ്തു നിർമ്മാണത്തിന് പ്രോത്സാഹനം നൽ കുകയും,ആയതിനുള്ള ബോധവത്ക്കരണം നടത്തുക യും ചെയ്യുക.

ഔഷധസസ്യങ്ങാം

നമ്മുടെ പഞ്ചായത്തിലെ വനങ്ങളിൽ ധാരാളം ഔഷധ സസ്യങ്ങാം നിലവിലുണ്ട്. അതുപോലെ തന്നെ പഞ്ചായത്തിന്റെ എല്ലാ കാർഷീക മേഖലക ളിലും ഔഷധസസ്യങ്ങാം ധാരാളമായി കണ്ടുവരുന്നു. ഈ പഞ്ചായത്തിലുള്ള ഔഷധസസ്യങ്ങാം ശേഖരിച്ച് പച്ചമരുന്നു കടകളിലെത്തിച്ച് കൊടുക്കുന്ന ചുരുക്കം ചില ആളുകാം ഇവിടെയുണ്ട്.

താഴ്ന്ന പ്രദേശങ്ങളിൽ ജലസേചനം ലഭ്യമാകയാ ലും, തൊട്ടടുത്തുള്ള വനാന്തരങ്ങളിൽ നിന്നും ഔഷധ സസ്യവിത്തുകാം ശേഖരിക്കാമെന്നതിനാലും, ഇതിനെ ക്കുറിച്ചറിവുള്ള ധാരാളമാളുകാം ഇവിടെയുണ്ടെന്നുള്ള തു കൊണ്ടും ഒരു ഔഷധ സസ്യകൃഷിത്തോട്ടം ഈ പ ഞ്ചായത്തിലാരംഭിക്കേണ്ടതാണ്.

പൂ കൃഷി

5 സെന്റിൽ കുറയാതെയുള്ള സ്ഥലങ്ങളിൽ കുറ്റി മുല്ല കൃഷിയാരംഭിക്കാവുന്നതാണ്. ഇതിന്റെ വിജയസാ ധ്യതകളെക്കുറിച്ചും, വരുമാനത്തെക്കുറിച്ചും ബോധവത് ക്കരണം നടത്തുകയും, കൃഷിചെയ്യാൻ താല്പര്യപ്പെടു ന്നവർക്ക് എല്ലാവിധത്തിലുമുള്ള സഹായം നൽകുക യും ചെയ്യുക. വനിതകാംക്കും കുട്ടികാംക്കും ഈ കൃത്യം നിർവ്വഹിക്കാവുന്നതാണ്. എന്നാൽ മാർക്കറ്റിംഗ് ഒരു പ്രശ്നമാണ്.

കൃഷിഭവനിലെനിലവിലുള്ള പ്രവർത്തന റിപ്പോർട്ട്

1987 സെപ്റ്റംബർ മാസം ഒന്നാം തീയതി പഞ്ചാ യത്തടിസ്ഥാനത്തിൽ കൃഷിഭവനുകാം നിലവിൽ വന്നു. ഇതിനുമുമ്പായി സംസ്ഥാനഗവൺമെന്റ് ആവി ഷ്ക്കരിച്ച് നടപ്പിലാക്കിയ എല്ലാ പദ്ധതിയും സന്ദർശ ന പരിശീലന പരിപാടികളും കാർഷീക രംഗത്ത് ഒരു പുത്തനുണർവ്വ് നൽകി എന്നതല്ലാതെ ഉദ്ദേശിച്ച ഫല പ്രാപ്തി കൈവരിച്ചില്ല. ഈ അവസരത്തിലാണ് കൃഷി ഭവനുകളുടെ ആവിർഭാവം. 1970-72 കാലഘട്ടങ്ങളിൽ പുറത്തിറക്കിയ പുതിയ വിത്തുകളുടെ പ്രചാരം കർഷ കരിൽ നില നിൽക്കേ, കൃഷി ഭവനുകളുടെ പ്രവർത്തനം കർഷകരിൽ ഒരു പുത്തനുണർവ്വ് പ്രധാനം ചെയ്തു.

കൃഷികളിൽ കൊണ്ടൽ കൃഷിയൊഴികെ ബാക്കി വരുന്ന ഓരോന്നിനും സർക്കാർ തലത്തിൽ പല ആനു കൂല്യങ്ങളും നൽകി പരിപോഷിപ്പിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടവ വിവിധയിനം സമിതികളുടെ പ്രവർത്ത നമാണ്. ഇവ കൃഷി ഭവനുകളുടെ പ്രവർത്തനവുമായി വളരെ ബന്ധപ്പെട്ടിരിക്കുന്നു.

നെൽകൃഷി

പ്രധാനമായും 4 സമിതികളാണ് ഈ കൃഷി ഭവ ന്റെ കീഴിൽ നെൽകൃഷി ഉദ്ധാരണത്തിനായി പ്രവർത്തി ച്ചു വരുന്നത്.

1. നാടുകാണി പാടശേഖര നെല്ലുൽപ്പാദക സമിതി

കീരംപാറ പഞ്ചായത്തിലെ പാടശേഖരങ്ങളിൽ ഏതാണ്ട് 110 ഹെക്ടർ സ്ഥലത്ത് നെൽ കൃഷി പരിപോ ഷിപ്പിക്കുവാനായി രൂപം കൊണ്ട ഈ സമിതിയുടെ രജി.നമ്പർ.ER 1669/90 ആണ്

2. കീരംമ്പാറ നെല്ലുൽപ്പാദകസമിതി

ഈ സമിതി ER 446/91 ആയി രജിസ്റ്റർ ചെയ്തി

ട്ടുള്ളതാണ്. 1,2,3 എന്നീ വാർഡുകളിലെ ചെറുപാടങ്ങളെ കോർത്തിണക്കി പ്രവർത്തിക്കുന്നവയുമാണ്.

3. മുട്ടത്തു കണ്ടം പാടശേഖര നെല്ലുൽപ്പാദകസമിതി

ER 1628/90 ആയി രജിസ്റ്റർ ചെയ്തിട്ടുള്ളതും ഏതാണ്ട് 70 ഓളം ചെറുകിട കർഷകർ അംഗങ്ങളായിട്ടുള്ളതുമാണ്.

4. കൊണ്ടിമറ്റം പാടശേഖര നെല്ലുൽപ്പാദക സമിതി

vi വാർഡാണ് ഈ സമിതിയുടെ പ്രവർത്തനപരിധി 55 ൽ പരം കർഷകർ ഈ സമിതിയിൽ അംഗത്വം നേടിയിട്ടുണ്ട്.

തെങ്ങ് സംരക്ഷണസമിതി

കൃഷിഭവനുകളുടെ ആരംഭത്തോടെ തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുവാനായി വാർഡുതോറും സമിതി രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നു. എന്നാൽ അതെല്ലാം ക്രോഡീകരിച്ച് ഒരു സമിതിയായിട്ടാണ് ഇപ്പോഴും പ്രവർത്തിച്ചുവരുന്നത് ഈ സമിതിയുടെ രജിസ്റ്റർ നമ്പർ E.R.798/94 ആണ്.

കുരുമുളക് സംരക്ഷണസമിതി

കൃഷിഭവന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ സമിതി പഞ്ചായത്തിലെയും എല്ലാ വാർഡുകളെയും ഏകോപിപ്പിച്ച് പ്രവർത്തിച്ചു വരുന്നവയാണ്. ഇപ്പോഴും കാര്യമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഈ സമിതിയുടെ രജിസ്റ്റർ നമ്പർ E.R.759/91 ആണ്.

മേൽപ്പറഞ്ഞ സമിതികളും മുഖേനെ കൃഷിഭവനിൽ നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങളും താഴെ വിവരിക്കുന്നു.

i സബ്സിഡികളും

നെൽകൃഷി പരിപാലിപ്പിക്കുന്നതിനായി കൃഷിഭവൻ നേരിട്ടും സമിതികളും മുഖേനയും വിത്ത്, വളം, കീടനാശിനി, കളനാശിനി, കുമ്മായം എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക ഉണ്ടായി. കമ്പോസ്റ്റുനിർമ്മാണം, ഉപയോഗം, രാസവളപ്രയോഗം എന്നിവ കൃഷിയുടെ പുരോഗതിക്ക് ഒരു പരിധി വരെ ഉപകരിച്ചു.

ii. ഗ്രൂപ്പ് ഫാമിംഗ്

ഇവ നടപ്പിൽ വന്നതോടെ കൃഷിച്ചിലവ് കുറച്ച് ആദായം വർദ്ധിപ്പിക്കാൻ സാധിച്ചു.

iii. മണ്ണു സംരക്ഷണസമിതി

ഇവ മൂലം കുത്തിയൊലിച്ചു പോകുന്ന മേൽമണ്ണിനെ സംരക്ഷിച്ച് മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തുന്നു.

vi. സബ്സിഡി രീതിയിലുള്ള യന്ത്രോപകരണങ്ങളുടെ വിതരണം

നെൽകൃഷിയുടെ പുരോഗതിക്കായി 50% സബ്സിഡി നിരക്കിൽ പമ്പുസെറ്റുകളും, കുറ്റിപ്പമ്പ്, ട്രാക്ടർ, ടില്ലർ, എന്നിവ വിതരണം ചെയ്തിട്ടുള്ളത് ഒരു പരിധി വരെ നെൽകൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതാണ്. ഗ്രൂപ്പ് ഫാമിംഗ് പാടങ്ങളും ക്ക് സൗജന്യമായി ഈ കൃഷിഭവനിൽ നിന്നും ടില്ലർ നൽകിയിരിക്കുന്നു. വിത്ത് ഉൽപ്പാദനം, സംഭരണം, വിപണനം എന്നിവമൂലം കാർഷീക രംഗം സജീവമാക്കുവാൻ സാധിച്ചു. നെൽപ്പാടങ്ങളുടെ പാർശ്വഭിത്തി സംരക്ഷണ പദ്ധതിയും നിലവിൽവന്നു.

തെങ്ങുകൃഷി

ഇവയുടെ പുരോഗതിക്കായി 50% സബ്സിഡിനിരക്കിൽ കുറ്റിപ്പമ്പുകളും, റോക്കർ സ്പെയേർസ്, തെങ്ങുകയറ്റത്തിനുള്ള യന്ത്രോപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. സമഗ്രനാളികേര വികസന പദ്ധതി പ്രകാരം പമ്പുസെറ്റുകളും വാങ്ങുന്നതിനും, കിണറുകളും കുഴിക്കുന്നതിനും മൂന്നിലൊന്നു സബ്സിഡി നൽകുന്നു. ട്രിപ്പ്ഇറിഗേഷൻ, കമ്മ്യൂണിറ്റി ഇറിഗേഷൻ എന്നിവയും തെങ്ങുകൃഷിയുടെ പുരോഗതിയെ സഹായിക്കുന്നു.

സുഗന്ധവിള പരിപാലനം

മൂന്നു വർഷക്കാലം തുടർച്ചയായി കുരുമുളകു കൃഷിക്കാവശ്യമായ വളം, കീടനാശിനിയെന്നിവയും ഇഞ്ചി, മഞ്ഞൾ, കച്ചോലം എന്നിവക്ക് ചെറിയ സഹായങ്ങളും സമിതി മുഖേന നൽകി വരുന്നു. കുറ്റിപ്പമ്പുകളും സബ്സിഡി നിരക്കിലും വിതരണം നടത്തിയിട്ടുണ്ട്.

പയർ കൃഷി

നല്ലയിനം വിത്തുകളും റൈസോബിയം, കളച്ചുർ എന്നിവ സൗജന്യനിരക്കിൽ വിതരണം നടത്തി വരുന്നു.

പച്ചക്കറികൃഷികളും

സ്കൂളുകളിൽ തലത്തിൽ പച്ചക്കറി വിത്തുകളും വിതരണം ചെയ്യുകയും അതിൽ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലങ്ങളിലും മത്സരങ്ങളും നടത്തി വിദ്യാർത്ഥികളെ പ്രോത്സാഹന സമ്മാനങ്ങളുംക്കർഹരാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ കാര്യത്തിൽ മഹിളകൾക്കായി ഒരു പദ്ധതി തയ്യാറാക്കി. വിത്ത്, വളം, കീടനാശിനി, എന്നിവയും ഒരു ഹാന്റ് പമ്പും സൗജന്യമായി ലഭ്യമാക്കി.


പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി വിവിധ ഇനം നടീൽ വസ്തുക്കൾ, വളം, വിതരണം, മണ്ണ് സംരക്ഷണപ്രവർത്തനങ്ങൾ എന്നിവക്ക് സഹായവും നൽകിയിട്ടുണ്ട്.

തൊഴിലവസരങ്ങൾ മുന്നിൽ കണ്ട് സെപഷ്യൽ എംപ്ലോയിമെന്റ് പ്രോഗ്രാം എന്ന സ്കീമും നടപ്പിൽ വരുത്തുകയുണ്ടായി.

കാർഷീക മേഖലയിൽ യുവതീയുവാക്കൾക്ക് സംരക്ഷണം ഉറപ്പു വരുത്തുന്ന ഒരു പദ്ധതി 94-95 വർഷത്തിൽ നിലവിൽ വന്നു. കൂടാതെ വിള ഇൻഷ്യുറൻസ് പദ്ധതിയും ഒരു വർഷമായി നിലവിലുണ്ട്.




കീരംപാറ ഗ്രാമപഞ്ചായത്ത്
ഭൂവിനിയോഗം



R. റമ്പർ
AT. അടയ്ക്ക
TI. മഞ്ഞൾ
C തെങ്ങ്
G ഇഞ്ചി
PL പൈനാപ്പിൾ
Pr. കുരുമുളക്
TP മരച്ചീനി
P. നെല്ല്
CO. കൊക്കൊ

N
W E
S

5.1.ജലസേചനം



നമ്മുടെ പഞ്ചായത്തിന് മലകളും , മലഞ്ചെരുവുകളും, സമതല പ്രദേശങ്ങളും , തീരപ്രദേശങ്ങളുമാണ് ഉളളത്. ജലസേചന സൗകര്യം അഞ്ച് ശതമാനം സ്ഥലത്ത് മാത്രമാണ് ഇപ്പോൾ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുളളു. കുന്നുകളും, മലകളും, ജലസേചന സൗകര്യത്തിന് ചിലതടസങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം ചിലസൗകര്യങ്ങളും ഉണ്ടാക്കുന്നുണ്ട് . ഈ സൗകര്യങ്ങൾ മുതലെടുത്തും, ഉളള സോത്രസുകൾ കണക്കിലെടുത്തും, കൃഷിയോഗ്യമായ സ്ഥലങ്ങളിൽ ജലം എത്തിക്കേണ്ടത് കാർഷിക പ്രധാന്യമുളള ഈ പഞ്ചായത്തിന്റെ നിലനിൽപ്പിന് അത്യന്താപേഷിതമാണ്. കിഴക്ക് നിന്നാരംഭിച്ച് പടിഞ്ഞാറോട്ട് നീണ്ട് വടക്കോട്ട് ചെരിഞ്ഞു കിടക്കുന്ന മലകളും , മലഞ്ചെരിവ് പ്രദേശങ്ങളും , തെക്ക് പടിഞ്ഞാറോട്ട് ചരിഞ്ഞ്കിടക്കുന്ന പ്രദേശങ്ങളുമാണ് മലമ്പ്രദേശം എന്നരൂപത്തിൽ ഈ മേഖല്യുടെ ഭൂപടത്തി വരുന്നത്. അതുകൊണ്ട് തന്നെ ഇവിടുത്തെ നീർച്ചാലുകൾക്ക് ചില ചില സവിശേഷതകളുണ്ട്. ഇവ കുത്തനെയുളള മലകളിൽ നിനന് ഉൽഭവിച്ച് നേരെ വടക്കോട്ട് കുറച്ച് ദൂരം ഒഴുകി പെരിയാറ്റിൽ പതിക്കുന്നു. നമ്മുടെ മിക്ക തോടുകളും ജലസമ്പത്ത് കുറഞ്ഞവയാണ്.

തെക്ക് പടിഞ്ഞാറോട്ടൊഴുക്കുന്ന തോടുകൾ കുറേക്കൂടി ദൈർഘ്യമുളളതാണ്. ജലസമ്പത്ത് തൃപ്തികരമല്ലെങ്കിലും താരതമ്യേന കൂടുതലുളളവയാണ് . ഈ മേഖലകളിൽ പ്രധാനമായും മണൽ മണ്ണ് (പാറപൂഴിമണ്ണ്) ആയതിനാൽ ജലസംഭരണശേഷിയും കുറവാണ്. മാത്രമല്ല ചെരിവ് പ്രദേശമായതുകൊണ്ട് ജലം പെട്ടെന്ന് ഊർന്നിറങ്ങിപോവുകയും ചെയ്യുന്നു.

നീരൊഴുക്കുകൾ

വടക്കോട്ട് ഒഴുകി പുഴയിൽ പതിക്കന്ന തോടുകൾ താഴെ വിവരിക്കുന്നു.

1. വലിയകണ്ടം ചാൽ - ചീക്കോട് തോട്

കവളങ്ങാട് പഞ്ചായത്തിലെ 611 മുടിയിൽ നിന്നുത്ഭവിച്ച് VI-ാം വാർഡിലെ കൂവപ്പാറ ഹരിജൻകോളനിയുടെ പടിഞ്ഞാറ്ഭാഗത്തുകൂടി ഒഴുകി കഴുതപ്പാറ കൂടി ചീക്കോട് വാട്ടർ ലെവൽ വരെ ഉദ്ദേശം 1.5 കി.മി. ഒഴുകി വാട്ടർ ലവലിലെ ജലത്തോടൊപ്പം ചേരുന്നു.

2. മുട്ടത്തുകണ്ടം - പുന്നേക്കാട് (വലതുകര, ഇടതുകരതോടുകൾ)

അഞ്ചാം വാർഡിലെ മുട്ടത്തുകണ്ടം 611 മലയുടെ മുകളിൽ നിന്നുത്ഭവിച്ച്, മുട്ടത്തുകണ്ടം പാടശേഖരത്തിന്റെ ഇരു കരകളിലൂടെയൊഴുകി 2.5 കി.മി. സഞ്ചരിച്ച്കുരികുളം കാച്ചമെന്റ് ഏരിയായിലെ വെള്ളക്കെട്ട് പ്രദേശത്ത് വന്ന് ചേരുന്നു. ഈ തോട് വേനൽക്കാലത്ത് വറ്റി വരളുന്നതാണ് .

3. പളളിപ്പടവ് - കുരികുളം തോട്

അഞ്ചാം വാർഡിലെ വെളിയേച്ചാൽ പളളിപ്പടവിൽ നിന്നാരംഭിച്ച് ഓവുങ്കൽ ചെന്ന് നാലാം വാർഡിലെ കൃഷിയിടങ്ങളുടെ അരികിലൂടെ ഒഴുകി ഉദ്ദേശം 2.5 കി.മി മൊത്തത്തിൽ സഞ്ചരിച്ച് കുരികുളം കാച്ച്മെന്റ് ഏരിയായിലെ വെളളക്കെട്ടിൽ ചെന്ന് ചേരുന്നു. ഈ തോടിന്റെ പാർശ്വ ഭാഗങ്ങളിൽ മുഴുവൻ നിലങ്ങളാണ്. ഈ തോട് വേനലിന്റെ ആരംഭത്തിൽ തന്നെ വറ്റിപോകുന്നതാണ്.

4. ഓവുങ്കൽപ്പടവ് തോട് (വെട്ടിക്കൽ തോട്)

വെളിയേൽ ചാലിൽ വെട്ടിക്കൽ മലയിൽ നിന്നാരംഭിച്ച് കിഴക്കോട്ട് ഒഴുകി വടക്ക് തിരിഞ്ഞ് ഓവുങ്കൽ വാട്ടർലവലിൽ പതിക്കുന്നു. നീളം 3/4 കി.മി. വേനൽകാലത്ത് വറ്റുന്ന തോടാണിത്.

5. കള്ളിപ്പാറ - ചാറ്റുപാറതോട്

ആറാം വാർഡിലെ ചാരുപാറ ഭാഗത്തുളള കള്ളിപ്പാറമുടിയുടെ മുകളിൽനിന്നുത്ഭവിച്ച് നേരെ കിഴക്കോട്ടൊഴുകി വടക്ക്ദിശയിൽ മാറിയൊഴുകി പെരിയാർ എസ്റ്റേറ്റിനകത്തുളള വെളളക്കെട്ടിൽ ചേരുന്നു. ഈ തോടിന് ഉദ്ദേശം 800 മീറ്റർ നീളം വരുന്നതാണ്. വേനൽക്കാലത്ത് വററുന്ന തോടാണിത്.

6. പാലമറ്റം തോട്

കൊണ്ടിമറ്റം മലയിൽനിന്നുത്ഭവിച്ച് പാലമറ്റം കവലയുടെ പടിഞ്ഞാറുഭാഗത്തുകൂടി നേരെവടക്കോട്ടൊഴുകി പെരിയാർ വാലിയുടെ വെളളക്കെട്ട് പ്രദേ

ശത്ത് ചേരുന്നു. നീളം 500 മറ്റർ ഏകദേശം 25 വർഷം മുൻമ്പ് വരെ ഈ തോട്ടിൽ വെള്ളം വറ്റി യിരുന്നില്ല. ഇപ്പോൾ വറ്റിവരളുന്നു.

തെക്ക് പടിഞ്ഞാറോട്ടൊഴുകുന്ന തോടുകൾ

1. പെരുമണ്ണൂർ - മുക്കം കുഴി തോട്

കവളങ്ങാട് പഞ്ചായത്തിലെ ഇരുമലക്കപ്പ് ഭാഗത്തുനിന്നുത്ഭവിച്ച് കവളങ്ങാട് പഞ്ചായത്തിൽ കടന്ന് കീരംപാറ പഞ്ചായത്തിലെ 7-ാം വാർഡിലെ പെരുമണ്ണൂർ, നാടുകാണി എന്നീ പ്രദേശങ്ങളിലൂടെയും 8-ാം വാർഡിലെ മുക്കം കുഴി തോട്ടിൽ കൂടിയും ഒഴുകി 3-ാം വാർഡിൽ കൂടി കടന്ന് കോത മംഗലം മുൻസിപ്പാലിറ്റിയിലെ എരപ്പുങ്കൽ തോട്ടിൽചെന്ന് പതിക്കുന്നു. ഇതിൽ വേനൽക്കാ ലത്ത് ജലംകുറയുമെങ്കിലും വറ്റാത്ത ഒരു തോടാ ണിത് ഈ തോടിന് ഉദ്ദേശം 8കി. മീറ്റർ നീളം വരുന്നതാണ്. ഈ തോടിനോട് ചേർന്ന് പാടങ്ങ ളാണ് സ്ഥിതിചെയ്യുന്നത്.

2. പാറാട് തോട്

പാറാട് മുടിയിൽ നിന്നാരംഭിച്ച്, മൃഗാസ്പത്രിക്ക് സമീപത്തുകൂടി ഒഴുകി കാരിക്കാക്കുഴി തോട്ടിൽ പതിച്ച് കോതമംഗലം മുൻസിപ്പാലിറ്റിയിലെ എര പ്പുങ്കൽ തോട്ടിൽ ചേരുന്നു. വേനൽക്കാലത്ത് വറ്റുന്ന, ഉദ്ദേശം 3.കി.മിറ്റർ ദൂരമുള്ളതോടാണിത്.

3. കൃഷ്ണപുരം കോളനി - പാറാട് തോട്

1-ാം വാർഡിൽ നിന്നും തുടങ്ങി തെക്കോട്ട് ഒഴുകി പടിഞ്ഞാറോട്ട് തിരിഞ്ഞശേഷം പാറാട് തോട്ടിൽ പതിക്കുന്നു. 1/2 കി. മീറ്റർ നീളം വരു ന്ന ഈ തോട് നെൽപാടങ്ങൾക്ക് പ്രയോജനമില്ല.

4. ചേലക്കുളം തോട്

ശ്രീ. എ.കെ. പൈലിയുടെ പുരയിടത്തിന് വട ക്ക്നിന്നാരംഭിച്ച് നേരെ തെക്കോട്ടൊഴുകി കാരി ക്കാക്കുഴി തോട്ടിൽ പതിക്കുന്നു. ഇതിൽ മിക്കവാ റും വെള്ളം ഉണ്ട്, നീളം കുറവാണ്.

മേൽവിവരിച്ചവകൂടാതെ അപ്രധാനങ്ങളായ ചെറിയ കൈത്തോടുകൾ (നീർച്ചാലുകൾ) പലതു മുണ്ട്. ഇവയെല്ലാം ജലനിർഗ്ഗമനത്തിനുതകുന്നു, എന്നതിൽ കവിഞ്ഞ് ജലം നിലനിർത്തുന്നവയല്ല.

കുളങ്ങൾ

3-ാം വാർഡിൽ കല്ലുങ്കൽക്കാരുടെ ഭാഗ ത്തുള്ള പഞ്ചായത്ത്കുളം . ഈ കുളത്തിൽ നിന്നും വേനൽക്കാലത്ത് കുളിക്കാനുള്ള ജലം കഷ്ടിച്ച് ലഭിക്കും.

ആറാം വാർഡിലെ കൂവപ്പാറകുളം.

വേനൽക്കാലത്ത് വെള്ളം കമ്മിയാണ്.5 സെന്റ് വിസ്തൃതിവരും, ഇടിഞ്ഞ് പൊളിഞ്ഞ് കിടക്കുന്നു.

പഞ്ചായത്ത് കുളം

7-ാം വാർഡിലെ പെരുമണ്ണൂർ ഭാഗത്തുള്ള പഞ്ചായത്ത് കുളത്തിൽ,വേനൽക്കാലത്ത് വെള്ളം ലഭ്യമല്ല.

ചാലുചിറ കുളം

8-ാം വാർഡിലെ ചാലുചിറ കുളത്തിൽ വേനൽക്കാലത്ത് വെള്ളം ഉണ്ട് . എന്നാൽ ഇന്ന ത്തെചി റയുടെ അവസ്ഥയിൽ ജലസേചനത്തിന് സാദ്ധ്യമല്ല. ഈ കുളം (ചിറ) വിസ്തൃതി കൂട്ടി നന്നാക്കിയാൽ ജലസേചനത്തിനും, കുടിവെള്ളത്തി നും കൂടി ഉപയോഗപെടുത്താവുന്നതാണ്.

ഈപഞ്ചായത്തിൽ മൊത്തം 20 കി. മീറ്റർ നീളത്തിൽ തോടുകളുണ്ട്. എന്നാൽ ഇതിൽ വറ്റാ ത്തതായി ഒരുതോട് മാത്രമെയുള്ളൂ. അതും മതി യായ ജലസമ്പത്ത് നൽകുന്നവയല്ല. ഈ തോടുക ളിൽ ആകെകൂടി ഏഴ് ക്രോസ് ബാറുകളാണുള ളത്. ഇവതന്നെയും കൃത്യമായി പലകയിടുന്നതിന് യോഗ്യമായ രീതിയിയിലല്ല. വേനൽക്കാലത്ത് പലക യിട്ട് ജലം സൂക്ഷിക്കേണ്ടതിന്റെ ആവശ്യം സമീപ വാസികൾ മനസ്സിലാക്കുന്നുമില്ലെന്നു തോന്നുന്നു. ഈ അപവാഹക്രമത്തിന്റെ പഠനം ഈ പഞ്ചായത്തിന്റെ ജലദൗർലഭ്യത്തെ സവിസ്ഥരം കാണിക്കുന്നു.

കൂടുതൽ ക്രോസ്ബാറുകൾ ഈ ചെറിയ തോടുകളിൽ യോഗ്യമായ സ്ഥാനത്ത് നിർമ്മിക്കുന്ന തിലൂടെ ജലശോഷണം കുറച്ചൊക്കെ തടയാൻ കഴിയും.

നിലവിലുള്ള കുളങ്ങളുടേയും ചിറയുടേയും അറ്റകുറ്റപ്പണികൾ നടത്തുന്നത് ജലദൗർലഭ്യം പരി ഹരിക്കുന്നതിനുള്ള ചെലവ് കുറഞ്ഞ ഉപാധിയാണ്.

നിലവിലുള്ള കുളങ്ങളുടെ നില ജലസമ്പ ത്തിന്റെ കാര്യത്തിൽ ആശാവഹമല്ല.

പ്രധാന തോടുകളുടേയും, കുളങ്ങളുടേ യും,ക്രോസ്ബാറുകളുടേയും സ്ഥിതിവിവരക്കണക്ക്

പ്രധാന തോടുകൾ	10 എണ്ണം
പ്രധാന കുളങ്ങൾ	4 എണ്ണം
ക്രോസ് ബാറുകൾ	7 എണ്ണം

പഞ്ചായത്തിലെ 2,4,5,6 എന്നീ വാർഡുകളിലെ വടക്ക് കിഴക്കൻ മേഖലയിൽ വെള്ളക്കെട്ട് അനുഭവപ്പെടുന്നു. ഈ പ്രദേശത്ത് റബ്ബറിന് പട്ടമരപ്പ്, പാൽകുറവ് എന്നിവ അനുഭവപ്പെടുന്നുണ്ട്. മലമുകളിൽനിന്നുത്ഭവിക്കുന്ന കുത്തൊഴുക്കുള്ള തോടുകളിൽ പെട്ടെന്ന് ജലം ഉയർന്ന് വെള്ളക്കെട്ട് പ്രദേശത്ത് എത്തുമ്പോൾ ഒഴുക്ക് നിലയ്ക്കു

ന്നതിനാൽ പാടശേഖരങ്ങളിലേക്ക് വെള്ളം കവിഞ്ഞ് കയറി കൃഷി നശിക്കുക സാധാരണ സംഭവമാണ്.

പരിഹാരനിർദ്ദേശങ്ങൾ

ഗ്രാമസഭറിപ്പോർട്ടുകളും, പഞ്ചായത്ത് തലത്തിൽ നടത്തിയ പഠനപര്യടനവും, കൃഷിക്കാരിൽനിന്നും ലഭിച്ച നാട്ടറിവും, വിഭവഭൂപടത്തിൽ നിന്നും ലഭിച്ച വിവരങ്ങളും കൃഷി ഭവനിൽ നിന്നപളള വിവരങ്ങളും സമഗ്രമായി പരിശോധിച്ചപ്പോൾ കൃഷിയുടെ ഉന്നമനത്തിന് ഏറ്റവും ആവശ്യമാണെന്ന് കാണുന്നത് ജലസേചനത്തിനാണ്. അതിനുളള സാധ്യതകൾ താഴെ പറയുന്ന വിധത്തിലാണ്.

ലിഫ്റ്റ് ഇറിഗേഷൻ

ഓവുങ്കൽ ലിഫ്റ്റ് ഇറിഗേഷൻ

ഓവുങ്കൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ വഴി വെള്ളം കൊണ്ട് വന്ന് ആദ്യം വെളിയേൽചാലിലുള്ള പള്ളിപടവിലേക്ക് ഒരുകൈവഴി തിരിച്ചുവിടുക. മുഖ്യ കൈവഴി തിരിച്ച് വെളിയേൽചാലിൽ നിന്നും തെക്കോട്ട് കൊണ്ടുപോയി മുട്ടത്തുകണ്ടം പാടശേഖരത്തിന്റെ മുകൾ ഭാഗത്ത് എത്തിച്ച് മുട്ടത്തുകണ്ടം തോട്ടിൽ ചാടിക്കുക.ഇങ്ങനെ തോട്ടിൽ കൂടിതാഴോട്ട് ഒഴുകുമ്പോൾ ആവശ്യമുള്ളിടങ്ങളിൽ ക്രോസ് ബാറുകൾ നിർമ്മിച്ച് വെള്ളം സംഭരിച്ച് നിറുത്തി മുട്ടത്തുകണ്ടം പാടശേഖരത്തേക്ക് മുഴുവൻ നിലത്തിനും ജലസേചന സൗകര്യം ലഭ്യമാക്കാം പള്ളിപടവ് പാടശേഖരത്തിലേക്ക് ഒഴുക്കുന്ന വെള്ളം പാടശേഖരത്തിന് സമീപത്തുകൂടി ഒഴുകുന്ന തോട്ടിൽ കൂടിഒഴുക്കിയാൽ പള്ളിപ്പടവ് മുതൽ കൂരികുളം വരെയുള്ള പാടശേഖരത്തിലേക്ക് ജലമെത്തിക്കാൻ കഴിയും.

മുട്ടത്തുകണ്ടം പാടശേഖരത്തിൽ ജലസേചന സൗകര്യം ലഭ്യമാക്കിയാൽ 80 ഏക്കർ പാടശേഖരത്തിന് പ്രയോജനം ലഭിക്കും. ഈ പാടങ്ങളിൽ കുറെ ഭാഗത്ത് വിരിപ്പ് കൃഷിമാത്രമാണ് നടത്തി വരുന്നത്. അതുപോലെ തന്നെ പുഞ്ചകൃഷി. ഈ രണ്ട് പാടശേഖരങ്ങളിലുമില്ല. മുണ്ടകൻ കൃഷി ഇറക്കാൻ കഴിയാത്തിടത്ത് ജലസേചനം നൽകി ടി കൃഷി ഇറക്കുന്നതിനും എല്ലാ പാടങ്ങളിലും പുഞ്ചകൃഷി ഇറക്കുന്നതിനും ഇത് മൂലം 100 ടൺ കണ്ട് കൂടുതൽ നെല്ല് ഉത്പാദിപ്പിക്കാൻ കഴിയുമെന്ന് കണക്ക് കൂട്ടുന്നു. ഈ ആവശ്യത്തിലേക്ക് വേണ്ടി മുട്ടത്തുകണ്ടം തോട്ടിൽ താഴെ വിവരിക്കുന്ന സലങ്ങളിൽ ക്രോസ് ബാറുകൾ നിർമ്മിക്കേണ്ടതാണ്.

ക്രമനമ്പർ	ക്രോസ് ബാറുകൾ നിർമ്മിക്കേണ്ടസ്ഥലങ്ങൾ
1	മംഗലത്ത് മത്തച്ചന്റെ വീടിന് സമീപമുള്ള മുട്ടത്തുകണ്ടം തോട്ടിൽ
2	പാടശേരി തോമസിന്റെ വീടിന് മുൻവശമുള്ള തോട്ടിൽ
3	പുന്നേക്കട് പാലത്തിന് താഴ്ഭാഗത്ത് തോട്ടിൽ

പള്ളിപടവ് പാടശേഖരത്തിൽ O.K. കുര്യാക്കോസിന്റെ പാടത്തിനോട് ചേർന്നുള്ള തോട്ടിൽ ഒരു ക്രോസ്ബാർ നിർമ്മിക്കുക.

ഓവുങ്കൽ ലിഫ്റ്റ് ഇറിഗേഷനിലെ ജലം കൊണ്ടുവരുന്ന സ്ഥലങ്ങളിലുള്ള 10 ഹെക്ടർ തെങ്ങു കൃഷിക്കു കൂടി ഈ ജലം പ്രയോജനപ്പെടുത്താവുന്നതാണ്. ഈ പദ്ധതിയുടെ പ്രയോജനം 4,5 വാർഡുകളിലെ നല്ലൊരു ഭാഗം നെൽ കൃഷിക്കാർക്ക് പ്രയോജനപ്പെടുന്നതാണ്.

ചീക്കോട് ലിഫ്റ്റ് ഇറിഗേഷൻ

പഞ്ചായത്തിലെ 3,7,8 എന്നീ വാർഡുകളിൽ വിശാലമായി കിടക്കുന്ന നെൽപ്പാടങ്ങൾക്ക് ജലം ലഭിക്കുന്നതിലേക്കയി VI-ാം വാർഡിലെ ചീക്കോട് ഭാഗത്തുള്ള വെള്ള ക്കെട്ട് പ്രദേശത്തുനിന്നും പമ്പ് ചെയ്ത് ഒരു കി.മീ. അകലത്തിലുള്ള ഇരുമലക്കപ്പിന്റെ മുകൾഭാഗത്തെത്തിക്കുക. ഈ വെള്ളം അവിടെനിന്നും തെക്കോട്ടൊഴുകുന്ന പെരുമണ്ണൂർ തോട്ടിലേക്ക് വീഴ്ത്തുക. പഞ്ചായത്തിലെ ഏറ്റവും നീളമുള്ള തോടാണിത്. പെരുമണ്ണൂർ തോട്ടിൽ ചാടിക്കുന്ന ജലം ഇരുപ്പുങ്കൽ തോട്ടിൽ വരെ എത്തുന്നു. ഇതുമൂലം പെരുമണ്ണൂർ മുതൽ നാടുകാണി, മൂക്കുംകുഴി, പുളിക്കപ്പാറ, ചെള്ളപ്പാടം തുടങ്ങിയ മേഖലകളിലുള്ള 200 ഏക്കറിലേക്കുള്ള ജലം യാതൊരു പ്രയാസവും കൂടാതെ ലഭ്യമാക്കാവുന്നതാണ്. ഈ സ്കീമിന് ടാങ്ക് വേണ്ടി വരുന്നില്ല. ചെലവ് വളരെ കുറവായിരിക്കും. തോടിൽക്കൂടി വരുന്ന ജലം അത്യാവശ്യം വേണ്ടിടങ്ങളിൽ സംഭരിക്കുന്നതിലേക്കയി പെരുമണ്ണൂർ-നാടുകാണി തോട്ടിൽ താഴെ വിവരിക്കുന്ന ഭാഗത്ത് തടയണകൾ കെട്ടേണ്ടതാണ്.

1. പെരുമണ്ണൂർ ഭാഗത്ത്
2. അമ്പലംപടി ഭാഗത്ത്
3. നാടുകാണി കുന്നത്ത് ജോയിയുടെ വീടിന് സമീപം
4. ചെള്ളപ്പാടത്ത്
5. മൂക്കുംകുഴി ഭാഗത്ത്
6. പുളിക്കപ്പാറ ഭാഗത്ത്

ഇതുമൂലം 200 ഏക്കർ സ്ഥലത്തെ നെല്ലുത്പ്പാദനം മൂന്ന് പൂ ആക്കാവുന്നതാണ്.

കൂടുതൽ സ്ഥലത്ത് കൃഷി ഇറക്കുമ്പോൾ സാമ്പത്തീക നേട്ടവും, തൊഴിലവസരങ്ങളും വർദ്ധിക്കുമെന്ന് പറയേണ്ടതില്ലല്ലോ.

തെക്കുമ്മൽ ലിഫ്റ്റ് ഇറിഗേഷൻ

രണ്ടാം വാർഡിൽ മുഖ്യമായും തെങ്ങിന് ജലസേചനമെത്തിക്കുന്നതിന് തെക്കുമ്മൽ വാട്ടർ ലെവൽ ഏരിയായിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് കൃഷ്ണപുരം കോളനിയുടെ മധ്യഭാഗത്ത് കുന്നിൻ മുകളിലെത്തിക്കുക. അവിടെ നിന്ന് ചെറിയ കൈത്തോടുകൾ

വഴി I,II,III, IV എന്നീ വാർഡുകളിലേക്ക് ജലമെത്തിക്കാവുന്നതാണ്. മുഖ്യമായും പുരയിടകൃഷിക്കാണ് ഇത് പ്രയോജനപ്പെടുക. രണ്ടാം വാർഡിന്റെ ഈ മേഖല ജനവാസം കൂടുതലുള്ളതും ജലക്ഷാമം അനുഭവിക്കുന്നതുമാണ്. മണ്ണാഴം കുറഞ്ഞ ഈ മേഖലയിലെ ജലലഭ്യത ഒരു പരിധിവരെയെങ്കിലും സംരക്ഷിക്കാൻ ഇതുകൊണ്ടേ കഴിയൂ. ഇവിടങ്ങളിലെ തെങ്ങിന്റെ ഉത്പ്പാദനക്ഷമത വളരെ കുറവാണ്. 250 ഏക്കർ സ്ഥലത്തിന് തെക്കുമ്മൽ ലിഫ്റ്റ് ഇറിഗേഷൻ പ്രയോജനപ്പെടുത്താം.

കൂരികുളം ലിഫ്റ്റ് ഇറിഗേഷൻ

നാലാം വാർഡിന്റെ മധ്യഭാഗത്തുള്ള പി. എ. ജോസഫിന്റെ വീടിന്റെ ഭാഗത്ത് പെരിയാർവാലിയിലെ കാച്ച്മെന്റ് ഏരിയായിലെ 20 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ സൗകര്യമുണ്ട്. ഇതുമൂലം കൃഷിക്കും, കുടിവെള്ളത്തിനും ജലം ലഭിക്കുന്നതാണ്.

കാഞ്ഞിരക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ

മൂന്നാം വാർഡിലെ കാഞ്ഞിരക്കുന്ന് മിച്ചഭൂമി കോളനിയിലെ പാടത്തി മത്തായിയുടെ വീടിനുസമീപത്തായി കൗങ്ങംപിള്ളിൽ എൽദോസിന്റെ വകകുളത്തിൽ നിന്ന് ജലം പമ്പ് ചെയ്താൽ 45 ഏക്കർ കരപ്രദേശത്തിനും 20 ഏക്കർ നിലത്തിനും ജലസേചനസൗകര്യം ലഭ്യമാക്കാൻ കഴിയും പറാട് പാടശേഖരത്തിനുകൂടി ഇതിന്റെ സൗകര്യം ലഭ്യമാക്കാവുന്നതാണ്.

പുളിക്കപ്പാടം ലിഫ്റ്റ് ഇറിഗേഷൻ

ഊഞ്ഞാപ്പാറ മൃഗാശുപത്രിക്ക് സമീപം മേൽഭാഗത്ത് കുളം താഴ്ത്തി വെള്ളം പമ്പ് ചെയ്ത് പുളിക്കപ്പാടം പാടശേഖരത്തിന്റെ മുകൾഭാഗത്തുള്ള 30 ഏക്കർ നിലങ്ങളിലും 45 ഏക്കറോളം കരപ്രദേശത്തിനും ജലസേചനസൗകര്യം എത്തിക്കാൻ കഴിയും.

ചീക്കോട് ലിഫ്റ്റ് ഇറിഗേഷൻ അനുബന്ധം

നാടുകാണി മേഖലയിലേക്ക് ചീക്കോട് ലിഫ്റ്റ് ഇറിഗേഷനിൽനിന്നും കൊണ്ടുവരുന്ന വെള്ളം ഇരുമലക്കപ്പിൽ എത്തുമ്പോൾ അവിടെനിന്നും, ഒരു കൈവഴി വടക്കേ ചെരുവിലേക്കൊഴുക്കിയാൽ വലിയകണ്ടംചാൽ പാടശേഖരത്തേക്കും പാടശേഖരത്തോടനുബന്ധിച്ചുള്ള മറ്റ് കര ുമികളിലേക്കും ജലസേചനസൗകര്യം ലഭ്യമാക്കാൻ കഴിയുന്നതാണ്. ഇതുവഴി 15 ഹെക്ടർ പാടശേഖരത്തിനും 30 ഹെക്ടർ കരഭൂമിക്കും പ്രയോജനം ലഭിക്കും.

മുകളിൽ പറഞ്ഞ ലിഫ്റ്റ് ഇറിഗേഷനുകൾക്കെല്ലാം ആധാരം ഈ പഞ്ചായത്തിന്റെ നൂറുകണക്കിന് ഹെക്ടർ സ്ഥലം കയ്യടക്കിയിരിക്കുന്ന പെരിയാർ ജലസംഭരണിയാണ്.

ഈ സംഭരണികൾവഴി പഞ്ചായത്തിനു നഷ്ടപ്പെട്ട വിളവിന്റെ കുറവ് മുകളിൽപറഞ്ഞിട്ടുള്ള ലിഫ്റ്റ് ഇറിഗേഷനുകൾ വഴി പരിഹരിക്കാൻ കഴിയുന്നതാണ്.

സ്ലൂയിസ് നിർമ്മാണം.

ഒന്നാം വാർഡിൽ കോതമംഗലം ബ്രാഞ്ച് കനാലിന്റെ രണ്ടാം കിലോമീറ്ററിൽ വലതുകര ഭാഗത്ത് ഒരു സ്ലൂയിസ് നിർമ്മിക്കുക.

താഴെ പറയുന്ന സ്ഥലങ്ങളിൽ ചെക്കുഡാമുകൾ നിർമ്മിക്കേണ്ടതാണ്.

1.	വാർഡ് III	കാരിക്കാക്കുഴി തോട്ടിൽ
2.	വാർഡ് III	പുളിക്കപ്പാടത്ത് മൃഗാശുപത്രിക്ക് 100മീ. താഴ്ഭാഗത്ത്
3.	വാർഡ് III	പുളിക്കപ്പാടത്ത് മൃഗാശുപത്രിക്ക് 150മീ. മുകൾ ഭാഗത്ത്
4.	വാർഡ് III	പറാട്, കല്ലുങ്കൽ കെ. വി. പൗലോസിന്റെനിലത്തിന് സമീപം.
5.	വാർഡ് VI	ചാരുപാറ ഭാഗത്ത് കിളിരൂപ്പറമ്പിൽ പുരയിടത്തിനു താഴെ

കുളങ്ങളും ജലസംഭരണികളും

കുളം

(1) നാലാം വാർഡിൽ കൂരികുളം പഞ്ചായത്ത് ചിറയുടെ മേൽഭാഗത്ത് കുളം നിർമ്മിച്ച് കുടിക്കനും, ജലസേചനത്തിനും സൗകര്യമുണ്ടാക്കുക.

(2) എഴാം വാർഡിൽ വരിക്കത്ത്കാരുടെ വീടിനു സമീപം കുളംതാഴ്ത്തി ജലസേചനസൗകര്യമുണ്ടാക്കുക.

(3) അഞ്ചാം വാർഡിൽ മുട്ടത്തുകണ്ടം ഭാഗത്ത് പുത്തൻപുരയ്ക്കൽ പി. എ. കര്യാച്ചന്റെ പുരയിടത്തിനോട് ചേർന്ന് കുളം താഴ്ത്തി ജലസേചന സൗകര്യമുണ്ടാക്കുക.

ജലസംഭരണി

(1) അഞ്ചാം വാർഡിൽ മുട്ടത്തുകണ്ടം മലയുടെ താഴ്വരയിൽ പള്ളത്തുകുടി കുറുമ്പന്റെ വീടിന് മുൻവശത്തുള്ള തോട്ടിൽ രണ്ട് പാറകൾതമ്മിൽ ഉയരത്തിൽ അടുത്തടുത്ത് നിൽക്കുത്ത് സ്ഥലത്ത് ചിറകെട്ടി വെള്ളം സംഭരിച്ചാൽ മലവെള്ളപ്പാച്ചിൽമൂലം കൃഷിനാശം സംഭവിക്കുന്നത് ഒഴിവാക്കാം. കൂടാതെ കെട്ടിനിൽക്കുന്ന ജലം വേനൽക്കാലങ്ങളിലെ അത്യാവശ്യ ആവശ്യങ്ങൾക്കും ജലസേചനത്തിനും ഉപയോഗിക്കാം.

(2)അഞ്ചാം വാർഡിലെ വെളിയേച്ചാൽ മുട്ടത്തുകണ്ടം മുടിയിലും, കൊണ്ടിമറ്റം 611 മുടിയിലും, ജലസേചന സൗകര്യം വളരെ കുറവാണ്. ഈ മേഖലകളിലെ

നീരുറവകളിലെ വെള്ളം സംഭരിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്താൻ കഴിയും. ഇതിന് ചെലവ് വളരെ കുറച്ച് മതിയാകുന്നതാണ്.

(3) പാറാട് മുടിയുടെ ചെരിവിൽ മറ്റത്തി ജോയിയുടെ പറമ്പിന് മുകൾഭാഗത്തുള്ള പാറക്കെട്ടുകൾ തമ്മിൽ കൂട്ടിമുട്ടിച്ച് ജലം സംഭരിച്ചാൽ വേനൽകാലത്ത് ഫെബ്രുവരി മാസം വരെ ജലം ലഭ്യമാക്കാവുന്നതാണ്.

ഭൂമിശാസ്ത്രപരമായി പ്രത്യേകിച്ചുനോക്കുമ്പോൾ നമ്മുടെ പലമലമടക്കുകളിലും ചുരുങ്ങിയ ചെലവിൽ ജലം സംഭരിക്കാവുന്നതും ജലം നിയന്ത്രിച്ച് ഒഴുക്കി കൃഷിക്കോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കാവുന്നതാണ്. തടപ്രദേശങ്ങളിലെ കൃഷി നാശവും, മലമ്പ്രദേശങ്ങളിലെ മണ്ണൊലിപ്പും, അതിവേഗത്തിലുള്ള മലവെള്ള പാച്ചിലും ഒരു പരിധിവരെ തടയാവുന്നതാണ്. ഈ സാദ്ധ്യത കുലംകഷമായി വിലയിരുത്തണം.

വാട്ടർഷെഡ് പ്രോഗ്രാം

കീരംപാറ പഞ്ചായത്തിലെ ഭൂരി ഭാഗം വാർഡുകളിലെ ജലസ്രോതസുകളിൽനിന്നുള്ള വെള്ളം വന്ന് ഒഴുകിചേരുന്ന ഏറ്റവും പ്രധാനപ്പെട്ട ജലസ്രോതസാണ് ഇരുമലകപ്പിൽ നിന്ന് തുടങ്ങി പെരുമണ്ണൂർ, നാടുകാണി, പുളിക്കപാടം, മൂക്കംകുഴി, കാരിക്കാകുഴി എന്നീ നീണ്ട 6.കി.മി. പ്രദേശത്തുകൂടി ഒഴുകി എരപ്പുങ്കൽ തോട്ടിൽ പതിക്കുന്ന പെരുമണ്ണൂർ - എരപ്പുങ്കൽ തോട്.

ഈ തോട്ടിൽ പതിക്കുന്ന നീർച്ചാലുകൾ ധാരാളമാണ്.

(1) നാടുകാണി മലയുടെ മുകളിൽ നിന്ന് ഉത്ഭവിച്ച് സമതലത്തിൽ കൂടി ഒഴുകി പെരുമണ്ണൂർ - എരപ്പുങ്കൽ തോട്ടിൽ പതിക്കുന്ന ഏതാണ്ട് 12 നീർച്ചാലുകൾ ഏഴാം വാർഡിലാണ് സ്ഥിതിചെയ്യുന്നത്.

(2) എട്ടാം വാർഡിലെ കിഴക്കേപൊട്ടൻ മുടി, പടിഞ്ഞാറേ പൊട്ടൻ മുടി, വട്ട മുടി, മുക്കൻ കുഴി, ചെമ്പിക്കോട്, തോണികണ്ടം ചീനികുത്ത് എന്നീ പ്രദേശങ്ങളിൽ നിന്ന് ഉത്ഭവിക്കുന്ന ചെറുതും വലുതുമായ നീർച്ചാലുകൾ ടി പ്രദേശത്തുകൂടി ഒഴുകി പെരുമണ്ണൂർ - എരപ്പുങ്കൽ തോട്ടിൽ പതിക്കുന്നു.

(3) മൂന്നാം വാർഡിലെ പാറാട് മുടി, കല്ലുങ്കൽ കോളനി, പാറാട്, കാഞ്ഞിരം കുന്ന് ഊഞ്ഞാപാറ, കീരംപാറ, കളളാട് എന്നീ പ്രദേശങ്ങളിലുള്ള നീർച്ചാലുകൾ ഒഴുകി പെരുമണ്ണൂർ - എരപ്പുങ്കൽ തോട്ടിൽ പതിക്കുന്നു.

ഒന്നാം വാർഡിലെ ചേലാടൻ കോളനി, പളളിമുക്ക്. ഊഞ്ഞാപാറവടക്ക് ഭാഗം, പുറപ്പാറ എന്നീ പ്രദേശങ്ങളിലുള്ള നീർച്ചാലുകൾ ഒഴുകി പെരുമണ്ണൂർ - എരപ്പുങ്കൽ തോട്ടിൽ പതിക്കുന്നു.

ഒന്നാം വാർഡിലെ കൃഷ്ണപുരം കോളനി, പുന്നേക്കാട്, കരിയിലപ്പാറ, കല്ലാനിക്കപടി എന്നീ പ്രദേശങ്ങളിലുള്ള നീർച്ചാലുകൾ തെക്കോട്ടോഴുകി നിർദ്ദിഷ്ട ജലസ്രോതസിൽപതിക്കുന്നു.


അഞ്ചാം വാർഡിലെ മുട്ടത്തുകണ്ടം മലയുടെ മുകൾഭാഗത്ത് നിന്നും നീർച്ചാലുകൾ പടിഞ്ഞാറോട്ടൊഴുകി നാടുകാണി മലഞ്ചെരുവിൽ കൂടി ഒഴുകുന്ന നീർച്ചാലുകളിൽ ചേരുന്നു. പുന്നേക്കാട് കവല, മുട്ടത്തുകണ്ടം മലയുടെ പടിഞ്ഞാറെൻ പ്രദേശം എന്നിവയിലെ നീർച്ചാലുകളും ടി ജലസ്രോതസിൽപതിക്കുന്നു.


പെരുമണ്ണൂർ-എരപ്പുങ്കൽ തോട്ടിലെ ഈ പഞ്ചായത്തിലെ എട്ട് വാർഡുകളിൽ ഏഴ് വാർഡിലേയും ജലം ഒഴുകിയെത്തുന്നുണ്ട്. ഇത്രയും വലിയ ജലസ്രോതസുള്ള ഈപ്രദേശം സംരക്ഷിക്കേണ്ടത് വളരെ അടിയന്തിര പ്രാധാന്യമുള്ള ഒന്നാണ്.

മുകളിൽപരാമർശിച്ചിട്ടുള്ള നീർച്ചാലുകൾസംരക്ഷിക്കുന്നതിലേക്കായി കീരംപാറ പഞ്ചായത്തിനെ ദേശീയ നീർമറി പദ്ധതിയിലുൾപ്പെടുത്തി പദ്ധതി തയ്യാറാക്കി പ്രവർത്തനം ആരംഭിക്കണം.

ഈ പദ്ധതി നടപ്പിലായാൽ ഈ ഗ്രാമത്തിന്റെ85ശതമാനത്തോളം സ്ഥലത്തിന് പ്രയോജനപ്പെടുന്നതാണ്.

കീരംപാറ ഗ്രാമപഞ്ചായത്തിലെ ജലസ്രോതസ്സ്





മൃഗസംരക്ഷണം

ഈ പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖല 11,962 പക്ഷികളും 6480 മൃഗങ്ങളും അടങ്ങുന്നതാണ്. വളർത്തു പക്ഷികളിൽ കോഴിയാണ് പ്രധാനം. താറാവും മറ്റു പക്ഷികളും വളരെ ചുരുക്കമായി വളർത്തപ്പെടുന്നു. മൃഗങ്ങളിൽ ഏറ്റവും പ്രധാനം പശുക്കളുമാണ്. ഭാരം വലിക്കുന്നതിനും നിലം ഉഴുന്നതിനും ഇപ്പോൾ വളരെ വിരളമായേ മൃഗങ്ങളെ ഉപയോഗിക്കാറുള്ളൂ. പന്നി, ആട്, എന്നിവയും വളർത്തപ്പെടുന്നുണ്ട്. എടുത്തു പറയത്തക്ക ഒരു കാര്യം പട്ടികളുടെ എണ്ണമാണ്.

സംസ്ഥാനത്തിന്റെ വരുമാനത്തിൽ 10 1/2% മൃഗസംരക്ഷണ മേഖലയിൽ നിന്നും ലഭിക്കുമ്പോൾ പദ്ധതി വിഹിതത്തിന്റെ 1 1/3 ഈ മേഖലയിൽ ചെലവഴിക്കുന്നു. പാൽ.മുട്ട, ഇറച്ചി, ക്ഷീരോല്പന്നങ്ങൾ എന്നിവയുടെ ഉല്പാദനത്തിൽ ഒരു കുതിച്ചു ചാട്ടം തന്നെ സംസ്ഥാനത്തോടൊപ്പം ഈ പഞ്ചായത്തിലുമുണ്ടായിട്ടുണ്ട്. പാലിന്റെ ഉപഭോഗവും ഇവിടെ വർദ്ധിച്ചിട്ടുണ്ട്.

നടപ്പു പദ്ധതികളുടെ അവലോകനം വിശകലനം ചെയ്യുമ്പോൾ ഈ പഞ്ചായത്തിനെ സംബന്ധിക്കുന്ന താഴെ പറയുന്ന കാര്യങ്ങൾ മനസിലാക്കാവുന്നതാണ്.

1. നമ്മുടെ നാട്ടിൽ മുട്ടയുല്പാദനം വളരെ കുറവാണ്. സംസ്ഥാന തലത്തിൽ പ്രതിശീർഷ ഉപഭോഗം വെറും 75 മുട്ടയാണ്. ഇത് 2000 ാം ആണ്ടോടുകൂടി 200 എന്ന നിലയിലെത്തണം. ഇതിലേക്ക് വൻതോതിൽ മുട്ടക്കോഴികളെ വളർത്തേണ്ടതും കുറഞ്ഞ ചെലവിൽ ആയതിലേക്ക് ആവശ്യമായ തീറ്റ കർഷകർക്കു ലഭ്യമാക്കേണ്ടതുമാകുന്നു. കാലിത്തീറ്റ/കോഴിത്തീറ്റ ഉല്പാദനശാല ഇവിടെ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്. കാർഷിക മേഖലയായ ഇവിടെ ഉല്പാദിപ്പിക്കുന്ന കച്ചിയും മലമ്പ്രദേശത്തുണ്ടാകുന്ന പുല്ലും പ്രയോജനപ്പെടുത്താം. ചോളം, മത്സ്യവശിഷ്ടങ്ങൾ മുതലായവ അടുത്ത സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യാവുന്നതാണ്. മരച്ചീനി, ഉച്ചിഷ്ട ഭക്ഷണം, ചക്ക, കൊക്കോത്തൊണ്ട് തുടങ്ങിയവ നാട്ടിൽ ലഭ്യമാണ്.

2. മുട്ടയുല്പാദനം വർദ്ധിപ്പിക്കുന്നതിന് നമുക്ക് വീട്ടുമുറ്റത്ത് കോഴിവളർത്തൽ എന്ന രീതി അവലംബിക്കാവുന്നതാണ്. ആസ്ട്രോവൈറ്റ്, റെഡ്ബ്രോവൈറ്റ്, എന്നീ ഇനത്തിൽപെട്ട കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കിയാൽ ഈ രംഗത്തു വളരെ പുരോഗമിക്കാൻ കഴിയും.

3. ഈ നാട്ടിലെ ജനങ്ങളുടെ ആരോഗ്യപരമായ നിലനില്പിന് മാംസ്യാഹാരം അനുപേക്ഷണീയമാണ്. ജനങ്ങളുടെ വാങ്ങൽ ശേഷിയുടെ കുറവ് ഈ രംഗത്തെ പരാജയമാണ്. ശാസ്ത്രീയമായ മൃഗപരിപാലനവും പക്ഷിപരിപാലനവും സാധ്യമാക്കണം. മാത്രമല്ല ഒരു ശാസ്ത്രീയ അറവുശാലയും സംരക്ഷണ ശാലയും ഉണ്ടാകേണ്ടത് അനിവാര്യമാണ്. ആട്, പന്നി, മുയൽ, പശു, കോഴി ഇവയുടെ നല്ലയിനം കുഞ്ഞുങ്ങളെ ലഭിക്കുന്നതിനും അവയെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും വേണ്ട ബോധവൽക്കരണവും ശാസ്ത്രീയമായ കർമ്മ പദ്ധതിയും ഉണ്ടാകുന്നത് നന്നായിരിക്കും. ഇത് ഗ്രാമീണർക്കു കൂടുതൽ തൊഴിലും പ്രദാനം ചെയ്യും.

കൂടുതൽ സങ്കര ഇനങ്ങളെ ഉല്പാദിക്കുന്നതോടൊപ്പം മെച്ചപ്പെട്ട പ്രാദേശിക ഇനങ്ങളെ നിലനിർത്താൻ വേണ്ട കരുതലുണ്ടാകണം. ഈ പഞ്ചായത്തിലെ വെച്ചൂർ ഇനത്തിൽപ്പെട്ട പശുക്കളെ പ്രത്യേകം കണ്ടെത്തി പരിപാലിക്കുവാൻ നമുക്കു കഴിയണം.

1987 ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ പക്ഷിമൃഗസമ്പത്തു വിശകലനം ചെയ്യുമ്പോൾ താഴെ പറയുന്ന നിഗമനങ്ങളിലെത്താം.

	ഇനം	നാടൻ	സങ്കരം	ആകെ
1	കന്നുകാലി	2334	1399	3733
2.	പോത്ത്/എരുമ	259	-	259
3.	ആട്	623	-	623
4.	പന്നി	543	-	543
5.	വളർത്തുനായ്	1865	-	1865
6.	കോഴി	10588	1148	11736
7.	താറാവ്	171	-	171

നിഗമനങ്ങൾ

1. കന്നുകാലി സങ്കരസംവർദ്ധനം ഏറെ നടന്നിട്ടുണ്ട്.
2. പോത്ത് എരുമ വിഭാഗത്തിൽ സങ്കര ഇനങ്ങൾ ഇല്ല.
3. ആടുകളെ വളർത്തുന്നതിൽ സാദ്ധ്യതകൾ കൂടുതൽ ഉണ്ടെങ്കിലും നല്ലയിനം ആടുകൾ വേണ്ടത്ര ഇല്ല.
4. മിക്കവാറും വീടുകളിൽ നായയെ വളർത്തുന്നുണ്ട്. ഈ വീടുകളുടെ ഭൗതിക സാഹചര്യം വച്ചു നോക്കുമ്പോൾ ഈ പട്ടികൾ നന്നായി വളർത്തപ്പെടുന്നവയല്ല എന്നു കാണാൻ കഴിയും. അലഞ്ഞുതിരിയുന്നവ ഏറെയുണ്ട്. ഇവയെ പേവിഷ നിർമ്മാർജ്ജന പരിപാടിയിൽപ്പെടുത്തി നശിപ്പിക്കാനുള്ള പദ്ധതി ഉണ്ടാകണം. ഈ പഞ്ചായത്തിലെ 194 പട്ടികളെ മാത്രമാണ് കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ, പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പ്പ് നടത്തിയിട്ടുള്ളത്. ബാക്കിയുള്ളവയെ കുത്തിവയ്ക്കാനുള്ള സംവിധാനമുണ്ടാകണം.
5. കോഴികളുടെ സങ്കരയിനം വർദ്ധിപ്പിക്കേണ്ടതുണ്ട്.
6. നമ്മുടെ പഞ്ചായത്തിലെ വിസ്തൃതമായ വാട്ടർ ഏരിയയുമായി താരതമ്യപ്പെടുത്തുമ്പോൾ താറാവു വളർത്താനുള്ള സാധ്യത വളരെ കൂടുതലാണ്.
7. 1996 ലെ മൃഗ സെൻസസ് പ്രകാരം സങ്കരയിനങ്ങളുടെ വർദ്ധനവിന് അനുപാതികമായിട്ടല്ല നാടൻ ഇനത്തിൽ കുറവുവന്നിട്ടുള്ളത് എന്നു കാണുന്നു. ഈ കുറവ് ആപൽക്കരമാകാതെ ശ്രദ്ധിക്കണം.

നടപ്പു പദ്ധതികൾ

1. പന്നിവളർത്തൽ വികസന പദ്ധതി
2. ബ്യത്തായ പന്നി വളർത്തലും കോഴി വളർത്തലും പദ്ധതി.
3. വീടു വളപ്പിലെ കോഴി വളർത്തൽ
4. പ്രത്യേക ഘടക പദ്ധതി ആട്, കോഴി, കിടാരി വിതരണം
5. കന്നുകാലി വികസനത്തിനുള്ള മൃഗസംരക്ഷണസേവനങ്ങൾ
6. വികസനവും പരിശീലനവും വിജ്ഞാന വ്യാപനവും.
7. പേവിഷ നിയന്ത്രണപദ്ധതി
8. കുളമ്പുരോഗപ്രതിരോധ പദ്ധതി.
9. കാലി വസന്തനിർമ്മാർജ്ജന പദ്ധതി
10. കാലിരോഗ നിയന്ത്രണപദ്ധതി.

പോരായ്മകൾ

1. വാക്സിനും മരുന്നും വാങ്ങാനുള്ള പദ്ധതിവിഹിതം വേണ്ടത്ര ലഭിക്കുന്നില്ല.
2. നല്ലയിനം പന്നി, ആട്, കോഴി, മുതലായവയുടെ കുഞ്ഞുങ്ങളെ വേണ്ടത്ര വിതരണം ചെയ്യാൻ കഴിയുന്നില്ല.

ഗ്രാമസഭയുടെ ആവശ്യങ്ങൾ

വാർഡ് 1

1. മൃഗാശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കുക.
2. മൃഗങ്ങളുടെ രോഗപ്രതിരോധത്തിനായി ഗവ. തലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുക.
3. കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുക.
4. അത്യുല്പാദനശേഷിയുള്ള നല്ലയിനം പശുക്കളെ ലഭ്യമാക്കുക.
5. പ്രയാധിക്യമുള്ള മൃഗങ്ങളെ സംരക്ഷിക്കാൻ പഞ്ചായത്തുതലത്തിൽ കെട്ടിടങ്ങൾ നിർമ്മിച്ച് ആളെ നിയമിക്കുക. അതിന്റെ ചെലവിലേക്ക് മൃഗത്തിന്റെ ഉടമസ്ഥരിൽ നിന്നും പഞ്ചായത്ത് പണം സ്വരൂപിക്കുക.

വാർഡ് 2

1. പശു, ആട്, കോഴി, പന്നി എന്നിവ വളർത്താൻ ആവശ്യമായ പദ്ധതികൾ ഉടൻ നടപ്പിലാകുക. ഇതിനാവശ്യമായ സബ്സിഡി ലഭ്യമാക്കുക.
2. മരുന്നുകളും, പ്രതിരോധ കുത്തിവയ്പ്പുകളും വാക്സിനുകളും സൗജന്യനിരക്കിൽ ലഭ്യമാക്കുക.
3. മൃഗാശുപത്രിയുടെ സൗകര്യം വർദ്ധിപ്പിക്കുക.
4. മുട്ടക്കോഴി വളർത്തൽ വൻതോതിൽ നടപ്പാക്കുന്നതിന് സബ്സിഡി നൽകി പദ്ധതി നടപ്പാക്കുക.
5. മൃഗങ്ങളെ വളർത്തുന്നതിനാവശ്യമായ തീറ്റ, കൂട്, എന്നിവ നിർമ്മിക്കുന്നതിന് ധനസഹായം നൽകുക.
6. ജലസേചനം നടത്തുക.
7. കന്നുകാലി പ്രദർശനവും കാർഷിക സെമിനാറും പരിശീലനവും നടത്തുക.

വാർഡ് III

1. മൃഗാശുപത്രിക്ക് കോമ്പൗണ്ട്‌വാൾ, ക്വോർട്ടേഴ്സ്, വാട്ടർ സപ്ലൈ, ഓപ്പറേഷൻ തീയേറ്റർ,ടെലിഫോൺ സൗകര്യം എന്നിവയുണ്ടാക്കുക.
2. മരുന്നുകളുടെ ലഭ്യത ഉറപ്പാക്കണം, ഗോരക്ഷാക്യാമ്പു നടത്തണം, പേവിഷബാധക്കെതിരെയുള്ള ക്യാമ്പ് നടത്തുക., തെരുവുനായ്ക്കളെ നശിപ്പിക്കുക.
3. സങ്കര ഇനം പശുക്കളെ വളർത്താൻ പ്രോത്സാഹിപ്പിക്കുക.
4. ഡയറിഫാം സാധ്യതയുണ്ടാക്കുക.
5. പാൽവിതരണ സംഭരമയൂണിറ്റ് ഊഞ്ഞാപ്പാറയിൽ സ്ഥാപിക്കുക.
6. കീലിത്തീറ്റ സംരക്ഷിക്കുന്നതിന് ഗോഡൗൺ ഉണ്ടാക്കുക.
7. ശാസ്ത്രീയ അറവുശാലയുണ്ടാക്കുക.
8: സബ്സിഡി നിരക്കിൽ കാലിത്തറ്റി കന്നുകുട്ടി പരിപാലനത്തിന് നല്കുക.
9.ഇറച്ചിക്കോഴി വളർത്താൻ പ്രോത്സാഹിപ്പിക്കുക. വിപണി ഉണ്ടാക്കുകയും ചെയ്യുക.
10. കോൾഡ് സ്റ്റോറേജ് സൗകര്യം ഉണ്ടാക്കുക.
11. എല്ലാവിധ കാലിത്തീറ്റകളും ലഭ്യമാക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ സംഘം രൂപീകരിക്കുക. അതുപോലെ പുൽവിത്തുകളും വിതരണം ചെയ്യുക. മുട്ടക്കോഴി വളർത്തൽ, ആട് വളർത്തൽ,പന്നിവളർത്തൽ, മുയൽ വളർത്തൽ, കാട എന്നീ യൂണിറ്റുകൾ തുടങ്ങാൻ പ്രോത്സാഹിപ്പിക്കുക.

വാർഡ് IV

1. പശുക്കളെ വളർത്തുന്നതിനും മൃഗസംരക്ഷണത്തിനും ആവശ്യമായ സബ്സിഡി നൽകുക.
2. കന്നുക്കുട്ടികളെ ദത്തെടുക്കുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്തുക.

വാർഡ് V

1. വെളിയേൽച്ചാലിൽ മൃഗാശുപത്രിയുടെ സബ്സെന്റർ സ്ഥാപിക്കുക.
2. പട്ടികജാതിയിൽപ്പെട്ടവർക്ക് ആട്, കോഴി, പന്നി, പശു എന്നിവ സൗജന്യമായി വിതരണം ചെയ്യുക.
3. വാർഡിൽ ഇറച്ചിക്കോഴി വളർത്തലിനും പന്നി വളർത്തലിനും സഹായം നൽകുക.

വാർഡ് VI

1. മൃഗാശുപത്രി സ്ഥാപിക്കുക.
2. പെരിയാർ വാലിയുടെ കരഭാഗങ്ങളിൽ പുൽകൃഷി ചെയ്യാനുള്ള സൗകര്യമൊരുക്കുക. പുൽവിത്തുകൾ വിതരണം ചെയ്യുക.
3. ശാസ്ത്രീയമായ കന്നുകാലി വളർത്തലിനും ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനും വേണ്ട സാങ്കേതിക വശങ്ങൾ കർഷകരെ പഠിപ്പിക്കുക.
4. കോഴി വളർത്തലിനു സാദ്ധ്യതയുള്ളതുകൊണ്ട് നല്ലയിനം കോഴികളെ ലഭ്യമാക്കുക.

വാർഡ് VII

1. മൃഗസംരക്ഷണത്തിന്റെ ഭാഗമായി ഒരു ഘ.ണ.അ.ഡ സെന്റർ സ്ഥാപിക്കുക.
2. പശു, ആട്, കോഴി എന്നിവ സൗജന്യനിരക്കിൽ ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.
3. തീറ്റപ്പുൽകൃഷിക്ക് ആവശ്യമായ പുൽവിത്ത്, വളം എന്നിവ ലഭ്യമാക്കുക.
4. തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകുക.
5. മേൽത്തരം പുൽവിത്ത് വിതരണം ചെയ്യുക.
6. പാൽ കൊടുക്കുവാനുള്ള സൗകര്യം ഉണ്ടാക്കുക.
7. കോഴി വിറ്റഴിക്കാനുള്ള സൗകര്യം വർദ്ധിപ്പിക്കുക.

സാദ്ധ്യതകൾ.

1. നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതി പരിശോധിക്കുമ്പോൾ പാറ പ്രദേശങ്ങളിലെ മണ്ണായം കുറഞ്ഞ പ്രദേശങ്ങളിൽ തീറ്റപ്പുൽ കൃഷിക്കുള്ള സാധ്യത വളരെയേറെയാണ്. തന്നെയുമല്ല,സസ്യാവരണമുണ്ടാകുന്നത് മണ്ണൊലിപ്പ് തടയുന്നതിനും ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും കാരണമാകും.

2. പ്രതിദിനം 1250 ലിറ്റർ പാൽ ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്നു. ഇത് വിറ്റഴിക്കുന്നത് ഗ്രാമീണരുടെ മതിയാംവണ്ണമുള്ള ഉപഭോഗത്തിനു ശേഷമല്ല എന്നു കാണാൻ കഴിയും അതുകൊണ്ട് പാൽ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനുവേണ്ട കരുതൽ ഉണ്ടാകണം.

3. ഈ പഞ്ചായത്തിലെ മൃഗപരിപാലനത്തിന് ഊഞ്ഞാപ്പാറ പ്രവർത്തിക്കുന്ന മൃഗാശുപത്രിയുടെ ഭൗതീകസാഹചര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്. അത്യാവശ്യമായ ലബോറട്ടറി, ഓപ്പറേഷൻ തീയേറ്റർ എന്നിവയുണ്ടാക്കുകയും ചോർന്നൊലിക്കുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കുകയും വൈദ്യുതി കണക്ഷനും വാട്ടർ കണക്ഷനും ലഭ്യമാക്കുകയും വേണം. മൃഗാശുപത്രിയിലേയ്ക്കാവശ്യമായ വാക്സിനുകളും മരുന്നുകളും അവ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയും വേണം. കൂടാതെ ആവശ്യമുള്ളത്രയും സ്ബ്സെന്ററുകളും വേണം.

കർഷകർക്ക് ആവശ്യമുള്ള നല്ലയിനം വളർത്തു മൃഗങ്ങളേയും, പക്ഷികളേയും, (കുഞ്ഞുങ്ങൾ) ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു ഫാം ഈ പഞ്ചായത്തിലോ താലൂക്കിലോ രൂകല്പന ചെയ്യുന്നത് നന്നായിരിക്കും. ബ്ലോക്ക് തലത്തിലോ ജില്ലാ തലത്തിലോ ഇതിനുള്ള ഫണ്ട് സമാഹരിച്ച് ഇത്തരം ഒരു സ്വിധാനം ഉണ്ടാക്കാവുന്നതാണ്.

5.2 മത്സ്യബന്ധനം.



പെരിയാർ നദിയുടെ സാമിപ്യം കൊണ്ട് അനുഗൃഹീതമായ കീരംപാറപഞ്ചായത്തിൽ ആദ്യകാലങ്ങളിൽ മത്സ്യബന്ധനം ജനങ്ങളുടെ ഒരു ഉപതൊഴിലായിരുന്നു. അന്ന് ഇവിടെ ധാരാളം നാടൻ മത്സ്യങ്ങൾ ലഭിക്കുമായിരുന്നു. പിന്നീട് കൃഷിസംരക്ഷണത്തിനു വേണ്ടിയുള്ള കീടനാശിനി പ്രയോഗവും, തോട്ട, നഞ്ച് എന്നിവയുടെ വ്യപകമായ ഉപയോഗവും, നമ്മുടെ ശുദ്ധ ജലമത്സ്യസമ്പത്ത് വൻതോതിൽ നശിക്കുന്നതിനിടയാക്കി. അടുത്തകാലത്തുണ്ടായ രോഗബാധയുടെ ഫലമായി ഇവിടെ സുലഭമായി ലഭിച്ചിരുന്ന, വരാൽ, മുഴി,ആരൽ, കുറുവ ക്രൂരൽ, പൂളോൻ, കല്ലുമുട്ടി, കരിങ്കണ്ണ തുടങ്ങി നല്ലയിനം ശുദ്ധജലമത്സ്യങ്ങൾ വംശനാശഭീഷിണി നേരിടുകയാണ്. ഈ രോഗബാധയുടെ കാര്യകാരണങ്ങളെക്കുറിച്ച് ഇന്നുവരെ ഒരു ഗവേഷണപ്രവർത്തനങ്ങളും ഈ പ്രദേശത്ത് നടത്തിയിട്ടില്ല. ഇതിനു അടിയന്തിരമായ പഠനങ്ങൾ നടത്തി ഈ മത്സ്യസമ്പത്തുസംരക്ഷിക്കുന്നതിനുള്ള നടപടികൾ കൈക്കൊളേളണ്ടതാണ്.

പെരിയാർവാലി ഇറിഗേഷൻ പദ്ധതിയുടെ ഈ പഞ്ചായത്തിൽ ശാസ്ത്രീയമത്സ്യക്കൃഷിക്കുള്ള സാധ്യതകൾ തെളിഞ്ഞു. ഈ പദ്ധതിയുടെ ഫലമായി 165 ഹെക്ടർ കൃഷി നിലങ്ങൾ വെളളത്തിനടിയിലായി. ഇതിൽ 50 ഹെക്ടർ സ്ഥലം ശാസ്ത്രീയ മത്സ്യക്കൃഷിക്ക് വളരെ അനുയോജ്യമാണ്. കാരണം വെള്ളം കയറിയതുമൂലം ഒറ്റപെട്ടുപോയ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനു വേണ്ടി പെരിയാർവാലി ജലാശയത്തിനു കുറുകെ ബണ്ടുകളും, പാലങ്ങളും, കലുങ്കുകളും തീർത്തിട്ടുണ്ട്. ഇങ്ങനെ പഞ്ചായത്തിൽ II, IV,V,VI - എനീ വാർഡുകളിലായി 11 സ്ഥലങ്ങളിൽ മത്സ്യക്കൃഷി നടത്തുന്നതിന് മനുയോജ്യമായിതീർന്നിട്ടുണ്ട്. ഇവിടങ്ങളിൽ അധിക ചെലവില്ലാതെ, പാലങ്ങൾക്കും, കലുങ്കുകൾക്കും ഇടയിൽ വലകൾ സ്ഥാപിച്ച് മത്സ്യങ്ങളെ വളർത്താം.

മേല്പറഞ്ഞ സ്ഥലങ്ങളിൽ ഒരു സ്വകാര്യഏജൻസി മത്സ്യക്കൃഷി നടത്തിയിരുന്നുവെങ്കിലും നടത്തിപ്പിലുള്ള പാളിച്ചകൾ മൂലം അത് പരാജയമായിരുന്നു. എങ്കിലും പ്രതിവർഷം മുന്നുസ്ഥലങ്ങളിലായി ഏകദേശം 6000. കിലോ മത്സ്യംലഭിച്ചിരുന്നു. ഇപ്പോൾ ഈ സ്ഥലങ്ങൾ മത്സ്യക്കൃഷി ചെയ്യാതെ വെറുതെകിടക്കുകയാണ്.

മുകളിൽപ്പറഞ്ഞ പെരിയാർവാലിയുടെ അധീനതയിലുള്ള പ്ലോട്ടുകൾ മത്സ്യക്കൃഷിക്ക് വേണ്ടി പഞ്ചായത്തിനു വിട്ടുകിട്ടുകയാണെങ്കിൽ, സഹകരണാടിസ്ഥാനത്തിൽ വൻതോതിൽ മത്സ്യക്കൃഷിനടത്താൻ കഴിയും. ഇതിനാവശ്യമായ നടപടികൾ സർക്കാർതലത്തിൽ ഉണ്ടാവണം.

ഗ്രാസ്കാർപ്പ്, മൃഗാൾ, രോഹു, തുടങ്ങിയ മേൽത്തരം മത്സ്യങ്ങളെ എളുപ്പത്തിൽ വളർത്താൻ കഴിയുന്നഘടനയാണ് ഇവിടുത്തെ ജലാശയങ്ങൾക്കുളളത്. ഇതിൽ ഗ്രാസ്കാർപ്പ് പുല്ലുതിന്നുജീവിക്കുന്നവയും ജലത്തിന്റെ ഉപരിഭാഗത്ത് വളരുന്നവയും, മൃഗാൾ ജലത്തിന്റെ മദ്ധ്യഭാഗത്ത് വളരുന്നവയും, രോഹു ചെളിതിന്നുന്നവയും ജലത്തിന്റെ അടിഭാഗത്ത് വളരുന്നവയും ആണ്.

ജലാശയങ്ങളിൽ കാണപ്പെടുന്ന പായലും മറ്റ് ജല സസ്യങ്ങളും ഗ്രാസ്കാർപ്പിന്റെ ആഹാരമാണ്. കൂടാതെ കാർഷികമേഖലയായ ഇവിടുത്തെ പുല്ലും മറ്റ് കാർഷികോൽപ്പന്നങ്ങലുടെ അവശിഷ്ടങ്ങളും ഗ്രാസ്കാർപ്പിന് ഭക്ഷണമായി നൽകാം. മലവെളളത്തിലൂടെ ഒഴുകിവരുന്ന ജൈവാംശം മൃഗാൾ, രോഹു എന്നീ മത്സ്യങ്ങളുടെ പദ്ധ്യാഹാരമാണ്. ഇവിടങ്ങളിൽ ലാഭകരമായി ഇടവിളയെന്നനിലയിൽ താറാവുകൃഷി ചെയ്യാവുന്നതുമാണ്. ഇതിന്റെ വിസർജ്യം മത്സ്യങ്ങളുടെ ആഹാരമാണ്.

ഒരു ഹെക്ടറിൽ ഏകദേശം 4000 മത്സ്യകുഞ്ഞുങ്ങളെ വളർത്താം. ഇതിൽ വിളവെടുപ്പ് കാലഘട്ടത്തിൽ കേടുപാടുകൾ തീർന്ന് 65% മത്സ്യങ്ങളെ ലഭിക്കും. ഏകദേശം ഒരു മത്സ്യം ഒരു കിലോ തൂക്കം വരുമെന്ന് കണക്കാക്കിയാൽ ഒരു ഹെക്ടറിൽ നിന്ന് ഏകദേശം 2500 കിലോ ഗ്രാം മത്സ്യം പിടിക്കാം (ഇവിടെ 10 കിലോ ഗ്രാം വരെ തൂക്കമുളള മത്സ്യങ്ങളെ ലഭിച്ചിട്ടുണ്ട്. കിലോ ഒന്നിന് 30രൂപയെന്ന് കണക്കാക്കിയാൽ ഒരു ഹെക്ടറിൽ നിന്ന് ഏകദേശം 78000 രൂപയുടെ മത്സ്യം കിട്ടും. അങ്ങനെനോക്കുമ്പോൾ

മത്സ്യക്കൃഷിക്കനുയോജ്യമായ 50 ഹെക്ടർ സ്ഥലത്ത് ശാസ്ത്രീയമായി കൃഷിചെയ്യുകയാണെങ്കിൽ കുറഞ്ഞത് 40,00000 രൂപയുടെ മത്സ്യങ്ങളെ ഇവിടെ വളർത്താൻ കഴിയും.

ചുവടെ മത്സ്യക്കൃഷിക്കുപറ്റിയ പ്രദേശങ്ങളെ കുറിച്ചുള്ള വിവരണം കൊടുക്കുന്നു.

ക്രമനമ്പർ	സ്ഥലത്തിന്റെ പേര്	വിസ്തീർണം ഹെക്ടറിൽ
1	തെക്കുംമേൽ	4.8
2	ചേലമല	3.7
3	കുരികുളം I	6.4
4	കുരികുളം II	4.6
5	ഓവുങ്കൽ I	3.5
6	ഓവുങ്കൽ I	6.4
7	പാലമറ്റം	8.1
8	ചീക്കോട്	5.4
9	കുരുന്നപ്പിള്ളി നട	2.4
10	ചാരുപാറ	3.3
11	പോത്തുപാറ	2.5
	ആകെ	50.1

ഈ 50 ഹെക്ടർ സ്ഥലത്ത് മത്സ്യക്കൃഷി നടത്തുന്നതിന്റെ ഫലമായി ഏകദേശം 55 പേർക്കുനേരിട്ടും 100 ഓളം പേർക്കുപരോക്ഷമായും തൊഴിൽ സാധ്യതയുണ്ട്.

ചെമ്മീൻകൃഷി

മുകളിൽപ്പറഞ്ഞ മത്സ്യക്കൃഷിക്കുപയുക്തമായ ജലാശയങ്ങളുടെ ആഴം കുറഞ്ഞ പ്രദേശങ്ങളിൽ ചെമ്മീൻകൃഷി നടത്താൻ കഴിയുന്നതിന്റെ സാധ്യതകളെകുറിച്ചു പരീക്ഷണാടിസ്ഥാനത്തിൽ ചിന്തിക്കേണ്ടതാണ്. ഇതിനുള്ള സാധ്യതയും തള്ളിക്കളയാവുന്നതല്ല.


നേഴ്സറിയും അക്വേറിയവും

ഏഷ്യയിലെ ഏറ്റവും വലിയപക്ഷിസങ്കേതമായ തട്ടേക്കാട് ധാരാളം ടൂറിസ്റ്റുകൾ വന്നുപോകുന്നു. തട്ടേക്കാട് കടവിനു സമീപമുള്ള കാച്ച്മെന്റ് ഏരിയായിൽ ഒരു അക്വേറിയവും, മത്സ്യനേഴ്സറിയും തുടങ്ങനുള്ള സാധ്യതകൾ അളവറ്റതാണ്. ഇത് പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗവും, ടൂറിസ്റ്റുകൾക്ക് ആസ്വാദ്യകരവുമായിരിക്കും.

ഗ്രാമസഭാറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾ

1. മത്സ്യം വളർത്തുന്നതിനുള്ള കുളം നിർമ്മിക്കുന്നതിനു കൃഷിക്കാർക്ക് ധനസഹായം നൽകുക.
2. മത്സ്യകൃഷിക്ക് ഫലപ്രദമായപ്രദേശങ്ങളിൽ ചെറുകിടകൃഷിക്കാർക്ക് മത്സ്യകൃഷിക്ക് വേണ്ട സൗകര്യങ്ങളും സബ്സിഡിയും നൽകുക.
3. മത്സ്യകൃഷിക്ക് യോജിച്ച കുളങ്ങളെക്കുറിച്ച് സർവ്വെനടത്തി മത്സ്യം വളർത്തുന്നതിനെ പ്രോത്സാഹിപ്പിക്കുക
4. സഹകരണാടിസ്ഥാനത്തിൽ മത്സ്യക്കുഞ്ഞുങ്ങളെ വളർത്താൻ യൂണിറ് സ്ഥാപിക്കുക
5. F.F.D.A. യുമായി ചർച്ചനടത്തി P.V.I.P. പ്രോജക്ട് ഏരിയയിൽനിന്നും സ്ഥലം പഞ്ചായത്തിന്റ് ലഭ്യമാക്കി മത്സ്യകൃഷി നടത്തുക.
6. F.F.D.A. യുടെ നേതൃത്വത്തിൽ മത്സ്യവിളവ് എടുക്കുന്നതിന് സഹായിക്കുക.
7. മത്സ്യകർഷകസംഘങ്ങൾ സംഘടിപ്പിച്ച് സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുക.

5.3 വ്യവസായം



ഏതൊരു രാജ്യത്തിന്റെയും സാമ്പത്തികാടിത്തറ, കാർഷികവ്യാവസായിക പുരോഗതിയിലധിഷ്ഠിതമാണ് എന്നാൽ വ്യവസായവത്കരണത്തിൽ നമ്മുടെ പഞ്ചായത്ത് വളരെ പിന്നിലാണ്. എടുത്തു പറയാവുന്ന ഒരു വ്യവസായവും നമ്മുടെ പഞ്ചായത്തിലില്ല. കാർഷിക മേഖലയായ നമ്മുടെ പ്രദേശത്തു നിന്നും വ്യവസായങ്ങൾക്കാവശ്യമായ ധരാളം അസംസ്കൃത വിഭവങ്ങൾ കയ്റ്റി അയക്കുന്നുണ്ട്. എന്നാൽ അതുപയോഗിച്ച്കൊണ്ടുള്ള വ്യവസായയൂണിറ്റുകൾ തുലോം പരിമിതമാണ്.

വ്യവസായവികസനത്തിന് പഞ്ചാത്തലമൊരുക്കാനുള്ള പല അധികാരങ്ങളും പഞ്ചായത്ത് സമിതികൾക്ക് കൈവന്നസാഹചര്യത്തിൽ ഒമ്പതാം പദ്ധതിയിൽ ഇക്കാര്യത്തിന് മുൻഗണന നൽകണം. കോടിക്കണക്കിന് രൂപയുടെ ഉത്പന്നങ്ങളാണ് പ്രതിവർഷം കേരളത്തിലെ കമ്പോളങ്ങളിൽ വിറ്റഴിക്കപ്പെടുന്നത്. ഇന്നാട്ടിലെ അസംസ്കൃത വിഭവങ്ങൾ ഉപയോഗിക്കാവുന്ന, കൂടുതൽ പേർക്ക് ജോലി നൽകാവുന്ന, മൂലധനവും വൈദ്യുതിയും വളരെ കുറച്ച് വേണ്ടിവരുന്ന, ചെറുകിട, കുടിൽ വ്യവസായങ്ങൾക്ക് നാം മുൻഗണന നൽകണം

നിലവിലുള്ള വ്യവസായങ്ങൾ

1. റബ്ബർ ഫാക്ടറികൾ

പഞ്ചായത്തിന്റെ കാർഷിക വാണിജ്യ വിളകളിൽ പ്രധാനപങ്ക് റബ്ബറിനാണ്. ലാറ്റക്സ് വ്യവസായത്തിന് വളരെ ഏറെ സാദ്ധ്യതകളുണ്ട്. റബ്ബറിനെ ആശ്രയിച്ച് അഞ്ച് വ്യവസായസംരഭങ്ങളാണുള്ളതെങ്കിലും മൂന്നെണ്ണം ഇപ്പോഴും പ്രവർത്തന രഹിതമാണ്. മറ്റു രണ്ടെണ്ണത്തിൽ ഒരെണ്ണം മാത്രമേ ഉത്പാദനം ആരംഭിച്ചിട്ടുള്ളൂ. അഞ്ചാമതായി ഒരു റബ്ബർത്തടി സംസ്കരണയൂണിറ്റ് അതിന്റെ പ്രാരംഭദശയിലാണ്. ഈ വ്യവസായത്തിന് ഇവിടെ സാദ്ധ്യതകൾ ഏറെയുണ്ട്. പക്ഷേ ആരംഭിച്ചിട്ടുള്ള ഫാക്ടറികൾ സ്വകാര്യമേഖലയിലാണ്. പൊതുമേഖലയിലുഹ സഹകരണമേഖലയിലും ഇത്തരം സംരഭങ്ങൾ തുടങ്ങേണ്ടിയിരിക്കുന്നു.

റബ്ബർ അനുബന്ധ വ്യവസായങ്ങളായ ചെരുപ്പുനിർമ്മാണം, റബ്ബർ ബാൻഡ്, ഫിംഗർ ക്യാപ്പ്, റബ്ബർ ത്രഡ്, റബ്ബർ ഷേഡ്, പ്ലാസ്റ്റിക് ചിരട്ട, വളയം, ചില്ല് തുടങ്ങിയ കുടിൽ വ്യവസായങ്ങൾ തുടങ്ങുന്നതിന് സാദ്ധ്യതകൾ ഏറെയുണ്ട്. ഇത്തരം വ്യവസായങ്ങളുടെ വിപണി വിദേശത്തും, ഇൻഡ്യയിലും കൂടുതൽ സാദ്ധ്യതയുള്ളതാണ്.

റബ്ബർ ഫാക്ടറികൾ

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	പ്രവർത്തനം
1.	പ്രീമിയർ റബ്ബർ ഫാക്ടറി പാലമറ്റം	ഇല്ല
2.	എക്സൽ റബ്ബർ ഫാക്ടറി പാലമറ്റം	ഇല്ല
3.	മാർവ്വൽ റബ്ബർ ഫാക്ടറി പാലമറ്റം	ഇല്ല
4.	ബേസിൽ റബ്ബർ ഫാക്ടറി പോത്തുപാറ	ഉണ്ട്
5.	ഹൈറേഞ്ച് വുഡ്ട്രീസ് ചെങ്കര	ആരംഭിച്ചിട്ടില്ല

തടിവ്യവസായം

ഈ പഞ്ചായത്തിന്റെ ഒരു ഭാഗം വനവുമായി ബന്ധപ്പെട്ടുകിടക്കുന്നതാണെങ്കിൽപ്പോലും നിയമത്തിന്റെ നൂലാമാലകൾകൊണ്ട് തടിയും അനുബന്ധ വ്യവസായങ്ങൾക്കും സാദ്ധ്യത തുലോം കുറവാണ്.

കാർപ്പെന്ററി മേഖലയിൽ വിദഗതൊതൊഴിലാളികളുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. പരിശിലനം കൊടുക്കുന്നതായാൽ തൊഴിൽസാദ്ധ്യത വർദ്ധിക്കും. നിയമങ്ങൾ ലഘൂകരിക്കുകയാണെങ്കിൽ തടികൾ ഇവിടെ നിന്നു നേരിട്ടുവാങ്ങി ഫർണിച്ചർ വ്യവസായം വികസിപ്പിക്കുന്നതിനു കഴിയും.

സിമന്റധിഷ്ഠിത വ്യവസായം

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും നാലു സിമന്റധിഷ്ഠിത വ്യവസായങ്ങളാണുള്ളത്. സിമന്റ്, ഇഷ്ടിക, കട്ട്ള, ജനാല, റിംഗ് തുടങ്ങിയവയാണ് ഇവിടെ ഉത്പാദിപ്പിക്കുന്നത്. ഏകദേശം 2 ലക്ഷം രൂപ മുതൽമുടക്കിൽ ഇത്തരം ഒരു വ്യവസായം തുടങ്ങാം.

ഏകദേശം 15 തൊഴിലാളികൾക്ക് തൊഴിൽനൽകാൻ ഇതിനു കഴിയും. മരത്തിന്റെ വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ ഭവനനിർമ്മാണ രംഗത്ത് ഈ വ്യവസായത്തിന് ഇനിയും സാധ്യതയുണ്ട്. വൈദ്യുതി തകരാറുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഈ വ്യവസായത്തെ സാരമായി ബാധിക്കുന്നുണ്ട്. നിലവിലുള്ള വ്യവസായ യൂണിറ്റുകൾ താഴെ പ്പറയുന്നവയാണ്.

1. വിർഗോ ഇൻഡസ്ട്രീസ്, വെളിയേൽച്ചാൽ
2. ന്യൂ ടെക്, വെളിയേൽച്ചാൽ
3. കീരംപാറ
4. ചെങ്കര, ഈ മേഖലകളിലും ഓരോ യൂണിറ്റ് പ്രവർത്തിക്കുന്നു.

ക്രഷറുകൾ

ക്രഷറുകൾക്ക് അത്യാവശ്യമായ അസംസ്കൃത വസ്തുവായ പാറ സുലഭമായതുകൊണ്ട് ക്രഷറുകൾക്ക് ഇനിയും സാധ്യതയുണ്ട്. ഇപ്പോൾ ഈ പഞ്ചായത്തിൽ 2 ക്രഷറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവരണ്ടും പ്രൈമറി ക്രഷറുകളാണ്. 3, 5, 7, 8 വാർഡുകളിൽ വിശാലമായ പാറ പ്രദേശമുണ്ട്. മാത്രമല്ല ആൾത്താമസം കുറവുമാണ്. ഈ വാർഡുകളിൽ പഞ്ചായത്തിന്റെ നിയന്ത്രണത്തിലോ സഹകരണാടിസ്ഥാനത്തിലോ ക്രഷറുകൾ സ്ഥാപിക്കുകയാണെങ്കിൽ ഈ മേഖലകളിലെ തൊഴിലില്ലായ്മ നല്ലൊരു പരിധിവരെ പരിഹരിക്കാൻ കഴിയും. ഇത് ഈ പ്രദേശത്തിന്റെ പുരോഗതിക്ക് കാരണമായിത്തീരും.പ്രാദേശികമായും പുറമേയും വിപണിയുണ്ട്.

മില്ലുകൾ

നെല്ല്, തേങ്ങ, എള്ള് മുതലായ വിളകളുള്ള ഇവിടെ റൈസ്മില്ല്, ചക്ക്/എക്സ്പെല്ലർ മുതലായവ ഇനിയും സ്ഥാപിക്കാവുന്നതാണ്. വാർഡുതലത്തിൽ ഇവയുടെ കണക്ക് താഴെ കൊടുക്കുന്നു.

വാർഡ്	ചക്ക്	റൈസ്മില്ല്	ഫ്ലവർമില്ല്
1	3	2	2
2	4	4	4
3	3	5	3
4	4	4	4
5	-	2	1
6	2	2	4
7	-	3	2
8	-	4	-
ആകെ	16	26	20

ഈ ഇനത്തിൽ ഒട്ടാകെ 56 സ്ഥാപനങ്ങളാണുള്ളത്. വ്യവസായിക അടിസ്ഥാനത്തിൽ ഓയിൽമില്ല്/എക്സ്പെല്ലർ, പുന്നേക്കാടുള്ള സ്വപ്ന ഓയിൽമില്ലു മാത്രമാണ്. ഇവാടെനിന്നും പ്രതിദിനം 1200 കി. ഗ്രാം വെളിച്ചെണ്ണ പഞ്ചായത്തിന്റെ വിവിധമേഖലകളിലും പുറത്തുമായി വിപണനം ചെയ്യുന്നു.

എഞ്ചിനീയറിംഗ് വ്യവസായങ്ങൾ

മൂന്ന് വെൽഡിംഗ് യൂണിറ്റുകൾ ഒഴിച്ച് എഞ്ചിനീയറിംഗ് വ്യവസായസ്ഥാപനങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ ഇല്ല. ചേലാട്ട് ഗവ: പോളിടെക്നിക് ഈ പഞ്ചായത്തിന് സമീപമാണ്. ഏറ്റവും അടുത്തുള്ള എഞ്ചിനീയറിംഗ് കോളേജ് കോതമംഗലത്താണ്. സാങ്കേതിക വിദ്യാഭ്യാസം സിദ്ധിച്ച യുവതീയുവാക്കൾ ഈ നാട്ടിൽ ധാരാളമുണ്ട്. വ്യാവസായികവികസനത്തിന് മുതലാക്കാവുന്ന ഒരു അനുകൂലഘടകമാണ്

ഊഞ്ഞാപ്പാറയിൽ പ്രവർത്തിക്കുന്ന റൈസ്മില്ല്, വ്യവസായാടിസ്ഥാനത്തിൽ നെല്ലുകുത്തി അരി ഉത്പാദിപ്പിച്ച് പഞ്ചായത്തിന്റെ ഏതാനും ഭാഗങ്ങളിൽ വിപണനം ചെയ്യുന്നുണ്ട്. കൂടാതെ മില്ലിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഫ്ലവർമില്ലുകൾ (പൾവറൈസർ) കൾ വഴി കറിപൗഡർ, ഗോതമ്പ്, അരി മുതലായവ പൊടിച്ചു വിതരണം ചെയ്യുന്നു. ഇത്തരം യൂണിറ്റുകൾ ഇനിയും തുടങ്ങാവുന്നതാണ്.

റെഡിമെയ്ഡ് ഡ്രസ്സ് നിർമ്മാണം

റെഡിമെയ്ഡ് ഡ്രസ്സ് രംഗത്ത് ഈ പഞ്ചായത്തിന് ഏറെ സാധ്യതയുണ്ടെങ്കിലും ഇവിടുത്തെ പ്രവർത്തനം തൃപ്തികരമല്ല. ഇവിടെ സ്കേർട്ടും നൈറ്റിയും പ്ലാസ്റ്റിക് ഐറ്റവുമാണ് പ്രധാനമായും നിർമ്മിക്കുന്നത്. വനിതകൾ നടത്തുന്ന അഞ്ച് റെഡിമെയ്ഡ് സ്ഥാപനങ്ങളാണ് ഇവിടെയുള്ളത്. അതിൽ നാലെണ്ണം സ്വയം തൊഴിൽ സ്ഥാപനങ്ങളും ഒരെണ്ണം സഹകരണമേഖലയിൽ പ്രവർത്തിക്കുന്നതുമാണ്. സഹകരണമേഖലയിൽ ഷർട്ട് നിർമ്മാണം നടത്തുന്ന റെഡ് ഗാർമെന്റ്സിന്റെ പ്രവർത്തനം തൃപ്തികരമല്ല. മറ്റു നാലു സ്ഥാപനങ്ങളും തൃപ്തികരമായി നടക്കുന്നുണ്ട്. ഐശ്വര്യ എന്ന സ്ഥാപനം ഈ തൊഴിലിൽ പരിശീലനം കൂടി നല്കുന്നു.

ഈ പഞ്ചായത്തിൽ വിവിധ കടകളിലായി ഏകദേശം 50 പേർ തയ്യൽ ഒരു സ്വയം തൊഴിലായി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 30% ൽ ഏറെ സ്ത്രീകൾ തയ്യൽജോലി അറിയാവുന്നവരാണ്. അതുകൊണ്ട് പുതിയ സംരഭങ്ങൾ ഇനിയും തുടങ്ങാൻ കഴിയും.

നിലവിലുള്ള റെഡിമെയ്ഡ് ഡ്രസ്സ് നിർമ്മാണസ്ഥാപനങ്ങൾ

ക്രമ നമ്പർ	പേര്	ഉത്പന്നങ്ങൾ
1	ഐശ്വര്യ ഗാർമെന്റ്സ്	നൈറ്റി
2	ഒറവലക്കുടി ഗാർമെന്റ്സ പുന്നേക്കാട്	നൈറ്റി സ്കേർട്ട്
3	സുമംഗലി ഗാർമെന്റ്സ് പുന്നേക്കാട്	നൈറ്റി സ്കേർട്ട്
4	സാഞ്ചോ നാടുകാണി	നൈറ്റി സ്കേർട്ട്
5	റെഡ് ഗാർമെന്റ്സ് ഊഞ്ഞാപ്പാറ	ഷർട്ട്

ഹോട്ടൽവ്യവസായം.

ഈ ഗ്രാമത്തിന് ചായക്കടകൾക്കപ്പുറം വ്യവ സായത്തെക്കുറിച്ച് ചിന്തിക്കാൻ ഇനിയും കഴിഞ്ഞിട്ടി ല്ലെന്നു തോന്നുന്നു. പ്രധാന കേന്ദ്രങ്ങളിലെ ചായക്ക ടകളുടെ എണ്ണം താഴെ കൊടുക്കുന്നു.

ക്രമനമ്പർ	സ്ഥലം	എണ്ണം
1.	ചാരുപാറ	1
2.	പാലമറ്റം	5
3.	കൊണ്ടിമറ്റം	1
4.	വെളിയേൽച്ചാൽ	3
5.	ന്യൂടെക്സിറ്റി	1
6.	പുന്നേക്കാട്	6
7.	ഊഞ്ഞാപ്പാറ	2
8.	കീരംപാറ	5
9.	ചെങ്കര	3
10.	തട്ടേക്കാട്	2
11.	കാഞ്ഞിരംകുന്ന്	2
12.	നാടുകാണി	2
13.	പെരുമണ്ണൂർ	2
	ആകെ	35

ഭൂതത്താൻകെട്ട്, ചേലമല, തട്ടേക്കാട് പക്ഷി സങ്കേതം തുടങ്ങിയ പ്രദേശങ്ങളുടെ വിനോദസാധ്യത വികസിപ്പിച്ചാൽ ഇവിടെ ഒരു നല്ല ഹോട്ടലിന് മുതൽമുടക്കാവു ന്ന താണ്.

സഹകരണമേഖലയിലുള്ള വ്യവസായ യൂണിറ്റുകൾ

സഹകരണമേഖലയിൽ 5 സ്ഥാപനങ്ങളാണ് ഇവിടെയുളളത്. അതിൽ അംബേദ്കർ വില്ലേജ് ഇൻഡസ്ട്രീസ് കോപ്പറേറ്റീവ് സൊസൈറ്റി, അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. ഇതിൽ മൂന്ന് എണ്ണം പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗത്തൽപ്പെട്ടവരുടെ വ്യവസായ യൂണിറ്റാണ്. രണ്ടെണ്ണം നിർമ്മൽഗ്രാം സോസൈറ്റി യുടെ കീഴിലാണ്. ഇതിന്റെ പ്രവർത്തനം സംബന്ധിച്ച രേഖകൾ ലഭിപ്പിട്ടില്ല. ഊഞ്ഞാപ്പാറയിലുളള ഹരി ജൻ പ്രിന്റിംഗ് പ്രസ്സ് ഈ പഞ്ചായത്തിലെ ഈ രംഗത്തുളള ഏകസ്ഥാപനമാണ്. ലാഭകരമായി പ്രവർത്തിക്കാൻ എല്ലാവിധസൗകര്യങ്ങളുമുണ്ടങ്കിലും സാമ്പത്തികപരാധീനതയും നടത്തിപ്പിലെ അപാകത യും മൂലം ശേഷി പൂർണ്ണമായും പ്രയോജനപ്പെടു ത്താൻ ഈ സ്ഥാപനത്തിനു കഴിഞ്ഞിട്ടില്ല. ചെങ്കര യിൽ ഒരു പട്ടികജാതി പട്ടികവർഗ സംഘം പ്രവർത്തി ക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനമേഖല കീരംപാറ പഞ്ചായത്തും പിണ്ടിമന പഞ്ചായത്തും ഉൾപ്പെടു ന്നതാണ്. ഈ സംഘത്തിലും വിവിധ തൊഴിൽ പരി ശീലനം നല്കിയിരുന്നു. ഇത് ഇപ്പോൾ പ്രവർത്തി ക്കുന്നില്ല.

സഹകരണ വ്യവസായസ്ഥാപനങ്ങളുടെ ഒരു ലിസ്റ്റ് താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	സ്ഥാപനം	ഉത്പന്നം
1	റെഡ് ഗാർമെന്റ്സ് ഊഞ്ഞാപ്പാറ	റെഡിമെയ്ഡ് ഷർട്ട്
2	കീരംപാറ ഹരിജൻ പ്രസ്സ് ഊഞ്ഞാപ്പാറ	അച്ചടി
3	N. V. D. S ഊഞ്ഞാപ്പാറ	പാൽ സംസ്കരണം
4	പട്ടികജാതി സർവ്വീസ് സഹ കരണ സംഘം ചെങ്കര	തൊഴിൽ പരിശീലനം
5	അംബേദ്കർ വില്ലേജ് ഇൻഡസ്ട്രീസ് പുന്നേക്കാട്	പ്രവർത്തനം ആരംഭിച്ചിട്ടില്ല.

വ്യവസായമേഖലയും തൊഴിൽമേഖലയും

വലിയ വ്യവസായസംരഭങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ വ്യാവസായിക തൊഴിലാളികളുടെ എണ്ണം വളരെ കുറവാണ്. ഈ പഞ്ചായത്തിലെ തൊഴിലാളികൾ അധികവും കെട്ടിട നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്നവരാണ്. പഞ്ചായത്തി ലും സമീപപ്രദേശങ്ങളിലും ഇവർ ജോലി ചെയ്യുന്നു. വ്യവസായമേഖലയിലെ തൊഴിലാളികളുടെ എണ്ണം സ്വയം തൊഴിലുൾപ്പെടെ താഴെ കൊടുക്കുന്നു.

വ്യവസായത്തൊഴിലാളികൾ

ക്രമനമ്പർ	മേഖല	എണ്ണം
1	സഹകരണം	66
2	ഹോട്ടൽ	72
3	റെഡിമെയ്ഡ് ഡ്രസ്സ്	38
4	മില്ലുകൾ	26
5	ക്രഷറുകൾ	48
6	റബ്ബർ ഫാക്ടറി	38
7	ഫർണിച്ചർ	4
8	സിമന്റുധിഷ്ഠിതം	28
9	എഞ്ചിനീയറിംഗ്	18
10	കുടിൽവ്യവസായം	8
	ആകെ	346

കുടിൽവ്യവസായം

പരമ്പരാഗതമായി കുട്ട, വട്ടി, പനമ്പ്, ഉറി കൃഷി ആയുധങ്ങൾ തുടങ്ങിയവ ഉത്പാദിപ്പിക്കുന്ന ചെറിയ കുടിൽ വ്യവസായങ്ങൾ ഇവിടെ നടന്നിരു ന്നു. എന്നാൽ അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യ തയും വിദഗ്ദരുടെ കുറവും ഈ വ്യവസായത്തെ തളർത്തിയിട്ടുണ്ട്. പുന്നേക്കാട് കൃഷ്ണപുരം കോളനി

യിൽ I.R.D.P സ്കീമിൽ ഒരു പനമ്പ് നിർമ്മാണയൂണിറ്റ് ഉണ്ടായിരുന്നു. ഇപ്പോൾ അതിന്റെ പ്രവർത്തനം ഭംഗിയായി നടക്കുന്നില്ല. ഈ മേഖലയിൽ ഈറ്റ, തെങ്ങോല തുടങ്ങിയ വ്യവസായങ്ങൾ കൂടി തുടങ്ങാവുന്നതാണ്.

ക്ഷീരവ്യവസായം

കാർഷികമേഖലയായ കീരംപാറ പഞ്ചായത്തിൽ ക്ഷീരവ്യവസായം വളരെയധികം സാധ്യതകൾ ഉള്ള മേഖലയാണ്. ഇവിടെ രണ്ട് പ്രധാന പാൽ സംഭരണ യൂണിറ്റുകൾ ഉണ്ട്. പുന്നേക്കാട് കേന്ദ്രമായി പ്രവർത്തിക്കുന്ന മിൽമ യൂണിറ്റും ഊഞ്ഞാപ്പാറയിലെ നിർമൽ മിൽക്ക് പ്രൊസസ്സിംഗ് യൂണിറ്റും ഇതുവഴി ഏതാണ്ട്900 ലിറ്റർ പാൽ ഈ പഞ്ചായത്തിൽ നിന്നും ശേഖരിക്കുന്നുണ്ട്. 20000 ലിറ്റർ പാൽ പ്രോസസ്സ് ചെയ്യുവാൻ ശേഷിയുണ്ടെങ്കിലും ചില അടിസ്ഥാന കാരണങ്ങളാൽ വേണ്ടവിധത്തിൽ പ്രവർത്തിക്കുന്നില്ല. ഇതു നല്ലരീതിയിൽ പ്രവർത്തിച്ചാൽ കാലിവളർത്തൽ രംഗത്ത്കൂടുതൽ ഗുണം ചെയ്യും. തുടർന്ന് മാംസസംസ്കരണ യൂണിറ്റ് ആരംഭിക്കുകയും ചെയ്യാം.

ബേക്കറി വ്യവസായം

ചെറിയതോതിൽ പ്രവർത്തിക്കുന്ന ഒരു ബേക്കറി ഒഴിച്ചാൽ നമ്മുടെ പഞ്ചായത്തിൽ മറ്റു ബേക്കറി സ്ഥാപനങ്ങളില്ല.തിരക്കേറിയ ജീവിത സാഹചര്യത്തിൽ ഒഴിച്ചുകൂടാനാകാത്ത ഒരിനമായി ബേക്കറി സാധനങ്ങൾ മാറിയിരിക്കുന്നു. എന്നാൽ നല്ലയിനം ബേക്കറി സാധനങ്ങൾക്കുവേണ്ടി നാം ഇപ്പോൾ കോതമംഗലം പട്ടണത്തെ ആശ്രയിക്കുകയാണ്. ഒരു നല്ല ബേക്കറി വ്യവസായം സഹകരണാടിസ്ഥാനത്തിലോ,സ്വകാര്യമേഖലയിലോ ഇവിടെ തുടങ്ങാവുന്നതാണ്. വനിതകൾക്കും ഈ മേഖലയിൽ പ്രവേശിക്കാവുന്നതാണ്.

പഫ്സ്, ചിപ്സ്, കട്ലറ്റ്, അപ്പം തുടങ്ങിയ മുതൽമുടക്കുകുറവുള്ള ഭക്ഷണ പദാർത്ഥങ്ങൾ കുടിൽ വ്യവസായമായി ഇവിടെ നിർമ്മിച്ച് പഞ്ചായത്തിലും പുറത്തും വിപണി കണ്ടെത്താവുന്നതാണ്. ഇതിനു വേണ്ട പദാർത്ഥങ്ങൾ ഇവിടെ തന്നെ ഉത്പാദിപ്പിക്കാവുന്നതുകൊണ്ട് മേൽകാണിച്ച വ്യവസായങ്ങൾ ഭംഗിയായി നടത്താവുന്നതാണ്. ഇവിടെ ഇപ്പോൾ നടന്നുവരുന്ന ചെറുകിടവ്യവസായങ്ങളിൽ തൊഴിലാളികൾ വളരെ കുറവാണ്. കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കുന്ന വ്യവസായങ്ങളാണ് ഇവിടെ ആവശ്യം.

ഗ്രാമസഭാറിപ്പോർട്ടിന്റെ സംഗ്രഹം

വാർഡ് I

1. സോപ്പ് നിർമ്മാണത്തിനുള്ള ഒരു യൂണിറ്റ് സ്ഥാപിക്കുക.
2. പഞ്ചായത്തിൽ പുന്നേക്കാട് കേന്ദ്രമാക്കി ഒരു ആഴ്ച ചന്ത നടത്തുക.
3. പാറമട, സിമന്റിഷ്ടിക എന്നിവ നടത്തുന്നതിനുള്ള സംരഭം ആരംഭിക്കുക.
4. കീരംപാറയിൽ മിൽമയുടെ ഒരു യൂണിറ്റ് തുടങ്ങുക.
5. മൂന്നു വ്യവസായ സഹകരണ യൂണിറ്റുകളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുക.
6. ഈറ്റ, തെങ്ങോല എന്നിവ ഉപയോഗിച്ച് വ്യവയായം തുടങ്ങുക.
7. റബ്ബർ, തേങ്ങ തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ച് വ്യവസായം തുടങ്ങുക.

വാർഡ് II

1. കൈത്തറി ഉല്പന്നങ്ങൾ, റെഡിമെയ്ഡ് ഉല്പന്നങ്ങൾ, കറിപൗഡർ നിർമ്മാണം, കരകൗശലവസ്തുക്കൾ, എഞ്ചിനീയറിംഗ്, ലെയ്ത്ത് വർക്ക്ഷോപ്പ്, പനമ്പ്, കുട്ട, പായ് തുടങ്ങിയ വ്യവസായങ്ങൾ ആരംഭിക്കുക.
2. കൊപ്ര സംഭരണം, സോപ്പ്, സോഡ, കൊക്കോക്കായ് സംഭരണം.
3. കോഴി വളർത്തൽ

വാർഡ് III.

1. മെറ്റൽ ക്രഷർ, എഞ്ചിനീയറംഗ് വർക്ക് ഷോപ്പ് എന്നിവസ്ഥാപിക്കാൻ സഹായിക്കുക.
2. റബ്ബർ വ്യവസായം,റബ്ബർ ബാൻഡ്, ഗ്ലാസ്സ്, കളിപ്പാട്ടങ്ങൾ, സോപ്പുനിർമ്മാണം തുടങ്ങിയ സ്ഥാപനങ്ങൾ തുടങ്ങുക

വാർഡ് IV

1. ചെറുകിട കുടിൽവ്യവസായങ്ങൾ ആരംഭിക്കുക.
2. സോപ്പ്, ചകിരി, മെഴുകുതിരി, ചെരിപ്പ്, മുതലായവ നിർമ്മിക്കുന്ന യൂണിറ്റ് തുടങ്ങാൻ സഹായിക്കുക.
3. സ്വയംതൊഴിൽ വായ്പകൾ ലഭ്യമാക്കുക.

വാർഡ് V

1. ചെറുകിട വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നല്കുന്നതിന് വാർഡ് തലത്തിൽ സെമിനാർ സംഘടിപ്പിക്കുക.
2. റബ്ബർ ബാൻഡ് നിർമ്മാണവ്യവസായം തുടങ്ങാൻ പ്രോത്സാഹിപ്പിക്കുക
3.സോപ്പു നിർമ്മാണം പ്രോത്സാഹിപ്പിക്കുക.
4. കുട്ട, വട്ടി, പനമ്പ് നിർമ്മാണത്തിന് പ്രോത്സാഹനം നല്കുക.
5. ചകിരികൊണ്ടുള്ള വ്യവസായം ആരംഭിക്കൻ പരിശീലനം നല്കുക.
6. ഖാദി വ്യവസായ യൂണിറ്റ് വാർഡിൽ സ്ഥാപിക്കുക.
7.പൈനാപ്പിൾ സംസ്കരണശാല സ്ഥാപിക്കുക.

വാർഡ് **VII**


1. കരിങ്കൽക്വാറികൾ തുടങ്ങുവാൻ സൗകര്യം നൽകുക.
2. ഇഷ്ടിക നിർമ്മാണം, ഫ്ലവർമിൽ, റബ്ബർ ബാൻഡ്, ഓലമെയ്ത്ത്, തയ്യൽ, ജാം, ബിസ്കറ്റ് എന്നീ വ്യവസായങ്ങൾ തുടങ്ങുക.

വാർഡ് **VIII**

1. വനിതകൾക്കായി റെഡിമെയ്ഡ് വസ്ത്രനിർമ്മാണ സ്ഥാപനം തുടങ്ങുക.
2. മെറ്റൽക്രഷർ, കൊപ്രനിർമ്മാണം തുടങ്ങുന്നതിന് നടപടിയെടുക്കുക.
3. റബ്ബർ ഉല്പന്നങ്ങൾ നിർമ്മിക്കുക.
4. പൗൾട്രിഫാം ആരംഭിക്കുക

വ്യവസായനിർദ്ദേശങ്ങളും സാധ്യതകളും

1. 10 ടൺ റബ്ബർ പ്രതിദിനം ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്നുണ്ട്. ഇത് ഉപയോഗിച്ച് ചെറുകിട വൻകിട വ്യവസായങ്ങൾ തുടങ്ങാനുള്ള സാധ്യതയുണ്ട്.
2. ഈ പഞ്ചായത്തിൽ സുലഭമായി കൃഷിചെയ്യുന്ന നാണ്യവിളയാണ് തെങ്ങ്. ഇതുപയോഗിച്ചുള്ള നിരവധി വ്യവസായസംരഭങ്ങൾ തുടങ്ങാൻ കഴിയും.
3. മൃഗസംരക്ഷണം ലാഭകരമാക്കുന്നതിന് ഈ പഞ്ചായത്തിൽ ഒരു കാലിത്തീറ്റ വ്യവസായം തുടങ്ങേണ്ടതാണ്.
4. കറിപൗഡർ, അച്ചാർ, ചിപ്സ്, മിക്സ്ചർ, തുടങ്ങിയ കുടിൽ വ്യവസായങ്ങൾ തുടങ്ങണം.
5. സോപ്പുനിർമ്മാണ യൂണിറ്റ് തുടങ്ങി പ്രാദേശികാടിസ്ഥാനത്തിൽ വിറ്റഴിക്കുന്നതിനുള്ള ബോധവത്കരണം നടത്തുക.
6. അപ്പോൾസറി, കവർനിർമ്മാണം എന്നിവ തുടങ്ങാം.
7. മെറ്റൽക്രഷറും സിമന്റുധിഷ്ഠിതവ്യവസായങ്ങളും തുടങ്ങാം. III, V, VII, VIII വാർഡുകളിൽ ഇതു തുടങ്ങാം
8. പഴസംസ്കരണയൂണിറ്റ് തുടങ്ങാം.
9. മാംസോല്പന്നവ്യവസായം ആരംഭിക്കുക.
10. തടി അനുബന്ധ വ്യവസായം ആരംഭിക്കാം. ഫർണിച്ചർ നിർമ്മാണം, മെയ്സൺട്രി തുടങ്ങിയവയിൽ പരിശീലനം നൽകുക.
11. റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റുകളുടെ പ്രവർത്തനം വിപുലീകരിക്കുക.
12. പരമ്പരാഗതവ്യവസായം പ്രോത്സാഹിപ്പിക്കുക.
13. വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ ബോധവത്കരണം നടത്തുക.
14. സ്വയം തൊഴിലിനും വ്യവസായങ്ങൾ തുടങ്ങുന്നതിനുമാവശ്യമായ ബോധവത്കരണവും സാമ്പത്തിക സഹായവും ചെയ്തുകൊടുക്കുക.
15. പുന്നേക്കാട് കേന്ദ്രമാക്കി ഒരു മാർക്കറ്റ് സ്ഥാപിക്കുക.
16. എഞ്ചിനീയർ മേഖലയിൽ ലെയ്ത്ത്, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ എന്നിവ ഉണ്ടാക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾ തുടങ്ങുക.
17. മുട്ടക്കോഴി വളർത്തുന്നതിന് സൗകര്യമുണ്ടാക്കുക.
18. ഖാദിവ്യവസായ യൂണിറ്റ് തുടങ്ങുക.
19. ഹോട്ടൽ വ്യവസായം ടൂറിസ്റ്റ് മേഖലയിൽ തുടങ്ങുക.
20. തേനീച്ചവളർത്തൽ പ്രോത്സാഹിപ്പിക്കുക.
21. കൊപ്ര, കൊക്കോക്കായ് സംസ്കരണയൂണിറ്റുകൾ തുടങ്ങുക.
22. വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെപ്പറ്റി സാധാരണക്കാരെ അറിയിക്കുന്നതിന് പഞ്ചായത്തുതലത്തിൽ വ്യവസായസമിതി രൂപവത്കരിക്കുക.
23. ഫൈബർകസേര നിർമ്മിക്കുന്ന യണിറ്റ്തുടങ്ങുന്നതിനുള്ള സാങ്കേതികസഹായം നല്കുക.
24. പ്ലാസ്റ്റിക്വസ്തുക്കൾ ഉപയോഗിച്ച് ആകർഷകമായ കൗതുകവസ്തുക്കൾ ഉണ്ടാക്കാൻ പ്രോത്സാഹിപ്പിക്കുക.
25. റബ്ബർ ടാപ്പിംഗിനാവശ്യമായ പീലി, വളയം, ചിരട്ട, ഷെയ്ഡ്, പ്ലാസ്റ്റിക് വളളി തുടങ്ങിയവ നിർമ്മിക്കുന്നതിന് ഒരു യൂണിറ്റ് ആരംഭിക്കുക.



ഗതാഗതം.

മനുഷ്യപുരോഗതിയുടെ പ്രധാനഘടകങ്ങളിൽ ഒന്നാണ് ഗതാഗതം. കൃഷി, വ്യവസായം, വാണിജ്യം തുടങ്ങിയ മേഖലകളിലെ വികസനത്തിന്റെ ഭാഗമായിട്ടാണ് ലോകത്തിലെവിടെയും ഗതാഗതംവികസിച്ച്, വന്നിട്ടുള്ളത്. ഇന്ത്യയിലും ഈ മാനദണ്ഡത്തിലാണ് ഗതാഗതം വികാസം പ്രാപിച്ചിട്ടുള്ളത് . 100 ച.കി.മിറ്ററിന് 46 കി. മീററർ റോഡ് ഇന്ത്യയിലുള്ളപ്പോൾ , കേരളത്തിൽ 268.കി. മീററർ റോഡാണുള്ളത്. ഇക്കാര്യത്തിൽ നാം വളരെ മുന്നിലാണ്. മുൻപദ്ധതികളിൽ റോഡ് ഗതാഗതത്തിന് നാം നൽകിയ മുൻഗണനമൂലമാണ് ഈ നേട്ടം കൈവരിക്കാനായത്. നമ്മുടെ പഞ്ചായത്തിലെ ആകെ റോഡ് വിസ്തീർണ്ണം 144.52 കി. മീററാണ്.

എന്നാൽ അടുത്ത കാലത്തുണ്ടായിട്ടുള്ള ചിലപ്രവർത്തനങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ ദോഷം ചെയ്യാനിടയുണ്ട്. അസംസ്കൃത സാധനങ്ങളും, ഉത്പ്പന്നങ്ങളും കമ്പോളത്തിൽ എത്തിക്കുക, മനുഷ്യന്റെ യാത്രസുഗമമാക്കുക തുടങ്ങിയ കാര്യങ്ങളെ മുൻനിർത്തിയായിരുന്നു ഇതുവരെ റോഡ്വികസനം നടന്നതെങ്കിൽ, ഭൂമിയുടെ വില കൂടുതൽ ലഭിക്കുന്നതിന്വേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായി റോഡ് വികസനത്തെ കാണുന്ന പ്രവണത വളർന്നുവരുന്നുണ്ട്. ഏറ്റവും അത്യാവശ്യമുള്ള സ്ഥലങ്ങളിലെ റോഡ് എന്ന കാഴ്ച്ചപ്പാട് പുലർത്തിയെടുക്കേണ്ടതുണ്ട്. ഇന്ന് കാണുന്ന പാടങ്ങൾ നികത്തിയുള്ള റോഡ് നിർമ്മാണവും , നിരുത്സാഹപ്പെടുത്തേണ്ടതാണ്.നമ്മുടെ കുടിനീർ പാത്രങ്ങളായ പാടങ്ങൾ നികത്തുന്നത് ദീർഘകാലാടിസ്ഥാനത്തിൽ ഇപ്പോഴത്തെ കുടിവെള്ളക്ഷാമം രൂക്ഷമാക്കാതെ ഉപകരിക്കും.

കീരംപാറ പഞ്ചായത്തിന്റെ ഭൂപരമായ പ്രത്യേകതകൾ കൊണ്ട് റോഡ് ഗതാഗതത്തിന്റെ ആവശ്യങ്ങൾ കൂടികൂടി വരികയാണ്. വ്യവസായം, സംസ്ക്കാരം കൃഷി എന്നീ എല്ലാ മേഖലകളും വളരുന്നതിന് റോഡുകൾ അനിവാര്യമാണ്. മലനിബിഡമായ ഈ പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിലേക്ക് ജനങ്ങൾ കൂടുതൽ, കൂടുതൽ ആവാസം ഉറപ്പിക്കുന്നതുകൊണ്ട് റോഡുകൾ പ്രത്യേകം പ്രാധാന്യമർഹിക്കുന്നു.

കുന്നുകളിലേക്കും , കനത്ത ചരിവുകളിലേക്കും നിർമ്മിക്കുന്ന റോഡുകൾക്ക് കൂടുതൽ ബലംവേണ്ടിയിരിക്കുന്നു. അതിനാൾ ചെലവും ഏറുന്നു. വെള്ളപ്പാച്ചിലും ഇടതൂർന്ന് വളരുന്ന വൃക്ഷച്ചോലകളും റോഡിന്റെ ആയുസിനെ കുറയക്കുന്നു. മാത്രമല്ല വീതികുറവായതുകൊണ്ട് കാനകളും ഇല്ല ഇതും റോഡിന്റെ നാശത്തിന് കാരണമാകുന്നു.

ഈ പഞ്ചായത്തിലെ കണക്കിൽപ്പെടാത്ത 40 കി.മീറ്ററോളം നടപ്പ് വഴികളുണ്ട്. പഞ്ചായത്തിന്റെ വിസ്തീർണ്ണവും റോഡും തമ്മിലുള്ള അനുപാതം ഒരു ച: കി. മീറ്ററിന് 8 കി. മീറ്റർ എന്നാണ്.

ഗ്രാമസഭാറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 40 കി. മീറ്റർ പുതിയ റോഡുകൾ പണി തീർക്കേണ്ടതുണ്ട്. കൂടാതെ അനേകവർഷങ്ങൾ പഴക്കമുള്ളതും, പ്രധാന റോഡുകളുമായ പഞ്ചായത്തു റോഡുകളുടെ ഉദ്ദേശം അൻപത്തഞ്ച് കി.മീറ്റർ റോഡ് പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. ഉപാധി രഹിത ഫണ്ട് J.R.Y. പഞ്ചായത്ത് ഫണ്ട് M.L.A. റോഡ് ഫണ്ട്,M.P.റോഡ് ഫണ്ട് എന്നീ സ്കീമുകളിൽ ഉൾക്കൊള്ളിച്ച് പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി റോഡുകളുടെ പണിപൂർത്തീകരിക്കണം.

കൂടാതെ സന്നദ്ധ സംഘടനകൾ, സാമൂഹ്യ പ്രവർത്തകർ,ഗുണഭോക്താക്കൾ, മറ്റ് ഉദാരമതികൾ എന്നിവരുടെ സഹകരണത്തോടെ റോഡുനിർമ്മാണം ഒരു പുതിയ വഴിത്തിരിവിലെത്തിക്കാവുന്നതാണ്. ഇതുവഴി പാഴായി പോകുന്ന മനുഷ്യാധ്വാനം നാടിന്റെ നൻമക്ക് വേണ്ടി പ്രയോജനപ്പെടുത്താം. 20%എങ്കിലും പൊതു ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമ സഭാറിപ്പോർട്ടുകളിലെ ഗതാഗതത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

വാർഡ് I

കോതമംഗലം- പുന്നേക്കാട് റോഡ് അളന്ന് തിട്ടപ്പെടുത്തി യഥാർത്ത ബസ്സ് ചാർജ് നിർണ്ണയിക്കുന്നതിന് R.T.O.ക്ക് നിർദേശം നൽകുക.

പുതുതായി വേണ്ട റോഡുകൾ.

പുറപ്പാറ- കരിയിലപ്പാറ റോഡ്, ഊഞ്ഞാപ്പാറ- വടക്കേപ്പാറ- ചെങ്കര റോഡ്, പെരിയാർ വാലിയിൽ നിന്നും ടാർ ചെയ്യുന്നതിന് നടപടി കൈകൊള്ളുക.

വാർഡ് 2

പുതിയ റോഡുകൾ വേണ്ടത്

പുന്നേക്കാട് കാവും പടിയിൽ നിന്നും ഹരിജൻ സൊസൈറ്റി പടിയിലേക്ക് ഒരു റോഡ്

പുന്നേക്കാട് കൃഷ്ണപുരം കോളനിയിൽ നിന്നും തെക്കുമ്മൽ ഭാഗത്തേക്ക് റോഡ് വെട്ടുക.ഈ റോഡിൽനിന്ന് തന്നെ ആരംഭിച്ച് കോളനിയിൽ കൂടി ഭൂതത്താൻകെട്ട് റോഡുമായി ബന്ധിപ്പിക്കാം. ഈ വാർഡിൽ ഈ റോഡിനാണ് കൂടുതൽ പ്രാധാന്യം. കാരണം രണ്ടാം വാർഡിന്റെ ഒറ്റപ്പെട്ടു കിടക്കുന്ന തെക്കുമ്മേൽ ഭാഗം ഈ റോഡു മുഖാന്തിരം ബന്ധിക്കപ്പെടും.

കല്ലാനിക്കപ്പടി- തെക്കുമ്മൽ റോഡിന്റെ അറ്റകുറ്റ പണികൾ നടത്തുക.

കല്ലാനിക്കപ്പടി - പുന്നേക്കാട് റോഡിൽ ഓടയും കലുങ്കുകളും തീർത്ത് കരിങ്കല്ല് പായ്ക്ക് ചെയ്ത് ടാർ ചെയ്യുക.

കാവും പടിയിൽ നിന്നും കരിയില പ്പാറയിലേക്ക് ഒരു റോഡ് തുറക്കുക.

വാർഡ് 3

മില്ലും പടി -പാറാട് (ബ്രാഞ്ച് റോഡുകളുൾപ്പടെ) പാച്ചിറ കോളനി റോഡ്, S.D.കോൺവന്റ് റോഡ്, ഇവ കാന തീർത്ത് ടാർ ചെയ്യുക. ഇതിൽ പാറാട് ബ്രാഞ്ച് റോഡുകൾക്കായി ഇതുവരെ യാതൊരു പണിയും ചെയ്തിട്ടില്ല.കാഞ്ഞിരംകുന്ന് -പാറാട് റോഡ് കോളനിവഴി. വാട്ടർ ടാങ്ക് -പുന്നേക്കടെ റോഡ് (ഈ റോഡ് കീരംപാറ പഞ്ചായത്തു നിവാസികൾക്ക് പൊതുജനാരോഗ്യവുമായി ബന്ധമുള്ളതാണ്. എയ്റേറ്റർ, ഫിൽറ്റർ ടാങ്ക് ജി-എൽ ടാങ്ക് മുതലായവ ഈറോഡുമായി ബന്ധപ്പെട്ട് കിടക്കുന്നു.) അത്യാവശ്യ സന്ദർഭങ്ങളിൽ ടാങ്കിന്റെ അറ്റകുറ്റ പണികളോ, പുനർനിർമ്മാണങ്ങളോ, ശുചീകരണത്തിനുള്ള മണൽ, ചരൽ, മെറ്റൽ മുതലായവ ഉപയോഗിക്കുന്നതിനും ഈറോഡാവശ്യമാണ്. ഈ റോഡുമുഖാന്തിരംഏതാണ്ട് 21കുടുബങ്ങൾക്ക് പ്രയോജനം ചെയ്യും. വാട്ടർ അതോറിട്ടിയുമായി ബന്ധപ്പെട്ടോ, പഞ്ചായത്ത് തലത്തിലോ ഇതിനുള്ള നീക്കമുണ്ടാകണം. വാട്ടർ ടാങ്കിലേക്ക് വഴിയുണ്ടാകുന്നതിന് രണ്ട് സാധ്യതകളാണുള്ളത്.

I നിലവിലുള്ള ചെറിയ റോഡ് വീതികൂട്ടി മലമുകളിലെത്തിച്ച് വാഹന ഗതാഗതം സുഗമമാക്കുക.

II ടാങ്കു കളുടേയും മറ്റും നിർമ്മാണ വേളയിൽ മെറ്റീരിയൽസ് മറ്റും മുകളിലെത്തിച്ച വഴി ഒരു പക്ഷേ ഇതിനായിരിക്കും ദൈർഘ്യംവും നിർമ്മാണ ചെലവും ഏറ്റവും കുറവു വരുന്നത്)

പറാട് -ഹരിജൻ കോളനനി റോഡ് നിർമ്മിക്കുക.

വാർഡ് 4

M.P. കോളനി റോഡിന്റെ ബാക്കിവരുന്ന ഭാഗം ടാറിംഗ് പൂർത്തീകരിക്കുക.

പുന്നേക്കാട് മുതൽ മാളികപ്പടി വരെയുള്ള P.W.D.റോഡ് കുണ്ടും കുഴിയുമാകയാൽ ഈ വർഷം തന്നെ റീ ടാറിംഗ് നടത്തുക.

കൂരികുളത്ത് പൊളിഞ്ഞ് കിടക്കുന്ന പാലം ഉടൻ നന്നാക്കുകയും, പാലം ഇടിഞ്ഞ് പോകാൻ ഇട വരുത്തിയവരുടെ പക്കൽ നിന്നും നഷ്ടം ഈടാക്കുകയും ചെയ്യുക.

കളപ്പാറ- ഓവുങ്കൽ റോഡ് ടാർ ടെയ്യുക. M.G.റോഡിൽ കാനകളും പ്രൊട്ടക്ക്ഷൻ വാളുകളു നിർമ്മിക്കുക.(അറമ്പൻ കുടി രാജന്റെ വീടിന് മുൻവശത്തുകൂടി കൂരികുളം റോഡിലേക്ക് ഉള്ള റോഡ്)

വാർഡ് 5

1. വെളിയേൽചാൽ- മുട്ടത്തുകണ്ടം, റോഡിന്റെ ബാക്കിഭാഗം കൂടി ടാർ ചെയ്യുകയും മുട്ടത്തുകണ്ടത്തുള്ള നടപ്പാലത്തിന്റെ ഇരുവശവും റോഡ് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക.
2. കൊണ്ടിമറ്റം - വലിയകണ്ടംചാൽ റോഡ് 1 1/2 കി.മീറ്റർ കൂടി ടാർ ചെയ്യുക.
3. മാളികപ്പടി- ഓവുങ്കൽ റോഡ് ഉടൻ ടാർ ചെയ്യുക.
4. കൊണ്ടിമറ്റത്തുനിന്ന് - ഓവുങ്കലേക്കുള്ള റോഡ് കുറച്ച് ഭാഗം പാലമറ്റം പ്ലാന്റേഷനിൽ കൂടിയാണ് പോകുന്നത്. ഇപ്പോൾ പ്ലാന്റേഷൻ അടവാക്കിയിരിക്കുന്നതിനാൽ ഗതാഗതം നിലച്ചിരിക്കുകയാണ്. നാട്ടുകാർ ശ്രമദാനമായി റോഡ് കുറച്ചുഭാഗം പുതുതായി വെട്ടി ടാർ ചെയ്യുക.
5. M.G. റോഡിന്റെ ടാറിംഗ് പൂർത്തീകരിക്കുക.
6. ഇരുപത് ശതമാനം ജനപങ്കാളിത്തത്തോടെ കൊണ്ടിമറ്റം -പെരുമണ്ണൂർ റോഡ് (611 മുടി വഴി) വാഹനം ഓടിക്കതക്കവിധം പണി പൂർത്തിയാക്കി നൽകുക.
7. പാലമറ്റം' -നേര്യമംഗലം റോഡിന്റെ പണി പൂർത്തീകരിക്കുക
8. പുന്നേക്കട്- പാലമറ്റം റോഡിന്റെ വീതി കൂട്ടുക.
9.പാലമറ്റം- എറണാകുളം, പാലമറ്റം- ദേവികുളം, പാലമറ്റം- തിരുവനന്തപുരം എന്നീ റൂട്ടുകളിൽ ബസ് ഓടിക്കാൻ പെർമിറ്റ് നൽകുക.
10. പുന്നേക്കട് കവലയിൽ ബസ്സ്റ്റാൻഡ് നിർമ്മിക്കുക.
11. ജന പങ്കാളിത്തത്തോടെ വെളിയേൽചാലിൽ നിന്നും ചാലി മത്തായിയുടെ പുരയിടത്തിന് വടക്ക്

വശത്തുകൂടി മുട്ടത്തുകണ്ടം 611 മുടിയിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.

വാർഡ് 6

പാലമറ്റം-ചീക്കോട് (കഴുതപ്പാറ വഴി)വീതി കൂട്ടി ന ന്നാക്കുക.

പാലമറ്റം സ്കൂൾ - ഇളംതുരുത്തി റോഡ് നന്നാക്കുക.

കൊണ്ടിമറ്റം - വലിയകണ്ടംചാൽ റോഡ് ടാർ ചെയ്യുക.

കൊണ്ടിമറ്റം - ഓവുങ്കൽ റോഡ് അമ്പലം വഴി പാല മറ്റം റോഡിലേക്ക് ബന്ധിപ്പിക്കുക.

ഇളം തുരുത്തി - പഞ്ചായത്ത് കിണർ റോഡ് 600മീറ്റർ നന്നാക്കുക.

വാർഡ് 7

നാടുകാണി- ആവോലിച്ചാൽ റോഡ് P.W.D. ഏറ്റെടുക്കുക.

നാടുകാണി- പെരുമണ്ണൂർ റോഡ് ടാർ ചെയ്യുകയും നാടുകാണി കവലയിലുള്ള വീതി കുറഞ്ഞ പാലം വീതി കൂട്ടുകയും വേണം

പെരുമണ്ണൂർ നിന്നും ഊഞ്ഞാപ്പാറ വഴിയും, പെരുമണ്ണൂർ ഇലവും പറമ്പ് വഴിയും പുതിയ ബസ് സർവീസ് ആരംഭിക്കുക.

നാടുകാണി- പനഞ്ചാൽ റോഡ് ടാർ ചെയ്യുക

പെരുമണ്ണൂർ ലക്ഷംവീട് കോളനി റോഡ് ടാർ ചെയ്യുക

അമ്പലപ്പടി-പെരുമണ്ണൂർ റോഡ് ടാർ ചെയ്യുക

മീനാംകുടി പടിയിൽ നിന്നും മുകളിലെ കോളനി യിലേക്ക് നടപ്പാത കെട്ടുക.

കടുക്കാ സിറ്റിയിൽനിന്നും നിലവിലുള്ള നടപ്പാത കോൺക്രീറ്റ് ചെയ്യുക.

കുരിശുമുടിയിലേക്ക് നടപ്പാത നിർമ്മിക്കുക.

നഴ്സറി പടിയിൽ നിന്നും മുകളിലേക്ക് നടപ്പാത നിർമ്മിക്കുക.

വാക്കത്തിപ്പാറ- പനഞ്ചാൽ റോഡ് നിർമ്മിക്കുക.

ആവശ്യമുള്ള സ്ഥലങ്ങളിൽ അഞ്ച് വെയ്റ്റിംഗ് ഷെഡ് പണിയുക.

തുറവക്കൽ പീടികയിൽ നിന്നും പെരുമണ്ണൂർ അമ്പലം പടി റോഡിൽ പാലം നിർമ്മിച്ച് റോഡ് വീതി കൂട്ടി ടാർ ചെയ്യുക.

വാർഡ് 8

പൊട്ടൻമുടി, മുട്ടാണിക്കോട്. മൂക്കംകുഴി, പുളിക്കൽ ചാൽ,(വഴികൾ, നടകൾ) എന്നിവടങ്ങളിൽ ഗതാഗത ത്തിന് സൗകര്യമുണ്ടാക്കുക.

നാടുകാണി- ചെമ്പിക്കോട് റോഡ്, പൊട്ടൻമുടിറോഡ്, തോണിക്കണ്ടം-പാറായി തോട്ടം റോഡ്,നാടുകാണി- വഴിനട റോഡ്,നാടുകാണി- മു ട്ടാണിക്കോട് റോഡ്,കുഞ്ഞിക്കേളൻ റോഡ് നാടുകാണി- ചോറ്റുകണ്ടം റോഡ്, വട്ടമറ്റം- കാഞ്ഞി രംകുന്ന് റോഡ് എന്നിവ ടാർ ചെയ്യുക.


കോതമംഗലം- നാടുകാണി- പെരുമണ്ണൂർ റൂ ട്ടിൽ ഒരു K.S.R.T.C ബസ്സിന് പുറമെ രണ്ട് ബസ്സു കൾക്കൂടി അനുവദിച്ച് ഈ റൂട്ടിലെ മുഴുവൻ വിദ്യാർത്ഥികൾക്കുംകൺസഷൻ അനുസദിക്കുക.

കോതമംഗലം- ചെമ്പിക്കോട് വഴി പെരുമ ണ്ണൂർക്ക് ബസ്സ് സർവ്വീസ് പുന:സ്ഥാപിക്കുക.

ജലഗതാഗതം


കീരംപാറ പഞ്ചായത്തിന്റെ മുഖ്യ ജലശ്രോത സ്സായ പെരിയാറിൽ രണ്ടിടത്ത് പ്രധാനമായും രണ്ട് കടവുകൾ ഉണ്ട്. തട്ടേക്കാടു കടവും, ഇഞ്ചത്തൊ ട്ടികടവും. കൂടാതെ മാമ്പിള്ളികുടി കടവ്, പോത്തു പാറ കടവ് എന്നിവയും ഉണ്ട്. ഒടുവിൽ പറഞ്ഞവ രണ്ടും ഗതാഗതം കുറഞ്ഞവയാണ്. ആദ്യം സൂചി പ്പിച്ച രണ്ട് കടവുകൾ ലേലം ചെയ്യുന്നത് ഇ പ്പോൾ P.W.D.ആണ്. ഇത് കീരംപാറ പഞ്ചായ ത്തിനു ലഭിക്കേണ്ടതാണ്. കാര്യങ്ങൾ കൂടുതൽ വഷ ളാക്കികൊണ്ട് കുട്ടമ്പുഴ പഞ്ചായത്ത് അനുചിതമായ അവകാശവാദം ഉന്നയിച്ചിരിക്കുന്നു. പുഴയും മേൽപ റഞ്ഞ കടവുകളും ഇരുകരകളിലുമുള്ള റിവർബൽറ്റു ം ഉൾപ്പെടെ 645.65 ഹെക്ടർ പുഴയും പുഴയുടെ ഭാഗങ്ങളും ഈ പഞ്ചായത്തിന്റെവകയാണ്. ഇതി ലൂടെ തട്ടേക്കാടുമുതൽ നേര്യമംഗലം വരെയും,തട്ടേ ക്കാടുമുതൽ ഭൂതത്താൻകെട്ടുവരെയും ജലഗതാഗത സാദ്ധ്യത ജലഗതാഗത വകുപ്പുമായി ബന്ധപ്പെട്ടു പര്യവേഷണത്തിനുശേഷം തിട്ടപ്പെടുത്താവുന്നതാ ണ്. ഊർജ്ജപ്രതിസന്ധിയുടെ കാലഘട്ടത്തിൽ ചില വ്കുറഞ്ഞ ഈ ജലഗതാഗതമാർഗ്ഗം പഠനവിധേയമാ ക്കേണ്ടതാണ്.

കീരംപാറ ഗ്രാമപഞ്ചായത്ത്
മനുഷ്യനിർമ്മിത ആസ്തികൾ



പഞ്ചായത്തിലെ വിവിധ തരം റോഡുകളെക്കുറിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

Sl.No.	വാർഡ്	1	2	3	4	5	6	7	8	ആകെ കി.മി
1	P.W.D. റോഡ് ടാർ ചെയ്തത്.	3.000	2.000	5.500	3.500	2.500	4.500	2.000	2.000	25.000
2	പഞ്ചായത്ത് റോഡ് (ടാർ ചെയ്തത്.)	2.500	2.450	2.325	2.750	2.100	2.650	3.200	4.250	22.225
3	പഞ്ചായത്ത് റോഡ് (മെറ്റൽ)	-	-	-	-	-	0.500	-	-	0.500
4	പഞ്ചായത്ത് റോഡ് (പക്ക.)	7.500	8.000	7.500	7.600	8.500	7.500	4.700	5.500	23.000
5	പഞ്ചായത്ത് റോഡ് (കച്ച)	2.250	3.300	2.000	2.600	3.325	2.225	3.100	1.200	20.000
6	പഞ്ചായത്ത് റോഡ് (പുതിയത്)	3.400	4.300	2.500	1.500	2.700	1.500	2.600	1.500	20.000
7	ആകെ	18.650	20.050	19.825	17.950	19.125	18.875	15.600	14.450	144.525



ഊർജ്ജം

ഈ നൂറ്റാണ്ടിൽ ഊർജ്ജത്തിന്റെ പ്രധാന്യം എടുത്തു പറയേണ്ടതില്ലല്ലോ. മനുഷ്യന്റെ സമസ്ഥ മേഖലകളിലും ഒഴിച്ചു കൂടാൻ വയ്യത്ത ഒന്നാണ് ഊർജ്ജം

ഈ പഞ്ചായത്തിൽ ഊർജ്ജോത്പാദനം, ഊർജ്ജോപയോഗം, ഊർജ്ജ വിതരണം ഏതു നിലവാരത്തിലാണ് എന്ന് താഴെപ്പറയും പ്രകാരം പരിശോധിക്കാം. ഏതാണ്ട് 35 കിലോമീറ്റർ വരുന്ന വൈദ്യുത ലൈനും 279 തെരുവ് വിളക്കുകളും 17 ട്യൂബുകളും ആണ് പൊതുവായി ഉപയോഗിക്കപ്പെടുന്നത്. വൈദ്യുതീകരക്കപ്പെട്ട വീടുകളുടെ എണ്ണം 2099ഉം ഇനിയും വൈദ്യുതീകരിക്കേണ്ട വീടുകൾ 1454 ഉം ആണ്. വരുന്ന അഞ്ച് വർഷകാലത്തേക്ക് പുതുതായി നിർമ്മിക്കപ്പെടാവുന്ന വീടുകൾ 1275 എന്നും കണകാക്കിയാൽ അടുത്ത പദ്ധതിയിൽ വൈദ്യുതീകരിക്കേണ്ട വീടുകൾ 2729 ആണ്. വൈദ്യുതി കണക്ഷനുകൾ ഇനിയും വളരെ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു എന്നു കാണാം. ഈ പഞ്ചായത്തിൽ വൈദ്യുതിയുടെ ഉപഭോഗം പ്രധാനമായും ഗാർഹികമേഖലയിലാണ്. കൃഷി, വ്യവസായം എന്നിവയ്ക്ക് ഉപയോഗിക്കപ്പെടുന്ന വൈദ്യുതി താരതമ്യേന കുറവാണ്. രാജ്യവ്യാപകമായും, സംസ്ഥാനത്തും കനത്ത വൈദ്യുതി പ്രതിസന്ധി നേരിടുന്ന ഈ ഘട്ടത്തിൽ ലഭ്യമായ ഊർജ്ജം ഫലപ്രദമായി ഉപയോഗിക്കേണ്ടിയിരിക്കുന്നു. ഇതിന് ജനകീയമായ ബോധവൽക്കരണവും ജന സന്നദ്ധതയും ആർജ്ജിക്കേണ്ടിയിരിക്കുന്നു. വൃക്ഷങ്ങളുടെ ഇടയിലൂടെ കടന്നുവരുന്ന ലൈനുകളിൽ ടച്ചിംഗ് മൂലം ഉണ്ടാകുന്ന പ്രസരണ നഷ്ടം ഈ പഞ്ചായത്തിൽ കൂടുതലാണ്. മിക്കവാറും ലൈനുകൾ വൃക്ഷവിളകൾക്കു ഇടയിലൂടെയാണ് കടന്നു പോകുന്നത്. ഈ ടച്ചിംഗ് ഭാഗം മുറിച്ചു മാറ്റുന്നതിന് ഉടമസ്ഥന്റെ സമ്മത്തോടും സാങ്കേതിക വൈദഗ്ദ്ധ്യം ഉള്ളവരെ ഉപയോഗിച്ചും സ്വയം മുറിച്ചുമാറ്റിയാൽ വലിയൊരു നഷ്ടം ഒഴിവിക്കുവാൻ കഴിയും. വൈദ്യുതബോർഡിന്റെ മേൽനോട്ടത്തിൽ പ്രസരണനഷ്ടം ഒഴിവിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. മിതമായ തോതിൽ മാത്രം വൈദ്യുതി ഉപയോഗിച്ചു ശീലിക്കുവാനുള്ള ഒരു ബോധവൽക്കരണ പരിപാടി ആസൂത്രണം ചെയ്യുന്നതായാൽ സംസ്ഥാന തലത്തിൽ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി നേരിടുന്ന നമ്മുടെ വ്യവസായങ്ങൾക്കു തൊല്ലൊരാശ്വാസം നൽകുമെന്നതിൽ സംശയമില്ല.

പൊതുവെ ഊർജ്ജത്തെ, വാണിജ്യ, വാണിജ്യേതര എന്ന് രണ്ടായി തിരിക്കാം. വൈദ്യുതി, പെട്രോൾ, ഡീസൽ മുതലായവ വാണിജ്യ ഇന്ധനവും, വിറക്, ചാണക വരളി എന്നിവ വാണിജ്യേതര ഇന്ധനവുമാണ്.

ലോകത്തിൽ 86% ജനങ്ങളും വിണിജ്യ ഇന്ധനങ്ങളെ ആശ്രയിക്കുന്നു.

എന്നാൽ ഇന്ത്യയിൽ 56.7 % ആളുകൾ ഇന്നും വാണിജ്യേതര ഇന്ധനങ്ങളാണ് ഉപയോഗിക്കുന്നത്. വ്യാവസായികമായി നമ്മുടെ വളർച്ച കുറവാണ് ഇത് കാണിക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും വാണിജ്യേതര ഇന്ധനമായ വിറകാണ് ഉപയോഗിക്കുന്നത്. വിറകിന്റെ ഇന്ധനക്ഷമതയുടെ 90% വും നഷ്ടപ്പെടുകയാണ്. അതായത് നമ്മുടെ അടുപ്പുകൾക്കുള്ള ഇന്ധനക്ഷമത 1/10 ആണ്. ഇത് സാമ്പത്തിക കണക്കുകളുടെ രൂപത്തിൽ പറഞ്ഞാൽ വീടൊന്നിന് പ്രതിവർഷം 1500 രൂപയുടെ വിറക് വേണമെന്ന് കണക്കാക്കിയാൽ 1350 രൂപയുടെ വിറക് പാഴായിപ്പോകുന്നു എന്ന് കാണാവുന്നതാണ്. വനവും മറ്റും അതിവേഗത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലത്ത് അടുത്തു വരുന്ന കാലഘട്ടത്തിൽ നാം നേരിടാൻ പോകുന്ന കനത്ത വാണിജ്യേതര ഇന്ധനക്ഷാമത്തിലേക്ക് വിരൽ ചൂണ്ടുന്നു. മാത്രമല്ല ഇന്നും നമ്മുടെ വീടുകളിലുള്ള അടുപ്പ് കത്തിച്ച് ഭക്ഷണ പാകം ചെയ്യുന്നതു മൂലം ശരാശരി 26 സിഗരറ്റ് വലിച്ചാലുണ്ടാകുന്ന കാർബൺ നമ്മുടെ വീട്ടമ്മമാരുടെ

ശ്വാസകോശത്തിലാക്കുന്നുണ്ട്. ഇതുമൂലം അവരുടെ ശ്വാസകോശത്തിന്റെ പ്രവർത്തനം തകരാറിലാവുകയും നാനാതരം രോഗങ്ങൾക്ക് ഇടവരുത്തുകയും ചെയ്യുന്നു എന്നാണ് കണക്ക്. കൂടാതെ പാഴായി പുറത്തേക്ക് ഉൽസർജിക്കുന്ന താപം വീട്ടമ്മമാർക്ക് പലമാതിരി ഉദരരോഗങ്ങൾക്കും ഇടവരുത്തുന്നു.

ഇതിന് പരിഹാരമായി വലിയ മുതൽമുടക്കില്ലാത്ത ചില ലളിത മാർഗ്ഗങ്ങൾ പഞ്ചായത്തു തലത്തിൽ കൂട്ടായി അവലംബിക്കാവുന്നതാണ്. ഇവ താഴെ ചേർക്കുന്നു.

ദക്ഷത കൂടിയ അടുപ്പുകൾ: അതായത് കുറഞ്ഞ ഇന്ധനം ഉപയോഗിച്ച് കൂടുതൽ കാര്യക്ഷമത ലഭിക്കുന്നവ. വളരെ പ്രചാരത്തിലുള്ള ക്ഷമത കൂടിയ അടുപ്പുകൾ താഴെ പറയുന്നു. കേരള ശാസ്ത്ര സാഹിത്യ പരക്ഷത്ത് ഡിസൈൻ ചെയ്തിട്ടുള്ള "പരിഷത്ത് അടുപ്പുകൾ"

ഇത്തരം അടുപ്പുകളെ സാധാരണ അടുപ്പുകളുമായി താരതമ്യം ചെയ്താൽ സാധാരണ അടുപ്പുകളിൽ. 30 കിലോ വിറക് ഉപയോഗിക്കുന്ന സ്ഥാനത്ത് 20 കിലോ വിറ്ക് മതിയാകും. പ്രതിവർഷം സാധാരണ അടുപ്പുകളിൽ 1500 രൂപയുടെ വിറക് വേണമെങ്കിൽ പരിക്ഷത്ത് അടുപ്പുകളിൽ 1000 രൂപയുടെ വിറക് മതിയാകുന്നതാണ്. താപപ്രസരണം തടയുന്നതുകൊണ്ടാണ് ഇവയുടെ ക്ഷമത കൂടുന്നത്. പുകക്കുഴൽ വഴി പുക പുറത്തേയ്ക്ക് പോകുന്നതുകൊണ്ട് ഇത്തരം അടുപ്പുകൾ ആരോഗ്യകരമാണ്.

അനാർട്ട് നൽകുന്ന അടുപ്പുകൾ: ആലുവ സെറ്റിൽമെന്റ് ഇന്റസ്ട്രീസ് നിർമ്മിച്ച് നൽകുന്നവ ഈ രംഗത്തുള്ള മറ്റ് ചില അടുപ്പുകളാണ്. ഇതിൽ അനർട്ട് നിർമ്മിച്ച് നൽകുന്ന അടുപ്പുങ്കൾക്ക് സബ്സിഡിയുണ്ട്.

1995-96 ലെ കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ വീടുകളിൽ ചെറിയ ശതമാനത്തിന് മാത്രമേ L.P.G. കണക്ഷനുകൾ ഉള്ളൂ. ഈ പഞ്ചായത്തിൽ ശാസ്ത്രസാഹിത്യ പരിഷത്തും, മറ്റ് ചില ഏജൻസികളും ചേർന്ന് നിർമ്മിച്ച് നൽകിയിട്ടുള്ള ക്ഷമത കൂടിയ അടുപ്പുകർ 200 ൽ താഴെയാണ്. ഇത്തരം അടുപ്പുകൾ അസൗകര്യപ്രദമെന്നോ, ആവശ്യമില്ലയെന്നോ വരുന്ന 1500 വീടുകൾ ഒഴിവാക്കി ബാക്കി വരുന്ന 2500 വീടുകൾക്ക് വർഷത്തിൽ 500 അടുപ്പുകൾ വച്ച് കൊടുക്കുന്നതിനുള്ള ഒരു ജനകീയ പരിപാടി പഞ്ചായത്ത് തലത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത് ഊർജ്ജസംരക്ഷണ രംഗത്ത് നല്ല കാൽവയ്പായിരിക്കും. ചൈനയിൽ കോടിക്കണക്കിന് ക്ഷമത കൂടിയ അടുപ്പുകളും, ഒരു ലക്ഷം ചെറുകിട ജലസേചന പദ്ധതികളും 90 ലക്ഷം ബയോഗ്യാസ് പ്ലാന്റുകളും ഉണ്ടെന്നാണ് കണക്ക്. ഈ അവസ്ഥയിൽ പഞ്ചായത്തിന്റെ സ്ഥിതി പരിശോധിക്കുന്നതായാൽ, ബയോഗ്യാസ് പ്ലാന്റുകൾക്ക് സാധ്യതയുണ്ടെന്ന് കാണുന്നു. കീരംപാറ പഞ്ചായത്തിൽ ചെറുകിട വൈദ്യുത പദ്ധതിയേക്കുറിച്ച് 5-ാം വാർഡിൽ നിന്ന് മാത്രമാണ് ഒരു നിർദ്ദേശം വന്നിട്ടുള്ളത്. കീരംപാറ പഞ്ചായത്തിൽ 8 മാസത്തേക്ക് ആവശ്യമായ വൈദ്യുതിക്കുള്ള വെള്ളച്ചാട്ടം 611 മുടിയിലുണ്ട്. ഇത് ചെറുകിട വൈദ്യുത പദ്ധതിക്ക് അനുയോജ്യമാണോ എന്ന് വിദഗ്ദ്ധപഠനം നടത്തേണ്ടതാണ്.

ഇനിയും വാർഡടിസ്ഥാനത്തിൽ വൈദ്യുതി എത്താത്ത താഴെ പറയുന്ന മേഖലകളിൽ വൈദ്യുതി എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ വൈദ്യുതി ബോർഡിന്റേയും, പഞ്ചായത്തിറേയും നേതൃത്വത്തിൽ ബഹുജന പങ്കാളിത്തത്തോടെ നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്.

നമുക്കനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. ഇത് കുടിവെള്ള വിതരണത്തെ കാര്യമായി ബാധിക്കുന്നു.

റബ്ബർ തോട്ടത്തിലൂടെ വരുന്നതുകൊണ്ടും, ടച്ചിംഗ് മൂലവും, കാറ്റ് മൂലവും, മരച്ചില്ലകളൊടിഞ്ഞ് വീണും, നാശങ്ങളുണ്ടാകാറുണ്ട്. ഇതിലേക്ക് മിനിപ്പടി, ഇലവും പറമ്പ് 11 KV ഒരു കിലോ മീറ്ററും, ആനിക്കുഴി 11 KV ഒരു കിലോമീറ്ററും കൂട്ടി യോജിപ്പിച്ച്, ഊഞ്ഞാപ്പാറ പമ്പ് ഹൗസിന് സമീപം ഒരു ട്രാൻസ്ഫോമർ സ്ഥാപിക്കുകയും ചെയ്യുക. ഇതിലേക്ക് പെരുമണ്ണൂർ, ഉപ്പുകുളം 11 KV ലൈൻ കൂടി മുട്ടിച്ചാൽ രണ്ട് ഫീഡർ സപ്ലൈ കൂടി കിട്ടുന്നത് മൂലം വൈദ്യുതി ലഭ്യത കൂടുതൽ ഉറപ്പ് വരുത്താം.

ഒന്നാം വാർഡിൽ ചേലാടൻ കോളനിയിലും, വാർഡ് 2 ൽ കൃഷ്ണപുരം കോളനി, ചെങ്കര കോളനി, തെക്കുംമേൽ ലക്ഷം വീട് കോളനി, ചേലമല എന്നിവിടങ്ങളിലും നാലാം വാർഡിൽ എം.പി. കോളനിയിലും പുന്നേക്കാട് പ്രദേശത്തും, അഞ്ചാം വാർഡിൽ 611 മുടി(കൊണ്ടിമറ്റം മുടി) മുട്ടത്തുകണ്ടം മുടി എന്നിവിടങ്ങളിൽ താമസിക്കുന്ന നൂറോളം കുടുംബങ്ങൾക്കും വെളിയേൽ

ചാൽ ലക്ഷം വീട് കോളനിയിലും ആറാം വാർഡിൽ ചാരുപാറ പ്രദേശത്തും കഴിതപ്പാറ കോളനിയിലും എട്ടാം വാർഡിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുക എന്നതാണ് പ്രധാന ആവശ്യം. ഇവിടങ്ങളിൽ പൊതുജനപങ്കാളിത്തത്തോടെ വൈദ്യുത കണക്ഷനുകൾ ഘട്ടം ഘട്ടമായി എത്തിക്കാനുള്ള ഒരു പദ്ധതിക്ക് രൂപം നൽകാവുന്നതാണ്. അതുപോലെ മൂന്നാം വാർഡിൽ പ്രധാനമായും ഹരിജനങ്ങൾക്ക് വാട്ടർ ടാങ്കിരിക്കുന്ന മുടിയുടെ അടിവാരത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് പോസ്റ്റ് സ്ഥാപിച്ചതായി വാർഡ് പഠനത്തിൽ ബോധ്യപ്പെട്ടു.

ബന്ധപ്പെട്ട കക്ഷികളും, വൈദ്യുതി ബോർഡും പഞ്ചായത്തും ചേർന്ന് പ്രശ്നപരിഹാരം സാധ്യമാക്കുക.

ഗ്രാമസഭകളുടെ മറ്റൊരു നിർദ്ദേശം വഴിവിളക്കാണ്.

1995-96ൽ വഴിവിളക്കിന് വേണ്ടി 47512 രൂപ ചിലവഴിച്ചതായി കാണുന്നു. പഞ്ചായത്തിന്റെ ധനസ്ഥിതി കണക്കിലെടുത്ത് ഇത്തരം കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്. ഈ തുക പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിന്റെ 13.48% ആണ്.

ഇനിയും ഒറ്റപ്പെട്ടതും, ഉയർന്ന് കിടക്കുന്നതും, ധാരാളം സൂര്യപ്രകാശം ലഭിക്കുന്നതുമായ പ്രദേശങ്ങളിൽ അനർട്ടിന്റെ സഹായത്തോടെ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാവുന്നതാണ്. പരിമിതികളും സാധ്യതകളും വിവേചിച്ച് ചെയ്യേണ്ടതാണ്. കൊണ്ടിമറ്റം 611 മുടിയുടെ മുകളിൽ അനർട്ടിന്റെ സൗരോർജ്ജ പാനൽ വിളക്ക് സ്ഥാപിക്കാവുന്നതാണ്.

അടിയന്തിര പ്രധാന്യമുള്ള ചില മേഖലകളിൽക്കൂടി വൈദ്യുതി എത്തേണ്ടതായിട്ടുണ്ട്. പഞ്ചായത്തിൽ മൊത്തം കുടിവെള്ളം പ്രധാനം ചെയ്യുന്ന ടാങ്ക് പരിസരത്ത് ഒരു വിളക്ക് വേണ്ടതിന്റെ ആവശ്യം വിലയിരുത്തേണ്ടതാണ്.

ഊർജ്ജസംബന്ധിയായ പ്രശ്നങ്ങളെ താഴെ പറയും പ്രകാരം സംഗ്രഹിക്കാവുന്നതാണ്.

1. വൈദ്യുതീകരണം നടക്കാത്ത ദുർബ്ബലമേഖലകളിലും, ഇതര മേഖലകളിലും വൈദ്യുതി എത്തിക്കുക.

വോൾട്ടേജ് ക്ഷാമം, ഊർജ്ജ ക്ഷാമം


പരിഹാരനിർദ്ദേശങ്ങൾ

1. ഘട്ടംഘട്ടമായി ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണം.
2. 11 KV ലൈനുകളുടെ ലിങ്കിംഗ്
3. Captive Power
4. അനർട്ടിന്റെ സൗരോർജ്ജപാനലുകൾ.
5. ബയോഗ്യാസ് പ്ലാന്റുകൾ.
6. ദക്ഷതകൂടിയ അടുപ്പുകൾ.
7. ചെറുകിട വൈദ്യുതപദ്ധതികൾ.

വൈദ്യുതീകരിച്ചതും, അല്ലാത്ത വീടുകളും

വാർഡ്	വൈദ്യുതീകരിച്ചത്	വൈദ്യുതീകരിക്കാത്തത്
1	293	175
2	327	230
3	391	204
4	180	178
5	302	145
6	311	214
7	156	184
8	139	124
ആകെ	2099	1454

5.5 വിദ്യാഭ്യാസം



വിദ്യാഭ്യാസം ഒരു സാമൂഹിക പ്രക്രിയയാണ്. സമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിബദ്ധതയുള്ള തലമുറയെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ എക്കാലത്തെയും ലക്ഷ്യം. ഒരു വികസനപ്രവർത്തനം എന്ന നിലയിൽ വ്യക്തികളുടേയും, പ്രദേശത്തിന്റേയും, രാജ്യത്തിന്റേയും വികസനമാണ് വിദ്യാഭ്യാസത്തിലൂടെ സാധിതമാകേണ്ടത്.

പൊതുവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മറ്റ് ഇൻഡ്യൻ സംസ്കാരങ്ങളെ അപേക്ഷിച്ച് ബഹുദൂരം മുന്നോട്ട് പോകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഹൈസ്കൂളും, നടന്ന് എത്താവുന്ന രൂപത്തിൽ പ്രൈമറിസ്കൂളും എല്ലാ പഞ്ചായത്തിലും സ്ഥാപിക്കാൻ കഴിഞ്ഞത് കേരളത്തിന്റെമാത്രം സവിശേഷതയാണ്. 5 വയസ്സുകാർ എല്ലാവരും സ്കൂളിലെത്തുന്ന സംസ്ക്കാരം നമ്മുടേതു തന്നെ.നേട്ടങ്ങളുടെ പട്ടിക നിരത്തുമ്പോഴും അതിനഭിമാനം കൊള്ളുമ്പോഴും കോട്ടങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. വിദ്യാഭ്യസത്തിന്റെ ഗുണനിലവാരത്തിൽ നാം പിന്നോട്ടടിച്ചുകൊണ്ടിരിക്കുന്നു എന്നത് എല്ലാവരും സമ്മതിക്കുന്ന വസ്തുതയാണ് പോരായ്മകൾ പരിഹരിക്കാനുള്ള ഇച്ഛാശക്തി കാട്ടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഈ പശ്ചാതലത്തിൽ വേണം പഞ്ചായത്തിൽ നിലവിലുള്ള വിദ്യാഭ്യാസ സംവിധാനത്തെ വിലയിരുത്താൻ. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്തെ പ്രത്യേക പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ഒൻപതാം പദ്ധതിയിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശാസ്ത്രീയവും ആസൂത്രിതവുമായ പ്രവർത്തനങ്ങർക്ക് രൂപം കൊടുക്കുകയും വേണം.

ചരിത്രം.

1920 ൽ ഊഞ്ഞാപ്പാറയിൽ M.T.L.P. സ്കൂൾ സ്ഥാപിക്കുന്നതോടെയാണ് പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രം ആരംഭിക്കുന്നത്.കേരളത്തിന്റെ നവോത്ഥാന പ്രസ്ഥാനത്തിൽ പ്രധാന പങ്ക് വഹിച്ച ക്രിസ്ത്യൻ മിഷനറി പ്രവർത്തനമാണ് പഞ്ചായത്തിലെ ആദ്യത്തെ സ്കൂളിന് അടിത്തറ പാകിയത്. പഞ്ചായത്തിൽ നിലവിനുള്ള 7 സ്കൂളുകളും അതിന്റെ പിൻമുറക്കാരാണ്.

പഞ്ചായത്തിലെ ആദ്യ ബിരുദ്ധാരി ശ്രീ; ജോസഫ്. ജി. ചേലാട്ടും ഗവേഷണ ബിരുദധാരി ശ്രീ; ജോർജ്ജ്.ഡി. ചെറിയാനുമാണ്. പഞ്ചായത്തിൽനിന്നും ആദ്യമായി വിദേശ പഠനത്തിനു പോയത് പ്രശസ്ത പണ്ഡിസനും മുൻ M.L.A. യുമായ ശ്രീ; M.P. വറുഗീസാണ്.

പഞ്ചായത്തിൽ മൂന്നു ഹൈസ്കൂളുകളടക്കം പത്ത് വിദ്യാലയങ്ങളാണുള്ളത്. സ്വകാര്യമേഖലയിൽ ഏഴെണ്ണമുണ്ട്. രണ്ടെണ്ണം പൊതുമേഖലയിലാണ്. ഒരെണ്ണം അൺ എയ്ഡഡ് മേഖലയിലും പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ ആകെയുള്ള രണ്ടായിരത്തി മുന്നൂറ്റിരണ്ട് വിദ്യാർത്ഥികളിൽ മുന്നൂറ്റിമുപ്പത്തിനാലുപേർപട്ടികജാതി വിഭാഗത്തിൽപ്പെടുന്നു. ആകെ 107 അധ്യാപകരാണ് ഇവിടെ സേവനം അനുഷ്ഠിക്കുന്നത്. 71 വനിതകളും 36 പുരുഷൻമാരുമാണ്. വനിതകളാണ് ഈ രംഗത്ത് കൂടുതലുള്ളത്. കഴിഞ്ഞ 10 വർഷത്തിനിടയിൽ രണ്ട് സ്കൂളുകൾ പുതിയതായി ആരംഭിച്ചുവെങ്കിലും കുട്ടികളുടെ എണ്ണത്തിൽ കുറവുവന്നു കൊണ്ടിരിക്കുകയാണ്.

ഭൗതീകസാഹചര്യം

ആകെയുള്ള 10 സ്കൂളുകളിൽ ഒൻപതെണ്ണത്തിലും ലൈബ്രറി സൗകര്യം ലഭ്യമാണ്. എന്നാൽ ലബോറട്ടറി സൗകര്യം അഞ്ചെണ്ണത്തിലെ നിലവിലുള്ളു. ആറ് സ്കൂളുകളിൽ മാപ്പ്, ചാർട്ട്, ഗ്ലോബ് തുടങ്ങിയ പഠനസഹായികൾ ലഭ്യമല്ലാത്തത് ഈ രംഗത്തെ പോരായ്മയാണ്. ടി.വി, സിനിമപ്രോജക്ടർ, ഓവർഹെഡ്പ്രോജക്ടർ, എന്നീ ആധുനിക പഠനോപകരണങ്ങൾ ഒരു സ്കൂളിലും ലഭ്യമല്ല. പഞ്ചായത്തിലെ രണ്ട് സർക്കാർ സ്കൂളുകളിലും വൈദ്യുതി സൗകര്യം ഇല്ല.

അക്കാദമികനിലവാരം

നമ്മുടെ പഞ്ചായത്തിലെ മൂന്ന് ഹൈസ്കൂളുകളുടേയും 1991 മുതൽ 95 വരെയുള്ള വിജയശതമാനം താഴെ ചേർക്കുന്നു.

വർഷം	S.S.B.H.S, കീരംപാറ	S.S.G.H.S, കീരംപാറ	S.J.H.S വെളിയേൽച്ചാൽ	പഞ്ചായത്ത്
'91-'92	46.34%	55.4%	90%	69.79%
'92-'93	42.83%	45.5%	78%	55.64%
'93-'94	39.43%	50.8%	69.5%	52.85%
'94-'95	37.5%	46.3%	65%	49.36%
'95-'96	40.58%	50%	60%	50.28%

കഴിഞ്ഞ അഞ്ച് വർഷത്തെ S.S.L.C വിജയ ശതമാനം പരിശോധിച്ചാൽ അത്ക്രമേണ കുറഞ്ഞു വരുന്നതായി കാണാം. 1995ൽ S.S.L.C പരീക്ഷ എഴുതിയ 215 പേരിൽ പകുതി കുട്ടികൾ മാത്ര മാണ് വിജയം കണ്ടത്. വിജയിച്ചവരിൽത്തന്നെ 14 പേർക്കാണ് 60% മാർക്ക് ലഭിച്ചിട്ടുളളത്.

1996-'97 അധ്യായനവർഷത്തിൽ ഈ പഞ്ചാ യത്തിൽ 35 പേർ പഠനം നിർത്തിപ്പോയി. അതിൽ 5 പേർ പട്ടികജാതി വിദ്യാർത്ഥികളാണ്. തോറ്റുപഠി ക്കുന്ന 163 വിദ്യാർത്ഥികളിൽ 51 പേർ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്.
P T A മാതൃസംഗമം എന്നിവ പൊതുവെ സ്കൂളുക ളിൽ സജീവമാണ്.

കായികരംഗം.

പൊതുവെ 9 സ്കൂളുകളിൽ കായികരംഗത്ത് മികച്ച പ്രകടനം കാണാനില്ല. എന്നാൽ S.J.H.S. ഈ രംഗത്ത് അല്പം മുന്നിട്ടുനിൽക്കുന്നു. അവർക്ക് ദേശീയ മീറ്റിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ കഴിഞ്ഞി ട്ടുണ്ട്.

അനൗപചാരികവിദ്യാഭ്യാസം

അനൗപചാരികവിദ്യാഭ്യാസരംഗത്ത് ശ്രദ്ധേയ മായ പ്രവർത്തനമാണ് പഞ്ചായത്തിൽ നടന്നിട്ടുള്ള ത്. 1989ൽ എറണാകുളം ജില്ലാ സമ്പൂർണ്ണ സാക്ഷ രതായജ്ഞത്തിന്റെ ഭാഗമായി നിരക്ഷരരെ സാക്ഷര രാക്കാനുളള പ്രവർത്തനം ഈ പഞ്ചായത്തിൽ സജീവമായി നടന്നു. അതുവഴി പഞ്ചായത്തിലെ സാക്ഷരതാശതമാനം 98 ആക്കാൻ കഴിഞ്ഞു.

ദേശീയ സാക്ഷരതാമിഷന്റെ ഭാഗമായി ഭാരത് ജ്ഞാൻ വിജ്ഞാൻ സമിതി കേരളഘടകം ബീഹാറിലും മധ്യപ്രദേശിലും സംഘടിപ്പിച്ച സാക്ഷ രതകലാജാഥയിൽ ഈ പഞ്ചായത്തിലെ ആറ് സാക്ഷ രതാ പ്രവർത്തകർ പങ്കെടുത്തു. രാജ്യത്തെ സാക്ഷര മാക്കാനുളള പഞ്ചായത്തിന്റെ പങ്ക് ശ്രദ്ധേയമാണ്.

നേഴ്സറി വിദ്യാഭ്യാസം

പഞ്ചായത്തിൽ 4 ബാലവാടികൾ പ്രവർത്തിച്ച് വരുന്നു. 150 ഓളം കുട്ടികൾ ഇവിടെ കളിച്ചുവളർ ന്നു. നഴ്സറികൾ, പഠനകേന്ദ്രങ്ങളല്ല. പഠനത്തിന് മാ നസ്സികമായും ശാരീരികമായും കുട്ടിയെ തയ്യാറാക്കുന്ന സ്ഥലം മാത്രമാണിത്. എന്നാൽ കേരളത്തിന്റെ ഭൂരി പക്ഷം നേഴ്സറികളിലും കുട്ടികളെ അടിച്ച് പഠിപ്പി ക്കുകയാണ്. യഥാർത്ഥത്തിലുളള ബാലവാടിയായി - കുട്ടികളുടെ പൂന്തോട്ടമായി ഇതിനെ മാറ്റണം. ഇങ്ങ നെ ബാലവാടികൾ അതിനുപറ്റിയവിധത്തിൽ പുന സംവിധാനം ചെയ്യണം.

പ്രശ്നങ്ങൾ

1. ധാരാളം കുട്ടികൾ പഞ്ചായത്തിനുവെളിയിൽ
2. കുട്ടികളിൽ നിരക്ഷരത നിലനിൽക്കുന്നു.
3. S.S.L.C ക്ക് വിജയശതമാനം കുറഞ്ഞുവരുന്നു.
4. തോറ്റുപഠിക്കുന്ന 163ൽ 51 പേർSC/ST വിഭാഗത്തിൽ പ്പെട്ടവരാണ്.
5. S.S.L.C പരീക്ഷ എഴുതുന്ന 50% പേരെ വിജയി ക്കുന്നുളളു.
6. പഠനോപകരണങ്ങളുടെ കുറവ് സ്കൂളുകളിലുണ്ട്.
7. പാഠ്യാനുബന്ധപ്രവർത്തനങ്ങൾ പലസ്കൂളുകളിലും നടക്കുന്നില്ല.
8. പാഠ്യേതരപ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നില്ല.
9. സർക്കാർ സ്കൂളുകളിലെ ഭൗതീകസാഹചര്യം മോശമാണ്.

സാധ്യതകൾ

സ്കൂൾ കോംപ്ലക്സ് പ്രവർത്തനം അടുത്ത അധ്യയനവർഷം മുതൽ ആരംഭിക്കുക.

സ്കൂളുകളിലെ ഭൗതീകസാഹചര്യം മെച്ചപ്പെ ടുത്താനുളള പ്രവർത്തനം നടത്തുക.

ഗ്രാമസഭാറിപ്പോർട്ട് സംഗ്രഹം

ഊഞ്ഞാപ്പാറയിലുളള രണ്ട് L.P. സ്കൂളുകളെ നിലലിർത്താൻ സംവിധാനം ഉണ്ടാക്കുക.

പുന്നേക്കാട് ഗവ: L.P.സ്കൂളിന്റെ ചുറ്റുമ തിൽ കെട്ടുക.,പാറമണ്ണിട്ട് കളിസ്ഥലം നിർമ്മിക്കുക. രക്ഷകർത്താക്കളെ ബോധവത്കരിക്കുക. പ്രീപ്രൈമറി ആരംഭിക്കുക.

പ്ലസ് ടു/V.H.C/സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക.

പാലമറ്റം ഗവ: L.P.സ്കൂളിന്റെ ചുറ്റുമതിൽ കെട്ടുക, സ്കൂളിന് ഓഫീസ്, കഞ്ഞിവക്കുന്നതിനു ളള കെട്ടിടം എന്നിവ നിർമ്മിക്കുക.

വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ

Sl. No	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	കുട്ടികളുടെ എണ്ണം			SC/ST.			അദ്ധ്യാപകരുടെ എണ്ണം
			Boys	Girls	Total	Boys	Girls	Total	
1	ഗവ. എൽ.പി.എസ്	സർക്കാർ	43	34	77	3	3	6	4
2	ഗവ. എൽ.പി.എസ്പാലമറ്റം	സർക്കാർ	35	30	65	13	5	18	4
3	ഗവ. എൽ.പി.എസപുന്നേക്കാട്	സർക്കാർ	14	19	33	2	6	8	2
4	എംടി.എൽ.പി.എസ്ഈഞ്ഞാപ്പാറ	എയ്ഡഡ്	36	39	75	11	9	20	2
5	സെന്റ്തോമസ് എൽപി.എസ് നാടുകാണി	എയ്ഡഡ്	94	83	117	15	20	35	6
6	സെന്റ്തോമസ് യു.പി.എസ് നാടുകാണി	എയ്ഡഡ്	86	76	162	17	15	32	9
7	സെന്റ്ജോർജ് യു.പി.എസ് പുന്നേക്കാട്	അൺ എയ്ഡഡ്	115	110	265	18	14	32	14
8	സെന്റ് സ്റ്റീഫൻസ് എച്ച്.എസ് കീരംപാറ(Boys)	എയ്ഡഡ്	206	--	206	65	--	65	14
9	സെന്റ് സ്റ്റീഫൻസ് എച്ച്.എസ് കീരംപാറ(Girls)	എയ്ഡഡ്	--	227	227	--	68	68	14
10	സെന്റ് ജോസഫ്സ് എച്ച്.എസ് വെളിയേൻച്ചാൽ	എയ്ഡഡ്	538	488	1026	52	44	96	38
	ആകെ		1167	1106	2253	196	184	380	107

5.6 കുടിവെള്ളം, പൊതുജനാരോഗ്യം



കുടിവെള്ളം

കീരംപാറ പഞ്ചായത്തിൽ വളരെ രൂക്ഷമായ ഒന്നായിരുന്നു കുടിവെള്ളക്ഷാമം. ഭൂമിശാസ്ത്രപരമായി നോക്കിയാൽ കനത്തചെരിവും കരിമ്പാറ പ്രദേശങ്ങളുമടങ്ങിയ ഇവിടെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതിൽ വലിയ അത്ഭുതമില്ല. ഈ പ്രശനം 1988 ൽ നിലവിൽ വന്ന പഞ്ചായത്ത് കമ്മറ്റി വളരെ ഗൗരവമായി ചർച്ചചെയ്യുകയും പല പ്രതിബന്ധങ്ങളേയും മറികടന്ന് 1990 ൽ ഇപ്പോൾ നിലവിലുള്ള വാട്ടർ സപ്ലൈസ്കീമിന് അനുവാദം വാങ്ങുകയും യുദ്ധ കാലാടിസ്ഥാനത്തിൽ പണിയാരംഭിക്കുകയും ചെയതു. പണി മുടക്കങ്ങളോ കാലതാമസമോ കൂടാതെ 1993ൽ തന്നെ ഈ സ്കീം കമ്മീഷൻ ചെയ്യുകയുണ്ടായി. പുന്നേക്കാട് കവലയിൽ നിന്നും 3 കി.മീറ്റർ അകലത്തിലുള്ള തട്ടേക്കാട് കടവിനു സമീപം പണി തീർത്ത പമ്പ് ഹൗസിൽ നിന്നും വെള്ളം പമ്പ് ചെയ്ത് പുന്നേക്കാട് കവലയ്ക്ക് സമീപമുള്ള പറാട് മുടിയുടെ മുകളിലുള്ള ടാങ്കിൽ എത്തിച്ച് അരിച്ച് ടാപ്പുകൾ വഴി വിതരണം ചെയ്തുവരുന്നു. 45.കി.മീ റ്റർ നീളത്തിൽ പൈപ്പ് ലൈനും അവയിൽ നിന്ന് 174 പൊതു ടാപ്പുകളും 110 ഹൗസ് കണക്ഷനുകളുമുള്ള ഈ സ്കീം വഴിയാണ് പഞ്ചായത്തിലെ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിച്ചിട്ടുള്ളത്. എന്നാലും കുടിവെള്ളക്ഷാമം പരിഹരിക്കൻ ഈ സ്കീം മുഴുവൻ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇത്രയും വിശാലമായ പ്രദേശത്തേക്ക് വെള്ളമെത്തിക്കുന്നതിന് സ്ഥാപിച്ചിരിക്കുന്ന പമ്പ് സെറ്റ് വെറും 15 HP യുടേതാണ്. കമ്മീഷൻ ചെയ്യുന്നതിന് മുമ്പ് തന്നെ പഞ്ചായത്ത് കമ്മറ്റി ഇക്കാര്യത്തിൽ പലതവണ വിയോജിപ്പ് പ്രകടിപ്പിക്കുകയും, 50 HP യുടെ മോട്ടർ സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ ഈ ആവശ്യത്തിൻമേൽ വാട്ടർ അതോറിറ്റി അനുവദിച്ച 20 HP യുടെ മോട്ടർ തിക്കും അപര്യാപ്തമാണ്, മാത്രമല്ല മോട്ടർ പ്രവർത്തിപ്പക്കാനുള്ള വൈദ്യുതി തുടർച്ചയായി കിട്ടാറുമില്ല. മോട്ടർ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വൈദ്യുതി വിതരണം ചെയ്യുന്ന പവർ ലൈൻ 150 കി.മീറ്റർ വനത്തിലൂടെയും റബ്ബർതോട്ടത്തിലൂടെയുമാണ് എത്തുന്നത്. അതുകൊണ്ട് സർവ്വസാധാരണമായി ടച്ചിങ്ങും, മരം പിഴുതുവീഴലുമുണ്ടാകാറുണ്ട്. ഇങ്ങനെ ലൈനുകളിൽ ഉണ്ടാകുന്നത കരാറ് യഥാസമയം കണ്ടുപിടിച്ച് പരിഹരിക്കാൻ കഴിയാറില്ല. ഇത് കുടിവെള്ളവിതരണത്തെ പ്രതികൂലമായി ബാധിക്കുന്നു. അതുകൊണ്ട്, കോതമംഗലം ഇലക്ട്രിക്കൽ ഫീഡറിനിന്നുള്ള ലൈൻ കീരംപാറയിലെ പുന്നേക്കാട് ട്രാൻസ്ഫോമർ ലൈനുമായി ബന്ധിപ്പിക്കുക. ഇപ്രകാരം ചെയ്യുന്നതായാൽ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും ഇങ്ങനെയൊക്കെയാണെങ്കിലും വാട്ടർ ടാങ്ക് ലവലിൽ നിന്നും കൂടുതൽ ഉയരത്തിൽ താമസിക്കുന്നവർക്ക് ഈ സ്കീമിൽ നിന്നും ജലം എത്തിക്കാൻ കഴിയില്ല. അതുകൊണ്ട് ഇത്തരം പ്രദേശങ്ങൾക്ക് പ്രത്യേകം പരിഗണനനൽകി അനുയോജ്യമായ മിനി സ്കീമുകൾ നടപ്പിലാക്കേണ്ടതായിട്ടുണ്ട്.45. കി.മീറ്ററോളം പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇവയിലധികവും പഞ്ചായത്തിന്റെ പൊതുവഴിയോരങ്ങളിലാണ്. പലകോളനിപ്രദേശങ്ങളിലേയ്ക്കും , ഉൾപ്രദേശങ്ങളിലേയ്ക്കും ഇനിയും കുടിവെള്ളം എത്തിക്കേണ്ടതുണ്ട്. ഇതിന് 7.25 കി.മി. പൈപ് ലൈൻ ലഭ്യമാക്കേണ്ടതുണ്ട്.

കുടിവെള്ളം എത്തിക്കേണ്ടകോളനികൾ

കൃഷ്ണപുരം കോളനിയുടെ ഉൾപ്രദേശം
ചെങ്കര മിച്ചഭൂമി കോളനി
പറാട് കോളനിയുടെ ഇരുഭാഗങ്ങൾ
നെടുമ്പാറ, M.P. കോളനിയുടെ ഉൾപ്രദേശം
പുന്നേക്കാട് നിന്നും കൂരികുളം വരെ മുട്ടത്തുകണ്ടം ഹരിജൻ കോളനി വിപ്പനാട്ട് ജോയിയുടെ വീടിന് സമുപമുള്ള കോളനി
വെലിയേൽചാൽ ലക്ഷം വീട് കോളനി
പാലമറ്റം ലക്ഷം വീട് കോളനി
നാടുകാണി കോളനി
പൊട്ടൻമുടിയുടെ ഇരു വശങ്ങളിലേക്ക്
ബാപ്പുജി കോളനി
വെളിയേൽചാൽ മുട്ടച്ചുകണ്ടം ഹരിജൻ

കോളനിയിൽ ഒരു ഭാഗത്ത് പൈപ്പ് വെള്ളം എത്തിക്കാൻ കഴിയില്ല. വറ്റാത്ത ഉറവജലമുള്ള രണ്ട് സ്ഥലങ്ങളുണ്ട്. അറമ്പൻ കുടി വാവച്ചന്റെ പുരയിടത്തിൽ (ഒന്ന്) തളിപ്പറമ്പന്റെ കുളത്തിൽ (രണ്ട്) ഇതിലേതെങ്കിലും അവരുടെ അനുവാദത്തോടെ വീതിയും ആഴവും കൂട്ടി ഹോസ് താഴേക്ക് വലിച്ച് അതിന്റെ അറ്റത്ത് ടാപ്പ് ഇട്ട് കൊടുത്താൽ കുറഞ്ഞചിലവിൽ കുടിവെള്ളം എത്തിക്കാൻ കഴിയും.

കൊണ്ടിമറ്റം 611 മുടി വാട്ടർടാങ്കിൽ നിന്നും ഉയരത്തിലാണ്. ഇവിടെ താമസിക്കുന്ന 44 വീട്ടുകാർക്ക് വെള്ളം എത്തിക്കാൻ ഈ മുടിയുടെ താഴ്വാരത്തുള്ള വറ്റാത്തകുളത്തിൽ നിന്ന് മോട്ടോർ വച്ച് വെള്ളം പമ്പ് ചെയ്ത് മുകളിൽ എത്തിച്ച് ഒരു മിനി ടാങ്ക് പണിത് വെള്ളം വിതരണം ചെയ്യണം.

ഇതുപോലെ തന്നെ നാടുകാണിയിലുള്ള പൊട്ടൻമുടിലും വാട്ടർ സപ്ലൈ ജലം എത്തിക്കാൻ കഴിയില്ല. ഈ മുടിയിൽ 80 കുടുംബങ്ങൾ താമസിയക്കുന്നുണ്ട്. ഇവർക്ക് കുടിവെള്ളമെത്തിക്കണമെങ്കിൽ പഞ്ചായത്തുവകയായതും, താഴ് ഭാഗത്ത് സ്ഥിതി ചെയ്യുന്നതും, ഇടിഞ്ഞ് പൊളിഞ്ഞ് കിടക്കുന്നതും എന്നാൽ ഇഷ്ടംപോലെ വെള്ളമുള്ളതുമായ ചാലു ചിറകുളം പുനരുദ്ധാരണം നടത്തി മോട്ടർ സ്ഥാപിച്ച് വെള്ളം പംമ്പ് ചെയ്ത് പൊട്ടൻമുടിയുടെ ഇരു ഭാഗത്തും ശുദ്ധജലം എത്തിക്കാൻ കഴിയും.

കുടിവെള്ളക്ഷാമം ഓരോവാർഡുകളിലും താഴെ പറയും പ്രകാരം അനുഭവപ്പെടുന്നു.

വാർഡുകൾ.	കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന വീടുകളുടെ എണ്ണം
I	40
II	170
III	92
IV	53
V	180
VI	54
VII	55
VIII	123
ആകെ	767

നിലവിലുള്ള കുടിവെള്ളത്തിന്റെ ഗുണനിലവാരം പൊതുവേ തൃപ്തികരമാണെങ്കിലും വാട്ടർടാങ്കിന്റെ മുകൾ ഭാഗം തുറന്ന് കിടക്കുന്നത് മൂലം പക്ഷികളും മറ്റും കൈവരികളിൽ വന്നിരുന്ന് കാഷ്ഠിക്കുകയും ചീഞ്ഞഴുകിയ സാധനങ്ങൾ കൊത്തികൊണ്ടുവന്ന് ഇടുകയും ചെയ്യുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനും പരിസരപ്രദേശങ്ങൾ വൃത്തിയായി പരിരക്ഷിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കണ്ടതാണ്.

വാട്ടർ സപ്ലൈ സ്കീമിൽ നിലവിലുള്ള പംമ്പിംഗ് സമ്പ്രദായം പരഷ്കരിക്കണം. കുടിവെള്ളത്തിന് രൂക്ഷമായ ക്ഷാമം അനുഭവപ്പെട്ടു തുടങ്ങുന്ന നവമ്പർ അവസാനം മുതൽ ജൂൺ ആദ്യവാരം വരെ 3 ഷിഫ്ട് പംമ്പിംഗ് സമ്പ്രദായം ഏർപ്പെടുത്തണം.

പെരിയാർവാലി ഇറിഗേഷനിലെ ഷട്ടർ ഉയർത്തുമ്പോൾ പുഴയിലെ ജലനിരപ്പ് കുറയുകയും തന്മൂലം പമ്പ് ചെയ്യുവാൻ കഴിയാതെ വന്നിട്ടുണ്ട്. ഇതിന് പരിഹാരമായി ഊഞ്ഞാപാറയിലുള്ള പമ്പ്ഹൗസിൽ നിന്നും വെള്ളം പമ്പ് ചെയ്തു കീരംപാറ വാട്ടർ സപ്ലൈനിൽ നൽകി കാര്യക്ഷമമാക്കേണ്ടതാണ്.

കീരംപാറ പഞ്ചായത്തിൽ മിക്ക മേഖലകളും പാറ നിറഞ്ഞ പ്രദേശങ്ങളാണ്. ഈ മേഖലകളിൽ കുടിവെള്ളത്തിന് ആശ്രയിക്കാവുന്ന മറ്റൊരു മാർഗ്ഗം കുഴൽ കിണറുകൾആണ്. പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ വിശദമായ സർവ്വെക്കുശേഷം കുഴൽ കിണറുകൾആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ടതാണ്.

ലൈനിലെ അറ്റകുറ്റപണികൾ യഥാസമയം നടത്താത്തുകൊണ്ട് വിലപ്പെട്ടകുടിവെള്ളം ധാരാളം നഷ്ടപെട്ടുകൊണ്ടിരിക്കുന്നു. ഇങ്ങിനെ അടിക്കടി ഉണ്ടാകുന്നതകരാറുകൾ അതാതു സമയങ്ങളിൽ അറ്റകുറ്റപണികൾ നടത്താനുള്ള നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

ഗ്രാമസഭകളുടെ നിർദ്ദേശങ്ങളിൽ പൊന്തിവന്ന കുടിവെള്ള സംബന്ധമായ എല്ലാ പ്രശ്നങ്ങളും സവിസ്തരം പരിശോധിക്കുകയും പരിഗണിക്കുകയും ചെയ്തതിൽ എല്ലാ പ്രശ്നങ്ങളും പരിഹാരസാധ്യതകളും ഈ റിപ്പോർട്ടിൽ ഉൾകൊള്ളിച്ചതായി കരുതുന്നു. ഗ്രാമസഭാ റിപ്പോർട്ടിന്റെ കുടിവെള്ളത്തെ സംബന്ധിച്ച ആവശ്യങ്ങളുടെ സംഗ്രഹം വാർഡുതലത്തിൽ താഴെ ചേർക്കുന്നു.

വാർഡ് **1.**

നെടുമ്പാറ, കരിമ്പുകണ്ടം, ചേലാടൻ കോളനി, ഊഞ്ഞാപ്പാറ, കന്നികണ്ടം ഇവിടങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുകയും ആവശ്യത്തിന് ഹൗസ് കണക്ഷൻ നൽകുകയും ചെയ്യുക.

വാർഡ് 2.

ചേലമലകിണർ നന്നാക്കുക, കൃഷ്ണപുരം കോളനി, ചെങ്കര മിച്ചഭൂമി കോളനി എന്നിവടങ്ങളിലെ കുടിവെള്ളക്ഷാമം പരിഗണിക്കുക. തട്ടേക്കാട് പമ്പ് ഹൗസിലെ മോട്ടോർ 50 H.P. യുടെ 2 എണ്ണം സ്ഥാപിക്കുക. കൃഷ്ണപുരം കോളനിയിലെ ഉയർന്നപ്രദേശത്ത് സ്ഥാപിക്കുന്ന പൈപ്പ് മാറ്റി വലുതു സ്ഥാപിക്കുക. പൈപ്പുകൾ ഇടേണ്ട സ്ഥലങ്ങളിൽ മാറ്റി ഇടുക.

വാർഡ് 3.

ഊഞ്ഞാപ്പാറ കനാൽ ബണ്ട് ഭാഗത്ത് വട്ടമുടി കിഴക്കുഭാഗത്ത് പാച്ചിറ കോളനി എന്നിവിടങ്ങളിൽ പൊതു ടാപ്പ് സ്ഥാപിക്കുകയും ശുദ്ധജലം കൃത്യമായി എത്തിക്കുകയും ചെയ്യുക.

വാർഡ് 4.

കുരികുളത്ത് പഞ്ചായത്തു ചിറയുടെ ഭാഗത്ത് കുളം കുഴിക്കുക. M.P. കോളനിയിൽ വാട്ടർസപ്ലൈയുടെ കുറവ് പരിഹരിക്കുക. പുന്നേക്കാട് - തട്ടേക്കാട് റോഡിൽ നിന്നും വനഭൂമിയിൽ കൂടിയുള്ള റോഡിൽ കൂടി പൈപ്പിട്ട് വാട്ടർസപ്ലൈ ലഭ്യമാക്കുക.

വാർഡ് 5.

മുട്ടത്തുകണ്ടം ഹരിജൻ കോളനിയിൽ കീരംപാറ വാട്ടർസപ്ലൈ സ്കീമിൽ നിന്നും കുടിവെള്ളം എത്തിക്കുക. വെളിയേൽചാൽ - ഓവുങ്കൽ റോഡിൽ നിലവിലുള്ള വാട്ടർസപ്ലൈ ഓവുങ്കൽ വരെ നീട്ടുക സമതല പ്രദേശത്തുനിന്നും 300 അടിയോളം ഉയരമുള്ള 611 മുടി, മുട്ടത്തുകണ്ടം മുടി, എന്നീ മേഖലകളിലെ താമസക്കാർക്ക് കുടിവെള്ളം ഒരു വലിയ പ്രശ്നമാണ്. ഈ രണ്ട് സ്ഥലങ്ങളിലും വാട്ടർസപ്ലൈ സ്കീമിൽ നിന്ന് ജലം എത്തിക്കുവാൻ കഴിയില്ല. വാട്ടർ ടാങ്കിൽ നിന്നും 200 അടി ഉയരത്തിലാണ് ഈ സ്ഥലങ്ങൾ സ്ഥിതിചെയ്യുന്നത്. അതിനാൽ ഈ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് രണ്ട് ചെറിയ വാട്ടർസപ്ലൈ സ്കീമുകൾ ഉടൻ നടപ്പിലാക്കുക.

പുന്നേക്കാട് കവലക്ക് സമീപമുള്ള വീപ്പനാട്ട് ജോയിയുടെ വീടിന് പുറകിലുള്ള കോളനിയിൽ വാട്ടർസപ്ലൈ സ്കീമിലെ വെള്ളമെത്തിക്കുക.

മാളികപ്പടി റോഡിൽനിന്നും വെട്ടിക്കൽ മലയുടെ ഭാഗത്തുള്ള താമസക്കാർക്ക് വേണ്ടി പൈപ്പ് ലൈൻ നീട്ടുക.

വെളിയേൽചാൽ ലക്ഷംവീട് കോളനിയിൽ വാട്ടർസപ്ലൈ എത്തിക്കുക.

മാളികപ്പടി റോഡിൽനിന്നും കൊല്ലം കുടി ജോസിന്റെ വീടിനുസമീപം വരെ പൈപ്പ് ലൈൻ നീട്ടുക. വെളിയേൽചാൽ മഠത്തിലേക്കുള്ള റോഡിൽക്കൂടി വാട്ടർസപ്ലൈ എത്തിച്ച് കുടിവെള്ളം എത്തിക്കുക.

വാർഡ് 6.

ടാപ്പുകൾ ഇല്ലാത്തസ്ഥലങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കുക. പാലമറ്റം ലക്ഷം വീട് കോളനിയുടെ ഉളളിലേയ്ക്ക് ലൈൻ വലിച്ച് പൊതുടാപ്പ് ഇട്ട്നൽകുക. ചാരുപാറ രണ്ട് കുഴൽ കിണറുകൾ സ്ഥാപിക്കുക.

വാർഡ് 7.

ഏറുപുറം പനഞ്ചാൽ പ്രദേശത്തിന് നടുഭാഗത്തായി കിണർകുഴിച്ച് ശുദ്ധജലം ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.


ലക്ഷം വീട് കോളനി, കല്ലാടിക്കൽ പടിക്കുമുകളിൽ, കടുക്കാസിറ്റി കൊച്ചുകരോട്ട് ജോസിന്റെ വീടിന് മുകൾ ഭാഗത്ത് എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ നീട്ടി കുടിവെള്ളം എത്തിക്കുക.

വാർഡ് 8.

പൊട്ടൻമുടി, ചെമ്പിക്കോട്, ചീനിക്കുത്ത്, മുട്ടാണിക്കോട്, എന്നീ പ്രദേശങ്ങളിൽ വെളളക്ഷാമം രൂക്ഷമാണ്. ഇതിന് വാട്ടർസപ്ലൈ സ്കീമിൽ നിന്ന് വെളളം എത്തിച്ച് പരിഹാരം കാണുക.

ഈ വാർഡിലെ ഉയർന്ന പ്രദേശമായ പൊട്ടൻമുടി ഭാഗത്ത് കുടിവെളളം ലഭ്യമല്ല. ചാലുചിറ ഭാഗത്തുള്ള കിണർ നന്നാക്കി പൊട്ടൻമുടിയിലേയ്ക്ക് വെളളം പമ്പ് ചെയ്ത് ഒരു ടാങ്ക് നിർമ്മിച്ച് പൈപ്പ് സൗകര്യം ഉണ്ടാക്കി ജലക്ഷാമം പരിഹരിക്കുക.

മറ്റ് പ്രദേശങ്ങളിൽ നിലവിലുള്ള വാട്ടർ സപ്ലൈ സ്കീം വികസിപ്പിച്ചാൽ കുടിവെളളക്ഷാമം പരിഹരിക്കാവുന്നതാണ്.



കേരളത്തിൽ പൊതുവായ ആരോഗ്യസംവിധാനം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. ഉയർന്ന ശുചിത്വബോധവും പ്രതിശീർഷ ആയുസ്സും താഴ്ന്ന ശിശുമരണ നിരക്കും ഇതിന്റെ സൂചികകളാണ്. 2000 ആണ്ടിൽ എല്ലാവർക്കും ആരോഗ്യമെന്ന ലോകാരോഗ്യസംഘടനയുടെ ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ ഇനിയും മുന്നോട്ട് പോകേണ്ടതുണ്ട്. ആരോഗ്യസംരക്ഷണ സംവിധാനത്തിൽ വന്വിച്ച പുരോഗതി പ്രാപിച്ചിട്ടുണ്ടെങ്കിലും ഇവിടുത്തെ ജനങ്ങളിൽ രോഗാതുരത കൂടുതലാണ്. നമ്മൾ പരാജയപ്പെടുത്തി എന്ന് കരുതിയിരുന്ന മലന്പനി, കോളറ എന്നിവ തിരിച്ച് വന്നുകൊണ്ടിരിക്കുന്നു. നിലവിലുള്ള ആരോഗ്യ സംവിധാനത്തിന്റെ പോരായ്മകൾ തിരിച്ചറിഞ്ഞ് കാര്യക്ഷമമാക്കുക എന്നതാകണം ഒൻപതാം പദ്ധതിയുടെ ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യം. അതിലേക്ക് പഞ്ചായത്ത് തല ആരോഗ്യ പ്രവർത്തനത്തെ വിലയിരുത്താനാണ് ഈ റിപ്പോർട്ടിൽ ശ്രമിച്ചിട്ടുള്ളത്.

നിലവിലുള്ള ആരോഗ്യസ്ഥിതിയും സ്ഥാപനങ്ങളും

1. പ്രഥമാകാരോഗ്യകേന്ദ്രം പുന്നേക്കാട്
2. ഗവ. ഡിസ്പെൻസറി പാലമറ്റം
3. ഹോമിയോ ഡിസ്പെൻസറി കീരംപാറ
4. ദന്തൽ ക്ലിനിക് പുന്നേക്കാട്
5. ഹോമിയോ ഡിസ്പെൻസറി പുന്നേക്കാട്
6. സെന്റ് മേരീസ് ഡിസ്പെൻസറി പുന്നേക്കാട്
7. ഫാമിലി വെൽഫെയർ സെന്റർ നാടുകാണി
9. ഫാമിലി വെൽഫെയർ സെന്റർ, ഊഞ്ഞപ്പാറ

സ്വകാര്യ മേഖലയിലെ 4 സ്ഥാപനങ്ങളടക്കം 9 സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിച്ച് വരുന്നു. ഫാമിലി വെൽഫെയർ സെന്ററൊഴിച്ച് കണക്കാക്കിയാൽ 2000 ജനങ്ങൾക്ക് ഒരു ആസ്പത്രി നിലവിലുണ്ട്.

കളരിക്കൽ ശ്രീ. കെ.പി. ഗീവർഗ്ഗീസ് വൈദ്യന്റെ ആയുർവ്വേദ ചികിത്സയും ജനങ്ങൾക്ക് ലഭ്യമാണ്. മഞ്ഞുമ്മേക്കുടിയിൽ ശ്രീ. എം.കെ. പൈലി നടത്തുന്ന സൗജന്യ വിഷചികിത്സയും കൂടാതെ കൊടിഞ്ഞി, കണ്ണിന് സംഭവിക്കുന്ന ചതവ്, മഞ്ഞപ്പിത്തം, മൃഗചികിത്സ എന്നിവയിൽ ഒറ്റമൂലി ചികിത്സയും നിലവിലുണ്ട്. ഒറ്റമൂലി ചികിത്സ മറ്റാർക്കും അറിവ് പകർന്ന് നൽകാത്തതിനാൽ നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. ഇതിന് പരിഹാരം കാണേണ്ടതാണ്.

സർക്കാർ സംവിധാനത്തിലെ ജീവനക്കാരുടെ എണ്ണം

ഡോക്ടർമാർ	2
ഫാർമസിസ്റ്റ്	2
നേഴ്സ് അസിസ്റ്റന്റ്	1
ജൂനിയർ പബ്ലിക്-ഹെൽത്ത് നേഴ്സ്	4
അറ്റന്റന്റ്	2
പാർട്ട് ടൈം സ്വീപ്പർ	2
ആകെ	13

പുന്നേക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രു ക്ലാർക്കിനേയും, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടേയും, പ്യൂണിന്റേയും ഒഴിവുകൾ നികത്താനുണ്ട്. 5000 ജനസംഖ്യയ്ക്ക് ഒരു ആരോഗ്യപ്രവർത്തകൻ എന്ന മാനദണ്ഡം പാലിക്കാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

ജനങ്ങളുടെ രോഗാതുരത സംബന്ധിച്ച വിവരങ്ങൾ

വർഷം	പുന്നേക്കാട് പി.എച്ച്.സി.യിൽ ചികിത്സക്കെത്തിയ രോഗികളുടെ എണ്ണം
92-93	9925 (പുതിയ രോഗികൾ)
93-94	9899
94-95	13004
95-96	11838

പട്ടിക 2

വിവിധ രോഗങ്ങൾക്കായി ചികിത്സക്കെത്തിയവരെ സംബന്ധിച്ച വിവരം

വർഷം	ത്വക്ക് രോഗം	വാത രോഗം	പകർച്ച വ്യാധി	മറ്റ് രോഗങ്ങൾ	ആകെ
92-93	2063	1203	780	5879	9925
93-94	1022	1010	824	7043	9899
94-95	1026	1675	780	9523	13004
95-96	826	1325	689	8998	11838

പട്ടിക 3

പകർച്ചവ്യാധി സംബന്ധിച്ച വിവരങ്ങൾ

വർഷം	ജലജന്യം	വായുജന്യം	മറ്റുള്ളവ	ആകെ
92-93	694	83	47	824
93-94	599	75	106	780
95-96	574	55	60	689

പട്ടിക ഒന്ന് പ്രകാരം ഒരു ദിവസം ശരാശരി 62 പേർ ചികിത്സാർത്ഥം ആരോഗ്യകേന്ദ്രത്തിൽ വന്ന് പോകുന്നുണ്ട്. ആസ്പത്രിയിലെ പരിമിതമായ സൗകര്യത്തിനിടയിലും ഇത്രയും പേർ ചികിത്സക്കെത്തുന്നു എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. 95-96 വർഷത്തിൽ 11838 പേർ ഈ ആസ്പത്രിയിൽ മാത്രമായി ചികിത്സക്കെത്തിയിട്ടുണ്ട്. പകർച്ച വ്യാധി ബാധിച്ച് ചികിത്സക്കെത്തിയവരുടെ പട്ടിക 3 പരിശോധിച്ചാൽ 824 പേരിൽ 694 പേരും ജലത്തിലൂടെ പകരുന്ന രോഗത്തിന് വേണ്ടി ചികിത്സ തേടിയെത്തിയവരാണെന്ന് കാണാം. ശുദ്ധമായ കുടിവെള്ളവിതരണത്തിന്റെ പ്രാധാന്യത്തിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്.

ആരോഗ്യസ്ഥിതി

പഞ്ചായത്തിലെ ശിശു മരണ നിരക്ക് 12 ആണ്. സംസ്ഥാന ശരാശരിയേക്കാൾ താഴ്ന്ന ശിശു മരണ നിരക്കാണ് എന്നുള്ളത് പ്രത്യേകം എടുത്തു പറയേണ്ട ഒന്നാണ്. സംസ്ഥാനത്തിന്റെ പൊതു ജനന നിരക്ക് 17 ആണെങ്കിൽ പഞ്ചായത്തിൽ 12 ആണെന്നത് പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നു. മാതൃമരണനിരക്ക് പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

31.10.96 ലെ കണക്ക് പ്രകാരം പഞ്ചായത്തിലെ ഒരു വയസ്സ് വരെയുള്ള കുട്ടികൾ 160 ഉം ഒന്നു മുതൽ അഞ്ചുവരെയുള്ള കുട്ടികൾ 788 ഉം ആകുന്നു.

പട്ടിക 4

പഞ്ചായത്തിലെ അമ്മമാരുടെ എണ്ണം

ഒരു കുട്ടിഉള്ള അമ്മമാർ	306
രണ്ട് കുട്ടികൾ ഉള്ള അമ്മമാർ	732
രണ്ട് കുട്ടികളിൽ കൂടുതൽ ഉള്ളവർ	562
ആകെ	1600

പട്ടിക 5

കുടുംബസൂത്രണ മാർഗം സ്വീകരിച്ചവർ

	സ്ഥിരം	താൽക്കാലികം	ആകെ
1 കുട്ടിയുള്ളവർ	4	140	144
2 കുട്ടിയുള്ളവർ	403	193	596
2 ൽ കൂടുതൽ കുട്ടിയുള്ളവർ	409	94	503
ആകെ	816	424	1243

സാമ്പത്തികം

സംസ്ഥാന ബഡ്ജറ്റിന്റെ 17% ആരോഗ്യരക്ഷയ്ക്ക് ചിലവഴിക്കുന്ന നാടാണ് നമ്മുടേത്. സാധാരണക്കാരന്റെ ആരോഗ്യരക്ഷയ്ക്ക് പ്രധാന പങ്ക് വഹിക്കേണ്ട സ്ഥാപനമാണ് പ്രാഥമിക ആരോഗ്യകേന്ദ്രം. നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങിക്കുന്നതിന് ലഭിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

വർഷം	തുക
91-92	17366.28
92-93	26318.04
93-94	20647.21
94-95	35563.97
95-96	32416.75

95-96 സാമ്പത്തിക വർഷത്തിൽ 32416.75 രൂപയാണ് പുന്നേക്കാട് പ്രാഥമികാരോഗ്യകേന്ദ്രത്തിന് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് ലഭിച്ചത്. പഞ്ചായത്തിൽ ശരാശരി 27 രൂപയാണ് ഒരാൾക്ക് ഇതിനുവേണ്ടി ലഭിക്കുന്നത്. കൂടാതെ ശമ്പളമിനത്തിൽ നാല് ലക്ഷത്തി എൺപത്തി അയ്യായിരത്തി അറുന്നൂറ്റി ഇരുപത്തി എട്ട് രൂപയും ചെലവഴിച്ചിട്ടുണ്ട്.

സാധാരണക്കാർക്ക് ഓടി എത്താവുന്ന പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിന്നും ആവശ്യമായ വൈദ്യസഹായം ലഭിച്ചാലേ കേരളത്തിന്റെ ആരോഗ്യമാതൃക നിലനിർത്താനാകൂ.

നിർദ്ദേശങ്ങൾ

പുന്നേക്കാട് പി.എച്ച്. സെന്റർ ആസ്പത്രിയായി ഉയർത്തുക. കിടത്തി ചികിത്സിക്കുന്നതിന് വേണ്ട സൗകര്യത്തോടുകൂടി പി.എച്ച്. സെന്റർ കെട്ടിടം വിപുലീകരിക്കുക. ആസ്പത്രിയുടെ വികസനത്തിന് വേണ്ടി നിലവിലുള്ള ഡോക്ടറെക്കൂടാതെ ഒരു ഡോക്ടറേയും, ആവശ്യമുള്ള സ്റ്റാഫ് നേഴ്സ്, അറ്റൻഡർ എന്നിവരേയും നിയമിക്കുക. ഡോക്ടർ, സ്റ്റാഫ് എന്നിവർക്ക് താമസിക്കാൻ ക്വാർട്ടേഴ്സ് പണിത് നൽകുക. എല്ലാ ഗ്രാമസഭകളിലും വന്നിരിക്കുന്ന ഏക നിർദ്ദേശം പുന്നേക്കാട് ആസ്പത്രിയുടെ വിപുലീകരണമാണ്.

പഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ച് നൽകുക.

കോളനികളിൽ ആരോഗ്യ ക്ലാസ്സുകൾ നടത്തുക.

വെളിയേൽ ചാലിൽ ഒരു ആയുർവേദാസ്പത്രി സ്ഥാപിക്കുക. ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

സർക്കാർ ഹോമിയോ ആസ്പത്രിക്ക് സ്വന്തമായി കെട്ടിടം പണിത് നൽകണം.

ചാരുപാറയിൽ പി.എച്ച്.സി. യുടെ ഒരു സബ്സെന്റർ ആരംഭിക്കുക.


കൊതുക് നിവാരണത്തിന് പഞ്ചായത്ത്തലത്തിൽ നടപടി കൈക്കൊള്ളുക.

പാലമറ്റം നാടുകാണിയിലും പൊതു ശ്മശാനം നിർമ്മിക്കുക.

ഒറ്റപ്പെട്ട് കിടക്കുന്ന നാടുകാണി പ്രദേശത്ത് ഒരു പി.എച്ച്. സെന്റർ ആരംഭിക്കുക. F.W.C. സെന്റർ കെട്ടിടം ഇടിഞ്ഞുപൊളിഞ്ഞ് ഉപയോഗശൂന്യമായിരിക്കയാണ്. പഞ്ചായത്തിൽ കുടിവെള്ളത്തിൽക്കൂടി രോഗം പകരുന്നവരുടെ എണ്ണം കൂടുതലാകയാൽ പഞ്ചായത്തിലെ മുഴുവൻ കിണറുകളിലേയും വെള്ളം പരിശോധിക്കാൻ ജനകീയാടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കുകയും ആയതിലേക്ക് ആവശ്യമായ ബോധവൽക്കരണം പൊതുജനങ്ങൾക്ക് നൽകുകയും ചെയ്യുക.

F.W.C. ലേക്ക് ജലവിതരണം നടപ്പാക്കുക.

5.7 പാർപ്പിടം, സാമൂഹ്യക്ഷേമം



പാർപ്പിടം

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം. ജനസംഖ്യാവർദ്ധനവിന് അനുസൃതമായി പുതിയ കുടുംബങ്ങൾ ഉണ്ടാവുകയും അവർക്കെല്ലാം വാസയോഗ്യമായ വീടുകൾ ഉണ്ടാക്കുകയും ചെയ്യേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ജനങ്ങളുടെ സാമൂഹ്യവും, സാമ്പത്തികവുമായ പുരോഗതിയുടെ പ്രതിഫലനം കൂടിയാണ് മെച്ചപ്പെട്ട പാർപ്പിട സൗകര്യങ്ങൾ സൂചിപ്പിക്കുന്നത്.

പഞ്ചായത്തിലെ വീടുകളെക്കുറിച്ചുള്ള പൊതുസ്ഥിതി താഴെ ചേർക്കുന്നു. (അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം)

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒരു നിലയിൽ കൂടുതൽ	ഒരു നില കെട്ടിടം	മേൽക്കൂരയുടെ സ്വഭാവം		
				ഓട്	ഓല	മറ്റുള്ളവ
1	468	10	50	216	174	18
2	555	2	54	183	285	31
3	595	14	78	227	271	5
4	348	11	27	156	146	8
5	444	2	33	227	172	10
6	535	2	48	269	206	10
7	340	3	31	113	183	10
8	263	2	11	120	128	2
ആകെ	3548	46	332	1511	1565	94

1966 ജനുവരി 13-ാം തീയതി നടത്തിയ സർവ്വെ പ്രകാരം വീടാവശ്യമുള്ളവരുടെ വാർഡ് തിരിച്ച് പട്ടിക

വാർഡ്	വീട് വേണ്ടവരുടെ എണ്ണം
I	116
II	150
III	148
IV	75
V	112
VI	128
VII	123
VIII	80
ആകെ	932

വാസയോഗ്യമായ വീടുകളില്ലാത്ത 932 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അന്താരാഷ്ട്ര പാർപ്പിടവർഷം ആഘോഷിച്ച നമുക്ക് ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടതുണ്ട്. സ്വന്തമായി സ്ഥലമില്ലാത്ത കുടുംബങ്ങളും ഇതിൽ ഉൾപ്പെടുന്നതാണ്. അവർക്ക് വീട് നിർമ്മിക്കാൻ സ്ഥലം കൂടി ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും വാസയോഗ്യമായ വീട്നൽകാൻ അടുത്ത അഞ്ചു കൊല്ലത്തിനുള്ളിൽ കഴിയണം.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ മൂന്നിലൊന്ന് കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുകളില്ല.

2. ധാരാളം ആളുകൾ പുറമ്പോക്കിൽ കുടിൽ കെട്ടി താമസിക്കുന്നു.

3. ലക്ഷം വീട് കോളനികളിലെ വീടുകൾ ശോചനീയാവസ്ഥയിലാണ്.

4. സ്വന്തമായി വീട് നിർമ്മിക്കാൻ സഹായം ലഭിക്കാൻ കൈവശഭൂമിക്ക് പട്ടയമില്ല.

സാധ്യതകൾ

1. ഹൗസിംഗ് സഹകരണസംഘം സ്ഥാപിക്കുക.

2. ലക്ഷം വീട് കോളനികളിലെ വീടുകളുടെ ശോചനീയാവസ്ഥയും, അപകടാവസ്ഥയും കണക്കിലെടുത്ത് ഉടൻ മെയ്ന്റനൻസ് നടത്തികൊടുക്കുക.

3. വിവിധ ഏജൻസികളിൻനിന്നും ഭവനനിർമ്മാണത്തിന് സഹായം ലഭ്യമാക്കുക.

4. പുറമ്പോക്ക് നിവാസികളിൾക്ക് സ്ഥലവും വീടും നൽകി പുനരധിസിപ്പിക്കുക.

5. പട്ടയം ലഭിക്കാത്തവർക്ക് പട്ടയം കിട്ടാനുള്ള നടപടി ഊർജ്ജിതപ്പെടുത്തുക.

6. ലക്ഷം വീട് കോളനികളിലെ ഒരു കെട്ടിടത്തിന്റെ ഇരുവശങ്ങളിലായി രണ്ട് കുടുംബങ്ങൾ താനസിക്കുന്നു. പ്രത്യേകം ഓരോരുത്തർക്കും ഗുണഭോക്താക്കളുടെ സഹകരണത്തോടെ വീട് നിർമ്മിക്കാൻ സഹായം നൽകുക.

7. ഭവനമിർമ്മാണ വായ്പ തുകയും, സബ്സിഡിയും വർദ്ധിപ്പിക്കുക.

8. പഞ്ചായത്തിൽ പെരിയാർവാലിയുടെ കൈവശമുള്ള കാച്ച്മെന്റ് ഏരിയായിൽ വെള്ളം കയറാത്ത ചില കുന്നിൻപ്രദേശങ്ങളുണ്ട്. (ഉദാ; തേയിലക്കുന്ന്)ഈ സ്ഥലങ്ങളിൽ പുറമ്പോക്ക് നിവാസികളേയും, പുതുതായി വീട് ആവശ്യമുള്ളവരേയും വീട് വയ്ക്കാൻ സഹായം നൽകി പുനരധിവസിപ്പിക്കുക.

9. വീടില്ലാത്ത മുഴുവൻപേർക്കും വീട് വച്ച് നൽകുക

10. നിർദ്ധനരുടെ വീടുകൾ വൈദ്യുതീകരിക്കാൻ പദ്ധതി തയ്യാറാക്കുക.

11. കോളനി തലത്തിൽ ഗ്രൂപ്പ് ഇൻഷുറൻസ് ഏർപ്പെടുത്തുക.

12. തെക്കേ കൊണ്ടിമറ്റത്തുള്ള ഇലഞ്ഞിക്കൽവക മിച്ചഭൂമി ഏറ്റെടുത്ത് താമസത്തിനും കൃഷിക്കുമായി വിതരണം ചെയ്യുക.

13. സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഒരു ഓഫീസ് കോതമംഗലത്ത് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുക.

5.7 സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ പല നേട്ടങ്ങളും കൈവരിക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. സമ്പത്തിന്റെ നീതിപൂർവ്വമായ വിതരണത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മൾ മുന്നിലാണ്. മിഷ്നറി പ്രസ്ഥാനം ശ്രീ. നാരായണ പ്രസ്ഥാനം ട്രേഡ് യൂണിയനുകൾ ഭൂപരിഷ്കരണം തുടങ്ങിയവ ഇക്കാരിത്തിൽ നമ്മളെ സഹായിച്ചിട്ടുണ്ട്. എങ്കിലും ദാരിദ്ര്യത്തിന്റെതായ തുരുത്തുകൾ കേരളത്തിൽ അങ്ങിങ്ങായി കാണാം. നമ്മുടെ പഞ്ചായത്തിലും ചില സ്ഥലങ്ങളിലെങ്കിലും ഈ അവസ്ഥ കണ്ടെത്താനാകും.

സർക്കാർ തലത്തിൽ പലപരിപാടികളും മുൻപദ്ധതികളിൽ നടപ്പിലാക്കിയിട്ടുണ്ട് അവയെല്ലാം ഫലപ്രദമായി എന്നുപറയാനാവില്ല. വസ്തുനിഷ്ഠമായ വിലയിരുത്തലിൽ കൂടി പോരായ്മകൾ പരിഹരിക്കാൻ കഴിയണം.

1992 ലെ I.R.D.P. സർവ്വെ പ്രകാരം പഞ്ചായത്തിലെ ദാരിദ്രരേഖയ്ക്ക്താഴെയുളളവരെ സംബന്ധിച്ചവിവരങ്ങൾ താഴെ ചേർക്കുന്നു.

വാർഡ്	സർവ്വെ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ	ഇതിൽ SC/ST	നാളിതുവരെ സഹായിച്ചവർ	ഇതിൽ SC/ST	മുകളിൽ എത്തിയവർ	അവശേഷിക്കുന്നവർ
1	51	7	18	7	2	49
2	250	9	13	9	1	249
3	199	51	11	51	2	197
4	113	1	9	1	1	112
5	165	2	12	2	1	163
6	160	5	11	5	1	159
7	63	1	8	1	2	61
8	65	8	7	8	2	63
ആകെ	1066	84	79	84	12	1054

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 34% ഇപ്പോഴും ദാരിദ്ര്യരേഖക്ക് താഴെയാണെന്ന് കാണാം. 1980 മുതൽ 1944 വരെ I.R.D.P. പദ്ധതിപ്രകാരം സഹായം ലഭിച്ചിട്ടും ദാരിദ്ര്യരേഖക്ക് താഴെകഴിയുന്നവരെ ഉൾപ്പെടുത്തിയിട്ടില്ല. ലഭ്യമായ കണക്കെടുത്താലും പഞ്ചായത്തിലെ ജനസംഖ്യയിൽ 100 ൽ 34 പേർ വിശന്നിരിക്കുവെന്ന് പറയുന്നതും നമുക്കാശാസ്യമല്ല.

പട്ടിക II

ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

വാർഡ്	പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയവരുടെഎണ്ണം	ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം	അവശേഷിക്കുന്നവർ
I	റഫ്രിജറേഷൻ & പ്ലാസ്റ്റിക് വർക്ക്	1 2	- -	1 1	- 1
II	ഇലക്ട്രീഷ്യൻസ് & കമ്പോസിംഗ്	1 1	- -	1 1	- -
III	ഹെയർഡ്രസിംഗ് & T.V. റേഡിയൊ	1 1	- -	1 1	- -
IV	ഇലക്ട്രീഷ്യൻസ് & പ്ലാസ്റ്റിക് വർക്ക്	1 1	- -	1 1	- -
V	പ്രിന്റിംഗ് & കമ്പോസിംഗ്	2	-	2	-
VI	T.V. റേഡിയൊ റിപ്പയറിംഗ്	2	-	2	-
VII	പ്ലാസ്റ്റിക് വർക്ക് എമ്പ്രോയിഡറി	2 1	- -	2 1	- -
VIII	സ്കൂട്ടർ മെക്കാനിസം പ്ലാസ്റ്റിക് വർക്ക്	1 2	- -	1 2	- -
	ആകെ	19	-	19	1

സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വേണ്ടി സർക്കാർ ധനസഹായത്തോടെ പരിശീലനം പൂർത്തിയാക്കിയതിന്ശേഷം, ഒറ്റയാളും സ്വയം തൊഴിൽ കണ്ടെത്തിയിട്ടില്ല എന്നത് ശ്രദ്ധേയമാണ് ഈ പദ്ധതി ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള സംവിധാനം ഉണ്ടാകണം.

പട്ടിക III

പഞ്ചായത്തിൽ ലഭിച്ച്കൊണ്ടിരിക്കുന്ന വിവിധപെൻഷനുകൾ

വിധവ പെൻഷൻ	വാർദ്ധ്യക്യ കാല പെൻഷൻ	കർഷക തൊഴിലാളി പെൻഷൻ	തൊഴിലില്ലാ വേതനം ലഭിക്കുന്നവർ
28	15	146	97

കർഷകതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഈ പഞ്ചായത്തിൽ 146 പേർക്ക് മാത്രമെ പെൻഷൻ നൽകുന്നുളളൂ. അശാസ്ത്രീയമായ മാനദണ്ഡങ്ങൾ വച്ചത്കൊണ്ട് പലർക്കും ഈ പെൻഷൻ വാങ്ങാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിന് ഒരു പുനർചിന്തനം ആവശ്യമാണ്.

പട്ടിക IV

വികലാംഗരെക്കുറിച്ചുളള വിവരങ്ങൾ

വാർഡ്	വികലാംഗരുടെ എണ്ണം
I	4
II	8
III	7
IV	6
V	11
VI	14
VII	10
VIII	5

പട്ടിക V.

പൊതുവിതരണ സമ്പ്രദായത്തിലൂടെ ഏഴ് റേഷൻ കടകൾ മുഖേന **1995** ൽ വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ വിശദാംശം

	വർഷം	കാർഡ് ഉടമകളുടെ എണ്ണം			ഗുണഭോക്താക്കളുടെ എണ്ണം			പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ (ക്വിന്റൽ)							മണ്ണെണ്ണ		
		NE	E	ആകെ	മേജർ 12 വയസ്സിനു മേൽ	മൈനർ 3 -12 വയസ്സ്	ആകെ	അരി എല്ലായിനവും	ഗോതമ്പ്	റവ	മൈദ	പഞ്ചസാര	പാമോയിൽ	ആകെ	പെർമിറ്റുകളുടെ എണ്ണം	പെർമിറ്റു വഴി വിതരണം ചെയ്തത് (ലി)	കാർഡ് വഴി വിതരണം ചെയ്തത് (ലി)
	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
ARD-13	91-92	201	285	483	1817	347	2164	220	220	68	65	69	-	642	34	209	1579
ARD-14	92-93	277	117	394	1478	281	1789	576	576	12	48	184	-	1396	11	1672	20400
ARD-15	93-94	230	124	354	1621	304	1925	1844	1844	8	8	92	-	3796	22	214	1398
ARD-16	94-95	215	196	411	1728	331	2057	595	556	14	51	99	-	1315	10	930	14070
ARD-17	95-96	231	94	325	1366	254	1620	480	480	3	21	175	-	1159	16	160	1330
ARD-80		249	116	265	1238	191	1429	208	156	52	156	312	-	884	-	133	977
ARD-86		122	127	249	1002	173	1175	328	442	46	-	74	-	890	18	175	864
		1425	1056	2481	10250	1881	12159	4251	4674	203	349	1005	-	10082	111	3493	40618

ബാലവാടികൾ

നമ്മുടെ പഞ്ചായത്തിൽ മൂന്ന് ബാലവാടികളും രണ്ട് റഗുലർ ഫീഡിംഗ് സെന്ററുകളും ഉണ്ട് മൂന്ന് ടീച്ചർമാർ ഉൾപ്പെടെ ഏഴ് ജീവനക്കാരും 123 കുട്ടികളും ഇതിന്റെ ഭാഗമാണ്. ഓരോ വാർഡിലും ബാലവാടികൾ ഉണ്ടാകേണ്ടതുണ്ട് തൊഴിലെടുക്കുന്ന അമ്മമാർക്ക്വേണ്ടി പഞ്ചായത്തിൽ ഒരു ക്രഷ് തുടങ്ങുന്നതിനെക്കുറിച്ച് ആലേചിക്കണം

സാധ്യതകൾ

ഒന്നാം വാർഡിൽ നെടുംമ്പാറ, പളളിമുക്ക് എന്നിവിടങ്ങളിലും മൂന്നാം വാർഡിൽ വട്ടമുടിയിലും ബാലവാടികൾ സ്ഥാപിക്കുക.

2,4,5, 6,8 എന്നിവാർഡുകളിലും ബാലവാടികൾ സ്ഥാപിക്കേണ്ടതാണ്

കാഞ്ഞിരകുന്ന് നേഴ്സറിയിൽ ടീച്ചറെ നിയമിക്കുക.

വാർദ്ധ്യക്യകാല വിധവ, അഗതി, വികലാംഗ പെൻഷനുകൾ അർഹരായ മുഴിവൻ പേർക്കും ലഭ്യമാക്കാനുളള നടപടികൈക്കൊള്ളുക.

1,3,5,6 എന്നീവാർഡുകളിൽ വൃദ്ധമന്ദിരങ്ങൾ സ്ഥാപിക്കണം.

8-ാം വാർഡിൽ ഒരു അനാഥമന്ദിരം സ്ഥാപിക്കണം.

മഹിളാസമാജങ്ങൾ ഇല്ലാത്ത വാർഡുകളിൽ അത് രൂപീകരിക്കാനുളള നടപടിയെടുക്കുകയും, ഫീഡിംഗ് സെന്റർ എല്ലാ വാർഡുകളിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്യുക.

കോളനി തലത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ മുൻകൈയെടുക്കുക.

പെരിയാർ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന തട്ടേക്കാട് E.D. പോസ്റ്റാഫീസ് പാലമറ്റം കവലയിലേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ നടപടിസ്വീകരിക്കുക. കീരംപാറ പഞ്ചായത്തിൽ സബ്രജിസ്ട്രാർ ആഫീസ് സ്ഥാപിക്കുക.

കീരംപാറ പോസ്റ്റാഫീസ് പൂർണ്ണ സമയം പ്രവർത്തിക്കതുന്ന പോസ്റ്റാഫീസ്ആയി ഉയർത്തുക.

പുന്നേക്കാട് കേന്ദമാക്കി ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

പഞ്ചായത്തിൽ ഒരു ആഴ്ച ചന്ത സ്ഥാപിക്കുക.

ടെലഫോൺ ചാർജ്, വൈദ്യുതിചാർജ് എന്നിവ അടയ്ക്കുന്നതിന് പഞ്ചായത്തിൽ കളക്ഷൻ സെന്റർ സ്ഥാപിക്കുക.

എല്ലാവാർഡിലും അംഗൻവാടികൾ സ്ഥാപിക്കുക.

നിലവികൊണ്ടിരിക്കുന്നതും ഇടക്കാലത്ത് നിന്നുപോയതും എന്നാൽ തുടർന്നു ലഭിക്കാൻ അർഹതയുളളതുമായ പെൻഷൻ ലഭിച്ചുകൊണ്ടിരുന്നവർക്ക് പെൻഷൻ നൽകുന്നതിനുളള നടപടിയെടുക്കുക.

3.8 ചരിത്രം



A.D 900 -ാം ആണ്ടിൽ കുലശേഖര ഭരണ കാലത്ത് ചേരമാൻ പെരുമാളിന്റെ അധികാര പരിധിയിൽപ്പെടുന്ന ഭാഗമായിരുന്നു ഈ പഞ്ചായത്ത് എന്നു നേരത്തെപറഞ്ഞിരുന്നുവല്ലോ. അക്കാലത്ത് ഈ പ്രദേശത്ത് ജനസാന്ദ്രത താരതമ്യേന കുറവായിരുന്നു. അന്നത്തെ സംസ്കാരത്തിന്റെയും വിവധകലകളുടെയും അവശിഷ്ടങ്ങൾ ഇന്നും ഈ പഞ്ചായത്തിൽ ചേലമല ഭഗത്ത് ദർശിക്കുവാൻ കഴിയും.

അങ്ങനെ നൂറ്റാണ്ടുകളുടെസാംസ്കാരിക ചരിത്രം ഈ ഭൂവിഭാഗത്തിനുണ്ട്. കാലാന്തരത്തിൽ ഈ സംസ്കാരം മൺമറഞ്ഞതുമൂലം പിൻ തലമുറയക്ക് ലഭ്യമായില്ല. ഇന്നും ഈ പ്രദേശ നിബിഡവനമായി കിടക്കുകയാണ്.

ചരിത്രം ഉറങ്ങിക്കിടക്കുന്ന ഈ കുടിയേറ്റ മേഖലയിൽ പുതിയതായി സംസ്കാരം ഉടലെടുത്തിട്ട് ഏകദേശം ഒന്നര നൂറ്റാണ്ടോളമായി. ആദ്യകാലങ്ങളിൽ ഇവിടെ മതപരമായ വിവേചനങ്ങൾ ഉണ്ടായിരുന്നു. പിന്നീടുള്ള കാലഘട്ടങ്ങളിൽ വിദ്യാഭ്യാസം, കല, സാംസ്ക്കാരിക സംഘടനകൾ എന്നിവയുടെ കൂട്ടായ പ്രവർത്തന ഫലമായി വ്യക്തി ബന്ധങ്ങൾ വികാസം പ്രാപിച്ചു. ജാതിമതാടിസ്ഥാനത്തിലുള്ള വിവേചനം മിക്കവാറും ഇല്ലാതായെങ്കിലും പഴയ തലമുറയിൽപ്പെട്ട ചിലരെങ്കിലും അതു പൂർണ്ണമായി നശിപ്പിച്ചിട്ടില്ല.

പഞ്ചായത്തിൽ 65%ത്തോളം ജനങ്ങളും ക്രിസ്തുമത വിശ്വാസികളാണ്. കുടിയേറിയവരിലധികവുംക്രിസ്തുമത വിശ്വാസികളായിരുന്നു. കൃഷി തൊഴിലായി സ്വീകരിച്ച ഇക്കൂട്ടർ തൊഴിൽ ചെയ്യുന്നിന് വേണ്ടി മറ്റു സ്ഥലങ്ങളിൽ നിന്നും മറ്റു വിഭാഗങ്ങളെ ഇവിടെ കൊണ്ടു വന്നതു മൂലം ഇവിടം മതപരമായ സമ്മിശ്ര മേഖലയായി മാറി. അന്നിവിടെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിന്നിരുന്നു. അക്കാലങ്ങളിൽ മന്ത്രവാദങ്ങളും, ഹോമങ്ങളും സർവ്വസാധാരണമായിരുന്നു. ഇന്നു ഈ ആചാരങ്ങൾ രഹസ്യമായി നടത്തുന്നവരുണ്ട്. രോഗശാന്തിക്കും മനസമാധാനത്തിനും വേണ്ടി നേർച്ചകളും പ്രാർത്ഥനകളും നടത്തുന്ന രീതിയും ഇവിടെ നിലനിൽക്കുന്നു. ഈ പഞ്ചായത്തിൽ ക്രിസ്ത്യാനികളിൽ 25% ത്തോളം പരിവർത്തിത ക്രിസ്ത്യാനികളാണ് 35% ത്തോളം വരുന്ന ഹിന്ദുക്കഴിൽ 20% ത്തോളം പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവരാണ്. മുസ്ലീം സമുദായത്തിൽപ്പെട്ടവർ ഇല്ലെന്നു തന്നെ പറയാം. ഈ പ്രദേശത്ത് മതസൗഹാർദ്ദം നിലനിൽക്കുന്നു.

ഉത്സവങ്ങളും ആഘോഷങ്ങളും ജാതിമതഭേദമെന്യേ കൂട്ടായി നടത്തി വരുന്നു. അമ്പലങ്ങളോടും പള്ളികളോടും അനുബന്ധിച്ചു നടത്തുന്ന ആഘോഷങ്ങളിൽ സാംസ്ക്കാരിക സമ്മേളനം, കലാ പരിപാടികൾ എന്നിവ നടത്തി വരുന്നു, ഓണം, വിഷു, ക്രിസ്തുമസ്, ഈസ്റ്റർ തുടങ്ങിയ വിശേഷ ദിവസങ്ങൾ ക്ലബുകളും മറ്റു സാംസ്കാരിക സംഘടനകളും ആഘോഷിച്ചു വരുന്നു.

ആചാരമര്യാദകൾ പാലിക്കുന്ന കാര്യത്തിൽ ഗ്രാമവാസികൾ ബോധവാന്മാരാണ്. വീട്ടിൽ വരുന്ന അതിഥികളെ സ്വീകരിക്കുകയും, വിശേഷ ദിവസങ്ങളിൽ അയൽവാസികളെയും സുഹൃത്തുക്കളേയും ക്ഷണിക്കുകയും ആദരിക്കുകയും ചെയ്യുന്നു.

ആദ്യകാലങ്ങളിൽ പലനാടൻ കലകളും ഇവിടെയുണ്ടായിരുന്നു. ചവിട്ടു നാടകം, മാർഗ്ഗംകളി, കിളിപ്പാട്ട്, കൊയ്ത്തുപാട്ട്, ശാസ്താംപാട്ട്, പരിശമുട്ട്, നാടകം എന്നീ നാടൻ കലകൾ ഇവിടെയുണ്ടായിരുന്നു. കീരംപാറ, വിളയേക്കാട്ട് ഭഗവതി ക്ഷേത്രം, പാലമറ്റം ശിവക്ഷേത്രം, പെരുമണ്ണൂർ ശിവക്ഷേത്രം, പുറപ്പാറ ഭഗവതി ക്ഷേത്രം എന്നിവയുമായി ബന്ധപ്പെട്ടാണ് ഈ നാടൻ കലകൾ വളർച്ച പ്രാപിച്ചത്. ഇവയിൽ ചിന്തുകളിയും, കോൽകളിയും മാത്രമാണ് ഇന്നു നിലനിൽക്കുന്നത്, ഗീതാ ആർട്ട്സ് ക്ലബ് പാലമറ്റം, സംഘചേതന ആർട്ട്സ് ക്ലബ്, ഈഗിൾസ് ക്ലബ് ഊഞ്ഞാപ്പാറ, വൈസ്മെൻ ക്ലബുകൾ ശസ്ത്രസാഹിത്യ പരിക്ഷത്ത് തുടങ്ങിയ സാമൂഹ്യ സാംസ്കാരിക സംഘടനകൾ ഇവിടെ പ്രവർത്തിച്ചു വരുന്നു

സാംസ്കാരിക നിലയങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെകൊടുക്കുന്നു.

സാംസ്ക്കാരിക നിലയങ്ങൾ

ക്രമനമ്പർ	സ്ഥാപനം	എണ്ണം
II	പള്ളികൾ	
	R.C ചർച്ച്	3
	ജാക്കോബിറ്റ് ചർച്ച്	2
	പെന്തക്കോസ്ത് ചർച്ച്	3
	മറ്റുള്ളവ	2
	ചാപ്പലുകൾ	6
II	അമ്പലം	4
III	മോസ്ക്കുകൾ	ഇല്ല
IV	മഠം	3
V	സ്കൂളുകൾ	
	ഹൈസ്കൂളുകൾ	3
	യു.പി സ്കൂളുകൾ	2
	എൽ. പി സ്കൂളുകൾ	5
	ബാലവാടികൾ	3
	നേഴ്സറികൾ	5
VI	കമ്മ്യൂണിറ്റി ഹാളുകൾ	
	വലുത്	2
	ചെറുത്	2
VII	ലൈബ്രറികൾ	3
	ജനവിദ്യാ കേന്ദ്രം	1
VIII	ക്ലബുകൾ	
	വൈസ്മെൻ ഇന്റർനാഷണൽ	2
	മഹിളാ സമാജങ്ങൾ	4
	മറ്റുള്ളവ (ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്)	5
IX	T.V. സെന്റർ	6
	ആകെ	66

പത്ര മാസികകൾ

ആദ്യകാലങ്ങളിൽ ഇവിടെ പ്രചാരത്തിലിരുന്ന പ്രസദ്ധീകരണങ്ങൾ പൗരധ്വനിയും, മലയാള മനോരമയും ആയിരുന്നു. ഇന്ന് മൂന്നിലൊന്ന് കുടുംബങ്ങളിൽ ഒരു പത്രമെങ്കിലും ഉള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു.

ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ പ്രചാരത്തിലും ഈ പഞ്ചായത്ത് ഒട്ടു മോശമല്ല. മാസികളും വാരികളുംമടക്കം 2355 എണ്ണം ഇവിടെ വിറ്റഴിയിന്നുണ്ട്. എന്നാൽ വൈജ്ഞാനിക മേഖലയുടെ വളർച്ചക്ക് പ്രയോജനപ്പെടുന്നവ കുറവായിട്ടാണ് കണക്കുകൾ. (പട്ടിക 2ൽ കാണാം)

പത്രം

1	മലയാള മനോരമ	600
2	മാതൃഭൂമി	350
3	ദീപിക	150
4	രാഷ്ട്രദീപിക	25
5	മംഗളം	50
6	ദേശാഭിമാനി	50
7	കേരളകൗമുദി	50
8	ഇൻഡ്യൻ എക്സ്പ്രസ്	35
	ആകെ	1310

ആഴ്ചപ്പതിപ്പ് / മാസിക

1	മലയാള മനോരമ	1000
2	മാതൃഭൂമി	25
3	ദീപിക സിനിമ	50
4	മംഗളം	600
5	കേരളകൗമുദി	20
6	മനോരാജ്യം	20
7	കേരള ശബ്ദം	10
8	ബാലരമ	150
9	വനിത	150
10	ഗൃഹലക്ഷ്മി	35
11	സ്ത്രീ	60
12	കന്യക	20
13	ചിത്രഭൂമി നാന തുടങ്ങിയവ	65
14	മറ്റ് ക്രൈസ്തവ പ്രസദ്ധീകരണങ്ങൾ	150
	ആകെ	2355

ഗ്രന്ഥശാലകളുടെ എണ്ണവും പഞ്ചായത്തിന്റെ വലിപ്പവും കണക്കാക്കുമ്പോൾ ഗ്രന്ഥശാലകളുടെ എണ്ണം വളരെ കുറവാണ്. ഉള്ളവയിൽത്തന്നെ വിജ്ഞാന പ്രദമായവ വിശേഷിച്ചു അന്യഭാഷകളിൽ ഉള്ളവ കുറവാണ്. ഗ്രന്ഥശാലകളുടെ വിവരം പട്ടിക മുന്നിൽ കൊടുത്തിരിക്കുന്നു.

ഗ്രന്ഥ ശാലകൾ പ്രസദ്ധീകരണങ്ങൾ

1	പൂബ്ലിക്ലൈബ്രററി പുന്നേക്കാട്	1
2	മഹാത്മ ഗാന്ധി ലൈബ്രററി, പെരുമണ്ണൂർ	1
3	അയ്യങ്കാളി ലൈബ്രറി കാഞ്ഞിരംകുന്ന്	1
4	ജനവിദ്യാകേന്ദ്രം	1
	ആകെ	4

പുസത്കങ്ങൾ

ക്രമനമ്പർ	പേര്	മലയാളം	ഇംഗ്ലീഷ്	ഹിന്ദി	ആകെ
1	പബ്ലിക് ലൈബ്രററി പുന്നേക്കാട്	5027	189	15	5231
2	മഹാത്മ ഗാന്ധി ലൈബ്രററി പെരുമണ്ണൂർ	661	-	-	661
3	അയ്യങ്കാളി ലൈബ്രറി കാഞ്ഞിരംകുന്ന്	1556	-	-	1556
4	ജനവിദ്യാകേന്ദ്രം	600	-	-	600
	ആകെ	7844	189	15	8048

പ്രസദ്ധീകരണങ്ങൾ

1	പബ്ലിക്ലൈബ്രററി പുന്നേക്കാട്	16
2	മഹാത്മ ഗാന്ധി ലൈബ്രററി, പെരുമണ്ണൂർ	2
3	അയ്യങ്കാളി ലൈബ്രററി കാഞ്ഞിരംകുന്ന്	6
4	ജനവിദ്യാകേന്ദ്രം	ഇല്ല
	ആകെ	24

ഗ്രാന്റുകൾ

1	പബ്ലിക്ലൈബ്രററി പുന്നേക്കാട്	1000
2	മഹാത്മ ഗാന്ധി ലൈബ്രററി, പെരുമണ്ണൂർ	ഇല്ല
3	അയ്യങ്കാളി ലൈബ്രററി കാഞ്ഞിരംകുന്ന്	ഇല്ല
4	ജനവിദ്യാകേന്ദ്രം	ഇല്ല
	ആകെ	10000

ഈ യുഗത്തിലെ ഏറ്റവും വലിയ മാധ്യമമാണ് ടെലിവിഷൻ. നമ്മുടെ പഞ്ചയത്തിൽ 6 ടെലിവിഷൻ കേന്ദ്രങ്ങളാണ് ഉള്ളത് എങ്കിലും അതിൽ രണ്ട് സെന്ററുകളൊഴികെ മറ്റുള്ളവയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങളും, പരിഹാരങ്ങളും

ഒന്നാം വർഡിൽ കീരംപാറ കേന്ദ്രമാക്കി ഒരു പുതിയ വായനശാല സ്ഥാപിക്കണം.

മൺമറഞ്ഞ പോയ നാടൻ കലാ രൂപങ്ങൾക്ക് ജീവൻകൊടുത്ത് പോഷിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

രണ്ടാം വാർഡിലെ പബ്ലിക് ലൈബ്രററി കൂടുതൽ സൗകര്യപ്രദവും വിപുലവും മാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

രണ്ടാം വാർഡിൽ കൃഷ്ണപുരം കോളനി, ചെങ്കര തെക്കുമ്മൽ കോളനി എന്നിവടങ്ങളിൽ ഓരോ ടി. വി. സെന്ററുകൾ സ്ഥാപിക്കുന്നതോടൊപ്പം ഓരോ കമ്യൂണിറ്റി ഹാളും നിർമ്മിക്കുക.

മൂന്നാം വാർഡിൽ അയ്യാങ്കാളി ലൈബ്രററി കൂടുതൽ പ്രയോജനപ്പെടുന്ന വിധത്തിൽ ലൈബ്രററിയുടെ സൗകര്യങ്ങളും, പ്രവർത്തന സമയവും ക്രമീകരിക്കുക.

നിലവിലുള്ള കമ്യൂണിറ്റിഹാൾ പുതുക്കിപ്പണിയുകയും ടി.വി. സെന്ററുകൾ സ്ഥാപിക്കുകയും ചെയ്യുക.

നാലാം വാർഡിൽ അഗതിമന്ദിരം സ്ഥാപിക്കുക നാലാം വാർഡിൽ വായനശാലയും, ക്ലബും, ടി. വി സെന്ററുകളും സ്ഥാപിക്കുക.

പഞ്ചായത്ത് വക കളി സ്ഥലം കൂടുതൽ സൗകര്യ പ്രദമാക്കുക.

അഞ്ചാം വാർഡിൽ വായനശാല സ്ഥാപിക്കുക. പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിലായി അഞ്ച് ടി. വി. സെന്ററുകൾ സ്ഥാപിക്കുക വെളിയേൽചാൽ സ്കൂളിൽ കായികതാരങ്ങൾക്ക് കൂടുതൽ സൗകര്യമുണ്ടാക്കുക. സ്ക്കൂളുകളിൽ കായിക മത്സരങ്ങളിൽ. ഒന്നാം സ്ഥാനം ലഭിക്കുന്നവർക്ക് സ്കോളർഷിപ്പ് നൽകുക.

ആറാം വാർഡിൽ പബ്ലിക് ലൈബ്രററിയും ടി. വി സെന്ററുകളും സ്ഥാപിക്കുക.

P.V.I.P യുടെ അധീനതയിലുള്ള സ്ഥലത്ത് മണ്ണിട്ട് നികത്തി നിലവിവുള്ള കളി സ്ഥലം ഉപയോഗയോഗ്യമാക്കുക.

ഏഴാം വാർഡിൽ കമ്യൂണിറ്റി ഹാളിനോടനുബന്ധിച്ച് വായനശാലയും, ടി. വി സെന്ററുകളും സ്ഥാപിക്കുക

ഏഴാം വാർഡിൽ ഒരു സാംസ്കാരിക സംഘടന രൂപീകരിച്ച് ബാന്റ് സെറ്റ് നന്നായി പ്രവർത്തിപ്പിക്കുന്നതിന് സഹായം നൽകുക.

സാമൂഹ്യക്ഷേമ പദ്ധതി നടപ്പാക്കുക, വനിതകൾക്കും കുട്ടികൾക്കും വേണ്ടി പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തുക

എട്ടാം വാർഡിൽ സംഘചേതന ആർട്ട്സ് ക്ലബിൽ ഒരു ലൈബ്രററി സ്ഥാപിക്കുക

പഞ്ചായത്തിൽ T.V. സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1) നെടുമ്പാറ
2) പള്ളിമുക്ക്
3) ചെങ്കര
4) തെക്കുമ്മൽ ലക്ഷം വീട്
5) കൃഷ്ണപുരം കോളനി
6) പാച്ചിര ഹരിജൻ കോളനി
7) പീറാട് ഹരിജൻ കോളനി
8) വട്ടമുടി കോളനി
9) എം. പി. കോളനി
10) കൊണ്ടിമറ്റം 611 മുടി
11) മുട്ടത്തുകണ്ടം
12) വെളിയേൽച്ചാൽ, പള്ളിപ്പടി
13) ഓവുങ്കൽ
14) കൊണ്ടിമറ്റം കവല
15) പാലമറ്റം
16) നാടുകാണി കമ്യൂണിറ്റിഹാൾ

2,3 വർഡുകളിലെ വായനശാലകൾ വിപുലീകരിക്കണം

പുതിയതായി ലൈബ്രറി സ്ഥാപിക്കേണ്ട സ്ഥലം

കീരംപാറ
വെളിയേൽചാൽ
പാലമറ്റം
നാടുകാണി കമ്മ്യൂണിറ്റിഹാൾ
സംഘചേതന ക്ലബിൽ

സഞ്ചരിക്കുന്ന ലൈബ്രററി പഞ്ചായത്തിൽ സ്ഥാപിക്കുക

മുതൽ മുടക്കാൻ കഴിവുള്ളവരുമായി ആലോചിച്ച് പഞ്ചായത്തിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ ഒരു സിനിമ തീയേറ്റർ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുക.

സാക്ഷരത പ്രവർത്തനം പുനുരുജ്ജീവിപ്പിക്കുക.

ലൈബ്രററികൾക്ക് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുക

പഞ്ചായത്തിൽ ആധിനിക സൗകര്യത്തോടെ വിവരഗ്രഹണ കേന്ദ്രം ആരംഭിക്കുക

കലാ സാഹിത്യ അഭിരുചിയുള്ളവർക്ക് ഒത്തുചേരലിന് അവസരം നൽകുകയും പ്രോത്സാഹം നൽകുകയും ചെയ്യുക

5.9 വനിത

കീരംപാറ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കൃഷി, വ്യവസായം തുടങ്ങിയ മേഖലകളെപ്പോലെ തന്നെ പ്രാധാന്യം അർഹിക്കുന്ന ഒരു മേഖലയാണ് വനിതാ ക്ഷേമം.

പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗക്കാരല്ലാത്ത ക്രൈസ്തവ ഹൈന്ദവ സ്ത്രീകളുടെ വിദ്യാഭ്യാസ, സാമൂഹിക നിലവാരം പൊതുവെ ഉയർന്നതാണ്.സാമ്പത്തികമായി താഴ്ന്ന നിലയിലുള്ള കുടുംബങ്ങളിൽ,പെൺകുട്ടികൾ വിദ്യാഭ്യാസം ഇടയ്ക്കുവച്ച് അവസാനിപ്പിക്കുന്നു. ഇവർ കുടിപ്പണികളും വീട്ടുപണികളും ചെയ്യുവരുന്നു.

കീരംപാറ പഞ്ചായത്തിനെ സംബന്ധിച്ച് എടുത്ത് പറയേണ്ട ഒരു വസ്തുത ഇവിടെ താഴ്ന്നവരുമാനക്കാരിൽ 60 % ത്തോളം വീടുകളിലെ സ്ത്രീകളും കുടുംബം പോറ്റുന്നതിന് വിവധ ജോലികളിൽ ഏർപ്പെടുന്നവരാണ്. അനിയന്ത്രിതമായ മദ്യവില്പനയും, വ്യാജവാറ്റും വ്യാപകമായിട്ടുള്ള ഈ പഞ്ചായത്തിൽ പല പുരുഷൻമാരും മദ്യത്തിന് അടിമകളാണ്, എന്നതാണ് മേൽപറഞ്ഞവസ്തുതയ്ക്ക് കാരണം. അതിനാൽ കുടുംബഭാരം സ്ത്രീകളുടെ ചുമലിൽ വരുന്നു. കുട്ടികളുടെ പരിചരണം, ശിക്ഷണം, കുടുംബ പരിപാലനം എന്നിവ സ്ത്രീകളുടെ മാത്രം കടമയായി മാറുവ്യാ കുടുംബാന്തരീക്ഷത്തിൽ പാളിച്ചകൾ വരുമ്പോൾ തകരുന്നത് അടുത്ത തലമുറയുടെ ശ്രേയസ്സാണ് അവർ മദ്യത്തിലേയ്ക്കും അലസതയിലേയ്ക്കും വഴുതി വീഴുന്നു. ഈ ദുഷിത വലയത്തിൽ നിന്നും മോചനം ലഭിച്ചാൽ മാത്രമേ, നമ്മുടെ പഞ്ചായത്തിനെ സാമൂഹ്യമായും, സാംസ്കാരികമായും ഉയർന്നതലത്തിലേയ്ക്ക് എത്തിക്കാനാകൂ. അതിന് സ്ത്രീകളുടെ പദവിയും അന്തസ്സും ഉയർത്താനുള്ള പദ്ധതി ആവിഷ്കരിക്കണം.

നമ്മുടെ പഞ്ചായത്തിൽ വനിതാ ക്ഷേമത്തെസംബന്ധിച്ച പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും താഴെ പറയുന്നു.

തൊഴിൽ

സ്ത്രീകൾ മുഖ്യമായും ഏർപ്പെടുന്നത് കൃഷിയിലാണ്. എന്നാൽ നെൽകൃഷി രംഗത്ത് അടുത്ത കാലത്തുണ്ടായിട്ടുള്ള മാന്ദ്യം, ഈ രംഗത്തുള്ള സ്ത്രീതൊഴിലാളികളേയും ബാധിച്ചു. ഇപ്പോൾ സ്ത്രീകൾ കൂടുതലായും കെട്ടിടനിർമ്മാണം, പാറപ്പണി തുടങ്ങിയ മേഖലയിലേയ്ക്ക് ചുവട്മാറിത്തുടങ്ങി. പഞ്ചായത്തിൽ കാർഷികമേഖലയിൽ സ്ത്രീകൾക്കുള്ള അവസരം കുറഞ്ഞതുമൂലം ഉദാ:- (റബ്ബർ, തെങ്ങ് തുടങ്ങിയവയുടെ കൃഷി വർദ്ധിച്ചത്) പട്ടണങ്ങളിലേയ്ക്ക് കൃഷിപണികൾക്കായും, മറ്റു ജോലികൾക്കായും പോകുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിച്ചു. പഞ്ചായത്തിൽ നിന്നും 250 ൽ അധികം സ്ത്രീകൾ മേൽപ്പറഞ്ഞ പണികൾക്കായി പട്ടണങ്ങളിൽ പോയി വരുന്നവരാണ്.

പ്രത്യേകിച്ച് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേടിയ പെൺകുട്ടികൾ താരതമ്യേനകുറവാണ്. വനിതകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾ പഞ്ചായത്തിൽ ഇല്ലെന്ന് തന്നെപറയാം. എന്നാൽ സ്വയം തൊഴിൽ രംഗത്തേയ്ക്ക് പെൺകുട്ടികൾ കൂടുതലായി പരിശീലനം നേടിവരുന്നു. (ഹോം നേഴ്സിംഗ്, തയ്യൽ, ടൈപ്പ്റൈറ്റിംഗ് സെയിൽസ് ഗേൾസ് തുടങ്ങിയ മേഖലകൾ)

സ്ത്രീകൾക്ക് വിജയകരമായി നടത്താവുന്ന തൊഴിലുകൾ സോപ്പ് നിർമ്മാണം, കുട നിർമ്മാണം, മെഴുകുതിരി നിർമ്മാണം, റബ്ബർബാൻഡ് നിർമ്മാണം. പച്ചക്കറികൃഷി, കോഴിവളർത്തൽ, താറാവുവളർത്തൽ, ആടുവളർത്തൽ, പന്നിവളർത്തൽ, ഓലമെടച്ചിൽ, നെയ്ത്ത്, അച്ചാർ നിർമ്മാണം, കറിപൗഡർ, ബേക്കറി, കേറ്ററിംഗ് ഇവയാണ്. ഇവയ്ക്ക് വളരെ സാധ്യതകളുമുണ്ട്. പരമ്പരാഗതവ്യവസായങ്ങൾ (കുട്ട, മുറം, പായ, പനമ്പ്, നെയ്ത്ത്) ക്കുള്ള സാധ്യതയും (അസംസ്കൃതവസ്തുക്കളുടെ ലഭ്യത ഉൾപ്പെടെ) വലുതാണ്.

സ്വയം തൊഴിൽ ചെയ്യാനുള്ള പുത്തൻ സാഹചര്യങ്ങൾ ഒരുക്കേണ്ടതാണ്. തൊഴിൽ പരിശീലനകേന്ദ്രങ്ങൾ തുടങ്ങുക, കാലാകാലങ്ങളിൽ തൊഴിൽപരിശീലനം നൽകുക, വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുക. സാങ്കേതിക അറിവുകൾ പകരുക, പ്രവർത്തനത്തിലെ പ്രശ്നങ്ങൾക്കും തടസ്സങ്ങൾക്കും നിയമപരവും അല്ലാതെയുമുള്ള പരിഹാരം കണ്ടെത്തുക എന്നിവ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ നൽകുമ്പോൾ ഉറപ്പ് വരുത്തേണ്ടതാണ്.

നിർമ്മാണ വികസന പ്രവർത്തനങ്ങളിൽ സ്ത്രീകളെ പങ്കാളികളാക്കുക, ചെറുകിട കുടിൽ വ്യവസായങ്ങൾ സ്ഥാപിക്കുമ്പോൾ സ്ത്രീകൾക്ക് പരമാവധി പങ്കാളിത്തം ഉറപ്പ്വരുത്തുക, സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി വനിതാ സൊസൈറ്റികൾ സ്ഥാപിക്കുക എന്നിവ അനിവാര്യമാണ്.

വിദ്യാഭ്യാസം

സ്ത്രീകൾ പൊതുവെ സാമാന്യ വിദ്യാഭ്യാസമുള്ളവരാണ്. എന്നാൽ ഉന്നത പഠനം നടത്തുന്ന പെൺകുട്ടികൾ താരതമ്യേന കുറവാണ്. പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ അംഗസംഖ്യയിൽ ആൺകുട്ടികൾ 1157 പേരും പെൺകുട്ടികൾ 1048

പേരുമാണ്. പഞ്ചായത്തിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ സ്ഥാപിക്കുന്നതുമൂലം സാങ്കേതിക വിദ്യാഭ്യാസത്തിന്റെ പോരായ്മ നികത്താൻ ഒരു പരിധിവരെ സാധിക്കും.

ആരോഗ്യം

ഈ പഞ്ചായത്തിലേയും തൊട്ടടുത്ത കുട്ടമ്പുഴ, ഇഞ്ചത്തൊട്ടി, പൂയംകുട്ടി പ്രദേശങ്ങളിലേയും ജനങ്ങളുടെ ഏക ആശ്വാസകേന്ദ്രം പുന്നേക്കാട് പ്രാഥമികാരോഗ്യകേന്ദ്രമാണ്. ഈ ആസ്പത്രിയുടെ ഇപ്പോഴത്തെ നില വളരെ ശോചനീയമാണ്. നാല് കിടക്കകൾ ഉണ്ടായിരുന്ന ഈസ്ഥാപനത്തിൽ ഇപ്പോൾ ഇൻപേഷ്യന്റ് സൗകര്യമില്ല.വൈദ്യുതിപോലും ഇല്ലാതെ ജീർണ്ണിച്ച അവസ്ഥയിലാണ് ആസ്പത്രി കെട്ടിടം.

പഞ്ചായത്തിലെ ഏക ആതുരാലയമായ പുന്നേക്കാട് P.H സെന്ററിൽ ഒരു സ്ത്രീരോഗവിദഗ്ദന്റേയോ ,ഒരു മിഡ്വൈഫിന്റേയോ സേവനം ലഭ്യമാക്കത്തക്ക വിധം പ്രവർത്തനം വിപുലീകരിക്കണം. P.H.C യുടെ കീഴിലുള്ള സബ്സെന്ററുകളുടെ പ്രവർത്തനവും കാര്യക്ഷമമാക്കണം. പകർച്ചവ്യാധികൾ പടർന്ന് പിടിക്കാതിരിക്കാനുള്ള മുൻകരുതലുകൾ നൽകുകയും തക്കസമയത്ത് ജനങ്ങൾക്ക് നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യണം. ബോധവത്കരണ ക്ലാസ്സുകളും, സെമിനാറുകളും സംഘടിപ്പിക്കണം.

മഹിളാസമാജങ്ങൾ

പഞ്ചായത്തിൽ നാല് മഹിളാസമാജങ്ങളും, രണ്ട് അംഗൻവാടികളും അഞ്ച് ബാലവാടികളും പ്രവർത്തിക്കുന്നു. മഹിളാസമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമായി നടക്കുന്നില്ല. സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും ഒന്നിച്ച് കൂടാനുമുള്ള വേദിയായി മഹിളാ സമാജങ്ങൾ പ്രവർത്തിക്കണം.അംഗൻവാടികളുടേയും ബാലവാടികളുടേയും ഭൗതീകസാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. അമ്മമാർക്കും ഗർഭിണികൾക്കും നിലവിലുള്ള സേവനങ്ങൾ കൂടുതൽ ഫലപ്രദമായി നടത്തേണ്ടതുണ്ട്. ഇവർക്ക് കൂടുതൽ പോഷകാഹാരങ്ങൾ, വിറ്റാമിനുകൾ മരുന്നുകൾ എന്നിവ ലഭ്യമാക്കുക. ആരോഗ്യം ശുചിത്വം കുടുംബപരിപാലനം തുടങ്ങിയവയേക്കുറിച്ച് ബോധവത്കരണ ക്ലാസ്സുകൾ നടത്തുക. കുട്ടികൾക്കുള്ള കളിക്കോപ്പുകൾ ലഭ്യമാക്കുക, മഹിളാസമാജം വഴി തൊഴിൽ പരിശീലനം കൊടുക്കുക എന്നിവയിൽ കൂടുതൽ ശ്രദ്ധ പതിയേണ്ടതാണ്.

സാമൂഹികക്ഷേമം

വിധവകൾക്കും അശരണർക്കും നിരാലംബർക്കും ആവശ്യമായ ക്ഷേമപ്രവർത്തനം നടത്തണം. പെൻഷനുകൾ ലഭ്യമാക്കുക, സർക്കാർസഹായം യഥാസമയം എത്തിച്ചുകൊടുക്കുക, പെൺകുട്ടികളുടെ വിവാഹത്തിന് സഹായം ലഭ്യമാക്കുക, കെട്ടിമേയുന്നതിനുള്ള സാമ്പത്തിക സഹായങ്ങൾ നൽകുക തുടങ്ങിയവ യഥാസമയങ്ങളിൽ നടത്തുവാനുള്ള പ്രവർത്തനങ്ങൾ സജീവമാക്കണം. ജോലിക്കായി പുറത്തുപോകുന്നവരുടെ കുട്ടികളെ സംരക്ഷിക്കാൻ പഞ്ചായത്തിൽ ക്രഷ് സ്ഥാപിക്കുക, പുകയില്ലാത്ത അടുപ്പുകൾ എല്ലാ വീടുകളിലും ലഭ്യമാക്കുക, അവയുടെ നിർമ്മാണത്തിനുള്ള പരിശീലനം കൊടുക്കുക, അഗതികളും വൃദ്ധരുമായ സ്ത്രീകളെ സംരക്ഷിക്കാനുള്ള ഒരു കേന്ദ്രം തുടങ്ങുക എന്നിവ ഉടനേ ചെയ്യേണ്ടതാണ്.

കീരംപാറ പഞ്ചായത്തിൽ സ്ത്രീകളുടെ നിലനിൽപിനും സുസ്ഥിതിക്കും ഭീഷണിയാണ് കഞ്ചാവും കള്ളവാറ്റും സമ്പൂർണ്ണ മദ്യനിരോധനം പഞ്ചായത്തിന്റെ നയമായി അംഗീകരിക്കണം. വ്യാജമദ്യത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ തടയുക, പെൺകുട്ടികളുടേയും സ്ത്രീകളുടേയും സുരക്ഷിതത്വം ഉറപ്പുവരുത്തുക. പഞ്ചായത്തിലെ സ്ത്രീപീഡനത്തിനെതിരായി തീരുമാനമെടുക്കുന്നതിനും കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റുമായി ഒരു ലീഗൽ സെൽ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

വഴിയോരങ്ങളിൽ സ്ത്രീകളുടെ അശ്ലീല പോസ്റ്ററുകളും ചിത്രങ്ങളും പ്രദർശിപ്പിക്കുന്നത് തടയേണ്ടതുണ്ട.

സ്ത്രീ സ്വാതന്ത്ര്യം അർഹിക്കുന്നില്ലെന്നും അവൾ പുരുഷന്റെ വളഞ്ഞ എല്ല് മാത്രമാണെന്നുമുള്ള ചിന്താഗതി മാറ്റുകയും, പുരുഷനോടൊപ്പം പ്രവർത്തിക്കാൻ കഴിയുന്നവളാണ് സ്ത്രീയെന്ന് കാണുകയും വേണം. സ്വന്തമായി പണം നേടുന്നവളും വിദ്യഅഭ്യസിക്കുന്നവളുമായി കാര്യപ്രാപ്തിയുള്ളവളായി അവൾ മാറേണ്ടിയിരിക്കുന്നു. തികച്ചും സാഹോദര്യത്തോടെ സമൂഹം അവളോട് പെരുമാറണം. സാമൂഹ്യ സാമ്പത്തിക മണ്ഡലത്തിൽ ഇടപെടുന്ന ഒരു ചാലക ശക്തിയായി സ്ത്രീകൾ മാറണം സ്ത്രീ പുരുഷ സമത്വമെന്നതിനപ്പുറം, സ്ത്രീ പുരുഷ ഐക്യം ആണ് ഇതിനനിവാര്യം.

5.10 സഹകരണമേഖല

1965-ൽ ഊഞ്ഞാപാറയിൽ ക്രഡിറ്റ് മേഖലയിൽ ഒരു സഹകരണസംഘം സ്ഥാപിച്ചു. കീരംപാറ പഞ്ചായത്തിന്റെ മുഴുവൻ പ്രദേശവും ഇതിന്റെ പ്രവർത്തനപരിധിയിൽ വരുന്നു. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ജനങ്ങൾ പണമിടപാട് നടത്തുന്നതും ഈ സംഘം വഴിയാണ്. എന്നാൽ ഈ പഞ്ചായത്തിലെ കൂടുതൽ ജനങ്ങൾ ഇവിടെ നിക്ഷേപം നടത്തുന്നില്ല എന്നത് ആശാവഹമല്ല. ജനങ്ങളുടെ വിശ്വാസം വീണ്ടെടുത്ത് ഈ പഞ്ചായത്തിലെ പണം മുഴുവൻ ഈ സ്ഥാപനത്തിൽ നിക്ഷേപിക്കുകയാണെങ്കിൽ ഈപഞ്ചായത്തിലെ പുരോഗതിക്ക് ഉപകരിക്കും.

ഈ പഞ്ചായത്തിലെ ജനങ്ങൾ അവരുടെ കയ്യിലുള്ള പണം സ്വകാര്യ പണമിടപാടുകാരുടെ സ്ഥാപനങ്ങളിലാണ് നിക്ഷേപിക്കുന്നത്. ഈ പ്രവണത മാറ്റിയെടുക്കുവാൻ സാധിച്ചാൽ കാർഷികമേഖലയിൽ ചെറുകിട വ്യവസായ മേഖലയും പുഷ്ടിപെടും. ഈ ബാങ്കിൽ ഇപ്പോൾ എൺപത്തൊൻപത് ലക്ഷത്തി നാല്പത്തീരായിരത്തി നാനൂറ്റി അൻപത്തിനാല് രൂപ നിക്ഷേപമുണ്ട്. എന്നാൽ ജില്ലാസഹകരണ ബാങ്കിന്റെ സഹായത്തോടുകൂടി രണ്ട് കോടി ഇരുപത് ലക്ഷത്തി എൺപത്തീരായിരത്തി അഞ്ഞൂറ്റി അറുപത്തിമൂന്ന് രൂപ സഹകാരികൾക്ക് വായ്പാ കൊടുത്തിട്ടുണ്ട്. ഇപ്പോൾകൊടുത്തിരിക്കുന്ന ലോൺ സഹകാരികളുടെ ആവശ്യത്തിന്റെ 25% മാത്രമേ ആകുന്നുള്ളൂ. അതുകൊണ്ട് ജനങ്ങൾ 35% മുതൽ 100% വരെ പലിശ ഈടാക്കുന്ന സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുന്നു. ഇപ്പോൾ സംഘത്തിലുള്ള നിക്ഷേപം അഞ്ച്കോടി രൂപയായി വർദ്ധിപ്പിക്കാനുള്ള സാധ്യതയുണ്ട്. ഇത് സാധിച്ചാൽ സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽ നിന്നും സഹകാരികളെ രക്ഷിക്കാനും ചെറുകിടവ്യവസായങ്ങളെയും, കാർഷിക മേഖലയെയും കൂടുതൽ വികസനോൻമുഖമാക്കുവാൻ കഴിയും. ഈ പഞ്ചായത്തിൽ സഹകരണമേഖലയിലുള്ള അഞ്ച് സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. കീരംപാറ സർവ്വീസ് സഹകരണ ബാങ്ക്
2. പിണ്ടിമന പഞ്ചായത്ത് പട്ടികജാതി വികസന സഹകരണ സംഘം. (പ്രവർത്തിക്കുന്നില്ല.)
3. അംബേദ്ക്കർ വില്ലേജ് ഇൻഡ്രസ്ട്രീസ് കോ-ഓപ്പറേറീവ് സൊസൈറ്റി.
4. റൈഡ് ഗാർമെന്റ്സ്.
5. കീരംപാറ ഹരിജൻ പ്രിന്റിംഗ് ഇൻഡ്രസ്ട്രീസ് & കോ- ഓപ്പറേറീവ് സൊസൈറ്റി.

ഉദ്ദേശ്യലക്ഷ്യങ്ങൾ സാധൂകരിക്ക തക്കവണ്ണം പ്രവർത്തിക്കുന്നത് ഒന്നാമത് സൂചിപ്പിച്ചതാണ്. ഈ പഞ്ചായത്തിലെ സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിൽ തൊഴിലാളികൾ തമ്മിലുള്ള സഹകരണ കുറവും ഉപഭോക്തൃക്കളോടുള്ള സമീപനത്തിലെ പോരായ്മയും സഹകരണ സംഘത്തോടുള്ള അർപ്പണബോധമില്ലയ്മയും ഒരു വലിയ പ്രശ്നമാണ് നിക്ഷേപകരുടെ വിശ്വാസം നേടുകയും അക്കൗണ്ട് സീക്രസി പാലിക്കുകയും വേണം ഇപ്പോൾ സൊസൈറ്റി B. പ്രോട്ടെക്ഷൻ എന്ന ഗ്രേഡിലാണ് ഇത് സൂചിപ്പിക്കുന്നത് . അമിതമായ എസ്റ്റാബ്ലിഷ്മെന്റ് ചിലവും കുറഞ്ഞപ്രവർത്തന മൂലധന ഡിപ്പോസിറ്റുമാണ്, ഈ അവസ്ഥമാറാണം കൂടുതൽ ബിസിനസ് നടത്തുകയും നിക്ഷേപം സമാഹരിച്ച് ഈ പഞ്ചായത്തിന്റെ സെൻട്രൽ ബാങ്ക് എന്ന നിലയിൽ ഉയരണം. ജനവിശ്വാസം ആർജ്ജിക്കുന്നതിലേക്ക് സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കുന്നത് നന്നായിരിക്കും. കൂടാതെ അംഗങ്ങളുടെ ആവശ്യാനുസ്യതമായ സ്കീമുകൾ തയ്യാറാക്കുക

കൂടാതെ ക്ഷീരോത്പാദന സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഒന്ന് മിൽമ്മാ സൊസൈറ്റിയും ഒന്ന് N.V.D.S.സുമാണ്. ക്ഷിരവ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ക്ഷീരകർഷകരേയും ക്ഷീര ഉപഭോക്താക്കളെയും സഹായിക്കുന്നുണ്ട്. കാർഷിക മേഖലക്കും വ്യവസായ മേഖലക്കും കാര്യമായൊരു താങ്ങാണ് ക്രെഡിറ്റ് സഹകരണ സംഘം .

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചമാക്കേണ്ടതുണ്ട്.

നിലവിൽ ഉള്ള സഹകരണ സംഘങ്ങളിൽ മിൽമ്മ സഹകരണ സംഘം. ലാഭത്തിലും മറ്റുള്ളവയെല്ലാം നഷ്ടത്തിലുമാണ്.

ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഇപ്പോൾ നിലവിൽ ഇല്ല നേരത്തെ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം പഞ്ചായത്തിൽ ഉണ്ടായിരുന്നു. അതു മെച്ചമായിരുന്നു എന്ന് കാണാവുന്നതാണ്.

കേരകർഷസംഘം, കുരുമുളക് സംഘം, നെല്ലുപാദകസംഘം,സംഘം എന്നീ മൂന്നെണ്ണം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. മൂന്നിന്റെയും പ്രവർത്തനം മെച്ചത്തിൽ നടക്കുണ്ട് ലാഭകരവുമാണ്.

സഹകരണ സംഘങ്ങൾക്ക് മുകളിൽ നിന്നുള്ള ചില നിർദ്ദേശങ്ങളും, ചില ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നുണ്ടാകുന്ന തടസങ്ങളും സംഘങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനത്തിന് തടസം നിൽക്കുന്നു.

ഗ്രാമസഭറിപ്പോർട്ട് സംഗ്രഹം

വാർഡ്.1

1. സഹകരണ സംഘങ്ങളിൽ വായ്പ്പപലിശനിരക്ക് കുറക്കുക. കൃത്യമായി വായ്പ്പതിരിച്ചടക്കുന്നവർക്ക് സബ്സിടി കിഴിവ് ചെയ്ത് വായ്പ്പതുക അടയ്ക്കുവാൻ സംവിധാനം ഉണ്ടാക്കുക
2. വനിതകൾക്ക് പ്രാതിനിത്യമുള്ള വ്യവസായ സഹകരണസംഘങ്ങൾ സ്ഥാപിക്കുക.
3. മിൽമയുടെ യൂണിറ്റ് സ്ഥാപിക്കുക

വാർഡ്.2

1. സോപ്പ് നിർമ്മാണം തുണിനെയ്ത്ത് എന്നിവയിൽ സഹകരണാടിസ്ഥാനത്തിൽ പരിശീലനം നൽകുക.
2. സംഘം വഴി ഭവനനിർമ്മാണത്തിന് സഹായം നൽകുക
3. പെരിയാർവാലിയുടെ കാച്ച്മെന്റ് ഏരിയാ സഹകരണാടിസ്ഥാനത്തിൽ കൃഷിക്ക് നൽകുക

വാർഡ്.3

1.ഗ്രൂപ്പ് ഫാമിംഗ് പുനരുദ്ധരിക്കുക.
2. മിൽമയുടെ യൂണിറ്റ് സ്ഥാപിക്കുക

വാർഡ്.5.

1. ഗ്രൂപ്പ് ഫാമിംഗ് പുനരുദ്ധരിക്കുക.
2. റബർ ഉൽപാദക സഹകരണസംഘം പുനസ്ഥാപിക്കുക
3. കേരസംഘത്തിന്റേ പ്രവർത്തനം പൊതുജനപങ്കാളിത്തത്തോടെ മെച്ചപ്പെടുത്തുക
4. നെല്ലുല്പാദനസംഘം പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക
5. ഈറ, പ്ലാസ്റ്റിക് മുതലായവുപയോഗിച്ച് കുട്ട, പനമ്പ്, പ്ലാസ്റ്റിക് ഉപകരണങ്ങൾ ഉണ്ടാക്കുന്നതിനും , സോപ്പ് നിർമ്മാണത്തിനും സൊസൈറ്റികൾ ഉണ്ടാക്കുക.
6. വനിതാ സഹകരണസംഘവും ഭവനനിർമ്മാണ സഹകരണസംഘവും സ്ഥാപിക്കുക.

വാർഡ്.6.

1. ഒരു വനിതാ സഹകരണസംഘം സ്ഥാപിക്കുക.
2. ക്ഷീരോത്പാദക സഹകരണസംഘം പ്രവർത്തനം പുനരുദ്ധരിക്കുക.
3. ലാഭവിഹിതം കിട്ടത്തക്കവണ്ണം കീരംപാറ സർവ്വീസ് സഹകരണസംഘത്തിന്റെ പ്രവർത്തനം മെച്ചപെടുത്തുക.
4.സഹകരണസംഘത്തിന്റെ പ്രവർത്തനം രാഷ്ട്രീയ വിമുക്തമാക്കണം.

വാർഡ്.7.

1.കീരംപാറ സഹകരണസംഘത്തിന്റെ ഒരു ബ്രാഞ്ച് നാടുകാണിയിൽ സ്ഥാപിക്കുക.

വാർഡ്.8.

1.റബർ ഉൽപാദക സഹകരണസംഘം പുനസ്ഥാപിക്കുക

5.11 പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

കീരംപാറ പഞ്ചായത്തിൽ ഒൻപത് പ്രഖ്യാപിത ഹരിജൻ കോളനികളും പ്രഖ്യാപിച്ചേക്കാവുന്ന ഒരു കോളനിയുമടക്കം പത്ത് കോളനികൾ ഉണ്ട്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 11.5% വരു ഹരിജനങ്ങളാണ്. ഇതിൽ വളരെ ചെറിയ ഒരു വിഭാഗം (ഏതാണ്ട് ഏഴ് കുടുംബങ്ങൾ) ഗിരിജനങ്ങളാണ്. ഏതാണ്ട് 1493 ഹരിജൻ ഗിരിജനങ്ങളാണ് ഇവിടെ വസിക്കുന്നത്. ഈ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കുന്നതിൽ പഞ്ചായത്ത് കാര്യമായ ശ്രമം നടത്തിയിട്ടുണ്ടെങ്കിലും പോരായ്മകൾ ഇപ്പോഴും ധാരാളമുണ്ട്. സ്ഥിരമായ ഒരു വരുമാന മാർഗ്ഗം തങ്ങളുടെ ചുറ്റുപാടുകളിൽ നിന്നു കണ്ടെത്തുന്നതിന് അവരെ പരിശീലിപ്പിക്കുന്നതിന് കഴിയണം. മറ്റു ജനവിഭാഗങ്ങളിലുള്ളതിനേക്കൾ കൂട്ടായ്മ ഈ ജനവിഭാഗത്തിൽ ദർശ്ശിക്കുവാൻ കഴിയും. ഈ കുടിയേറ്റഗ്രാമത്തിൽ ഭൂവുടമകൾക്ക് വേണ്ടി കാട് വെട്ടിത്തെളിക്കുന്നതിനും കൃഷി ചെയ്യുന്നതിനും വേണ്ടി പള്ളിക്കര, കിഴക്കമ്പലം തുടങ്ങിയ വിവിധ മേഖലകളിൽ നിന്നും കുടിയേറിയവരായിരിക്കണം ഇവർ നാടിന്റെ സമ്പത്തുല്പാദനത്തിൽ ഇവർ വഹിച്ചിട്ടുള്ള പങ്ക് നിസ്തുലമാണ്. എന്നാൽ സാമ്പത്തികമായും, സാമൂഹികമായും ഇന്നും ഇവരുടെ നില തൃപ്തികരം എന്ന് വിലയിരുത്താൻ കഴിയില്ല.

ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ വിദ്യാഭ്യാസനിലവാരം താഴെ പറയും പ്രകാരം പരിശോധിക്കാം. ഈ വർഷാരംഭത്തിൽ ഈ പഞ്ചായത്തിലെ സ്കൂളുകളിൽ ഉണ്ടായിരുന്ന കുട്ടികൾ 2302 (രണ്ടായിരത്തി മുന്നൂറ്റി രണ്ട്) ആയിരുന്നു. ഇവരിൽ 334 പേർ S.C/S.T വിഭാഗത്തിൽപ്പെട്ടവരായിരുന്നു. മറ്റൊരു പറഞ്ഞാൽ മൊത്തം വിദ്യാർത്ഥികളുടെ 14.5% .S.C/S.T വിദ്യാർത്ഥികളാണ്. പഠിക്കുന്നതിനുവേണ്ടി ഈ വിഭാഗത്തിലെ കുട്ടികൾ വിദ്യാലയങ്ങളിൽ ഹാജരാകുന്നുണ്ടെങ്കിലും വിദ്യാഭ്യാസ സാമൂഹ്യ പശ്ചാത്തലം കുറവായതുകൊണ്ടാകാം ഭൂരിപക്ഷവും പിന്നോക്കാവസ്ഥയിൽ തന്നെയാണ്.

കർഷകത്തൊഴിലാളികളായിട്ടാണ് ഇവർ ഇവിടെ കുടിയേറിയത്. ഇന്ന് ചിലർ സർക്കാർ ജീവനക്കാരായിട്ടുണ്ട്. ഇപ്പോഴും ഭൂരിഭാഗത്തിന്റെയും പങ്കാളിത്തം കാർഷിക മേഖലയിലാണ്.

സാക്ഷരതാപ്രവർത്തനത്തിന്റെ ഒന്നാംഘട്ടത്തിൽ നിത്യജീവിതത്തിനുതകുന്ന പല അറിവുകളും ഇവർ നേടിയിട്ടുണ്ട്.

സ്വന്തമായി വീടില്ലാത്തവർ ഈ വിഭാഗത്തിലുണ്ട്. 95-96 വർഷത്തിൽ പട്ടിക ജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് വീടു നിർമ്മിക്കുന്നതിനായി ഈ പഞ്ചായത്തിൽ നിന്നും 32800 രൂപ ചിലവഴിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിന്റെ അൺടൈസ് ഫണ്ടിൽനിന്നും 96879/- രൂപ ഈ വിഭാഗത്തിനു വേണ്ടി ചിലവഴിച്ചിട്ടുണ്ട് ട്രൈസം പരിപാടിയിൽ ഉൾപ്പെടുത്തി 95-96 വർഷത്തിൽ 19 പേർക്ക് തൊഴിൽ പരിശീലനം നൽകുവാൻ തെരെഞ്ഞെടുത്തതിൽ ഈ വിഭാഗവും ഉൾപ്പെട്ടിരുന്നു. സാമൂഹിക വനവൽക്കരണപരിപാടിയിൽ തൈകളുടെ വിതരണവും ഇവർക്ക് നടത്തിയിട്ടുണ്ട്. D.W.C.A പദ്ധതിപ്രകാരം 1995 ൽ 11 പേരുടെ ഒരു തൊഴിൽ സംരംഭം ഇവിടെയുണ്ട്.

ഗ്രാമസഭാറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഉണ്ടായ പ്രശ്നങ്ങളെ താഴെ പറയും പ്രകാരം വിലയിരുത്താം.

വാർഡ് 1

1 ചേലാടൻ കോളനിയിൽ 16 ഹരിജൻ കുംബങ്ങൾ ഉണ്ട് . ഇത് ഹരിജൻ കോളനിയായി പ്രഖ്യാപിക്കാം.

2. മുടിയറ കോളനിയിലേക്ക് വഴിയും, കുടിവെള്ളവും എത്തിക്കുക.

പത്തോ അധിലധികമോ കുംബങ്ങളുള്ള കോളനികളെ ഹരിജൻ കോളനി എന്നും വിവക്ഷിക്കാമെന്നതുകൊണ്ട് ഒന്നാമത്തെ ആവശ്യം നടപ്പിൽ വരുത്തുന്നതിന് ശ്രമിക്കുവാന്നതുമാണ്. ഈ പ്രദേശത്തേക്ക് നിലവിലുള്ള സ്കീമിൽ നിന്നുതന്നെ വെളളമെത്തിക്കുന്നതിന് സാധിക്കും .

വാർഡ് 2

വെള്ളം, വെളിച്ചം, വഴി, പാർപ്പിടസൗകര്യം എന്നിവ ഏർപ്പെടുത്തുക

2. ചെറുകിടവ്യവസായങ്ങൾ ആരംഭിക്കുക.

3. കായികമേഖലാ, സാംസ്കാരികമേഖല, തുടർ വിദ്യാഭ്യാസപരിപാടി തുടങ്ങിയവ ഏകോപിപ്പിക്കുന്ന ഒരു സാംസ്കാരികനിലയം ഉണ്ടാകണം.

ഇതിനേക്കാൾ പ്രധാനമാണ് ഒരു വ്യവസായ യൂണിറ്റ്. ഇതിനുവേണ്ടസാങ്കേതി വിവരങ്ങൾ നൽകുന്നതിനും, സംരഭകർക്ക് പശ്ചാത്തല സൗകര്യങ്ങളും വായ്പാസാഹചര്യങ്ങളും കൊടുക്കുന്നതിനും വേണ്ട നടപടികൾ വേണം.

കൃഷ്ണപുരം കോളനിയിലൂടെ വൈദ്യുതിയും വെളളവും കടന്നുപോകുന്നുണ്ട്. അവശേഷിക്കുന്ന

പ്രശ്നങ്ങൾ പഞ്ചായത്ത്കമ്മറ്റിക്ക് ക്രമപ്പെടുത്താവുന്നതേയുള്ളൂ. കാരണം ബാക്കിവരുന്ന പൈപ്പ് ലൈൻ വർക്കുകളുടെ എസ്റ്റിമേറ്റ് ആയി എന്നാണറിയുന്നത്. നിർമ്മൽ കോളനിയുടെ പരിസരം വരെ പൈപ്പ് ലൈൻ ഉള്ളതുമാണ്. എന്നാൽ ഒരു പ്രൈവറ്റ് പ്രോപ്പർട്ടി ഉടമ തുടർപ്രവർത്തനം സ്റ്റേചെയ്തിരിക്കുകയാണ്. ആയതിനാൽ മറ്റൊരു മാർഗ്ഗം പഞ്ചായത്തു കമ്മറ്റി ആലോചിച്ചു വരുന്നതായി അറിയുന്നു.

വാർഡ് 3.

പഞ്ചായത്തിന്റെ വ്യവസായ വികസനമേഖലയിൽ മുന്തിയ പരിഗണനൽകി മൂന്നാം വാർഡിലെ തൊഴിലില്ലായ്മയ്ക്ക് പരിഹാരശ്രമം നടത്താവുന്നതാണ് ഈ വാർഡ് മിക്കവാറും പാറ പ്രദേശം കൂടുതലുള്ള മേഖലയുമാണ്. അതുകൊണ്ട് കാറി വ്യവസായം വാർഡിൽ ചേരുന്നതായിരിക്കും എന്നുതോന്നുന്നു.

വട്ടമുടി കോളനി പ്രദേശത്ത് Bee-Keeping (തേനീച്ചവളർത്തൽ) നല്ല സാധ്യതയുള്ള തൊഴിലായിമാറ്റാം കുറ്റിച്ചെടികളും റബറും ധാരാളം ഇതിനു ചുറ്റും ഉണ്ട് . ഇതിന് തയ്യാറുള്ളവർക്ക് തേനീച്ചപ്പെട്ടികൾ നൽകാവുന്നതാണ്. വട്ടമുടികോളനിയിൽ നടത്തിയ ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴത്തെ വാട്ടർ ടാങ്ക് ലെവ്ലിനേക്കാൾ ഉയരത്തിൽ അവിടെ താമസക്കാർ ഉള്ളതായികാണുന്നു (പഠനം സാങ്കേതിക വിദ്യകൾ ഉപയോഗിച്ചായിരുന്നില്ല എന്നുള്ളത് പ്രത്യകം പ്രസ്താവിച്ചുകൊള്ളട്ടെ) നിലവിലുള്ള സ്കീമിൽ നിന്നും അവിടെ ജലം എത്തിക്കുക സാധാരണ ഗതിയിൽ സാധ്യമല്ലെന്നും തോന്നുന്നു. ഇവിടെ മറ്റ് ചില ചെറിയ സ്കീമുകൾ ആലോചിക്കേണ്ടിവരും. എന്നാൽ പാച്ചിറ കോളനിയിൽ വെള്ളമെത്തിക്കാൻ ഈ സ്കീമിനു കഴിയും. ഈ പ്രദേശത്തെ തടസ്സങ്ങൾ നീക്കം ചെയ്യാൻ പഞ്ചായത്തുകമ്മറ്റിയും തദ്ദേശവാസികളും പരിപാടി തയ്യാറാക്കുക. കുടിവെള്ളത്തെക്കുറിച്ച് പറയുമ്പോൾ ഒരു കാര്യം കൂടി ഓർക്കേണ്ടിയിരിക്കുന്നു. അനുവദിക്കപ്പെട്ടിട്ടുള്ള 3.5 കി.മി. പൈപ്പുകൾ ഈ പഞ്ചായത്തിൽ ഇനിയും ലഭ്യമാകാനുണ്ട്. കൂടുതൽ പൈപ്പുകൾ ലഭ്യമാകുകയും വേണം.

പട്ടയംഇല്ലാത്ത ജനങ്ങൾക്ക് പട്ടയം ലഭിക്കുന്നതിന് റവന്യൂതലത്തിൽ നടത്തേണ്ടത് അങ്ങനെയും അല്ലാത്തവ പഞ്ചായത്തു തലത്തിലും നടത്താൻ ശ്രമിക്കേണ്ടതാണ്.

പട്ടികജാതി പട്ടിക വിഭാഗത്തിന് നൽകുന്ന രാസവളം യഥാസമയങ്ങളിൽ നൽകുവാൻ ഡിപ്പാർട്ട് മെന്റ് തലത്തിൽ നടപടിയുണ്ടാക്കാവുന്നതാണ്.

വാർഡ് 4.

ഈ വാർഡിൽ 25 പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് ഗ്രാമസഭ രേഖപ്പെടുത്തിയിരിക്കുന്നു. വീട് ,കുടിവെള്ളം, വൈദ്യുതി മുതലായവ ലഭ്യമാക്കാനുള്ള അവരുടെ ആവശ്യം പരിശോദിച്ചാൽ നിലവിലുള്ള സ്കീമിൽ നിന്നും ജലം എത്താവുന്ന പ്രദേശമാണ് ഇവ്യിൽ പലതും എന്നുകാണാം. പണം, പൈപ്പ്, സാങ്കേതിക അനുമതി മുതലായവപരിഗണിച്ച് കാര്യങ്ങൾ ചെയ്യാവുന്നതാണ്. ഈ മേഖലയിലെ വീടുകൾ തമ്മിൽ നല്ലഅകലം ഉണ്ട്. ഇത് പ്രശ്ന പരിഹാരത്തിൽ വാർഡുകൾ തമ്മിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്.

വാർഡ് 5.

കുടിവെള്ളദൗർലഭ്യവും, വൈദ്യുതി എത്താത്തതുമാണ് പ്രധാന പരാതി. കുടിവെള്ളക്ഷാമത്തിന് ഒരു പരിഹാരവും അവർതന്നെ നിർദ്ദേശിക്കുന്നു. മൂട്ടത്തുകണ്ടം കോളനിപ്രദേശത്ത് ശാസ്താവ് മണിയന്റെ പുരയിടത്തിലും,മറ്റ് രണ്ടിടങ്ങളിലും വറ്റാത്ത ഉറവകളുണ്ടെന്നും ആയതു പൊതുപയോഗത്തിന് പൊതുജനപങ്കാളിത്തത്തോടെ വിപുലപെടുത്താവുന്നതാണെന്നും അറിയുന്നു. വെള്ളത്തിന്റെ ലഭ്യതയും അത് താമസക്കാർക്ക് കിട്ടാനുള്ള സാധ്യതയും കണക്കിലെടുത്ത് പരിശോധിച്ച് നടപ്പാക്കാവുന്നതാണ്. ജലസാദ്ധ്യതയുണ്ടെങ്കിൽ നല്ല നിർദ്ദേശമാണ്.

ആവശ്യപ്പെട്ടിരിക്കുന്ന ചെറുകിടവ്യവസായസംരംഭകർക്ക് പഞ്ചായത്തു മായി ബന്ധപ്പെട്ട് പശ്ചാത്തലങ്ങൾ ഒരുക്കാവുന്നതാണ്.

വാർഡ് 6.

പാർപ്പിടത്തിന്റെ അറ്റകുറ്റപണികൾ, കക്കൂസില്ലാത്തവർക്ക് കക്കൂസ്, നിലം പുരയിടം വാങ്ങാൻ വായ്പ,കൊണ്ടിമറ്റം കൂവപ്പാറ ഹരിജൻ കോളനി റോഡ് ടാറിംഗ്,കൂവപ്പാറ ഹരിജൻ കോളനിയിലെ കുളം നന്നാക്കൽ, തൊഴിലില്ലാത്തവർക്കുവേണ്ടി വ്യവസായയൂണിറ്റ്, വൈദ്യുതീകരിക്കാത്ത ഹരിജൻ വീടുകളുടെ വൈദ്യുതീകരണം ഇവയാണ്. കോളനിയിൽ വായനശാല സ്ഥാപിക്കൽ, കുടിൽവ്യസായങ്ങൾ, കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം, കോളനിയിൽ വഴി വിളക്ക്, കുടിവെള്ളം, ഇവയാണ് ആറാം വാർഡ്കാരുടെ ആവശ്യപ്പട്ടിക. നിലം പുരയിടം വാങ്ങാൻ വായ്പ്പ എന്നതൊഴിച്ചാൽ മറ്റെല്ലാ ഡിമാന്റുകളും മുൻപ് സൂചിപ്പിച്ച വാർഡുകളിലേതിനോട് സാദൃശ്യമുള്ളവയാണ്. അവയെല്ലാം പരിഗണനാർഹങ്ങളുമാണ്.

വാർഡ് 7

കക്കൂസ്, വൈദ്യുതി,കുടിവെള്ളം, യാത്രാസൗകര്യം, ഭവനരഹിതർക്ക് വീട് എന്നിവയാണ് പ്രധാന ആവശ്യങ്ങൾ. മറ്റു വാർഡുകളിലേതിനോട് പൊതുസ്വഭാവം പുലർത്തുന്നതുകൊണ്ട് നിർദ്ദേശങ്ങൾ ഇതിനും ബാധകമാകണം. പെരുമണ്ണൂർകോളനി

ഹരിജൻകോളനിയായി പ്രഖ്യാപക്കുക, ഏറുംപുറം ഹരിജൻകോളനി വഴി ഗതാഗതയോഗ്യമാക്കുവാനും, തൊഴിലില്ലാത്തവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ആവശ്യപ്പെടുന്നു. പഞ്ചായത്തിന്റെ വികസനപദ്ധതികളുമായി ബന്ധപ്പെടുത്തി ചിന്തിക്കാവുന്നതാണ്.

വാർഡ് 8

തടിക്കണ്ടം, മൂക്കുംകുഴി ഭാഗങ്ങളിൽ 28 വീടുകൾ ഉണ്ട്. കുടിവെള്ളം, വൈദ്യുതി തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ആവശ്യമുണ്ട്.

ചീനിക്കുത്ത് ഭാഗത്ത് 12 വീട്ടുകാർ താമസിക്കുന്നുണ്ട്. ഈ പ്രദേശം മിക്കവാറും പാറപ്പരപ്പാണ്. കുടിവെള്ളവുമില്ല. അവിടേക്ക് നിലവിലുള്ള സ്കീമിൽനിന്ന് കുടിവെള്ളമെത്തിക്കുന്നതിനേക്കാൾ എളുപ്പം തൊട്ടടുത്ത സ്ഥലങ്ങളിൽ ജലമുള്ള പ്രദേശത്ത് ഒരു കിണർ കുഴിച്ച് മോട്ടോർവച്ച് ജലം ഇവിടെ എത്തിക്കാൻ സൗകര്യമുണ്ടാക്കണം. ഏതെങ്കിലും സ്വകാര്യ ഉടമയുടെ പുരയിടത്തിൽ നിയമ പ്രാബല്യത്തോടെ ഇതു ചെയ്തുകൊടുക്കാവുന്നതാണ്.

അതുപോലെ എട്ടാം വാർഡിലെ ചാലുചിറ പ്രത്യേകം പരിഗണനയർഹിക്കുന്ന പഞ്ചായത്തു ചിറയാണ്. ഇതിനടുത്തായി നല്ലൊരു പാടശേഖരമുണ്ട്. ഇതിന്റെ സമീപത്തുള്ള കിഴക്കേ പൊട്ടൻമുടിയിൽ 80 തോളം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇവർക്ക് കുടിക്കാനും കുളിക്കാനും ഒന്നും ഈ മലമുകളിൽ ജലം ലഭ്യമല്ല. ഇപ്പോൾ പഞ്ചായത്തിലുള്ള Water Supply scheme കൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയില്ല. സാഹചര്യം വച്ച്നോക്കുമ്പോൾ ചാലുചിറ ഒരനുഗ്രഹമായി കണക്കാക്കി വശങ്ങൾ കെട്ടി മണ്ണുകോരി ശുദ്ധീകരിച്ച് ഒരു കുടിവെള്ള സംവിധാനമായി രൂപപ്പെടുത്തി മലമുകളിൽ ജലമെത്തിക്കാനുള്ള ഒരു നിർദ്ദേശമാണ് ഈ ഭാഗം സന്ദർശിച്ച് പഠന പര്യടന സംഘത്തിനുള്ളത്.

മുട്ടാണിക്കോടു പ്രദേശത്ത് വൈദ്യുതിയും ജലവും എത്തിച്ച് ഗതാഗതസൗകര്യം ഇണ്ടാക്കി അവിടത്തെ 18 കുടുംബങ്ങളെ വികസനത്തോടണി ചേർക്കാൻ ഗ്രാമസഭ ആവശ്യപ്പെട്ടിട്ടുണ്ട്. ചീനിക്കുത്ത് വഴിയും ആവശ്യപ്പെടുന്നു.

വാർഡിലെ മൊത്തം ആവശ്യങ്ങൾ വിലയിരുത്തുമ്പോൾ പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതായിട്ടാണ് കാണുന്നത്. കുടിവെള്ളം, വഴി, കക്കൂസ് മുതലായവ. വൈദ്യുതി ഇക്കൂട്ടത്തിൽത്തന്നെ പെടുത്താവുന്നതാണ്.



പഞ്ചായത്തിന്റെ പൊതുസാമ്പത്തികസ്ഥിതി

സ്വന്തമായി എടുത്ത് പറയത്തക്ക വരുമാന മാർഗ്ഗങ്ങൾ ഇല്ലാത്ത പഞ്ചായത്താണ് നമ്മുടേത്. പഞ്ചായത്തിന്റെ പരിമിതവരുമാനത്തേയും സർക്കാരിൽനിന്നു ലഭിക്കുന്ന ധനസഹായത്തേയും ആശ്രയിച്ചാണ് ഇപ്പോൾ പഞ്ചായത്ത് പ്രവർത്തിക്കുന്നത്. താഴെപ്പറയുന്ന കണക്കുകൾ ഇത് വെളിപ്പെടുത്തുന്നു.

പട്ടിക I

1995 ലെ വരവ്ചെലവ്

വരവ്

കെട്ടിടനികുതി	--	105250.00
തൊഴിൽനികുതി--		94228.00
ലൈസൻസ് ഫീസ്	--	2650.00
സംഭാവന, മറ്റിനം	--	11750.00
ആകെ	--	212888.00

ചിലവ്

ഭരണചിലവ്	--	358767.00
വഴിവിളക്കുകളുടെ കറന്റ് ചാർജ്	--	46920.00
വാട്ടർചാർജ്	--	125000.00
ലൈബ്രറികൾ	--	25000.00
ആകെ	--	555687.00

വരുമാനത്തിന്റെ ഏറിയപങ്കും ഭരണച്ചെലവിന് വേണ്ടി ചെലവഴിക്കുന്നതായി മേൽപ്പട്ടികയിൽനിന്ന് മനസിലാക്കാം. 95-96ൽ വികസനപ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക.

റോഡ് നിർമ്മാണം	--	197000-00
സാമൂഹ്യക്ഷേമം	--	30000-00
ആരോഗ്യം	--	5500
വിദ്യാഭ്യാസം	--	699--38
ആകെ.	--	233199-38

95-96ൽ ലഭിച്ച സർക്കാർ ഗ്രാന്റുകളുടേയും സഹായത്തിന്റെയും വിവരം.

അൺടൈഡ് ഫണ്ട്	--	319750.00
വാഹന നികുതി വിഹിതം	--	216152.00
എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ്	--	78177.00
വസ്തുകൈമാറ്റ നികുതി	--	61579.00
അടിസ്ഥാനനികുതി വിഹിതം	--	56540.00
റോഡ് മെയ്ന്റൻസ് ഗ്രാന്റ്	--	18055.00
മൈനർ ഇറിഗേഷൻ ഗ്രാന്റ്	--	4505.00
ആകെ	--	744738.00

ഈ പഞ്ചായത്തിന്റെ മൊത്തം ചിലവ്, ഭരണചിലവ്, റോഡ് കുടിവെള്ളം വൈദ്യുതിചാർജ്,എന്നീ ചിലവിനങ്ങളിൽ കേന്ദീകരിച്ചിരിക്കുന്നത് കാണാം. അത്യാവശ്യം വേണ്ട അടിസ്ഥാന കാര്യങ്ങൾ നിർവഹിക്കാനെ ഇപ്പോൾ സാധിക്കുന്നുള്ളു.പഞ്ചായത്തിന്റെ ദ്രുതഗതിയിലുള്ള സാമ്പത്തിക പുരോഗതിക്ക് പുതിയവരുമാനമാർഗ്ഗങ്ങളും,മുകളിൽ നിന്നുള്ള സഹായങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു.

നിർദേശങ്ങൾ

കഴിയുന്നത്ര വികസന പ്രവർത്തനങ്ങളിൽ ആകെ ചിലവിന്റെ 20% എങ്കിലും പ്രാദേശികമായി സമാഹരിക്കുക (സന്നദ്ധപ്രവർത്തനം, സംഭാവന)

വൻകിടകെട്ടിടങ്ങൾക്ക് സാധാരണനികുതിക്ക്പുറമെ ആഡംബര നികുതി ഏർപ്പെടുത്തുക.

ലൈസൻസ് ഫീസ് കാലോചിതമായി പരിഷ്കരിക്കുക.

പരസ്യനികുതി ഏർപ്പെടുത്തുക.

തട്ടേക്കാട് കടത്തിൽനിന്നുലഭിക്കുന്ന വരുമാനംപഞ്ചായത്തിന് ലഭിക്കാനുള്ള നടപടികൈക്കൊള്ളുക.

കേബിൾ T.V. ക്ക് നികുതി ഏർപ്പെടുത്തുക.

കീരംപാറ സർവ്വീസ് സഹകരണ ബാങ്കിനെ വികസന മേഖലകളിൽ ഇടപെടാൻ പ്രേരിപ്പിക്കുക

പ്രോജക്ടുകൾ വഴി കേന്ദ്ര, സംസ്ഥാനസർക്കാരുകളിൽ നിന്നും ധനസഹായം ലഭ്യമാക്കുക. (ഉദാ:- കക്കൂസ് നിർമ്മാണം)

തട്ടേക്കാട് ടൂറിസ്റ്റുകൾക്ക് വേണ്ടി മിനിമം സൗകര്യങ്ങൾ ഏർപ്പെടുത്തുക.

പേയിംങ്ങ് ഗസ്റ്റ് സമ്പ്രദായത്തിന്റെ സാധ്യത ആരായുക.

ഗൾഫ്വരുമാനത്തെ ഉൽപാദനമേഖലകളിലേയ്ക്ക് വഴിതിരിച്ച് വിടുവാൻ പ്രേരിപ്പക്കുക.

വസ്തുകൈമാറ്റ നികുതി പഞ്ചായത്തിന് നേരിട്ട് പിരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

വാഹനനികുതിവിഹിതം ഗണ്യമായി വർദ്ധിപ്പിക്കുക.

പഞ്ചായത്ത് സ്റ്റാഫിന്റെ ശമ്പളം പ്രത്യേക ഗ്രാന്റായി കേരളസർക്കാർ നൽകുക.

അർഹതയുള്ളവരിൽനിന്ന് മുഴുവൻതൊഴിൽ നികുതി ഈടാക്കുക.

പഞ്ചായത്ത് പ്രദേശത്തുള്ള പുറംപോക്ക്, തരിശ് എന്നിവ പഞ്ചായത്തിൽ ലഭ്യമാക്കിയാൽ ടി സ്ഥലങ്ങൾ ലേലത്തിലോ പാട്ടവ്യവസ്ഥയിലോ നൽകി വരുമാനം വർദ്ധിപ്പിക്കാം.

വഴി വിളക്കുകൾക്ക് മീറ്റർഘടിപ്പിച്ച് ഉപയോഗിക്കുന്ന വൈദ്യുതിക്ക്മാത്രം ചാർജ്ജ് നൽകാൻ അവസരം ഉണ്ടായാൽ പഞ്ചായത്ത്തോറും നൽകുന്ന വൈദ്യുതിചാർജ്ജിൽ കുറവുവരുത്താവുന്നതാണ്. ഇതുമൂലം പഞ്ചായത്തിലെ ചിലവ്കുറച്ച് വരുമാനം വർദ്ധിപ്പിക്കാം.



വനം

പഞ്ചായത്തിന്റെ പകുതിയോളം സ്ഥലം വനഭൂമിയായിരുന്നു. കാലാകാലങ്ങളിൽ ജനങ്ങൾ കയ്യേറി കൃഷിയിറക്കി കൈവശം വച്ച് താമസിച്ച് പോന്നു. 25 സെന്റ് സ്ഥലം വീതം സ്ഥലമില്ലാത്ത കുറെ കുടുംബങ്ങൾക്ക് സർക്കാർ അനുമതിയോടെ കൊടുത്തത് കൊണ്ടും ഇന്ന് വനഭൂമി 355 ഹെക്ടറായി ചുരുങ്ങിയിരിക്കുന്നു.

ലോകപ്രസിദ്ധമായ തട്ടേക്കാട് പക്ഷി സങ്കേതത്തോട് തൊട്ടുരുമ്മി കീരംപാറ പഞ്ചായത്തിലെ വനഭൂമി സ്ഥതി ചെയ്യുന്നു. പെരിയാറിന്റെ വലതു കരയിൽ തട്ടേക്കാട് പക്ഷി സങ്കേതവും, ഇടത്കരയിൽ വനഭൂമിയും സ്ഥിതി ചെയ്യുന്നു. ഈ വന പ്രദേശത്ത് ഏറിയ പങ്കും തേക്കാണ് നട്ടു പിടിപ്പിച്ചിട്ടുള്ളത്. കൂടാതെ , ഈട്ടി, മരുത്, താന്നി, വേങ്ങ, ഇരുൾ, ആഞ്ഞിലി, കാഞ്ഞിരം, വെന്തേക്ക്, പാലാ മുതലായ വൃക്ഷങ്ങളും ഔഷധ ഗുണമുള്ള കുറുന്തോട്ടി, കുടകപ്പാല, ചപ്പങ്ങം, ഇടം പിരിവലംപിരി, എരുക്ക്, പാണൽ, കാട്ട്കുവ, മുയൽ ചെവിയൻ നിലപ്പന, കൊടിത്തൂവ, ഗെരുഡക്കൊടി, തിപ്പലി, കാട്ടുകിഴങ്ങ്, അമൃത് മുതലായ ഔഷധ സസ്യങ്ങളും ഈ വനത്തിന്റെ പ്രത്യേകതയാണ്. കൂടാതെ കാട്ടു പന്നി, പാക്കാൻ, കുറുക്കൻ മുതലായ മൃഗങ്ങളും പെരുമ്പാമ്പ്, മൂർഖൻ, അണലി തുടങ്ങിയ ഉരഗങ്ങളും തത്ത, മൈന പരുന്ത്, മരം കൊത്തി, കാർമാൻ, കുമൻ, പുള്ള്, മൂങ്ങ, കൊക്ക്, മലംപുള്ള്, കുയിൽ, കൊള്ളിയാൻ എന്നിങ്ങനെ ഒട്ടനവധി പക്ഷിക്കൂട്ടങ്ങളും ഈവനത്തിന്റെ പ്രത്യേകതയാണ്.

ഒരു പക്ഷേ ലോകപ്രസിദ്ധമായ തട്ടേക്കാട് പക്ഷി സങ്കേതത്തോട് ചേർന്നു കിടക്കുന്നത് കൊണ്ടാകാം മേൽപ്പറഞ്ഞ പക്ഷികൂട്ടങ്ങളെ കാണാനിടയായത്. 1995 ൽ ക്ലിയർ ഫെല്ലിംഗ് നടത്തിയ 52 ഹെക്ടർ സ്ഥലത്ത് വീണ്ടും തേക്ക് നട്ടു പിടിപ്പിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ വന പരിപാലനം ഭംഗിയായി നടക്കുന്നുണ്ട്. സാമൂഹിക വനവത്ക്കരണ പരിപാടിയിൽ നടപ്പിലാക്കുന്നതിന് വേണ്ടിയിള്ള ഭൂമി ഇല്ലയെന്നുള്ളത് വനപരിപാലനം നന്നായി നടക്കുന്നു എന്നുള്ളതിന് തെളിവാണ്.

വനം വകുപ്പിന്റെതായ ജോലികൾക്ക് പുറമേ വിറക്, പച്ച മരുന്ന് എന്നിവ ശേഖരിച്ചും, പനമ്പ്, കുട്ട, മുറം എന്നിവ നിർമ്മിച്ചും, ആട്, കന്നുകാലി എന്നിവയെ മേച്ചും ഉപജീവനം നടത്തുന്ന ഏകദേശം മുന്നൂറ് കുടുംബങ്ങൾ ഈപഞ്ചായത്തിലുണ്ട് തൊഴിലില്ലായ്മ രൂക്ഷമാണെന്നുള്ളതിന് ഇതൊരു തെളിവാണ്.

R. L.E. G.P, W.F.P എന്നിവയുടെ കാലാകാലങ്ങളിലെ ഫണ്ടുകളുപയോഗിച്ച് ഈ പഞ്ചായത്തിലെ വനത്തോട് ചേർന്നു കിടക്കുന്ന 6, 7 വാർഡുകളിൽ സാധാരണ ജനങ്ങൾക്കു പകരിക്കത്തക്കരീതിയിൽ ഓരോ കമ്മൂണിറ്റി ഹാളും, വനവും കൈവശ ഭൂമിയും തമ്മിൽ വേർതിരിക്കുന്ന ജണ്ടകളും മണ്ണൊലിപ്പ് തടയുന്നതിന് കയ്യാലകളും തടയണകളും നിർമ്മിക്കുകയും, ജീവനക്കാരുടെ താമസത്തിനുള്ള ക്വാർട്ടേഴ്സ് നിർമ്മാണവും വിജയകരമായ രീതിയിൽ നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

തട്ടേക്കാട് പക്ഷി സങ്കേതത്തിന് സമീപം ചേലമലക്കുന്ന് പഴയകാല ചരിത്രാവശിഷ്ടം അടങ്ങുന്ന പ്രദേശമാണ്. ടൂറിസത്തിന് സാധ്യതയുള്ള ചേലമലക്കുന്നിൽ പഴയ അമ്പലവും, പഴയ കുളങ്ങളും, തടാകങ്ങളും മറ്റും ഇപ്പോഴും കാണപ്പെടുന്നു.

നിർദ്ദേശം

വനനശീകരണം മൂലം ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളെ സംബന്ധിച്ച് ബോധവത്ക്കരണം നടത്തുക.

വനത്തിൽ തീ കയറിയാലുണ്ടാകുന്ന നാശനഷ്ടങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുക.

കീരംപാറപഞ്ചായത്തിലെ പുന്നേക്കാട്, തട്ടേക്കാട്, വെളിയേൽചാൽ, ഊഞ്ഞാപ്പാറ എന്നീ പ്രദേശങ്ങളിലെ സാധാരണ ജനങ്ങൾക്ക് ഉപകരിക്കത്തക്ക വിധത്തിൽ പുന്നേക്കാട്ടുള്ള പഴയ ഫോറസ്റ്റ് ക്വാർട്ടേഴ്സിന് സമീപമുള്ള

സ്ഥലത്ത് വനംവകുപ്പിന്റെ മേൽനോട്ടത്തിൽ കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കുക.

വനം വകുപ്പിന്റെതായി ഇപ്പോൾ കോതമംഗലത്ത് പ്രവർത്തിക്കുന്ന ഓഫീസുകളെല്ലാം കാലക്രമത്തിൽ കോതമംഗലം നഗരത്തിൽ നിന്നും വിട്ടു പോകുവാൻ സാധ്യതയുള്ളതിനാൽ പുന്നേക്കാട്ടോ, കളപ്പാറയിലോ ഓഫീസുകൾ നിർമ്മിക്കുന്നതിന് നടപടികൾ കൈക്കൊള്ളുക.

ലോക പ്രസിദ്ധ പക്ഷി ശാസ്ത്രജ്ഞൻ ഡോ: സലീം അലി നിരവധി തവണ താമസിക്കുകയും, നിരീക്ഷണം നടത്തുകയും ചെയ്തും, ഇപ്പോൾ പക്ഷിസങ്കേതമാക്കിയിട്ടുള്ളതുമായ തട്ടേക്കാട് പക്ഷിസങ്കേതത്തിൽ വരുന്ന വിദേശ സഞ്ചാരികൾക്ക് പെരിയാറ്റിലൂടെ ഉദ്ദേശം പതിനഞ്ച് കിലോമീറ്റർ ബോട്ടിലൂടെ ഉല്ലാസയാത്ര നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

ബാംബൂ കോർപ്പറേഷന്റെ ഒരു ഡിപ്പോ ആരംഭിക്കുക.

ചേലമലക്കുന്ന് ടൂറിസത്തിനും പുരാവസ്തു ഗവേഷണത്തിനും സാധ്യതകളുള്ള സ്ഥലമാണ്. ഈ മേഖലയുടെ വികസനത്തിന് ആവശ്യമായ നടപടി സ്വീകരിക്കുക.

സാമൂഹിക വന വത്കരണ പദ്ധതിയിൽപ്പെടുത്തി പഞ്ചായത്തിന്റെ എല്ലാ സ്ഥാപനങ്ങളിലും, തരിശു ഭൂമുകളിലും റോഡ് പുറംമ്പോക്കുകളിലും വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാൻ ഹരിതഗ്രാമം പദ്ധതി തയ്യാറാക്കി ഉടൻ നടപ്പിലാക്കുക.

വനത്തിൽ ഔഷധ സസ്യങ്ങൾ വച്ച് പിടിപ്പിക്കാൻ പദ്ധതി തയ്യാറാക്കുകയും നടപ്പിൽ ആക്കുകയും ചെയ്യുക.

ഇപ്പോൾ വനത്തിൽ ഈട്ടിപ്ലാന്റ് ചെയ്തിരിക്കുന്നത് പരാജയമാണ്. ഈ മണ്ണ് ഈട്ടിക്ക് പറ്റിയതല്ല. ആയതിനാൽ ഈട്ടി നിലനിർത്തി കശുമാവ്തോട്ടം വച്ച് പിടിപ്പിക്കുക

ടൂറിസം

പഞ്ചായത്തിൽ നിന്നും മൂന്ന് കി.മീ. മാത്രം അകലമുള്ള തട്ടേക്കാട് പ്രകൃതി ജന്യവും അതിമനോഹരവുമായ ഒരു പറുദീസയിലേക്കുള്ള കവാടമാണ്. ചരിത്രമുറങ്ങുന്ന ചേലമലയും, പൊട്ടച്ചിരിച്ച് പതഞ്ഞ് പാഞ്ഞൊഴുകുന്ന കൊച്ചരുവികളും, കളകളാരവം മുഴക്കുന്ന വാനമ്പാടികളും, അപൂർവ്വ ജന്തുവിശേഷങ്ങളുള്ള ശബ്ദവീചികളും ഒരിക്കൽ അനുഭവിക്കാൻ കഴിഞ്ഞാൽ അതുതന്നെ ഈജന്മത്തിന്റെ ഒരു ഭാഗ്യം. ഈപഞ്ചായത്തിന്റെ സസ്യശ്യാമള പ്രകൃതിയെ ആമൂലാഗ്രം സമ്പുഷ്ടമാക്കുന്ന ജലസമൃദ്ധമായ പെരിയാർ എല്ലാ അർത്ഥത്തിലും ഒരുപെരിയാറാണ്.

രാജഭരണക്കാലത്ത് ആഴ്വർ തമ്പ്രാക്കൾ എന്ന കർത്താവിന്റെ അധീനതയിലായിരുന്ന പ്രദേശമായിരുന്നു ഇവിടം. അവരുടെ കോട്ടകൊത്തളങ്ങൾ പഞ്ചായത്തിലെ ചേലമലയായിരുന്നു. ഇതിന്റെ അവശിഷ്ടങ്ങൾ ഒളിഞ്ഞും തെളിഞ്ഞു ഇവിടെ കാണുന്നു. ഒതുക്കു കല്ലുകൾ, കുളങ്ങൾ, കെട്ടിടാവശിഷ്ടങ്ങൾ, കോട്ടയുടെ ഭാഗങ്ങൾ എന്നിവ ചരിത്രവിദ്യാർത്ഥികൾക്ക് ഇന്നും കൗതുകമുണർത്തുന്നതാണ്. ഈ കുന്നിൽ നിന്നും നേരെ വടക്കോട്ട് നോക്കിയാൽ പുഴയുടെ മറുകരയിൽ കൈലാസത്തിന്റെ ചൈതന്യമുറങ്ങുന്ന ശാന്തഗംഭീരമായ തട്ടേക്കാട് ശിവ ക്ഷേത്രവും, പശ്ചിമഘട്ടങ്ങളിൽ നിന്നും വിവിധതലങ്ങളിലേക്ക് കുത്തിയൊലിക്കുന്ന ചെറുതോടുകളും പ്രകൃതിയുടെ മേതുര നിതംബം പോലെ പരിശോഭിക്കുന്ന മലകളും, മലമടക്കുകളും ആരെയാണ് ശ്രോഭിക്കാത്തത്. അവിടെ നിന്ന് ഇടുക്കി ജില്ലയിൽപ്പെട്ട കുട്ടമ്പുഴ പഞ്ചായത്തിന്റെ ഏതാണ്ട് രണ്ടായിരത്തി അഞ്ഞൂറിലേറെ ഹെക്ടർ വിസ്തൃതിയിൽ കിടക്കുന്ന തട്ടേക്കാട് പക്ഷിസങ്കേതം വളരെ അപൂർവ്വവും, അതി മനോഹരങ്ങളുമായ പക്ഷികളെക്കൊണ്ട് നിറഞ്ഞതാണ്.

ജസ്സാന (താമരക്കോഴി) ഡക് ചിപ്പ്, ബേഔൾ തുടങ്ങി 327 ഇനം പക്ഷികളും, എത്രയോ ഇനം ഷഡ്പദങ്ങളും ചിത്രശലഭങ്ങളും ഇവിടെയുണ്ട് ഇവയുടെ എല്ലാം ഒരു മ്യൂസിയം ഉള്ളത് ഒന്നു കാണേണ്ടത് തന്നെയാണ്. ഇൻഡ്യയിലെ ഏക ട്രോപ്പിക്കൽ ബേർഡ് സാങ്ചറിയാണിത്. സൈബീരിയയിൽ നിന്നുള്ള ദേശാടനപക്ഷികളും, ഹിമാലയ പർവ്വത പ്രദേശത്തു നിന്നും എത്തുന്ന പക്ഷികളും ഇവിടെയുണ്ട് വന്നു പോകുന്ന പക്ഷികളിൽ റിവർടേൺ, ഓപ്പൺബിൽ.സ്റ്റാർക്ക് എന്നിവയൊക്കെപ്പെടുന്നു. ഇന്ത്യയിൽ തന്നെ സോക്കന്റ് റിക്കോർഡ് എന്ന് വിശേഷിപ്പിക്കാവുന്ന രീതിയിൽ, ബേഔൾ എന്ന പക്ഷിയേയും ഈ

വർഷം ഇവിടെ കാണാൻ കഴിഞ്ഞു. അവൂർവ്വ മായ മറ്റോരു പക്ഷിയായ ത്രീറ്റോർഡ് കിംഗ് ഫിഷർ എന്ന പക്ഷി ഇവിടെ വന്ന പക്ഷിയാണ്. ഈപ്രദേശം ഒരു പരുരക്ഷിത വനമായതോടെ ഇതൊരു നാചറൽ ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഫോറസ്റ്റായി മാറിയിട്ടുണ്ട്.

എത്രയെത്ര സസ്യജനുസകൾ പെരിയാറിലെ ജലത്തിന് ഔഷധവീര്യമുണ്ടെന്നു പറയുന്നതിന്റെ പിന്നിൽ ഈ മലകളിലെ ഔഷധ സമൃദ്ധിയുമുണ്ട്.

വിനോദസഞ്ചാരികൾക്കും പഠന സംഘങ്ങൾക്കും വേണ്ടി മാൻ, ഉരഗ വർഗ്ഗങ്ങൾ എന്നിവയ്ക്ക് ഒരോ പാർക്കും ഒരു മൃഗാശുപത്രിയും കൃന്റീൻ സൗകര്യവും ഏർപ്പെടുത്തിക്കോണ്ടിരിക്കുന്നു. ബോട്ട് സർവ്വീസ്സും ഉണ്ട്. മുപ്പത്താറാനകൾ ഇവിടെ ഉള്ളതായി കണക്കാക്കുന്നു. ഏതാണ്ട് പതിമൂന്നര ഹെക്ടർ സ്ഥലത്ത് പഴ വർഗ്ഗ ചെടികൾ കൃഷി ചെയ്യുന്നു. പഠന സംഘങ്ങൾക്കും ടൂറിസ്റ്റുകൾക്കുമായി ഇരുനൂറ്റി അൻപത് പേർക്ക് താമസിക്കാവിന്ന ഡോർമിറ്ററി ഉണ്ട്.

ഇടമലയാർ ജലവൈദ്യുത പദ്ധതി പ്രദേസത്തിനടുത്തുള്ള പൊയ്ക അമ്പലം, തട്ടേക്കാട്ട് ഉള്ള ശിവക്ഷേത്രം ഇതിനു സമീപമുള്ള പൂജാവിധികളൊന്നുമില്ലാത്ത ഭഗവതി ക്ഷേത്രം, ക്ണാച്ചേരി അമ്പലം, പാലമറ്റത്തുള്ള ശിവക്ഷേത്രം ഇവ എല്ലാം ഉണ്ടായതാകാൻ സാധ്യതയുണ്ട്. ഇങ്ങനെ ആകെ നോക്കിയാൽ ചിരിത്ര ഗവേഷക വിദ്യാർത്ഥികൾക്കും, ജന്തു ശാസ്ത്ര വിദ്യാർത്ഥികർക്കും, പക്ഷിശാസ്ത്ര വിദ്യാർത്ഥികൾക്കും, സസ്യ ശാസ്ത്ര വിദ്യാർത്ഥികർക്കും ഒരു ഹാബിറ്റാണ് ആ മേഖല.

ഇടുക്കി ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്തിൽപ്പെട്ട തട്ടേക്കാട് പ്രദേശം 1997 ജനുവരി മാസം മുതൽ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിനോട് ബന്ധിപ്പിക്കുകയാണ്. ഇങ്ങനെ ആകെപ്പാടെ ടൂറിസത്തിനുള്ള സാധ്യത വളരെ ആണെങ്കിലും പ്രശ്നങ്ങളും കുറവല്ല.

പ്രശ്നങ്ങൾ

1 ചേലമല, തട്ടേക്കാട് ഭാഗങ്ങൾ K.T.D.C യുടെയോ I.T.D.C. യുടെയോ ടൂറിസ്സം മാപ്പിൽ വരുന്നില്ല.

2 വേണ്ടത്ര ആധുനിക സൗകര്യം ക്രമപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

3 ടൂറിസ്റ്റ്കൾക്ക് ഇതു സംബന്ധിച്ച വിവരം ലഭ്യമല്ല.

നിർദേശങ്ങൾ

1 കീരംപാറ പഞ്ചായത്തിൽ കീരംപാറ ജംഗ്ഷനിൽ ഒരു ബോർഡ് മതിയായ റോഡ് ഡയറക്ഷൻ നൽകി സ്ഥാപിക്കുക. ഒരെണ്ണം പുന്നേക്കാട്ടും സ്ഥാപിക്കുക. വനം വകുപ്പിന്റെയും ബേഡ് സാങ്ചറി അധികൃതരുടെയും സഹകരണത്തിൽ ഒരു ബോർഡ് കോതമംഗലം ഹൈറേഞ്ച് ജംഗ്ഷനിലും കോതമഗലം ടൗണിലും സ്ഥാപിക്കുക.

3 ഒരു ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ തട്ടക്കാട് കടവിന് സമീപം സ്ഥാപിക്കുക. ഇവിടെ ഈ പ്രദേശത്തെക്കുറിച്ച് നല്ല അറിവുള്ളവരും ബഹുഭാഷ അറിവുള്ളവരുമായ ഗൈഡുകളെ നിയോഗിക്കുക.

4 പക്ഷികളെയും മൃഗങ്ങളെയും നിരീക്ഷിക്കുന്നതിന് ചില നാച്ചുറൽ ഷെൽട്ടറുകൾ കാടിനും പരിസരങ്ങൾക്കും അനുയോജ്യമായരീതിയിൽ ഉണ്ടാക്കുക.

5 തട്ടേക്കാട് ഭാഗത്ത് സാമാന്യം സൗകര്യമള്ള ഒരു ലോഡ്ജിംങ്ങ് സംവിധാനത്തോടു കൂടിയ ഹോട്ടൽ പണിയുക.

6 പരിസ്ഥിതി പ്രശ്നങ്ങളും ഇതര പ്രകൃതി പ്രശ്നങ്ങളും ഉണ്ടാകാത്തവയായിരിക്കണം എല്ലാ നിർമ്മാണ പ്രവർത്തനവും.

7 ടെലി കമ്മ്യൂണിക്കഷൻ സൗകര്യം ഏർപ്പെത്തുക

8 നിയമങ്ങൾ കർശനമായി നടപ്പാക്കുവാൻ ഒരു പോലീസ് പ്രതിനിധിയും, ഫോറസ്റ്റ് പ്രതിനിധിയും വളരെ സഹകരണത്തോടെ പ്രവർത്തിക്കുക.

9 ടൂറിസ്റ്റുകൾക്ക്നിർഭയരായി സഞ്ചരിക്കുവാനുള്ള സാഹചര്യം ഏർപ്പെടുത്തുക

10 കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ടൂറിസ്സം വകുപ്പിൽ ആവശ്യമായ പ്രചരണം കൊടുക്കുക.

ടൂറിസ്റ്റ് പ്രദേശങ്ങൾ ഒറ്റ നോട്ടത്തിൽ

ഇപ്പോൾ കീരംപാറ, പിണ്ടിമന പഞ്ചായത്തുകളിൽ റബ്ബർ കർഷകർ ആണ്ടിലൊരിക്കൽ റബ്ബറിന് മരുന്ന് അടിക്കുന്നതിന് ഹെലികോപ്ടറുകൾ ഉപയോഗിക്കാറുണ്ട്. ഈ ഹെലികോപ്ടറുകൾ നവീകരിച്ചാൽ ചെറിയൊരു പഠന സംഘത്തിനോ, ദോശാന്തര പഠിതാക്കൾക്കോ, രാഷ്ട്ര തലവൻമാർക്കോ, ഈ സ്ഥലം സന്ദർശിക്കുന്നതിന് എളുപ്പമുണ്ട്. മാത്രമല്ല ദേശീയ തലത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ ബന്ധിപ്പിക്കാൻ മലകൾ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഹാങ്കിംഗ് ട്രെയിൻസംവിധാനങ്ങളും ആലോചിക്കാവുന്നതാണ്.

ഉപസംഹാരം

പുത്തൻവികസന സംസ്കാരത്തിന്റെ തുടക്കം കുറിച്ചുകൊണ്ടുള്ള ജനകീയാസൂത്രണം എന്ന നവീനപാതയിലൂടെ നാം കടന്നുപോവുകയാണ്. കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി ഒൻപതാം പഞ്ചവത്സരപദ്ധതിക്ക് തുടക്കം കുറിക്കുകയാണ്.

1996 സെപ്തംബർ മാസം 17- ന് (ചിങ്ങം ഒന്നിന്) ബഹു:മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ ഇതിന്റെ സംസ്ഥാനതല ഉത്ഘാടനം നിർവഹിക്കുകയുണ്ടായി. ആസൂത്രണത്തിന്റെ വിജയകരമായ പ്രവർത്തനത്തിന് സംസ്ഥാനതലത്തിൽ പരിശീലനം നടന്നു. ഇതിൽ നമ്മുടെ പഞ്ചായത്തിൽനിന്നും പരിശീലനം ലഭിച്ച Key Resourse Person ശ്രീ. കെ. ഒ. കുര്യാക്കോസ് നമ്മുടെ പഞ്ചായത്തിന്റെ ആസൂത്രണ പ്രക്രിയയിൽ ഞങ്ങൾക്ക് നൽകിയ വിലപ്പെട്ട സേവനത്തെ നന്ദിയോടെ സ്മരിക്കുന്നു.

ജില്ലാതലത്തിൽ പരിശീലനം നല്കുന്നതിനുവേണ്ടി നമ്മുടെ പഞ്ചായത്തിൽനിന്നും അഞ്ചുപേരെ തെരഞ്ഞെടുക്കുകയും,പരിശീലനം പൂർത്തിയാക്കുകയും, പഞ്ചായത്ത് തലത്തിൽ പരിശീലന ക്ലാസ്സിൽ ജനകീയാസൂത്രണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്കരണം നടത്തുകയും പിന്നീട് നടന്ന വിശേഷാൽ ഗ്രാമസഭകളിൽ വികേന്ദ്രീകൃത ആസൂത്രണത്തെക്കുറിച്ച് ക്ലാസ്സെടുക്കുകയും ചെയ്യുകയുണ്ടായി. അതുപോലെതന്നെ പഞ്ചായത്തിന്റെ തന്നെ വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി രാപകൽ അദ്ധ്വാനിച്ച D.R.P. മാരായ ശ്രീ. ദേവസിക്കുട്ടി വർഗീസ്, ശ്രീ. കെ. ഒ. എബ്രഹാം, ശ്രീ. വി.വി. കുഞ്ഞപ്പൻ, ശ്രീ. വി. കെ. ഔസേപ്പ്, ശ്രീമതി. ബേബി ജോർജ് എന്നിവർക്ക് ഹൃദയം നിറഞ്ഞ നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

ആസൂത്രണ പ്രക്രിയയുടെ വിജയത്തിനു വേണ്ടി ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് വിവിധ പരിശീലനത്തിനും ഗ്രാമസഭകളിലും എത്തിച്ചേർന്ന ബ്ലോക്ക് പ്രസിഡന്റ് ശ്രീ. ജോയി എബ്രഹാം ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി. ലിസി ജോസ് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി. ലിസമ്മ ജെയിംസ്. എന്നിവർക്കും നിസ്സീമമായ നന്ദി രേഖപ്പെടുത്തട്ടെ.

ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടി വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയ ശ്രീ. എം. കെ പൈലി, ശ്രീ. കെ. റ്റി. മാണി, ശ്രീ. എ.പി. വർഗീസ്, ശ്രീ.ഒ.കെ.കുര്യാക്കോസ് എന്നിവരോടുള്ള കടപ്പാട് നിസ്സീമമാണ്. അതുപോലെ റിപ്പോർട്ടിനുവേണ്ടി വിലയേറിയ വിവരങ്ങൾ നൽകി ഇത് സമ്പുഷ്ടമാക്കുന്നതിനുവേണ്ടി ഞങ്ങളോടൊപ്പം സഹകരിച്ച വിവിധ ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും, ജീവനക്കാർക്കും, ഞങ്ങളോടൊപ്പം ഈ പ്രവർത്തനങ്ങളിൽ ആത്മാർത്ഥതയോടെ സഹകരിച്ച ഓരോരുത്തർക്കും ഞങ്ങൾക്കുള്ള നന്ദിയുംകടപ്പാടും രേഖപ്പെടുത്തുന്നു.

ഈ റിപ്പോർട്ട് സമഗ്ര വികസന രേഖയാക്കാൻ ഞങ്ങൾ കഴിവതും ശ്രമിച്ചിട്ടുണ്ടെങ്കിലും അപാകതകൾ കണ്ടേക്കാം. ഇവ നിങ്ങളുടെ വിമർശനത്തിനും സജീവചർച്ചക്കും വിധേയമാക്കി പൂർണ്ണമാക്കുവാൻ അഭ്യർത്ഥിക്കുന്നു. തുടർന്ന് ഈ പദ്ധതിയുടെ വിജയകരമായ പരിസമാപ്തിവരെ ഞങ്ങളോടൊപ്പംനിന്ന് എല്ലാവിധ സഹായസഹകരണങ്ങളും തുടർന്നും നൽകുവാൻ അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

കീരംപാറ പഞ്ചായത്തു കമ്മറ്റിക്കുവേണ്ടി
പ്രസിഡന്റ്
(ഒപ്പ്)
ശ്രീ. യോയാക്കി പൗലോസ്